പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ

അപ്പസ്തോലിക ഭരണക്രമരേഖ

# സുവിശേഷം പ്രസംഗിക്കുവിൻ

## (PRAEDICATE EVANGELIUM)
## (PREACH THE GOSPEL)



## ഫ്രാൻസിസ് പാപ്പാ
## POPE FRANCIS

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

പി.ഒ.സി. പ്രസിദ്ധീകരണം

# സുവിശേഷം പ്രസംഗിക്കുവിൻ

## (PRAEDICATE EVANGELIUM)

## (PREACH THE GOSPEL)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

**SUVISHESHAM PRASANGIKUVIN**
(Apostolic Constitution of Pope Francis - Malayalam version)

**Translated by** : Dr. Mathew K. M.
Rev. Dr. Jacob Prasad

**Scrutinized by** : Rev. Dr. Shaji Jerman

**Malayalam checked by** : Prof. Dominic Pazhampassery

**Published by** : The Director, Pastoral Orientation Centre,
The Secretariat, Kerala Catholic Bishops' Council,
Kochi - 682025, Kerala, India
Phone: +914842 805722, 2805815
E-mail: pocpublications@gmail.com
Website: www.kcbc.in

**Copyright** : To the Publisher

**Published on** : 25-07-2023

**Design and Layout** : Ambily Jose

**Printed at** : Viani Printers, Ernakulam

**Copies** : 1000

**Price** : ₹ 150/-

**ISBN** : 978-93-83423-65-1

@ Pastoral Orientation Centre

All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the publisher.

# സുവിശേഷം പ്രസംഗിക്കുവിൻ

## (PRAEDICATE EVANGELIUM)
## (PREACH THE GOSPEL)

### പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ അപ്പസ്തോലിക ഭരണക്രമരേഖ

*റോമൻ കൂരിയായെയും അതു ലോകത്തിലെ സഭയ്ക്കു ചെയ്യുന്ന സേവനത്തെയുംകുറിച്ച് പ്രതിപാദിക്കുന്ന രേഖ*

**വിവർത്തനം : ഡോ. മാത്യു കെ. എം.**
**റവ. ഡോ. ജേക്കബ് പ്രസാദ്**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# ഉള്ളടക്കം


I. ആമുഖം

II. റോമൻ കൂരിയായുടെ ശുശ്രൂഷയുടെ പ്രമാണങ്ങളും മാനദണ്ഡങ്ങളും

III. പൊതുചട്ടങ്ങൾ (ആർട്ടി. 1–43)

IV. സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റ് (ആർട്ടി. 44–52)

V. മന്ത്രാലയങ്ങൾ (Dicasteries)

സുവിശേഷവൽകരണത്തിനുള്ള മന്ത്രാലയം (ആർട്ടി. 53–68)

വിശ്വാസപ്രബോധനസംബന്ധ മന്ത്രാലയം (ആർട്ടി. 69–78)

ഉപവിയുടെ ശുശ്രൂഷയ്ക്കായുള്ള മന്ത്രാലയം (ആർട്ടി. 79–81)

പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള മന്ത്രാലയം (ആർട്ടി. 82–87)

ദൈവാരാധനയ്ക്കും കൂദാശകളുടെ ചിട്ടക്രമത്തിനുമായുമുള്ള മന്ത്രാലയം (ആർട്ടി. 88–97)

വിശുദ്ധരുടെ നാമകരണപ്രക്രിയയ്ക്കായുള്ള മന്ത്രാലയം (ആർട്ടി. 98–102)

മെത്രാന്മാർക്കായുള്ള മന്ത്രാലയം (ആർട്ടി. 103–112)

വൈദികർക്കുവേണ്ടിയുള്ള മന്ത്രാലയം (ആർട്ടി. 113–120)

സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും അപ്പസ്തോലിക ജീവിത സമൂഹങ്ങൾക്കും വേണ്ടിയുള്ള മന്ത്രാലയം (ആർട്ടി. 121–127)

അല്മായർക്കും കുടുംബത്തിനും
ജീവനും വേണ്ടിയുള്ള മന്ത്രാലയം (ആർട്ടി. 128-141)

ക്രിസ്തീയ ഐക്യം
പ്രോത്സാഹിപ്പിക്കാനുള്ള മന്ത്രാലയം (ആർട്ടി. 142-146)

മതാന്തര സംവാദത്തിനുവേണ്ടിയുള്ള
മന്ത്രാലയം (ആർട്ടി. 147-152)

സംസ്കാരത്തിനും വിദ്യാഭ്യാസത്തിനും
വേണ്ടിയുള്ള മന്ത്രാലയം (ആർട്ടി. 153-162)

സമഗ്ര മാനുഷിക വികാസം
പ്രോത്സാഹിപ്പിക്കാനുള്ള മന്ത്രാലയം (ആർട്ടി. 163-174)

നിയമഗ്രന്ഥങ്ങൾക്കുവേണ്ടിയുള്ള
മന്ത്രാലയം (ആർട്ടി. 175-182)

ആശയവിനിമയത്തിനായുള്ള
മന്ത്രാലയം (ആർട്ടി. 183-188)

VI. നീതിയുടെ സ്ഥാപനങ്ങൾ

നീതിയുടെ സ്ഥാപനങ്ങൾ (ആർട്ടി. 189)

അപ്പസ്തോലിക പെനിറ്റെൻഷ്യറി (ആർട്ടി. 190-193)

അപ്പസ്തോലിക സിഞ്ഞാത്തൂറയെന്ന
പരമോന്നത ട്രിബ്യൂണൽ (ആർട്ടി. 194-199)

റോമൻ റോത്തായെന്ന ട്രിബ്യൂണൽ (ആർട്ടി. 200-204)

VII. സാമ്പത്തിക സ്ഥാപനങ്ങൾ

ധനകാര്യ കൗൺസിൽ (ആർട്ടി. 205-211)

ധനകാര്യ സെക്രട്ടറിയേറ്റ് (ആർട്ടി. 212-218)

അപ്പസ്തോലിക സിംഹാസനത്തിന്റെ
പൈതൃക ആസ്തിയുടെ ഭരണം (ആർട്ടി. 219-221)

ഓഡിറ്റർ ജനറലിന്റെ ഓഫീസ് (ആർട്ടി. 222-224)

രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ
കൈകാര്യം ചെയ്യുന്ന കമ്മീഷൻ (ആർട്ടി. 225-226)

നിക്ഷേപങ്ങൾക്കുവേണ്ട കമ്മിറ്റി (ആർട്ടി. 227)

VIII. ഓഫീസുകൾ:

പാപ്പാമന്ദിരത്തിന്റെ പ്രീഫെക്ച്ചർ (ആർട്ടി. 228-230)

റോമാ പാപ്പായുടെ ആരാധനക്രമാഘോഷങ്ങൾക്കു വേണ്ടിയുള്ള ഓഫീസ് (ആർട്ടി. 231-234)

പരിശുദ്ധ റോമാസഭയുടെ കമർലെങ്കോ (ആർട്ടി. 235-237)

IX. അഭിഭാഷകർ (ആർട്ടി. 238-240)

X. പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ (ആർട്ടി. 241-249)

XI. പരിവർത്തനകാലത്തെ ചട്ടം (ആർട്ടി. 250)

# പ്രസാധകക്കുറിപ്പ്

"സുവിശേഷം പ്രസംഗിക്കുവിൻ," (*Praedicate Evangelium*), എന്ന "അപ്പസ്തോലിക ഭരണക്രമരേഖ" (Apostolic Constitution) 2022 മാർച്ച് 19-ാം തീയതി ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ചു; അതു 2022 ജൂൺ 5-ാം തീയതി പ്രാബല്യത്തിൽ വരുകയുണ്ടായി. അതുവഴിയായി 1988-ലെ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ നല്ല ഇടയൻ (*Pastor Bonus*) എന്ന പ്രമാണരേഖ റദ്ദു ചെയ്യപ്പെടുകയും, ഈ രേഖ അതിനുപകരം വരുകയും ചെയ്തു. ദൈവാത്മാവാൽ പ്രചോദിതനായി ഫ്രാൻസിസ് പാപ്പാ സഭയിൽ നടത്തിവരുന്ന നവീകരണപ്രക്രിയയുടെ ഭാഗമാണ് ഈ പുതിയ ഭരണക്രമരേഖ. റോമൻ കൂരിയായുടെ പരിഷ്കരണത്തിനുള്ള നിർദേശക തത്ത്വങ്ങളും തൽസംബന്ധമായ നിയമങ്ങളും ചട്ടങ്ങളുമാണ് ഈ രേഖയുടെ പ്രതിപാദ്യവിഷയം. സഭയുടെ പ്രേഷിത സ്വഭാവത്തിന്റെ പശ്ചാത്തലത്തിലാണ് റോമൻ കൂരിയായുടെ ഈ പരിഷ്കരണത്തെ കാണേണ്ടത് എന്ന് പാപ്പാ പഠിപ്പിക്കുന്നു (PE I. 3). മാത്രമല്ല, സഭയുടെ സിനഡാത്മക സ്വഭാവത്തിന്റെ അടിസ്ഥാനത്തിലുമാണ് ഈ പരിഷ്കരണം വീക്ഷിക്കേണ്ടത്. പരസ്പരം ശ്രവിക്കുകയെന്നതാണ് സിനഡാത്മകതയുടെ ലക്ഷണം. സഭയിൽ വിശ്വാസീസമൂഹവും മെത്രാൻസംഘവും റോമാ മെത്രാനുമെല്ലാം പരസ്പരം ശ്രവിക്കുന്നു; ഒപ്പം, സത്യാത്മാവായ പരിശുദ്ധാത്മാവിനെയും ശ്രവിക്കുന്നു (cf. യോഹ 14:17). സഭകളോട് എന്താണ് പരിശുദ്ധാത്മാവിനു പറയാനുള്ളതെന്ന് അങ്ങനെ അറിയാൻ സാധിക്കും (cf. വെളി 2:7) (PE I. 4). റോമൻ കൂരിയാ ഈ ശ്രവണപ്രക്രിയയിലെ അനിവാര്യഘടകമാണ്.

പ്രാഥമികമായി, റോമൻ കൂരിയാ പത്രോസിന്റെ പിൻഗാമിയുടെ ശുശ്രൂഷയ്ക്കുള്ള ഉപകരണമാണ്. അതോടൊപ്പം, മെത്രാന്മാർക്കും പ്രാദേശിക സഭകൾക്കും മെത്രാൻസമിതികൾക്കും അവയുടെ പ്രാദേശികവും

ഭൂഖണ്ഡതലത്തിലുമുള്ള ഘടകങ്ങൾക്കും പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾക്കും സഭയിലെ സ്ഥാപനങ്ങൾക്കും സമൂഹങ്ങൾക്കും സഹായം നല്കുകയുമാണ് കൂരിയായുടെ ധർമം (PE II. 1). അതിന്റെ ചട്ടക്കൂടും ധർമവും ഈ രേഖയിൽ വിപുലീകരിക്കപ്പെടുന്നു.

പല പ്രത്യേകതകളുമുള്ള ഈ രേഖയുടെ മൂന്നു സവിശേഷതകൾ ഏറെ ശ്രദ്ധേയമാണ്. ഒന്ന്, സുവിശേഷവൽകരണത്തിന് ഇത് നൽകുന്ന പ്രാമുഖ്യം: മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ജനതകളുടെ സുവിശേഷവൽകരണത്തിനുള്ള മന്ത്രാലയത്തെ (Dicastery) യാണ് പ്രഥമ പ്രാധാന്യമർഹിക്കുന്നതായി ഈ രേഖ അവതരിപ്പിക്കുന്നത്. രണ്ട്, അൽമായർക്ക് നൽകുന്ന പ്രാധാന്യം: അല്മായർക്കും മന്ത്രാലയങ്ങളുടെ തലവന്മാരായിത്തീരാൻ സാധിക്കും (cf. PE II.5); ഇതുവരെ സാധാരണയായി നടന്നുവന്നിരുന്നതുപോലെ കർദ്ദിനാളന്മാർ ആയിരിക്കണമെന്നില്ല മന്ത്രാലയങ്ങളുടെ തലവന്മാർ; അപ്രകാരം, ഈ രേഖയിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കും നൽകുന്ന വ്യക്തിമഹാത്മ്യം വളരെ പ്രകടമാണ്. മൂന്ന്, ഉപവിയുടെ ശുശ്രൂഷയ്ക്കായി ഒരു നവമന്ത്രാലയം രൂപവൽകരിക്കപ്പെട്ടിരിക്കുന്നു എന്നത്; ഉപവിപ്രവർത്തിനായി ഉണ്ടായിരുന്ന കൂരിയായുടെ കാര്യാലയം അപ്രകാരം ഉയർത്തപ്പെട്ടിരിക്കുന്നു. മന്ത്രാലയങ്ങളുടെ വിവരണപട്ടികയിൽ സുവിശേഷവൽകരണത്തിനും വിശ്വാസപ്രബോധനസംബന്ധ മന്ത്രാലയങ്ങൾക്കുംശേഷം മൂന്നാം സ്ഥാനത്ത് ഇത് ഇടം പിടിച്ചിരിക്കുന്നു. പാവങ്ങളെപറ്റിയുള്ള സഭയുടെ കരുതലിന്റെ ലക്ഷണമാണ് ഇതിനു കാരണം. അതിനാൽ, ഒരു പാപ്പായുടെ മരണമോ രാജിയോമൂലം പാപ്പാസ്ഥാനം ഒഴിഞ്ഞുകിടക്കുന്ന വേളയിലും പേപ്പൽ ആമെനറുടെ (Almoner) ശുശ്രൂഷ ഇല്ലാതാകുന്നില്ല; ഉപവിയുടെ ശുശ്രൂഷ അഭംഗുരം തുടരേണ്ടതുണ്ട്.

കൂടുതലും നൈയമിക ഭാഷയിൽ ഉള്ള ഈ ഭരണക്രമരേഖ പരിഭാഷപ്പെടുത്തുന്നത് ഏറെ ശ്രമകരമായ പ്രവൃത്തിയായിരുന്നു. മൂലഭാഷയിൽ നൈയമിക രൂപത്തിലുള്ള പല പദങ്ങളും സംജ്ഞകളും മലയാളഭാഷയിലേക്ക് പരിഭാഷപ്പെടുത്തുക എളുപ്പമല്ല. കോൺസ്റ്റിറ്റ്യൂഷൻ എന്ന് പദത്തിന് നൽകിയിരിക്കുന്നത് "ഭരണക്രമരേഖ" എന്നാണ്. മുൻപ് സേക്രഡ് കോൺഗ്രിഗേഷൻ എന്ന് അറിയപ്പെട്ടിരുന്ന റോമൻ കൂരിയായുടെ വിഭാഗങ്ങളെ ഈ രേഖ Dicastery (ലത്തീനിൽ, *Dicasterium*)

എന്നു വിളിക്കുന്നു. Dicastery എന്ന പദത്തിന് തികച്ചും തുല്ല്യമായ ഒരു മലയാളപദം കണ്ടെത്താനാകത്തതിനാൽ "മന്ത്രാലയം" എന്നാണ് ഇതു പരിഭാഷപ്പെടുത്തിയിരിക്കുന്നത്. Law എന്നത് നിയമം എന്നും, norm എന്നത് ചട്ടം എന്നും, principles എന്നത് പ്രമാണങ്ങൾ എന്നും, criteria എന്നത് മാനദണ്ഡങ്ങൾ എന്നും, regulations എന്നത് നിയന്ത്രണങ്ങൾ എന്നും മൊഴിമാറ്റിയിരിക്കുന്നു.

തർജ്ജമ നടത്തിയ ഡോ. മാത്യൂ കെ. എം.നെയും റവ. ഡോ. ജേക്കബ് പ്രസാദിനെയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്കു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ സൂക്ഷ്മ പരിശോധന നടത്തിയ റവ. ഡോ. ഷാജി ജർമനോടും, മലയാള ഭാഷാ സംശോധനം നടത്തിയ പ്രൊഫെസർ ഡോമിനിക് പഴമ്പാശ്ശേരിയോടമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

ഇതിന്റെ ഡി.ടി.പി. ചെയ്ത ശ്രീമതി അമ്പിളി ജോസ്, അമ്മിണി ഫ്രാൻസിസ്, സിസ്റ്റർ ബെയാറ്ററിസ് കാർമൽ എന്നിവരോടുള്ള കൃതജ്ഞതയും അറിയിക്കുന്നു. ഇതിന്റെ മുദ്രണം നിർവഹിച്ച വിയാനി പ്രിന്റിംഗിനോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

**ഫാദർ ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി.,
ഡയറക്ടർ, പി. ഒ. സി.

25 ജൂലൈ 2023
പാലാരിവട്ടം, കൊച്ചി-682025

# I
# ആമുഖം

1. “സുവിശേഷം പ്രസംഗിക്കുവിൻ” (cf. മർക്കോ 16:15; മത്താ 10:7–8): യേശുനാഥൻ തന്റെ ശിഷ്യന്മാരെ ഭരമേല്പിച്ച ദൗത്യമാണിത്. ആധുനിക ലോകത്തിൽ, ഓരോ വ്യക്തിക്കുവേണ്ടിയും മാനവരാശി മുഴുവനുവേണ്ടിയും സഭ നിർവഹിക്കേണ്ട പ്രാഥമിക ശുശ്രൂഷയെപ്പറ്റിയുള്ള വിചാരമാണ് [1] ഈ കല്പന ഉൾക്കൊള്ളുന്നത്. ഈ ലക്ഷ്യം സാക്ഷാൽകരിക്കുന്നതിന് ദൈവപുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുന്നതിനും അതുവഴി വിശ്വാസത്തിന്റെ വിധേയത്വം സകല ജാതികളുടെയുമിടയിൽ ഉളവാക്കേണ്ടതിനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (റോമാ 1: 1–5; ഗലാ 3:5). ഈ കല്പന സഭ നിർവഹിക്കുന്നത്, അവളുടെ സകല പ്രഘോഷണങ്ങളിലും പ്രവൃത്തികളിലും, എല്ലാറ്റിനുമുപരി, സഭയ്ക്കു കൃപാവരമായി സംലഭ്യമായ കരുണയ്ക്ക് സാക്ഷ്യം വഹിക്കുമ്പോഴാണ്. തന്റെ ശിഷ്യന്മാരുടെ പാദക്ഷാളനംവഴി നമ്മുടെ നാഥനും ഗുരുവുമായ യേശുക്രിസ്തു ഇത്തരമൊരു ഉദാത്തമായ മാതൃകയാണ് നമുക്ക് നല്കിയിട്ടുള്ളത്. അപ്രകാരം അനുവർത്തിക്കുമെങ്കിൽ നാം അനുഗൃഹീതരായിത്തീരുമെന്നും യേശുനാഥൻ പ്രഖ്യാപിച്ചു (cf. യോഹ 13:14–17). “സുവിശേഷവൽകരിക്കുന്ന ഒരു സമൂഹം ജനങ്ങളുടെ അനുദിന ജീവിതത്തിൽ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഇടപെടുന്നു. അകലം മാറ്റാൻ പാലങ്ങൾ പണിയുന്നു. അത്യാവശ്യം വന്നാൽ സ്വയംതരം താഴാനും ഇഷ്ടപ്പെടുന്നു. അതു മനുഷ്യജീവിതത്തെ ആശ്ലേഷിക്കുന്നു. മറ്റുള്ളവരിൽ സഹിക്കുന്ന യേശുവിന്റെ ശരീരത്തെ സ്പർശിക്കുന്നു.”[2] അപ്രകാരം സുവിശേഷം പ്രഘോഷിക്കണമെന്ന് നമ്മോട് കല്പിക്കുകയും ഏറെ ദുർബലരും രോഗികളും കഷ്ടത അനുഭവിക്കുന്നവരുമായ സഹോദരീസഹോദര

ന്മാരെ ശുശ്രൂഷിക്കണമെന്ന് ആഹ്വാനം ചെയ്യുകയും കർത്താവിന്റെ കല്പന പൂർത്തീകരിക്കുകയാണു അതുവഴി ദൈവജനം ചെയ്യുന്നത്.

## സഭയുടെ പ്രേഷിതത്വപരമായ മാനസാന്തരം

2. ക്രിസ്തുവിന്റെ സ്നേഹദൗത്യം പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടിയായി തന്നെത്തന്നെ നവീകരിക്കുക എന്നതാണ് സഭയുടെ "പ്രേഷിതത്വപരമായ മാനസാന്തരം"[3] ലക്ഷ്യം വയ്ക്കുന്നത്. കർത്താവിന്റെ ശിഷ്യന്മാർ "ലോകത്തിന്റെ പ്രകാശമായിരിക്കാൻ" വിളിക്കപ്പെട്ടവരാണ് (മത്താ 5:14). അപ്രകാരം ലോകത്തിന്റെ സത്യവെളിച്ചമായ യേശുക്രിസ്തുവിന്റെ രക്ഷാകരസ്നേഹത്തെയാണ് സഭ പ്രതിഫലിപ്പിക്കുന്നത് (cf. യോഹ 8:12). "കാലത്തിലൂടെ നമ്മുടെ ജീവിതയാത്രയെ നയിക്കുന്ന നമ്മുടെ പാതയിൽ പ്രകാശമായിരിക്കുന്ന," പ്രകൃത്യാതീത ദാനമായ വിശ്വാസത്തെ മനുഷ്യരാശിക്കു സംലഭ്യമാക്കുകവഴി സഭ തന്നെ വർധിതമായ പ്രകാശം പ്രസരിപ്പിക്കുന്നവളായിത്തീരുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷയിലാണ് സഭ വ്യാപൃതയായിരിക്കുന്നത്. അതുമൂലം "വിശ്വാസത്തിന്റെ ഈ വെളിച്ചത്തിന് വളരാനും വർത്തമാനകാലത്തെ പ്രകാശ ഭരിതമാക്കാനും സാധിക്കും."[4]

3. സഭയുടെ പ്രേഷിത സ്വഭാവത്തിന്റെ പശ്ചാത്തലത്തിലാണ് റോമൻ കൂരിയായുടെ ഈ പരിഷ്ക്കരണത്തെ കാണേണ്ടത്. പരിഷ്കരണത്തിനുള്ള അടിയന്തരമായ ആവശ്യം 16-ാം നൂറ്റാണ്ടിൽ അനുഭവപ്പെട്ടതിന്റെ ഫലമായി സിക്സ്തൂസ് അഞ്ചാമൻ പാപ്പാ "നിത്യനായ ദൈവത്തിന്റെ ആളവില്ലാത്ത [ജ്ഞാനം]" *(Immensa Aeterni Dei)* (1588) എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻ പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 20-ാം നൂറ്റാണ്ടിൽ, പത്താം പീയൂസ് പാപ്പാ 'ജ്ഞാനിയോട് ഒരുവാക്ക്' *(Sapienti Consilio)* എന്ന പ്രമാണരേഖ 1908-ൽ പ്രസിദ്ധപ്പെടുത്തി. രണ്ടാം വത്തിക്കാൻ കൗൺസിലിനെത്തുടർന്ന്, കൗൺസിൽ പിതാക്കന്മാർ പ്രകടിപ്പിച്ച ഇംഗിതത്തെ സവിശേഷമായി പ്രതിപാദിച്ചുകൊണ്ട് [5] പോൾ ആറാമൻ പാപ്പാ റോമൻ കൂരിയായുടെ പരിഷ്ക്കരണത്തിന്റെ ആവശ്യം ഉന്നയിക്കുകയും "സഭയുടെ മുഴുവന്റെയും ഭരണം" *(Regimini Ecclesiae Universae)* (1967) എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷനിലൂടെ അത് നടപ്പിലാക്കുകയും ചെയ്തു. പിന്നീട്, 1988-ൽ ജോൺ പോൾ രണ്ടാമൻ പാപ്പാ "നല്ല ഇടയൻ" *(Pastor Bonus)* എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷൻ പുറത്തിറക്കുകയും ചെയ്തു. അതിന്റെ

ലക്ഷ്യം സഭയുടെ മൊത്തത്തിലുള്ള സംവിധാനങ്ങളിൽ കൂട്ടായ്മ വളർത്തുക എന്നതായിരുന്നു.

അടുത്തകാലത്തുണ്ടായ ഈ രണ്ടു പരിഷ്ക്കരണങ്ങളുടെ തുടർച്ചയെന്നോണം റോമാ പാപ്പായ്ക്കും, ആഗോളസഭയ്ക്കുംവേണ്ടി അനേകം കൂരിയാ അംഗങ്ങൾ നല്കുന്ന ദീർഘകാലത്തെ ഉദാരമായ സേവനം കണക്കിലെടുത്തുകൊണ്ട്, കൂരിയായുടെ ഇപ്പോഴത്തെ പ്രവർത്തനം സഭ ഇന്നു നടത്തിവരുന്ന, അതായത് നമ്മുടെ ഈ കാലഘട്ടത്തിൽ അവലംബിച്ചു വരുന്ന, സുവിശേഷവൽകരണത്തിന്റെ പാതയോട് അനുരൂപപ്പെടുത്തുകയെന്നതാണ് ഈ പുതിയ അപ്പസ്തോലിക ഭരണക്രമരേഖയുടെ ലക്ഷ്യം

## സഭ: കൂട്ടായ്മയുടെ രഹസ്യം

4. സഭയുടെ രഹസ്യാത്മകതയുടെ മറ്റൊരു ഭാവത്തെ ശ്രദ്ധിക്കണമെന്നും വിലമതിക്കണമെന്നുമാണ് റോമൻ കൂരിയായുടെ പരിഷ്കരണം ആവശ്യപ്പെടുന്നത്. സഭയിൽ, ദൗത്യവും കൂട്ടായ്മയും തമ്മിൽ ഗാഢമായി ഐക്യപ്പെട്ടിരിക്കുന്നതിനാൽ സഭയുടെ ദൗത്യത്തിന്റെ സൂക്ഷ്മമായ ലക്ഷ്യം, “മനുഷ്യനായി അവതരിച്ച ദൈവപുത്രൻ ലോകചരിത്രത്തിലേക്കു കൊണ്ടുവന്ന 'പുതിയ' കൂട്ടായ്മ ഓരോരുത്തരെയും അറിയിക്കുകയും ആ കൂട്ടായ്മയിൽ ജീവിക്കാൻ ഏവരെയും പ്രാപ്തരാക്കുക എന്നതുമത്രേ.”[6] ഈ കൂട്ടായ്മയിലുള്ള ജീവിതമാണ് സഭയ്ക്ക് സിനഡൽ സ്വഭാവം പ്രദാനം ചെയ്യുന്നത്. പരസ്പരം ശ്രവിക്കുകയെന്നതാണ് സഭയുടെ മുഖമുദ്ര. ഇതുവഴി ഓരോരുത്തരും കുറെ കാര്യങ്ങൾ പഠിക്കും. വിശ്വാസീസമൂഹവും മെത്രാൻസംഘവും റോമാ മെത്രാനുമെല്ലാം പരസ്പരം ശ്രവിക്കുന്നു; ഒപ്പം സത്യാത്മാവായ പരിശുദ്ധാത്മാവിനെയും ശ്രവിക്കുന്നു (cf. യോഹ 14:17). സഭകളോട് എന്താണ് പരിശുദ്ധാത്മാവിനു പറയാനുള്ളതെന്ന് അറിയാൻ അങ്ങനെ സാധിക്കും (cf. വെളി 2:7). [7] സഭയുടെ ഈ സിനഡാത്മക സ്വഭാവത്തെ മനസ്സിലാക്കേണ്ടത്, ‘‘ചരിത്രവീഥിയിലൂടെയുള്ള ദൈവത്തിന്റെ അജഗണത്തിന്റെ പ്രയാണമായിട്ടാണ്.”[8] സഭയുടെ ദൗത്യവുമായും ആ ദൗത്യത്തിന്റെ ശുശ്രൂഷയിലുള്ള കൂട്ടായ്മയുമായും ബന്ധപ്പെട്ടാണ് അത് നില കൊള്ളുന്നത്; അത് അതിൽത്തന്നെ പ്രേഷിതഭാവമുള്ളതാണ്.

സഭയുടെ നവീകരണത്തിനും തൽഫലമായുള്ള റോമൻ കൂരിയായുടെ പരിഷ്കരണത്തിനും അടിസ്ഥാനപരമായ ഈ പാരസ്പര്യത്തെ പ്രതി

ഫലിപ്പിക്കാതിരിക്കാൻ സാധിക്കുകയില്ല. യേശുനാഥന്റെ പരസ്യ ജീവിത കാലത്ത് അപ്പോസ്തലന്മാർക്ക് സംലഭ്യമായതുപോലെയുള്ള പ്രേഷിത കൂട്ടായ്മയുടെ അനുഭവം കഴിയുന്നത്ര കൈവരിക്കുന്നതിന് വിശ്വാസീസമൂഹത്തിന് ഇതുവഴി സാധിക്കും (cf. മർക്കോ 3:14); ഇതുവഴി പെന്തക്കുസ്തായ്ക്കുശേഷം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ജറുസലേമിലെ ആദ്യക്രൈസ്തവ സമൂഹത്തിനുണ്ടായ ഈ അനുഭവവും പങ്കുവയ്ക്കാനാവും (cf. അപ്പ 2:42).

## പരമാധികാരത്തിന്റെയും മെത്രാൻസംഘത്തിന്റെയും ശുശ്രൂഷ

5. മനുഷ്യവംശത്തിന്റെ ശുശ്രൂഷയ്ക്കായി പരിശുദ്ധാത്മാവിനാൽ വർഷിക്കപ്പെട്ട ഈ ദാനങ്ങളിൽ ഏറ്റവും മികച്ചത് അപ്പോസ്തലന്മാർക്കു നല്കപ്പെട്ടതാണ്. ക്രിസ്തുനാഥൻ അപ്പോസ്തലന്മാരെ തിരഞ്ഞെടുത്ത് സ്ഥിരമായ ഒരു സമൂഹമായി സ്ഥാപിക്കുകയും അവരിൽ നിന്നു പത്രോസിനെ തിരഞ്ഞെടുത്ത് അവരുടെ നേതാവായി നിശ്ചയിക്കുകയും ചെയ്തു. [9] ക്രിസ്തു അപ്പോസ്തലന്മാരെ ഭരമേല്പിച്ച ഈ ദൗത്യം ലോകാവസാനംവരെ തുടരാനുള്ളതാണ്. ഇക്കാരണത്താൽ തങ്ങൾക്കു പിൻഗാമികളെ നിയമിക്കുന്നതിൽ അപ്പോസ്തലന്മാർ ശ്രദ്ധിച്ചു. [10] കർത്താവിന്റെ നിശ്ചയപ്രകാരം പത്രോസും മറ്റു അപ്പോസ്തലന്മാരുംചേർന്ന് ഒരപ്പോസ്തലസംഘമായി രൂപംകൊണ്ടതുപോലെ, ഹയരാർക്കിപരമായി ഒന്നിപ്പിക്കപ്പെട്ട സ്വഭാവവുമുള്ള ഏക മെത്രാൻസംഘമായി [11] പത്രോസിന്റെ പിൻഗാമിയായ റോമാ പാപ്പായും അപ്പോസ്തലന്മാരുടെ പിൻഗാമികളായ മെത്രാന്മാരും പരസ്പരം സഭയിൽ ഇന്ന് ഒന്നുചേർന്നിരിക്കുന്നു. മെത്രാൻസംഘത്തിലെ അംഗമായ ഓരോ മെത്രാനും കൗദാശികമായ അഭിഷേകത്താലും ഹയരാർക്കിപരമായ കൂട്ടായ്മയാലും മെത്രാൻസംഘത്തിന്റെ തലവനുമായും സംഘത്തിലെ അംഗങ്ങളുമായും മെത്രാൻസംഘമായിത്തന്നെ ഐക്യത്തിലായിരിക്കുന്നു. [12]

6. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ, "സംഘാതാത്മകത്വം മെത്രാന്മാർക്ക് പ്രാദേശിക സഭകളോടും സാർവത്രിക സഭയോടുമുള്ള പരസ്പരബന്ധത്തിൽ പ്രകടമാകുന്നുണ്ട്. വിശ്വാസികളുടെയും മെത്രാന്മാരുടെയും ഐക്യത്തിന്റെ ശാശ്വതവും ദൃശ്യവുമായ ഉറവിടവും അടിസ്ഥാനവുമാണ് പത്രോസിന്റെ പിൻഗാമിയായ

റോമാ പാപ്പാ. സാർവത്രികസഭയുടെ മാതൃകയിൽ രൂപപ്പെടുത്തിയിട്ടുള്ള പ്രാദേശികസഭകളിലെ ഐക്യത്തിന്റെ ദൃശ്യമായ ഉറവിടവും അടിത്തറയും മെത്രാന്മാർതന്നെ. പ്രാദേശികസഭകളിലും പ്രാദേശിക സഭകളിൽനിന്നുമാണ് ഏകവും അനന്യവുമായ കത്തോലിക്കാസഭ രൂപം പ്രാപിക്കുന്നത്. ഇക്കാരണത്താൽ ഓരോ മെത്രാനും ഒന്നിച്ചു പാപ്പായോടു ചേർന്ന് സമാധാനം, സ്നേഹം, ഐക്യം എന്നീ ശൃംഖല കളിൽ തിരുസ്സഭ മുഴുവനെയും പ്രതിനിധാനം ചെയ്യുന്നുണ്ട്." [13]

7. ദൈവപരിപാലനവഴി അപ്പോസ്തലന്മാരും അനന്തരഗാമികളും വിവിധസ്ഥലങ്ങളിൽ കാലക്രമേണ വിവിധ സഭകൾ സ്ഥാപിച്ചു. പിന്നീട്, അവ വ്യത്യസ്ത വിഭാഗങ്ങളായി ഒന്നിച്ചുവന്നു; പുരാതന പാത്രിയർക്കൽ സഭകൾ അവയിൽ പ്രമുഖമാണ് എന്നകാര്യം ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ലത്തീൻ സഭയിലെ എപ്പിസ്കോപൽ കോൺഫറൻസുകളുടെ (മെത്രാൻസമിതികൾ) ആവിർഭാവം പ്രതിനിധീകരിക്കുന്നത് സഭയുടെ ആധുനികകാലത്തെ നവമായൊരു സങ്കല്പത്തെയാണ്. അതായത്, കൂട്ടായ്മയുടെ ശുശ്രൂഷയിലാണ് *(Communio Ecclesiae)* മെത്രാന്മാരുടെ കൂട്ടായ്മ *(Communio Episcoporum)* പ്രകാശിതമാകുന്നത്. സഭയുടെ കൂട്ടായ്മ *(Communio Ecclesiae)* അടിസ്ഥാനമാക്കിയിരിക്കുന്നത് വിശ്വാസികളുടെ കൂട്ടായ്മയിലത്രേ! *(Communio Fidelium)*. തൽഫലമായി, തന്നെ ഭരമേല്പിച്ചിരിക്കുന്ന ഓരോ പ്രാദേശികസഭയുടെയും ഇടയനെന്നനിലയിൽ ഓരോ മെത്രാന്റെയും ഉചിതമായ അധികാരത്തെ സമാദരിച്ചു കൊണ്ടു തന്നെയാണ് മെത്രാൻസമിതികളും, അവയുടെ പ്രാദേശികവും അന്തർദേശീയവുമായ (continental) സംവിധാനങ്ങളും പ്രവർത്തിക്കുന്നത്. ഒപ്പം പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളും വിവിധ സ്ഥലങ്ങളിലെ സഭാകൂട്ടായ്മ പ്രകാശിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന നിർണായകമായ മാധ്യമമെന്ന നിലയിൽ പ്രവർത്തിക്കുന്നു. വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും ഐക്യം ഉറപ്പു വരുത്തുന്ന റോമായിലെ പാപ്പായുമായി സഹകരിക്കുമ്പോഴാണ് അത് സാധ്യമാക്കുന്നത്. [14]

## റോമൻ കൂരിയായുടെ ശുശ്രൂഷ

8. റോമൻ കൂരിയാ പാപ്പായുടെ ശുശ്രൂഷയിലാണ് വ്യാപരിക്കുന്നത്. വിശ്വാസികളുടെ മുഴുവന്റെയും മെത്രാന്മാരുടെയും ഐക്യത്തിന്റെ ശാശ്വതവും ദൃശ്യവുമായ ഉറവിടവും അടിസ്ഥാനവുമാണ് പത്രോ

സിന്റെ പിൻഗാമിയായ റോമാ പാപ്പാ.[15] ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ റോമൻ കൂരിയായുടെ പ്രവർത്തനം മെത്രാൻസംഘത്തോടും (College of Bishops) ഓരോ മെത്രാനോടും മെത്രാൻസമിതികളോടും അവയുടെ പ്രാദേശികവും അന്തർദേശീയ സമൂഹങ്ങളോടും പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളോടും സ്വഭാവേനതന്നെ ബന്ധപ്പെട്ടിരിക്കുന്നു. മെത്രാന്മാരുടെ ഇടയിലെ കൂട്ടായ്മയുടെ കാര്യക്ഷമവും വൈകാരികവുമായ പ്രകാശനമെന്നനിലയിൽ ഇവയ്ക്കെല്ലാം അജപാലനപരമായ വലിയ നേട്ടങ്ങളാണുള്ളത്. റോമൻ കൂരിയാ സ്ഥാപിതമായിട്ടുള്ളത് പാപ്പായ്ക്കും മെത്രാന്മാർക്കും മധ്യേ അല്ല. എന്നാൽ, അത് ഇരുവരുടെയും ശുശ്രൂഷയ്ക്കായി, അവരവരുടെ സ്വഭാവസവിശേഷതകൾക്ക് യോജിക്കുന്ന രീതിയ്ക്കും ശൈലിയ്ക്കും അനുസരിച്ച് നിലകൊള്ളുന്നു.

9. മെത്രാൻസമിതികൾക്കും അതനുസരിച്ച്, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾക്കും ഈ അപ്പസ്തോലിക ഭരണക്രമരേഖ നല്കുന്ന ശ്രദ്ധ അവയുടെ സാധ്യതകളെ പോഷിപ്പിക്കാൻ വേണ്ടിയാണ്. [16] റോമാ പാപ്പായ്ക്കും മെത്രാന്മാർക്കുമിടയിലുള്ള കേവലമൊരു മധ്യവർത്തിയായിട്ടല്ല, അവയെ ഈ രേഖ കാണുന്നത്. പ്രത്യുത, ഇത് അവയുടെ സമഗ്രമായ ശുശ്രൂഷയ്ക്കായുള്ള ഒരു സംവിധാനമാണ്. മെത്രാൻശുശ്രൂഷയുടെ സംഘാതാത്മകമായ തലം പ്രകാശിപ്പിക്കാനും, പരോക്ഷമായി സഭാത്മകമായ കൂട്ടായ്മയെ ദൃഢീകരിക്കാനുമാണു ഈ രേഖയിൽ അവയ്ക്കു നല്കപ്പെട്ടിരിക്കുന്ന അവകാശങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. [17] സ്വന്തം രാജ്യത്ത്, അല്ലെങ്കിൽ, ഒരു നിർദിഷ്ട പ്രദേശത്തുള്ള വിശ്വാസികളുടെ നന്മയ്ക്കായി ചില അജപാലനധർമങ്ങൾ കൂട്ടായി നിർവഹിച്ചുകൊണ്ട് അവയ്ക്ക് മൂർത്തമായ പ്രകാശനം നല്കുന്നതിലൂടെയാണ് അത് സാധ്യമാവുന്നത്. [18]

## ഓരോ ക്രിസ്ത്യാനിയും പ്രേഷിതശിഷ്യൻ

10. പാപ്പായും മെത്രാന്മാരും തിരുപ്പട്ടം സ്വീകരിച്ച പുരോഹിതശുശ്രൂഷകരും മാത്രമല്ല സഭയിലെ സുവിശേഷപ്രഘോഷകർ. സഭയ്ക്ക് ലോകത്തിലുള്ള രക്ഷാദൗത്യം മുഴുവൻ സ്വന്തംതോളിൽ വഹിക്കാനല്ല ക്രിസ്തു തങ്ങളെ അഭിഷേകം ചെയ്തിരിക്കുന്നത് എന്ന പരമാർത്ഥവും അവർക്കറിയാം."[19] തനിക്കു ലഭിച്ച ജ്ഞാനസ്നാനത്താൽ ഓരോ ക്രിസ്ത്യാനിയും– "അവൻ അല്ലെങ്കിൽ അവൾ– യേശു

ക്രിസ്തുവിൽ ദൈവസ്നേഹം അനുഭവിച്ചതിന്റെ അളവവനുസരിച്ച്" ഒരു പ്രേഷിത ശിഷ്യൻ ആണ്. [20] കൂരിയായുടെ പരിഷ്കരണത്തിൽ അവശ്യം പരിഗണിക്കപ്പെടേണ്ട ഒരു കാര്യമാണിത്. ആകയാൽ, അല്മായരായ സ്ത്രീകളുടെയും പുരുഷന്മാരുടെയും പങ്കാളിത്തം ഭരണത്തിലും ഉത്തരവാദിത്വങ്ങളിലും ഉറപ്പാക്കുന്നതിന് വ്യവസ്ഥകളുണ്ടാകേണ്ടതുണ്ട്. അവരുടെ സാന്നിധ്യവും പങ്കാളിത്തത്വവും ഒഴിച്ചുകൂടാനാവാത്തതാണ്. കാരണം, സഭ മുഴുവന്റെയും മൊത്തത്തിലുള്ള സുസ്ഥിതിക്ക് അവർ നല്കുന്ന സംഭാവന അത്രമേൽ മൂല്യവത്താണ്. [21] അവരുടെ കുടുംബ ജീവിതം, അവർ സമൂഹത്തിൽ അനുഷ്ഠിക്കുന്ന വിവിധ സേവനങ്ങൾ, അവരുടെ വിശ്വാസം എന്നിവവഴി ദൈവം ലോകത്തിൽ പ്രവർത്തിക്കുന്നതെ ങ്ങനെയെന്ന് വിവേചിച്ചറിയുന്ന അവർക്ക് സഭയ്ക്കായി ഏറെ നല്കാനുണ്ട്. കുടുംബജീവിതത്തിനു അവർ നല്കുന്ന പ്രോത്സാഹനം, ജീവന്റെയും സൃഷ്ടിയുടെയും മൂല്യത്തെ അവർ ആദരിക്കുന്നത്, കാലികകാര്യങ്ങളിൽ സുവിശേഷത്തെ അവർ പുളിമാവായി കാണുന്നത്, കാലത്തിന്റെ അടയാളങ്ങളെ അവർ വിവേചിച്ചറിയുന്നത് എന്നിവ വഴിയാണ് അവർ അത് സമൂഹത്തിൽ പ്രകടമാക്കുന്നത്.

## പരിഷ്കരണത്തിന്റെ പ്രാധാന്യം

11. റോമൻ കൂരിയായുടെ പരിഷ്കരണം ആധികാരികവും കാര്യക്ഷമമാകുന്നത്, അത് ആന്തരികമായ ഒരു നവീകരണത്തിന്റെ തുടർഫലമാകുമ്പോഴാണ്. ഇതുവഴി നാം "കൗൺസിലിന്റെ ആദ്ധ്യാത്മികതയെന്ന മാതൃകയെ" മാനദണ്ഡമാക്കി ഉപയുക്തമാക്കുകയാണ് ചെയ്യുന്നത്; "നല്ല സമറിയാക്കാരന്റെ പുരാതനമായ കഥയിൽ ഇത് പ്രകടമാണ്."[22] മൃതപ്രായനായി റോഡരികിൽ ഉപേക്ഷിക്കപ്പെട്ടുപോയ തീർത്തും അപരിചിതനും വിദേശിയുമായ ഒരാൾക്ക് അയൽക്കാരനായിത്തീരാൻ വേണ്ടി സവിശേഷമായി ഉദ്യമിക്കുന്ന ഒരാളാണ് ഈ സമറിയാക്കാരൻ. ഈ ആദ്ധ്യാത്മികതയുടെ ഏറ്റവും അഗാധമായ ഉറവിടം കുടികൊള്ളുന്നത് ദൈവസ്നേഹത്തിലാണ്. പാപികളായിരുന്നിട്ടും എളിയവരായ നമ്മെ ആദ്യം സ്നേഹിച്ചത് ദൈവമാണ്. ക്രിസ്തുവിനെ അനുകരിച്ചുകൊണ്ട് സഹോദരീസഹോദരന്മാരെ സേവിക്കുക, പ്രത്യേകിച്ചും അടിയന്തരമായ സഹായം ആവശ്യമുള്ളവരെ, എന്നതാണ് ഇത് നമ്മെ ഓർമിപ്പിക്കുന്നത്; ഓരോ പുരുഷനിലും സ്ത്രീയിലും, പ്രത്യേകിച്ച്

ഏതെങ്കിലും വിധത്തിൽ കഷ്ടപ്പെടുന്നവരിൽ, ക്രിസ്തുവിന്റെ മുഖം ദർശിക്കുക എന്നത് നമ്മുടെ കടമയത്രേ (cf. മത്താ 25:40).

12. അതുകൊണ്ട്, ഒരുകാര്യം വ്യക്തമായിരിക്കണം: "പരിഷ്കരണം എന്നത് അതിൽത്തന്നെ ഒരു ലക്ഷ്യമല്ല. പ്രത്യുത, കൂടുതൽ വിശ്വസനീയമായ ഒരു സാക്ഷ്യം ക്രിസ്തുവിനു നല്കാനുള്ള മാർഗമാണത്; കൂടുതൽ കാര്യക്ഷമമായി സുവിശേഷവൽകരണം നടത്തുന്നതിനു സഹായകമാണത്; കൂടുതൽ ഫലവത്തായ ഒരു സഭൈക്യ (ecumenical) ചൈതന്യം വളർത്തുന്നതിന് ഇടയാക്കുന്നതാണത്; സർഗാത്മകമായ സംവാദം (Dialogue) എല്ലാവരുമായി നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതുമാണത്. കോൺക്ലെയ്‌വിനു മുൻപായി നടത്തിയ ജനറൽ കോൺഗ്രിഗേഷനിൽ ഭൂരിപക്ഷം കർദിനാളന്മാരും ഈ പരിഷ്കരണത്തെ ആർജവത്തോടെ അംഗീകരിച്ചിരുന്നു. പ്രസ്തുത പരിഷ്കരണം പത്രോസിന്റെ പിൻഗാമിയായ പാപ്പാ സാർവത്രിക സഭയുടെയും പ്രാദേശികസഭകളുടെയും നന്മയ്ക്കും അവയുടെ ശുശ്രൂഷയ്ക്കുമായി നടത്തുന്ന തന്റെ അജപാലനപരമായ പരമോന്നത ഉത്തരവാദിത്വ പ്രക്രികയയിൽ റോമൻ കൂരിയാ അദ്ദേഹത്തിനു നല്കുന്ന സഹായത്തിനനുസരിച്ച് അതിന്റെ തനിമയെ വ്യക്തമാക്കുന്നതായിരിക്കണം. വിശ്വാസത്തിലുള്ള ഐക്യം ദൃഢീകരിക്കലും ദൈവജനത്തിന്റെ കൂട്ടായ്മയും ലോകത്തിലുള്ള സഭയുടെ ദൗത്യം വിപുലമാക്കലും ഇതിൽ ഉൾപ്പെടുന്നുണ്ട്. ഈ ലക്ഷ്യം നേടുക തീർച്ചയായും അത്ര എളുപ്പമല്ല. ഇതിനു സമയവും ദൃഢനിശ്ചയവും സർവോപരി, ഏവരുടെയും സഹകരണവും ആവശ്യമാണ്. അതിനുവേണ്ടി ആദ്യമായി നാം നമ്മെത്തന്നെ പരിശുദ്ധാത്മാവിനു ഭരമേല്പിക്കണം. സഭയെ യഥാർത്ഥത്തിൽ നയിക്കുന്നത് പരിശുദ്ധാത്മാവാണ് എന്നതിനാൽ നമ്മുടെ പ്രാർഥനയിൽ ആധികാരികമായ വിവേചിച്ചറിയൽ എന്ന ദാനത്തിനായി നമുക്ക് യാചിക്കാം."[23]

# II
# റോമൻ കൂരിയായുടെ ശുശ്രൂഷയുടെ പ്രമാണങ്ങളും മാനദണ്ഡങ്ങളും

കർത്താവും അജപാലകനുമായ ക്രിസ്തുവിൽനിന്ന് (cf. യോഹ 21:15 ff) റോമാ പാപ്പാ സ്വീകരിച്ച സഭ മുഴുവനോടുമുള്ള ഔൽസുക്യം എന്ന അജപാലനദൗത്യം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പത്രോസിന്റെ ശുശ്രൂഷയും മെത്രാന്മാരുടെ ശുശ്രൂഷയും തമ്മിലുള്ള ബന്ധം പരിരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും "സാർവത്രിക സഭയിൽ പരമവും സമ്പൂർണവും നേരിട്ടുള്ളതുമായ അധികാരം കൈകാര്യം ചെയ്യാൻ പാപ്പാ റോമൻ കൂരിയായുടെ വിവിധ വകുപ്പുകൾ ഉപയോഗപ്പെടുത്തുന്നു. അതിനാൽ, പാപ്പായുടെ നാമത്തിലും അദ്ദേഹത്തിന്റെ അധികാരത്തോടുകൂടി സഭകളുടെ സുസ്ഥിതിക്കും, സംപൂജ്യരായ അജപാലകരുടെ സേവനത്തിനുമായി പ്രസ്തുത വകുപ്പുകൾ അവയുടെ കടമകൾ നിർവഹിച്ചു കൊണ്ടിരിക്കുന്നു."[24] അപ്രകാരം പാപ്പായുടെയും മെത്രാന്മാരുടെയും ശുശ്രൂഷയിലാണ് കൂരിയാ വ്യാപൃതമായിരിക്കുന്നത്. മെത്രാന്മാർ "പത്രോസിന്റെ പിൻഗാമിയോടൊത്ത്... സജീവനായ ദൈവത്തിന്റെ ഭവനത്തിന്മേൽ ഭരണം നടത്തുന്നു."[25] മെത്രാന്മാരോടുള്ള ഈ ശുശ്രൂഷ കൂരിയാ അനുഷ്ഠിക്കുന്നത്, പ്രാദേശികസഭകളിൽ, അപ്പോസ്തലന്മാരുടെ പിൻഗാമികളെന്ന നിലയിൽ അവർക്കുള്ള ഉത്തരവാദിത്വങ്ങളോട് തികഞ്ഞ ആദരവ് പുലർത്തിക്കൊണ്ടാണ്.

1. **പാപ്പായുടെ ദൗത്യത്തിനായുള്ള ശുശ്രൂഷ:** പ്രാഥമികമായി പത്രോസിന്റെ പിൻഗാമിയുടെ ശുശ്രൂഷയ്ക്കുള്ള ഉപകരണമാണ് റോമൻ കൂരിയാ. "വിശ്വാസികളുടെയും മെത്രാന്മാരുടെയും ഐക്യ

ത്തിന്റെ ശാശ്വതവും ദൃശ്യവുമായ ഉറവിടവും അടിത്തറയുമായ”[26] പാപ്പായുടെ ദൗത്യത്തെ സഹായിക്കുകയും മെത്രാന്മാർക്കും പ്രാദേശികസഭകൾക്കും, മെത്രാൻസമിതികൾക്കും അവയുടെ പ്രാദേശികവും ഭൂഖണ്ഡതലവുമായ ഘടകങ്ങൾക്കും പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾക്കും സഭയിലെ സ്ഥാപനങ്ങൾക്കും സമൂഹങ്ങൾക്കും സഹായം നല്കുക എന്നതുമാണ് കൂരിയായുടെ ധർമം.

2. **കൂട്ടായ്മയിലെ സഹ-ഉത്തരവാദിത്വം:** “ഗുണപ്രദമായ വികേന്ദ്രീകരണം” [27] എന്ന സങ്കല്പത്തിന്റെ ചൈതന്യത്തിൽ ഇപ്പോഴത്തെ ഈ പരിഷ്കരണം നിർദേശിക്കുന്നത് “ഗുരുനാഥന്മാരും അജപാ ലകരും എന്ന നിലയിൽ” [28] അവർക്ക് സുപരിചിതങ്ങളും എന്നാൽ [29] സഭയുടെ വിശ്വാസപ്രമാണങ്ങളുടെ ഐക്യത്തെയും ശിക്ഷണത്തെയും ബാധിക്കാത്ത കാര്യങ്ങളിലുമാണ് അവർ അപ്രകാരം ചെയ്യേണ്ടത്. സഹ-ഉത്തരവാദിത്വം എന്ന സങ്കല്പത്തിന്റെ ചൈതന്യത്തിലാണ് അവർ ഇക്കാര്യങ്ങളിൽ സദാ വർത്തിക്കേണ്ടത്. “കൂട്ടായ്മയുടെ രഹസ്യം” *(mysterium communionis)* എന്ന സഭയെക്കുറിച്ചുള്ള സങ്കല്പത്തിന്റെ ഫലവും പ്രകാശനവുമാണ് ഈ തരത്തിലുള്ള പ്രവൃത്തി.[30]

3. **മെത്രാന്മാരുടെ ദൗത്യത്തിനു നല്കുന്ന ശുശ്രൂഷ :** മെത്രാന്മാരുമായുള്ള സഹകരണത്തിന്റെ പശ്ചാത്തലത്തിൽ, മെത്രാന്മാർക്കു കൂരിയാ ചെയ്യുന്ന സേവനശുശ്രൂഷകൾ പ്രധാനമായും സുവിശേഷത്തിനും സഭയ്ക്കും മെത്രാന്മാർ നല്കുന്ന ശുശ്രൂഷകളെ അംഗീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക എന്നതാണ്. യഥാസമയം ഉപദേശങ്ങൾ നല്കുകയും മെത്രാന്മാർ നടപ്പാക്കുന്ന അജപാലനപരമായ മാനസാന്തരത്തെ പ്രോത്സാഹിപ്പിക്കുകയും സുവിശേഷവൽകരണത്തിന് അവർ ചെയ്യുന്ന പ്രയ്തനങ്ങളോടും പാവങ്ങളോടുള്ള അജപാലനപരമായ അവരുടെ പക്ഷംചേരലിനോടും കുട്ടികളെയും ദുർബലരെയും സംരക്ഷിക്കാനായി അവർ ചെയ്യുന്ന പ്രവൃത്തികളോടും മനുഷ്യകുടുംബത്തിൽ  ഐക്യവും സമാധാനവും വളർത്തുന്നതിനായി അവർ ചെയ്യുന്ന ശുശ്രൂഷകളോടും ഐക്യദാർഢ്യവും പിന്തുണയും പ്രഖ്യാപിക്കുകയും വഴിയായാണ് കൂരിയാ ഈ പ്രവൃത്തി ചെയ്യുന്നത്. ചുരുക്കത്തിൽ, ക്രിസ്തുവിൽ സമൃദ്ധമായ ജീവിതം ഉണ്ടാകുന്നതിന് വിശ്വാസികളെ പ്രാപ്തരാക്കുന്നതിനു മെത്രാന്മാർ നല്കുന്ന ഉദ്യമങ്ങൾക്ക് കൂരിയാ എല്ലാവിധ പിന്തുണയും നല്കുന്നു. കൂടാതെ, മെത്രാ

ന്മാരുടെ ദൗത്യത്തിനും അതുവഴി കൂട്ടായ്മയ്ക്കുമായി കൂരിയാ ശുശ്രൂഷ ചെയ്യുന്നു. അതു സാഹോദര്യ ചൈതന്യത്തോടെയും ജാഗ്രതാ പ്രവൃത്തികളോടുംകൂടിയാണ്. അത് പത്രോസിന്റെ പിൻഗാമിക്ക് മെത്രാന്മാരുമായുള്ള കൂട്ടായ്മയുടെ വൈകാരികവും കാര്യക്ഷമവുമായ തലങ്ങളെ പിന്തുണയ്ക്കുകയും വികസിതമാക്കുകയും ചെയ്യുന്ന പ്രക്രിയയാണ്.

**4. പ്രാദേശികസഭകൾക്കും മെത്രാൻസമിതികൾക്കും പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾക്കും നല്കുന്ന പിന്തുണ:** കത്തോലിക്കാ സഭ ലോകമാസകലമുള്ള അസംഖ്യം ജനതതികളെയും ഭാഷകളെയും സംസ്കാരങ്ങളേയും ആശ്ലേഷിക്കുന്നു. അങ്ങനെ അതിനു വിജയകരമായ സുവിശേഷവൽകരണത്തിന്റെ മഹത്തായ ഒരു അനുഭവസമ്പത്തിൽ നിന്നു ശേഖരിക്കാനാകും; ഇത് നഷ്ടമാകാതെ പരിരക്ഷിക്കേണ്ടതാണ്. ലോകമാസകലമുള്ള സഭയുടെ സാന്നിധ്യത്തിന്റെ അടി സ്ഥാനത്തിൽ മൊത്തം വിശ്വാസീകൂട്ടായ്മയുടെ നന്മയെ ലക്ഷ്യംവച്ചുള്ള ശുശ്രൂഷയിൽ കൂരിയായ്ക്ക് സമ്പന്നമായ ഈ അറിവിന്റെ ശേഖരത്തിൽനിന്ന് വേണ്ടതെടുത്ത് ക്രമപ്പെടുത്തി ഉപയുക്തമാക്കാനുള്ള സ്ഥിതി ഇന്ന് സഭയ്ക്കു സംജാതമായിട്ടുണ്ട്. ഈ മേഖലയിലെ നല്ല ഉദ്യമങ്ങളുടെ സദ്ഫലങ്ങളും സുവിശേഷവൽകരണത്തിനുവേണ്ടി പ്രാദേശികസഭകളും മെത്രാൻസമിതികളും, പൗര സ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളും കണ്ടെത്തിയ മാർഗങ്ങളും സവിശേഷമായ പ്രശ്നങ്ങളോടും വെല്ലുവിളികളോടുമുള്ള അവരുടെ പ്രതികരണങ്ങളും എല്ലാം സഹായകമാണ്. ആഗോളതലത്തിലുള്ള സാർവത്രിക സഭയുടെ ഈ അനുഭവജ്ഞാനം സഞ്ചയിക്കുകവഴി, കൂരിയായ്ക്ക് പ്രാദേശികസഭകളുമായും മെത്രാൻസമിതികളുമായും പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളുമായും അവ പങ്കുവയ്ക്കാനുമാവും. ഇപ്രകാരം കൂരിയായ്ക്ക് അവരെ പിന്തുണയ്ക്കാനാകും. ഇത്തരത്തിലുള്ള ആശയവിനിമയത്തിനും സംവാദത്തിനും മെത്രാന്മാർ നടത്തുന്ന അപ്പോസ്തലന്മാരുടെ ശവകൂടീര സന്ദർശനങ്ങളും (visits of the Bishops *ad limina Apostolorum*) അവയോടനുബന്ധിച്ചുള്ള റിപ്പോർട്ടുകളും പ്രതിനിധീകരിക്കുന്നത് പ്രധാനപ്പെട്ട വിവരസ്രോതസ്സാണ്.

**5. റോമൻ കൂരിയായുടെ പ്രാതിനിധ്യ സ്വഭാവം:** ഓരോ കൂരിയാ സ്ഥാപനവും അതിന്റെ നിർദിഷ്ട ദൗത്യം നിർവഹിക്കുന്നത്

റോമാ പാപ്പായിൽനിന്നു ലഭിച്ച അധികാരത്തിന്റെ ബലത്തിലാണ്. പരമാചാര്യൻ എന്ന നിലയിൽ പാപ്പായുടെ അധികാര ശുശ്രൂഷയുടെ (Primatial *munus*) നടപ്പാക്കൽ ആണ് ഈ സ്ഥാപനങ്ങൾ, പാപ്പായുടെ പേരിൽ പ്രതിനിധികൾ എന്ന നിലയിൽ തങ്ങളുടെ കർത്തവ്യം നിർവഹിക്കുമ്പോൾ ചെയ്യുന്നത്. അക്കാരണത്താൽ, വിശ്വാസീസമൂഹത്തിലെ ഏതൊരാൾക്കും, കൂരിയായിലെ ഏതൊരു മന്ത്രാലയത്തിന്റേയും (Dicastery) അല്ലെങ്കിൽ ഓഫീസിന്റേയും അധ്യക്ഷത വഹിക്കാൻ സാധിക്കും; അത് ഓരോ മന്ത്രാലയത്തിന്റേയും അഥവാ ഓഫീസിന്റേയും ഭരണാധികാരത്തേയും സവിശേഷ അധികാരസീമകളേയും ചുമതലകളേയും ആശ്രയിച്ചായിരിക്കും.

**6. ആധ്യാത്മികത:** സഭാംഗങ്ങളെല്ലാവരുടെയും യേശുക്രിസ്തുവുമായുള്ള ബന്ധം പരിപോഷിപ്പിക്കുന്നതിലൂടെതന്നെയാണ്, സഭയുടെ കൂട്ടായ്മയിലേക്ക് റോമൻ കൂരിയാ സംഭാവന നല്കുന്നത്. ദൈവിക പദ്ധതിയുടെ ശുശ്രൂഷയിൽ ഉദാരതയോടും തീക്ഷ്ണതയോടും പ്രവർത്തിക്കുകവഴിയാണ് ഇതു സാധ്യമാകുന്നത്. സഭയിൽ പരിശുദ്ധാത്മാവ് വർഷിക്കുന്ന ദാനങ്ങളും ജ്ഞാനസ്നാനം സ്വീകരിച്ച സകലരുടെയും വിശുദ്ധിയിലേക്കുള്ള വിളിയും ഇവിടെ സാക്ഷാത്കരിക്കപ്പെടുന്നു. അക്കാരണത്താൽ, രഹസ്യമെന്ന നിലയിലുള്ള സഭാ ശുശ്രൂഷയെ ദൈവവുമായുള്ള ഉടമ്പടിയുടെ അനുഭവവുമായി കൂരിയായിലെ ഓരോ സ്ഥാപനവും സംയോജിപ്പിക്കേണ്ടത് ആവശ്യമാണ്. ഇത് പ്രകടമാവുന്നത് പൊതുവായ പ്രാർഥനയും ആധ്യാത്മിക നവീകരണവും ദിവ്യപൂജയുടെ കൂടക്കൂടെയുള്ള പൊതുവായ ആചരണങ്ങളും വഴിയാണ്. അതുപോലെതന്നെ, യേശുക്രിസ്തുവുമായുള്ള ഓരോരുത്തരുടെയും കണ്ടുമുട്ടലിന്റെയും ക്രിസ്ത്വാനുഭവത്തിന്റെയും അടിസ്ഥാനത്തിൽ, കൂരിയായിലെ അംഗങ്ങൾ, ദൈവജനം മുഴുവന്റെയും ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെട്ട മിഷനറിമാരാണെന്ന ആനന്ദദായകമായ തിരിച്ചറിവിന്റെ ചൈതന്യത്തിലായിരിക്കണം തങ്ങളുടെ ദൗത്യം നിർവഹിക്കേണ്ടത്.

**7. വ്യക്തിപരമായ ആർജവത്വവും (integrity) തൊഴിൽപരമായ മികവും (professionalism)**: സഭാ ദൗത്യത്തിന്റെ ശുശ്രൂഷയ്ക്കായി തങ്ങളുടെ സിദ്ധികളെ സമർപ്പിക്കുന്ന ശിഷ്യരുടെ വിവിധതരത്തിലുള്ള മുഖങ്ങളിലൂടെയാണ് ക്രിസ്തുവിന്റെ മുഖം പ്രതിഫലിക്കപ്പെടുന്നത്. തൽഫലമായി, അജപാലനരംഗത്ത് സാരമായ അനുഭ

വജ്ഞാനം ഉള്ളവർ, ജീവിതലാളിത്യവും ദരിദ്രരോടുള്ള സ്നേഹവും പുലർത്തുന്നവർ, കൂട്ടായ്മയുടെയും ശുശ്രൂഷയുടെയും ചൈതന്യമുള്ള വർ, ഭരമേൽപ്പിക്കപ്പെട്ട കാര്യങ്ങളിൽ മികവ് കാട്ടിയവർ, കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിയാൻ കഴിവുള്ളവർ എന്നിങ്ങനെയുള്ള മെത്രാന്മാർ, വൈദികർ, ഡീക്കനമാർ, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെയും അംഗ ങ്ങൾ മികച്ച ആധ്യാത്മിക ജീവിതം നയിക്കുന്ന സ്ത്രീപുരുഷന്മാർ എന്നിവരെയാണ് കൂരിയായിൽ സേവനം ചെയ്യുന്നതിനായി തിരഞ്ഞെടുക്കുന്നത്. ഇക്കാരണത്താൽ, കൂരിയാ ഉദ്യോഗസ്ഥരുടെ തിരഞ്ഞെടുപ്പും പരിശീലനവും സവിശേഷമായ കരുതലും ശ്രദ്ധയും അർഹിക്കുന്നു. കൂരിയായിലെ പ്രവർത്തനങ്ങളും തൊഴിലും മെച്ചപ്പെട്ട രീതിയിൽ ക്രമപ്പെടുത്തുന്നതിനോടൊപ്പം ഉദ്യോഗസ്ഥരുടെ വ്യക്തിപരവും തൊഴിൽപരവുമായ വളർച്ചയ്ക്കും ശ്രദ്ധ നല്കണം.

**8. മന്ത്രാലയങ്ങൾ (Dicasteries) തമ്മിലുള്ള സഹകരണം:** കൂരിയായുടെയും അതിലെ ഓരോ സ്ഥാപനത്തിന്റെയും ഉള്ളിലെ പ്രവർത്തനങ്ങളുടെ മുഖമുദ്ര കൂട്ടായ്മയും പങ്കാളിത്തവുമായിരിക്കണം. സാർവത്രിക സഭയുടെ അജപാലകരുടെ ചുറ്റും ചേർന്നുനിന്നു കൊണ്ട് ജീവിതകൂട്ടായ്മയുടെയും പ്രവർത്തനപരമായ ഐക്യത്തിന്റേയും ശുശ്രൂഷയിൽ റോമൻ കൂരിയാ വ്യാപരിക്കേണ്ടതുണ്ട്. ആകയാൽ മന്ത്രാലയങ്ങളുടെ മേലാധികാരികൾ ഇടയ്ക്കിടെ റോമാ പാപ്പായുമായി ഒറ്റയ്ക്കും കൂട്ടായും യോഗം ചേരുന്നു. ഇടയ്ക്കിടെയുള്ള ഈ യോഗങ്ങൾ മന്ത്രാലയങ്ങളുടെ സുതാര്യതയും അവയുടെ പ്രവർത്തനപദ്ധതികളും തുടർന്ന് അവ പ്രവൃത്തിപഥത്തിലെത്തിക്കുന്നതും സംബന്ധിച്ച് ഒരുമിച്ചുള്ള ചർച്ചയും കൂട്ടായ പ്രവർത്തനവും ഉറപ്പുവരുത്തുന്നു.

**9. മന്ത്രാലയങ്ങൾ തമ്മിലും മന്ത്രാലയങ്ങൾക്കുള്ളിലും നടത്തേണ്ട യോഗങ്ങൾ :** കൂരിയായിൽ നിലനില്ക്കുന്ന കൂട്ടായ്മയും സഹകരണവും പ്രകാശിക്കുന്നതാണ് മന്ത്രാലയങ്ങൾ തമ്മിൽ നടക്കുന്ന യോഗങ്ങൾ. ഒന്നിൽക്കൂടുതൽ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന കാര്യങ്ങളാണ് ഈ യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടുക. ഈ യോഗങ്ങൾ വിളിച്ചുകൂട്ടാനുള്ള ഉത്തരവാദിത്വം സ്റ്റേറ്റ് സെക്രട്ടറിയേറ്റിനുള്ളതാണ്. കാരണം പാപ്പായുടെ സെക്രട്ടറിയേറ്റായിട്ടാണ് അത് പ്രവർത്തിക്കുന്നത്. യഥാകാലം ഇടയ്ക്കിടെ ഓരോ

മന്ത്രാലയത്തിന്റെയും ഉള്ളിലെ അംഗങ്ങൾ തമ്മിൽ നടത്തുന്ന യോഗങ്ങൾ കൂട്ടായ്മയും സഹകരണവും വ്യക്തമാക്കുന്നവയാണ്. ഇത്തരം യോഗങ്ങൾ പ്ലീനറി സമ്മേളനങ്ങളോ കൂടിയാലോചനാ യോഗങ്ങളോ മറ്റു കൂട്ടിച്ചേരലുകളോ ആകാം. മെത്രാന്മാർ ഒറ്റയ്ക്കോ കൂട്ടായോ, പ്രത്യേകിച്ച് അവരുടെ *ആദ് ലിമിനാ അപ്പോസ്തൊലോരും* സന്ദർശന വേളയിൽ, മന്ത്രാലയങ്ങളുമായി നടത്തുന്ന യോഗങ്ങളുടെ ചൈതന്യവും മേൽപ്പറഞ്ഞവയാകണം.

**10. സാർവത്രിക സ്വഭാവത്തിന്റെ (Catholicity) പ്രകാശനം:** റോമൻ കൂരിയായിലേക്കുള്ള കർദിനാളന്മാർ, മെത്രാന്മാർ ഇതര ഉദ്യാഗസ്ഥർ എന്നിവരുടെ തിരഞ്ഞെടുപ്പുകളിൽ സഭയുടെ സാർവത്രിക ഭാവം പ്രകാശിതമാകണം. റോമൻ കൂരിയായിൽ സേവനം ചെയ്യാൻ ക്ഷണിക്കപ്പെട്ട എല്ലാവരും റോമാ പാപ്പായുമായുള്ള കൂട്ടായ്മയുടെയും ഐക്യദാർഢ്യത്തിന്റെയും പ്രതീകമാണ്. ഏറെ പ്രത്യേകിച്ച്, വിവിധ സംസ്ക്കാരങ്ങളിൽ നിന്നു സവിശേഷമായ പരിജ്ഞാനമുള്ളവരെ റോമൻ കൂരിയായുടെ ശുശ്രൂഷയ്ക്കായി വിട്ടുതരുന്ന മെത്രാന്മാർ, സമർപ്പിത ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളുടെയും സുപ്പീരിയർമാർ എന്നിവർ റോമ പാപ്പയോടുള്ള തങ്ങളുടെ കൂട്ടായ്മയും ഐക്യദാർഢ്യവും പ്രകാശിതമാക്കുന്നു.

**11. മന്ത്രാലയങ്ങളുടെ എണ്ണം കുറയ്ക്കൽ :** മന്ത്രാലയങ്ങളുടെ എണ്ണം കുറയ്ക്കേണ്ടതാവശ്യമാണ്. ഒരേ ഉദ്ദേശ്യങ്ങളോ പരസ്പര പൂരകങ്ങളായ ലക്ഷ്യങ്ങളോ ഉള്ള മന്ത്രാലയങ്ങളെ സംയോജിപ്പിച്ചുകൊണ്ടും അവയുടെ ധർമങ്ങളും ചുമതലകളും ക്രമപ്പെടുത്തിക്കൊണ്ടും ഇതു സാധ്യമാണ്. ആവർത്തനം ഒഴിവാക്കുകയും അവ അനുഷ്ഠിക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുകയുമാണ് അതിന്റെ ലക്ഷ്യം.

**12.** പോൾ ആറാമൻ പാപ്പാ ആഗ്രഹിച്ചതുപോലെ, ദൈവസ്നേഹത്തിന്റെ സ്ഫുരണങ്ങളെ കൂരിയായിലും സഭ മുഴുവനിലും ഉജ്ജ്വലിപ്പിക്കുകയെന്നതാണ് പരിഷ്ക്കാരങ്ങളുടെ മുഖ്യമായ ലക്ഷ്യം. "കൗൺസിൽ സ്ഥിരീകരിച്ച പ്രമാണങ്ങൾ, പ്രബോധനങ്ങൾ, തീരുമാനങ്ങൾ, എന്നിവ ഉപവി പ്രവൃത്തികളാൽ ഊതിക്കത്തിക്കാനായാൽ സഭയിലും ലോകത്തിലും കൗൺസിലിന്റെ ആത്യന്തികലക്ഷ്യമായ, മാനസിക നവീകരണവും പ്രവൃത്തിയും പെരുമാറ്റവും ധാർമികമായ ബോധ്യവും പ്രത്യാശയും സന്തോഷവും കൊണ്ടുവരാനാകും." [31]

# III
# പൊതുചട്ടങ്ങൾ

## റോമൻ കൂരിയാ എന്ന സങ്കൽപ്പം

### ആർട്ടിക്കിൾ 1

റോമാ പാപ്പായെ തന്റെ പരമമായ അജപാലന ശുശ്രൂഷയിലും ലോകത്തിലുള്ള പൊതുവായ ദൗത്യനിർവഹണത്തിലും സാധാരണ ഗതിയിൽ സഹായിക്കുന്നത് റോമൻ കൂരിയായാണ്. പത്രോസിന്റെ പിൻഗാമിയായ പാപ്പായുടെയും അപ്പോസ്തലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെയും അവരവരുടെ സവിശേഷ സ്വഭാവമനുസരിച്ചുള്ള ശുശ്രൂഷയിലാണ് കൂരിയാ മുഴുകിയിരിക്കുന്നത്. കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കും ഐക്യത്തിനും സാർവത്രികസഭയുടെ കെട്ടിപ്പെടുക്കലിനും ഉപകരിക്കത്തക്കവിധം സുവിശേഷചൈതന്യത്തിലാണ് കൂരിയാ പ്രവർത്തിക്കുന്നത്. അതേസമയം, സഭ തന്റെ ദൗത്യം നിർവഹിക്കേണ്ട ഇടമായ ലോകത്തിന്റെ സാഹചര്യങ്ങളെക്കുറിച്ചും അത് ശ്രദ്ധിക്കുന്നു.

## കൂരിയായുടെ പ്രവർത്തനത്തിന്റെ അജപാലന സ്വഭാവം

### ആർട്ടിക്കിൾ 2

ദൈവജനത്തിലെ എല്ലാ അംഗങ്ങളും ഒരോരുത്തരും അവന്റെയോ അവളുടെയോ സ്ഥിതിയനുസരിച്ച്, സഭയുടെ ദൗത്യത്തിൽ പങ്ക് വഹിക്കുന്നതിനാൽ, റോമൻ കൂരിയായിൽ സേവനംചെയ്യുന്നവർ, അവരവരുടെ കഴിവും പരിജ്ഞാനവും അജപാലന അനുഭവങ്ങളും അനുസരിച്ചാണ് സഹകരിക്കുന്നത്.

## ആർട്ടിക്കിൾ 3

റോമൻ കൂരിയായിലും പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളിലും സേവനം ചെയ്യുന്നവർ അജപാലന ശുശ്രൂഷയാണ് നിർവഹിക്കുന്നത്. അത് റോമാ പാപ്പായ്ക്കും സാർവത്രിക സഭയുമായി ബന്ധപ്പെട്ട് മെത്രാന്മാർ നിർവഹിക്കുന്ന തങ്ങളുടെ ഉത്തരവാദിത്വങ്ങൾക്കും പിന്തുണ നല്കുന്ന വിധത്തിലുള്ളതാണ്. ഈ ശുശ്രൂഷയുടെ പ്രേരകശക്തിയായി വർത്തിക്കേണ്ടതും അതു നിർവഹിക്കേണ്ടതും ഉന്നതമായ സഹകരണ മനോഭാവവും ഉത്തരവാദിത്വം പങ്കുവയ്ക്കുന്നു എന്ന ചിന്തയും മറ്റുള്ളവരുടെ കഴിവുകളെ ആദരിക്കുന്നു എന്ന ഭാവവുമാണ്.

## ആർട്ടിക്കിൾ 4

കൂരിയായുടെ സേവനത്തിന്റെ അജപാലനസ്വഭാവത്തെ പരിപോഷിപ്പിക്കുന്നതും സമ്പന്നമാക്കുന്നതും സവിശേഷമായ ഒരു ആധ്യാത്മികതയാണ്. അത് രൂഢമൂലമായിരിക്കുന്നത്, സാർവത്രികസഭയും പ്രാദേശിക സഭയും തമ്മിലുള്ള പാരസ്പര്യത്തിന്റെ ആന്തരികതയിലാണ് (relationship of mutual interiority).

## ആർട്ടിക്കിൾ 5

സഭയിലും ലോകത്തിലും മാതൃകപരമായ ജീവിതം നയിക്കാനുള്ള വിളി ഓരോരുത്തരും അംഗീകരിക്കണമെന്നാണ് റോമൻ കൂരിയായുടെ അജപാലന ശുശ്രൂഷയുടെ സവിശേഷമായ സ്വഭാവം ആവശ്യപ്പെടുന്നത്. ഏറെ വെല്ലുവിളികളുള്ള പ്രേഷിത ശിഷ്യനായിരിക്കുകയെന്ന ദൗത്യത്തിൽ ഓരോരുത്തരും ഏർപ്പെടുക എന്ന കാര്യം ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. അതായത്, സമർപ്പണത്തിന്റെയും ഭക്തിചൈതന്യത്തിന്റെയും തങ്ങളെ സമീപിക്കുന്നവരെ സ്വാഗതം ചെയ്യുന്നതിന്റെയും സേവനത്തിന്റെയും ഒരു മാതൃകയാണ് ഇവിടെ ഓരോരുത്തരും അവതരിപ്പിക്കേണ്ടത്.

## ആർട്ടിക്കിൾ 6

റോമൻ കൂരിയായിൽ ചെയ്യുന്ന ശുശ്രൂഷയോടൊപ്പം ആത്മാക്കളുടെ പരിരക്ഷയും വൈദികർ ശ്രദ്ധിക്കേണ്ടതാണ്. ഓഫീസിലുള്ള തങ്ങളുടെ പ്രവർത്തനത്തെ ബാധിക്കാത്തവിധം, സാധിക്കുമ്പോഴെല്ലാം, അവർ അത് നിർവഹിക്കേണ്ടതാണ്. സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുക

ളിലെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെയും അംഗങ്ങളും അല്മായരും അവരവരുടെ സമൂഹങ്ങളിലെ അജപാലന പ്രവർത്തനങ്ങളിൽ പങ്കാളികളാവണം. ഓരോരുത്തരുടെയും കഴിവുകൾക്കും സാഹചര്യങ്ങൾക്കുമനുസൃതമായി സഭയുടെ ഇതര സംരംഭങ്ങളിലും അവർ സഹകരിക്കണം.

## റോമൻകൂരിയായുടെ പ്രവർത്തന തത്ത്വങ്ങൾ

## ആർട്ടിക്കിൾ 7

§ 1. റോമൻ കൂരിയായുടെ ഓരോ ഘടകത്തിന്റെയും സുഗമമായ പ്രവർത്തനത്തിന് അവിടെ സേവനം ചെയ്യുന്നവർക്ക് തങ്ങളുടെ സമർപ്പണത്തിനും നന്മയ്ക്കും പുറമേ, ആവശ്യംവേണ്ട യോഗ്യതകളും ഉണ്ടായിരിക്കണം. ഇതാവശ്യപ്പെടുന്നത് പ്രവർത്തനമികവാണ് (Professionalism); അതായത്, സവിശേഷ നൈപുണ്യവും ഭരമേല്പിക്കപ്പെടുന്ന ദൗത്യം സമർത്ഥമായി കൈകാര്യം ചെയ്യാനുള്ള കഴിവുമുണ്ടായിരിക്കുക എന്നത്. കാലക്രമേണ ഇവയെല്ലാം നേടിയെടുക്കാനും വളർത്തിയെടുക്കാനും സാധിക്കുമെങ്കിലും ആരംഭത്തിൽത്തന്നെ ആ വ്യക്തി അതിനായി ഒരുങ്ങിയ ആളായിരിക്കണം.

§ 2. റോമൻ കൂരിയായുടെ വിവിധ ഘടകങ്ങൾ ഓരോന്നിന്റെയും സ്വഭാവവും പ്രാപ്തിയുമനുസരിച്ച് സ്റ്റാഫിനു തുടർപരിശീലനവും നല്കേണ്ടതാണ്.

## ആർട്ടിക്കിൾ 8

§ 1. റോമൻ കൂരിയായുടെ ഓരോ ഘടകത്തിന്റെയും പ്രവർത്തനം എപ്പോഴും നയിക്കപ്പെടേണ്ടത് യുക്തിഭദ്രത, പ്രവർത്തനക്ഷമത എന്നീ മാനദണ്ഡങ്ങളാലായിരിക്കണം. അത് കാലഗതിയിൽ ഉരുത്തിരിഞ്ഞു വരുന്ന സാഹചര്യങ്ങളോടുള്ള പ്രതികരണവും സാർവത്രിക സഭയുടെയും പ്രാദേശിക സഭകളുടെയും ആവശ്യങ്ങൾ കണക്കിലെടുത്തുമായിരിക്കണം.

§ 2. ഏറ്റവും മികച്ചതും കാര്യക്ഷമവുമായ സേവനം ലഭ്യമാക്കുകയെന്നതാണ് പ്രവർത്തനക്ഷമതകൊണ്ട് ഉദ്ദേശിക്കുന്നത്. അതായത്, റോമൻ കൂരിയായിൽ സേവനം ചെയ്യുന്നവരെല്ലാവരുംതന്നെ ആവശ്യം വരുമ്പോഴെല്ലാം തങ്ങളുടെ ദൗത്യം നിർവഹിക്കാൻ സന്നദ്ധരായിരിക്കണം.

## ആർട്ടിക്കിൾ 9

§ 1. ഓരോ മന്ത്രാലയവും (Dicastery), സ്ഥാപനവും അല്ലെങ്കിൽ ഓഫീസും അതിന്റെ സവിശേഷമായ ധർമം നിർവഹിക്കുമ്പോൾ, അത് പങ്കുകൊള്ളുന്ന ദൗത്യംമൂലം, മറ്റു മന്ത്രാലയങ്ങളും, സ്ഥാപനങ്ങളും ഓഫീസുകളും, സഹകരിച്ചുകൊണ്ട് തങ്ങളുടെ സേവനം പൂർണമാക്കേണ്ടതാണ്. പരസ്പരസഹകരണത്തിന്റെ ചൈതന്യത്തിലും, ഓരോ വിഭാഗത്തിന്റെയും പ്രാപ്തിയനുസരിച്ചും, പ്രവർത്തനങ്ങളുടെ നിരന്തരമായ പരസ്പര ആശ്രയത്വത്തിലും ബന്ധത്തിലുമാണ് ഇത് നിർവഹിക്കേണ്ടത്.

§ 2. ഈ സഹകരണം ഓരോ മന്ത്രാലയത്തിലും, സ്ഥാപനത്തിലും ഓഫീസിലും സേവനം ചെയ്യുന്നവരുടെ ഇടയിൽത്തന്നെ ഉണ്ടാകാൻ ഓരോ വ്യക്തിയും ശ്രദ്ധിക്കണം. അങ്ങനെ ജോലിയിലെ താൽപര്യം ഓരോ ആളിന്റെയും അവിടുത്തെ പ്രവർത്തനം ചിട്ടയോടും കാര്യക്ഷമതയോടും ചെയ്യാനുള്ള അന്തരീക്ഷം സംജാതമാക്കും. സംസ്കാരം, ഭാഷ ദേശീയത എന്നിവയിലെ വൈവിധ്യത്തെയെല്ലാം അതിജീവിക്കുന്ന ഒന്നായിരിക്കും അത്.

§ 3. മേല്പറഞ്ഞ §1 ലെയും §2 ലെയും വ്യവസ്ഥകൾ സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിനു കൂടുതൽ ബാധകമായിരിക്കും, എന്തെന്നാൽ, അത് പേപ്പൽ സെക്രട്ടറിയേറ്റാണ്.

## ആർട്ടിക്കിൾ 10

ഓരോ മന്ത്രാലയവും സ്ഥാപനവും ഓഫീസും അതിന്റെ കൃത്യനിർവഹണത്തിൽ സുസ്ഥിരമായും ഉചിതമായും ഉപയോഗിക്കേണ്ടത് ഈ അപ്പസ്തോലിക ഭരണക്രമരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രത്യേക ഉപാധികളത്രേ. ഉദാഹരണത്തിന്, സാധാരണമായ അല്ലെങ്കിൽ പ്ലീനറി സമ്മേളനങ്ങളുള്ള കോൺഗ്രസ്, വിവിധ മന്ത്രാലയങ്ങൾ തമ്മിലുള്ള യോഗങ്ങൾ, മന്ത്രാലയങ്ങളുടെ തലവന്മാരുടെ യോഗങ്ങൾ എന്നിവ പതിവായി നടത്തേണ്ടതാണ്.

## ആർട്ടിക്കിൾ 11

റോമൻ കൂരിയായുടെ സ്റ്റാഫിന്റെ പ്രവർത്തനത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും മറ്റു ബന്ധപ്പെട്ട പ്രശ്നങ്ങളും അപ്പസ്തോലിക സിംഹാസനത്തിന്റെ ലേബർ ഓഫീസിന്റെ (labour office) അധി

കാരസീമയിൽ വരും. സഹകാരികളുടെ അവകാശങ്ങളെ പരിരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയുമാണ് അതിന്റെ കടമ. സഭയുടെ സാമൂഹിക പ്രബോധനതത്ത്വങ്ങളാണ്, ഇവിടെ മാർഗദർശി.

## റോമൻ കൂരിയായുടെ ഘടന

## ആർട്ടിക്കിൾ 12

§ 1. സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റ്, മന്ത്രാലയങ്ങൾ (Dicasteries) ഇതര സ്ഥാപനങ്ങൾ എന്നിവ അടങ്ങുന്നതാണ് റോമൻ കൂരിയാ. നിയമപരമായി തുല്യപദവിയാണ് ഇവയ്ക്കെല്ലാം തമ്മിലുള്ളത്.

§ 2. "കൂരിയൽ സ്ഥാപനങ്ങൾ" എന്നാൽ §1-ൽ സൂചിപ്പിച്ചിട്ടുള്ള റോമൻ കൂരിയായിൽ ഉൾപ്പെടുന്ന വിവിധ ഘടകങ്ങൾ എന്നാണർഥമാക്കുന്നത്.

§ 3. പേപ്പൽ ഭവനത്തിന്റെ പ്രീഫെക്ചർ, പാപ്പായുടെ ആരാധനക്രമാഘോഷങ്ങൾക്കും (Liturgical Celebrations), ഒപ്പം പരിശുദ്ധ റോമാ സഭയുടെ കമർലെങ്കൊയ്ക്കുമുള്ള (Camerlengo) ഓഫീസും റോമൻ കൂരിയായിലെ ഓഫീസുകളിൽ ഉൾപ്പെടുന്നതാണ്.

## ആർട്ടിക്കിൾ 13

§ 1. ഓരോ കൂരിയൽ സ്ഥാപനത്തിനും തലവനായി ഒരു "പ്രീഫെക്ട്" അല്ലെങ്കിൽ തത്തുല്യനായ മറ്റൊരു വ്യക്തി ഉണ്ടാവും. അവയ്ക്ക് വേണ്ടത്ര അംഗങ്ങളും ഉണ്ടാകും; അതിൽ പ്രീഫെക്ടിനെ സഹായിക്കാനായി ഒന്നോ അതിലധികമോ സെക്രട്ടറിമാരും, ഒപ്പം അവരുടെ കീഴിൽ ഒന്നോ അതിലധികമോ അണ്ടർ സെക്രട്ടറിമാരും; ഇവരെയെല്ലാവരെയും സഹായിക്കാനായി പല ഉദ്യോഗസ്ഥരും ഉപദേശകരും (Consultors) ഉണ്ടായിരിക്കും.

§ 2. ഒരു കൂരിയൽ സ്ഥാപനത്തിന് അതിന്റെ സവിശേഷ സ്വഭാവം പരിഗണിച്ചുകൊണ്ട്, അല്ലെങ്കിൽ പ്രത്യേക നിയമംമൂലം, § 1-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഘടനയിൽനിന്നു വ്യത്യസ്തമായ ഒരു ഘടന ഉണ്ടാകാവുന്നതാണ്.

## ആർട്ടിക്കിൾ 14

§ 1. കൂരിയൽ സ്ഥാപനത്തിന്റെ ഭരണം നിർവഹിക്കുന്നത് ഒരു പ്രീഫെക്ടോ അല്ലെങ്കിൽ തത്തുല്യനായ മറ്റൊരു വ്യക്തിയോ ആയി

രിക്കും. സ്ഥാപനത്തിന്റെ തലവനായിരിക്കുന്നതിനാൽ സ്ഥാപനത്തിന്റെ പേരിലാണ് അദ്ദേഹം പ്രവർത്തിക്കുന്നത്.

§ 2. അണ്ടർ സെക്രട്ടറിയുടെ അഥവാ അണ്ടർ സെക്രട്ടറിമാരുടെ സഹായത്തോടെ, സെക്രട്ടറി മന്ത്രാലയത്തിന്റെ ചുമതലകളിൽ പ്രീഫെക്ടിനെ സഹായിക്കുകയും അവിടത്തെ ഉദ്യോഗസ്ഥർക്ക് നിർദേശം നല്കുകയും ചെയ്യുന്നു.

§ 3. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നാണ് കഴിവതും ഉദ്യോഗസ്ഥർ തെരഞ്ഞെടുക്കപ്പെടുന്നത്. അങ്ങനെ സഭയുടെ സാർവത്രിക സ്വഭാവം പ്രതിഫലിപ്പിക്കാൻ കൂരിയായ്ക്ക് സാധിക്കും. പുരോഹിതർ, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെയും അംഗങ്ങൾ, അൽമായർ എന്നിവരിൽ നിന്നാണ് ഇവരെ തെരഞ്ഞെടുക്കുന്നത്. അവർ അനുഭവജ്ഞാനവും തെളിയിക്കപ്പെട്ട പ്രാഗ്ത്ഭ്യവും വേണ്ടത്ര അക്കാദമിക യോഗ്യതകളും സുകൃതവും വിവേകവുമുള്ളവർ ആയിരിക്കണം. വസ്തുനിഷ്ഠവും സുതാര്യവുമായ മാനദണ്ഡങ്ങൾപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന അവർക്ക് അജപാലനരംഗത്ത് അനുയോജ്യമായ വർഷങ്ങളുടെ അനുഭവജ്ഞാനമുണ്ടായിരിക്കണം.

§ 4. അപേക്ഷകരുടെ അനുയുക്തത ഉചിതമായ മാർഗങ്ങൾവഴി ഉറപ്പാക്കേണ്ടതാണ്.

§ 5. വൈദികരെ ഉദ്യോഗസ്ഥരായി തിരഞ്ഞെടുക്കുമ്പോൾ രൂപതാ/എപ്പാർക്കി വൈദികരും സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെയും വൈദികർ തമ്മിൽ സാധിക്കുന്നിടത്തോളം ഒരു സന്തുലനം പാലിക്കേണ്ടതാണ്.

## ആർട്ടിക്കിൾ 15

റോമായിലും റോമാപട്ടണത്തിനു പുറത്തും താമസിക്കുന്ന കർദിനാളന്മാരിൽനിന്നുമുള്ളവരെ കൂരിയൽ സ്ഥാപനങ്ങളിലെ അംഗങ്ങളായി നിയമിക്കാറുണ്ട്. നിശ്ചയിക്കപ്പെട്ട വിഷയങ്ങളിലെ പ്രാഗത്ഭ്യം പരിഗണിച്ചുകൊണ്ട് രൂപതാ/എപ്പാർക്കി മെത്രാന്മാരെയും ഈ ഗണത്തിൽ ചേർക്കാറുണ്ട്. മന്ത്രാലയത്തിന്റെ സ്വഭാവം പരിഗണിച്ചുകൊണ്ട് വൈദി

കർ, ഡീക്കന്മാർ, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെയും അംഗങ്ങൾ, അല്മായ വിശ്വാസികൾ എന്നിവരെയും അംഗങ്ങളായി നിയമിക്കാവുന്നതാണ്.

## ആർട്ടിക്കിൾ 16

നല്ല പ്രാഗത്ഭ്യവും തെളിയിക്കപ്പെട്ട കഴിവും വിവേകവുമുള്ള വിശ്വാസികളിൽ നിന്നാണ് കൂരിയൽ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഉപദേഷ്ടാക്കളെ നിയമിക്കുന്നത്. അവരെ കണ്ടെത്തുന്നതിലും തെരഞ്ഞെടുക്കുന്നതിലും സാർവത്രികത എന്ന മാനദണ്ഡം കഴിയുന്നത്ര പുലർത്തേണ്ടതാണ്.

## ആർട്ടിക്കിൾ 17

§ 1. പ്രീഫെക്ട്, അല്ലെങ്കിൽ അതിനു തത്തുല്യനായ ആൾ, അംഗങ്ങൾ, സെക്രട്ടറി, അണ്ടർ സെക്രട്ടറി, ഓഫീസിന്റെ തലവന്മാരായ മറ്റു മുതിർന്ന ഉദ്യോഗസ്ഥർ അല്ലെങ്കിൽ തത്തുല്യരായവർ, പ്രത്യേക വൈദഗ്ധ്യമുള്ളവർ, അവരോടൊപ്പം ഉപദേഷ്ടാക്കൾ എന്നിവരെ അഞ്ച് വർഷത്തേക്കാണ് റോമാ പാപ്പാ നിയമിക്കുന്നത്.

§ 2. റോമൻ കൂരിയായുടെ പൊതുനിയമാവലിയിൽ (General Regulations of the Roman Curia) വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രായമെത്തുമ്പോൾ പ്രീഫെക്ടും സെക്രട്ടറിയും റോമാ പാപ്പായ്ക്ക് തങ്ങളുടെ രാജി സമർപ്പിക്കേണ്ടതാണ്. വസ്തുതകൾ എല്ലാം പരിശോധിച്ചശേഷം ഇക്കാര്യത്തിൽ റോമാ പാപ്പാ തീരുമാനമെടുക്കുന്നതാണ്.

§ 3. എൺപത് വയസ്സ് പ്രായമാകുന്നതോടെ അംഗങ്ങൾക്ക് നിയമനം ഇല്ലാതാവുന്നതാണ്. കൂരിയൽ സ്ഥാപനത്തിൽ ഏതെങ്കിലും പദവി വഹിക്കുന്ന ഒരാൾക്ക് ആ പദവി ഇല്ലാതാവുമ്പോൾ ഒപ്പം അംഗത്വവും ഇല്ലാതാവുന്നതാണ്.

§ 4. മുറപ്രകാരം, അഞ്ച് വർഷം പൂർത്തിയാക്കിയ വൈദികരും സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെയും അംഗങ്ങളും കൂരിയൽ സ്ഥാപനങ്ങളിലും ഓഫീസുകളിലും സേവനം ചെയ്തശേഷം യഥാക്രമം തങ്ങളുടെ രൂപതകളിലേക്കോ, എപ്പാർക്കികളിലേക്കോ സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കോ അപ്പസ്തോലിക ജീവിത സമൂഹങ്ങളിലേക്കോ മടങ്ങിപ്പോകേണ്ടതാണ്. അങ്ങനെ തങ്ങൾ ഉൾപ്പെടുന്ന

സമൂഹത്തിൽതന്നെ അവർക്ക് അജപാലന ശുശ്രൂഷ തുടരാനാവും. എന്നാൽ ഉചിതമെന്നു തോന്നിയാൽ റോമൻ കൂരിയായിലെ സുപ്പീരിയർമാർക്ക് ഇവരുടെ സേവനം അടുത്ത അഞ്ച് വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നല്കാവുന്നതാണ്.

## ആർട്ടിക്കിൾ 18

§ 1. അപ്പസ്തോലിക സിംഹാസനം ഒഴിഞ്ഞുകിടക്കുമ്പോൾ കൂരിയൽ സ്ഥാപനങ്ങളുടെ തലവന്മാരും അംഗങ്ങളും തങ്ങളുടെ ഓഫീസിനു വിരാമമിടുന്നു. ഈ നിയമത്തിൽനിന്ന് ഒഴിവ് നല്കിയിരിക്കുന്നത് മേജർ പെനിറ്റെൻഷ്യറിക്കും (Major Penitentiary) പരിശുദ്ധ പിതാവിന്റെ ആമെനർക്കും (Almoner) [പാപ്പായ്ക്കുവേണ്ടി പാവങ്ങൾക്കായുള്ള സഹായം സ്വീകരിക്കുന്നയാൾ]. അത്രേ. മേജർ പെനിറ്റെൻഷ്യറി തന്റെ അധികാരസീമയിൽപെടുന്ന സാധാരണ കർത്തവ്യങ്ങൾ നിർവഹിക്കുകയും പാപ്പായുടെ പരിചിന്തനത്തിനു സാധാരണ ഗതിയിൽ വിടേണ്ടിയിരുന്ന കാര്യങ്ങൾ കർദിനാൾ സംഘത്തിന്റെ (College of Cardinals) പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധ പിതാവിന്റെ ആമെനറും പാപ്പായുടെകാലത്തു ചെയ്തിരുന്ന മാനദണ്ഡമനുസരിച്ച് ജീവകാരുണ്യ പ്രവൃത്തികൾ ചെയ്തുകൊണ്ട്, പുതിയ പാപ്പായെ തെരഞ്ഞെടുക്കുന്നതുവരെ, കർദിനാൾ സംഘത്തിന്റെ ശുശ്രൂഷയിൽ തുടരുന്നു.

§ 2. അപ്പസ്തോലിക സിംഹാസനം ഒഴിഞ്ഞുകിടക്കുമ്പോൾ സാധാരണ ഭരണകാര്യങ്ങൾ മാത്രം നിർവഹിച്ചുകൊണ്ട് സെക്രട്ടറിമാർ ഓഫീസ് പ്രവർത്തിപ്പിക്കുന്നു. അവർ അപ്പോൾ ശ്രദ്ധിക്കുക സാധാരണ ഇടപാടുകൾ മാത്രമാണ്. പാപ്പായുടെ തിരഞ്ഞെടുപ്പിനുശേഷം. മുന്നു മാസത്തിനുള്ളിൽ അവരെ തങ്ങളുടെ ഓഫീസുകൾ അംഗീകരിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

§ 3. അപ്പസ്തോലിക സിംഹാസനത്തിൽ ഒഴിവുവരുമ്പോൾ നിയമത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടപ്രകാരം പാപ്പായുടെ ആരാധന ക്രമാചരണങ്ങളുടെ നിയന്താവ് (The Master of Pontifical Liturgical Celebrations) ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതാണ്. പുതിയ റോമാ പാപ്പായുടെ തിരഞ്ഞെടുപ്പിനുവേണ്ടിയുള്ള കാര്യങ്ങളും അദ്ദേഹം നിർവഹിക്കുന്നതാണ്.

## ആർട്ടിക്കിൾ 19

കൂരിയായിലെ ഓരോ സ്ഥാപനവും ഓഫീസും സ്വന്തമായി രേഖകളുടെയെല്ലാം ശേഖരം (archive) സൂക്ഷിക്കേണ്ടതാണ്. കൂരിയായിലേക്കു വരുന്ന എല്ലാ രേഖകളുടെയും അതുപോലെ കൂരിയായിൽനിന്നു പുറത്തേക്കു പോകുന്ന രേഖകളുടെ പകർപ്പുകളും പ്രോട്ടോകോൾ പ്രകാരം നല്ല ക്രമത്തിൽ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഉചിതമായ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ഇക്കാര്യം ചെയ്യുന്നത്.

## കൂരിയൽ സ്ഥാപനങ്ങളുടെ അധികാരസീമയും നടപടി ക്രമങ്ങളും

## ആർട്ടിക്കിൾ 20

കൂരിയൽ സ്ഥാപനങ്ങളുടെ അധികാരതലം അവ കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ അടിസ്ഥാനത്തിലാണ് നിർണയിക്കപ്പെടുന്നത്. എന്നിരുന്നാലും, മറ്റു കാരണങ്ങളാലും അധികാരതലം സ്ഥാപിക്കപ്പെടാം.

## ആർട്ടിക്കിൾ 21

ഓരോ കൂരിയൽ സ്ഥാപനവും അതതിന്റെ പ്രത്യേക അധികാരതലം പരിഗണിച്ചുകൊണ്ട്:

1. വിഷയങ്ങളുടെ സ്വഭാവമോ നിയമമോ അനുസരിച്ച് അപ്പസ്തോലിക സിംഹാസനത്തിനായി മാത്രം മാറ്റിവച്ചിരിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു;

2 റോമാ പാപ്പാ അവരെ ഭരമേല്പിക്കുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു;

3. ഒരു രൂപതയുടെയോ അഥവാ എപ്പാർക്കിയുടെയോ മെത്രാന്റെ അല്ലെങ്കിൽ മെത്രാൻസമിതികളുടെ (മെത്രാൻസമിതികൾ, പൗരസ്ത്യ സഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവ) അധികാരസീമയ്ക്കു ഉപരിയായി നില്ക്കുന്ന വിഷയങ്ങൾ പരിശോധനാ വിഷയമാക്കുന്നു;

4. സമകാലിക കാലഘട്ടത്തിന്റെ മുഖ്യപ്രശ്നങ്ങൾ, സഭയുടെ അജപാലന പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമതയോടെ പ്രോത്സാഹിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, പഠനവിധേയമാക്കുന്നു. എന്നാൽ, പ്രാദേശിക സഭകളുടെയും

മെത്രാൻസമിതികളുടെ പ്രാദേശികവും അന്തർദേശീയവുമായ ഘടകങ്ങളുടെയും പൗരസ്ത്യസഭകളുടെ ഹയരാർക്കിൽ സംവിധാനങ്ങളിലെ അധികാരസീമകളോടും തികഞ്ഞ ബഹുമാനവും ആദരവും പുലർത്തിക്കൊണ്ടാണ് ഇക്കാര്യം ചെയ്യുന്നത്.

5. സാർവത്രിക സഭയുടെ നന്മയ്ക്കുവേണ്ടി നവസംരംഭങ്ങളെയും നിർദേശങ്ങളെയും പ്രോത്സാഹിപ്പിക്കുകയും പിന്താങ്ങുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നു;

6. വിശ്വാസികൾ, തങ്ങളുടെ അവകാശം ഉപയോഗിച്ചുകൊണ്ട് അപ്പസ്തോലിക സിംഹാസനത്തിന്റെ പരിഗണനയ്ക്കായി നേരിട്ടു സമർപ്പിച്ചിരിക്കുന്ന വിഷയങ്ങൾ വിലയിരുത്തുകയും ആവശ്യമെങ്കിൽ അവയിൽ തീരുമാനമെടുക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 22

വിവിധ മന്ത്രാലയങ്ങൾ തമ്മിലും അല്ലെങ്കിൽ മന്ത്രാലയങ്ങളും സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റും തമ്മിലും അധികാരസീമയെക്കുറിച്ചുള്ള തർക്കങ്ങൾ, പാപ്പായുടെ തീരുമാനം മറിച്ചല്ലെങ്കിൽ, കത്തോലിക്കാ സഭയുടെ പരമോന്നത ജൂഡിഷ്യൽ അതോറിറ്റിയായ സുപ്രീം ട്രിബ്യൂണൽ ഓഫ് ദ അപ്പസ്തോലിക് സിഞ്ഞാത്തൂറയ്ക്ക് (Supreme Tribunal of the Apostolic Signatura) സമർപ്പിക്കേണ്ടതാണ്.

## ആർട്ടിക്കിൾ 23

ഓരോ കൂരിയൽ സ്ഥാപനവും, സാർവത്രിക നിയമം, റോമൻ കൂരിയായുടെ പ്രത്യേക നിയമം, അതിന്റെ സ്വന്തം ചട്ടങ്ങൾ എന്നിവപ്രകാരം, അതിന്റെ അധികാരസീമയിൽ വരുന്ന കാര്യങ്ങൾ അഭിസംബോധന ചെയ്യുന്നു. നിയമത്തെ ഉപയോഗപ്പെടുത്തുന്നത് കാനോനിക സമഭാവനയോടൊപ്പം നീതിയും സഭയുടെ നന്മയും പുലർത്തിക്കൊണ്ടും ഏറെ പ്രത്യേകിച്ച് ആത്മാക്കളുടെ രക്ഷയും ലക്ഷ്യം വച്ചുകൊണ്ടുമായിരിക്കണം.

## ആർട്ടിക്കിൾ 24

കൂരിയൽ സ്ഥാപനങ്ങളുടെ തലവന്മാരെ അല്ലെങ്കിൽ അവർക്ക് പകരമായി സെക്രട്ടറിമാരെ റോമാ പാപ്പാ സ്വീകരിക്കുന്നത്, പാപ്പാ നിശ്ചയിച്ച രീതിയിലായിരിക്കും. സമകാലിക വിഷയങ്ങൾ, പ്രവർത്തനങ്ങൾ,

പദ്ധതികൾ എന്നിവയെക്കുറിച്ച് സ്ഥിരമായും കൂടക്കൂടെയും അവർ പാപ്പായ്ക്കു റിപ്പോർട്ട് നല്കേണ്ടതിനാണ് ഈ കൂടിക്കാഴ്ചകൾ.

## ആർട്ടിക്കിൾ 25

ഏതെങ്കിലും ഒരു മന്ത്രാലയത്തിനു തത്സംബന്ധമായി പ്രത്യേകം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ, അതിന്റെ കോൺഗ്രസ് വിളിച്ചു ചേർക്കാനുള്ള ഉത്തരവാദിത്വം മന്ത്രാലയത്തിന്റെ തലവനാണ്. മന്ത്രാലയത്തിന്റെ തലവനും സെക്രട്ടറിയും അണ്ടർ സെക്രട്ടറിയും, മന്ത്രാലയത്തിന്റെ തലവൻ തീരുമാനിക്കുന്നതനുസരിച്ച് അതിന്റെ എല്ലാം അല്ലെങ്കിൽ ചില ഉദ്യോഗസ്ഥരുമാണ്, പ്രസ്തുത കോൺഗ്രസ്സിൽ പങ്കെടുക്കുന്നത്. അതിന്റെ ലക്ഷ്യങ്ങൾ:

1. പ്രത്യേക വിഷയങ്ങൾ പരിശോധിക്കുകയും അവയ്ക്കു ഉചിതമായ സത്വരതീരുമാനങ്ങൾ എടുത്തുകൊണ്ട് പരിഹാരം കണ്ടെത്തുകയും, അല്ലെങ്കിൽ, അവ സാധാരണ യോഗങ്ങളിലേക്കോ പ്ലീനറി യോഗളങ്ങിലേക്കോ, മന്ത്രാലയങ്ങൾ തമ്മിലുള്ള യോഗങ്ങളിലേക്കോ പരിഗണനയ്ക്കായി വിടുകയോ, അല്ലെങ്കിൽ, റോമാ പാപ്പായുടെ തീരുമാനത്തിനു സമർപ്പിക്കുകയോ ചെയ്യുക എന്നത്;
2. സവിശേഷമായ പഠനം അർഹിക്കുന്ന വിഷയങ്ങൾ ഉപദേഷ്ടാക്കളുടെയോ വിദഗ്ധരുടെയോ പരിഗണനയ്ക്കു വിടുക എന്നത്;
3. മന്ത്രാലയത്തിന്റെ അധികാരപരിധിയനുസരിച്ച് അനുവാദങ്ങൾക്കും ഉത്തരവുകൾക്കും വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കുക എന്നത്.

## ആർട്ടിക്കിൾ 26

§ 1. മന്ത്രാലയത്തിലെ അംഗങ്ങൾ സാധാരണ (ordinary) യോഗങ്ങളിലും പ്ലീനറി (plenary) യോഗങ്ങളിലുമാണ് പങ്കെടുക്കുന്നത്.

§ 2. സാധാരണമായ പതിവുള്ള കാര്യങ്ങൾ പരിഗണിക്കാൻ സാധാരണ യോഗങ്ങൾ ചേരുമ്പോൾ, മന്ത്രാലയത്തിലെ റോമിൽ വസിക്കുന്ന അംഗങ്ങളെ മാത്രം വിളിച്ചു ചേർത്താൽ മതി.

§ 3. മന്ത്രാലയത്തിലെ എല്ലാ അംഗങ്ങളെയും പ്ലീനറി യോഗത്തിലേക്ക് ക്ഷണിക്കപ്പെടുന്നു. കൂടുതൽ ദീർഘമുള്ള ഒരു കാലയളവ് മന്ത്രാലയത്തിന്റെ നടപടിക്രമങ്ങളിൽ (*Ordo Servandus of the Dicastery*)

വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ രണ്ടു വർഷത്തിലൊരിക്കൽ പ്ലീനറി യോഗം ചേരേണ്ടതാണ്. റോമാ പാപ്പായെ ഇക്കാര്യം മുൻകൂട്ടി അറിയിച്ചിരിക്കണം. മന്ത്രാലയത്തിന്റെ സ്വഭാവമനുസരിച്ച് താരതമ്യേന കൂടുതൽ പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങളും ചോദ്യങ്ങളും പ്ലീനറി യോഗത്തിലേക്കായി മാറ്റിവച്ചിരിക്കും. ആവശ്യമെങ്കിൽ, പൊതുവായ തത്ത്വങ്ങൾ ചർച്ചചെയ്യുന്നതിനും മന്ത്രാലയത്തിന്റെ തലവൻ നിശ്ചയിക്കുന്ന മറ്റുകാര്യങ്ങൾ ഇത്തരത്തിൽ പരിഗണിക്കുന്നതിനുമായി പ്ലീനറിയോഗം വിളിച്ചുകൂട്ടാവുന്നതാണ്.

§ 4. യോഗങ്ങളുടെ നടത്തിപ്പിനെയും കാര്യങ്ങളെയുംകുറിച്ച് ചിന്തിക്കുമ്പോൾ, പ്രത്യേകിച്ച് എല്ലാ അംഗങ്ങളുടെയും സാന്നിധ്യം ആവശ്യമായ യോഗങ്ങളുടെ പ്ലാനിംഗിൽ, യാത്ര പരിമിതപ്പെടുത്തുന്നതിൽ, ശ്രദ്ധവയ്ക്കണം. വീഡിയോ കോൺഫറൻസുകൾവഴി, അല്ലെങ്കിൽ അത്തരം ആശയവിനിമയ മാധ്യമങ്ങൾവഴി യോഗം ചേരാനാവും. അതേസമയം, യോഗത്തിന്റെ രഹസ്യസ്വഭാവം നിലനിറുത്താനും ശ്രദ്ധിക്കേണ്ടതുണ്ട്. ഒരേ സ്ഥലത്ത് ശാരീരിക സാന്നിധ്യം കൂടാതെതന്നെ കാര്യക്ഷമമായി സഹകരിച്ചു പ്രവർത്തിക്കാൻ അങ്ങനെ സാധിക്കുന്നതാണ്.

§ 5. വോട്ടവകാശത്തോടുകൂടിയാണ് സെക്രട്ടറി എല്ലാ യോഗങ്ങളിലും പങ്കെടുക്കുന്നത്.

## ആർട്ടിക്കിൾ 27

§ 1. ഉപദേഷ്ടാക്കളും അവർക്ക് തത്തുല്യരായവരും തങ്ങളെ ഭരമേല്പിച്ചിട്ടുള്ള വിഷയം പഠിക്കുകയും അവരുടെ അഭിപ്രായം, സാധാരണമായി, എഴുതിത്തന്നെ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

§ 2. ആവശ്യമെന്നു കരുതുന്നുവെങ്കിൽ, മന്ത്രാലയത്തിന്റെ സവിശേഷസ്വഭാവമനുസരിച്ച്, ഉപദേഷ്ടാക്കൾ എല്ലാവരെയും അല്ലെങ്കിൽ അവരിൽ ചിലരെ മാത്രം, അവരുടെ സവിശേഷമായ സിദ്ധികൾ കണക്കിലെടുത്തുകൊണ്ട്, പ്രത്യേക വിഷയങ്ങൾ കൂട്ടായി പരിശോധിക്കുവാനും അവരുടെ അഭിപ്രായങ്ങൾ ആരായാനും വിളിച്ചുചേർക്കപ്പെടാവുന്നതാണ്.

§ 3. ചില പ്രത്യേക വിഷയങ്ങളിൽ ഉപദേഷ്ടാക്കാളായി സാധാരണയായി എണ്ണപ്പെടാത്തവരും എന്നാൽ അഭിസംബോധന ചെയ്യേണ്ട വിഷയത്തിൽ സവിശേഷമായ പ്രാവീണ്യവും അനുഭവജ്ഞാനമുള്ളവരുമായവരെ ക്ഷണിക്കുകയും അവരുടെ ഉപദേശം തേടുകയും ചെയ്യാവുന്നതാണ്.

## ആർട്ടിക്കിൾ 28

§ 1. ഒന്നിലധികം മന്ത്രാലയങ്ങളുടെ അധികാരത്തെ ബാധിക്കുന്ന വിഷയങ്ങൾ ബന്ധപ്പെട്ട മന്ത്രാലയങ്ങളെല്ലാം ചേർന്ന് പരിശോധിക്കേണ്ടതാണ്.

§ 2. ഒരു വിഷയം പരിശോധിക്കപ്പെടാൻവേണ്ടി ആദ്യം ബന്ധപ്പെട്ടത് ഏത് മന്ത്രാലയത്തെയാണോ, ആ മന്ത്രാലയത്തിന്റെ തലവൻ സ്വന്തം പദവിയുടെ പിൻബലത്തിലോ (ex efficio) അല്ലെങ്കിൽ മറ്റൊരു മന്ത്രാലയത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലോ യോഗം വിളിച്ചുകൂട്ടുകയും വിവിധ കാഴ്ചപ്പാടുകൾ വിലയിരുത്തുകയും ഒരു തീരുമാനം എടുക്കുകയും ചെയ്യുന്നു.

§ 3. വിഷയത്തിന്റെ പ്രത്യേക സ്വഭാവം ആവശ്യപ്പെടുന്നപക്ഷം ആ പ്രശ്നം ബന്ധപ്പെട്ട എല്ലാ മന്ത്രാലയങ്ങളുടെ കൂട്ടായ ഒരു പ്ലീനറി യോഗത്തിന്റെ പരിഗണനയ്ക്കു വിടേണ്ടതാണ്.

§ 4. ഏതു മന്ത്രാലയമാണോ ഈ യോഗം വിളിച്ചുചേർത്തത്, ആ മന്ത്രാലയത്തിന്റെ തലവനോ അല്ലെങ്കിൽ അതിന്റെ സെക്രട്ടറിയോ (സെക്രട്ടറിമാർമാത്രം പങ്കെടുക്കുന്ന യോഗമായാൽ) ആയിരിക്കും പ്രസ്തുത യോഗത്തിൽ അധ്യക്ഷത വഹിക്കുന്നത്.

§ 5. ആവശ്യമെന്നു കണ്ടാൽ, കൂടക്കൂടെയും പരസ്പരമുള്ള കൂടിയാലോചന അനിവാര്യമാകുമ്പോൾ പ്രശ്നം കൈകാര്യം ചെയ്യാൻ തുടങ്ങിയ മന്ത്രാലയത്തിന്റെ തലവൻ അല്ലെങ്കിൽ ഈ വിഷയത്തെക്കുറിച്ച് ആദ്യം അഭിപ്രായം ഏതു മന്ത്രാലയത്തോടാണോ ആരാഞ്ഞത്, ആ വകുപ്പിന്റെ തലവന് പ്രത്യേകമായി മന്ത്രാലയങ്ങൾ ഒരുമിച്ചുള്ള ഒരു കമ്മീഷനെ (Special Interdicasterical Commission), റോമാ പാപ്പായുടെ മുൻകൂർ അനുമതിയോടെ നിയമിക്കാവുന്നതാണ്.

## ആർട്ടിക്കിൾ 29

§ 1. പൊതുവായ ഒരു പ്രമാണരേഖ തയാറാക്കുന്ന കൂരിയൽ സ്ഥാപനം, അതു റോമാ പാപ്പായ്ക്കു സമർപ്പിക്കുന്നതിനുമുൻപ് തൽസംബന്ധിയായ മറ്റു കൂരിയൽ സ്ഥാപനങ്ങൾക്ക്, അവരുടെ നിരീക്ഷണങ്ങൾ, ഭേദഗതികൾ, നിർദേശങ്ങൾ, മെച്ചപ്പെടുത്തൽ, എന്നിവ ലഭ്യമാകുന്നതിനുവേണ്ടി അയച്ചുകൊടുക്കേണ്ടതാണ്. അങ്ങനെ, വിവിധ കാഴ്ചപ്പാടുകൾ, വിലയിരുത്തലുകൾ എന്നിവവഴി പ്രസ്തുത പ്രമാണരേഖ ഏകീകൃതമായി നടപ്പിലാക്കാനാവും.

§ 2. രാജ്യാന്തര ബന്ധങ്ങൾ, അന്തരാഷ്ട്ര നിയമങ്ങൾ എന്നിവയെ സംബന്ധിച്ച പ്രമാണരേഖകളും പ്രസ്താവനകളും പ്രസിദ്ധപ്പെടുത്തുന്നതിന് സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണ്.

## ആർട്ടിക്കിൾ 30

ഒരു കൂരിയൽ സ്ഥാപനത്തിന് നിയമങ്ങളോ പൊതുവായ ഡിക്രികളോ പുറപ്പെടുവിക്കാനോ, നിലവിലിരിക്കുന്ന സാർവത്രികനിയമത്തിൽ നിന്നു ഏതെങ്കിലും വ്യവസ്ഥകളെ ന്യൂനിഭവിപ്പിക്കാനോ സാധ്യമല്ല. എന്നാൽ, ചില വ്യതിരിക്തവും പ്രത്യേകവുമായ കാര്യങ്ങളിൽ, റോമാ പാപ്പായുടെ അംഗീകാരം നിർദിഷ്ടമായ രൂപത്തിൽ *(in forma specifica)* ലഭ്യമായാൽ, അത് സാധ്യമാണ്.

## ആർട്ടിക്കിൾ 31

§ 1. റോമാ പാപ്പായെ മുൻകൂട്ടി അറിയിക്കാതെ, കൂരിയൽ സ്ഥാപനത്തിന്റെ ഒരു തലവന് അതീവ പ്രാധാന്യമുള്ളതും അസാധാരണവുമായ ഒരു ഇടപാടും നടത്താൻ സാധ്യമല്ലയെന്നത്, നിർബന്ധമായി പാലിക്കേണ്ട ഒരു ചട്ടമാണ്.

§ 2. അതീവപ്രാധാന്യമുള്ള കാര്യങ്ങളെക്കുറിച്ച് തീരുമാനങ്ങളും പ്രമേയങ്ങളും റോമാ പാപ്പായുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ഇതിന് അപവാദമായി നില്ക്കുന്നത്, കൂരിയൽ സ്ഥാപനങ്ങളുടെ പ്രത്യേകമായി നല്കിയിരിക്കുന്ന അനുവാദങ്ങളുടെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങളും, അതുപോലെ തന്നെ, റോമൻ റോത്താ ട്രിബൂണലിന്റെയും (Tribunal of the Roman Rota) പരമോന്നത ട്രിബ്യൂണലായ സിഞ്ഞാത്തൂറ അപ്പസ്തോലി

ക്കായുടെ (Supreme Tribunal of Apostolic Signatura) വിധികളുമാണ്; പ്രസ്തുത വിധികൾ ഈ കോടതികളുടെ അധികാരസീമയിൽ നിന്നുകൊണ്ടുള്ളവയായിരിക്കണം.

§ 3. ഒരു കൂരിയൽ സ്ഥാപനത്തിനു നല്കപ്പെട്ടിരിക്കുന്ന പ്രത്യേക അനുവാദങ്ങളെ (special faculties) അതിന്റെ പ്രീഫെക്ട് അല്ലെങ്കിൽ അദ്ദേഹത്തിനു തത്തുല്യനായ ഒരാൾ റോമാ പാപ്പായോടൊത്ത്, സമയ ബന്ധിതമായി പരിശോധിച്ചു വിലയിരുത്തേണ്ടതാണ്. ആ പ്രത്യേക അനുവാദങ്ങളുടെ കാര്യക്ഷമത, പ്രയോഗപരത, റോമൻ കൂരിയായിലെ അവയുടെ നടപ്പിലാക്കൽ, സാർവത്രിക സഭയിലെ അവയുടെ അനുയോജ്യാവസ്ഥ എന്നിവയാണ് വിലയിരുത്തേണ്ടത്.

## ആർട്ടിക്കിൾ 32

§ 1. ഹയരാർക്കിയുടെ പക്ഷത്തുനിന്നുള്ള അപേക്ഷകളും പരാതികളും (hierarchical recourses) ഓരോ കൂരിയൽ സ്ഥാപനവും നിയമാനുസൃതമായും അതതുവിഷയത്തിലുള്ള അധികാരം അടിസ്ഥാനമാക്കിയും സ്വീകരിക്കുകയും പരിശോധിക്കുകയും തീരുമാനമെടുക്കുകയും ചെയ്യുന്നു. ഈ അധികാരം (competence) നിർണയിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും സംശയമുണ്ടെങ്കിൽ അതു തീർപ്പാക്കുന്നത്, പരമോന്നത ട്രിബ്യൂണലായ സിഞ്ഞാത്തൂറ അപ്പസ്തോലിക്കാ ആയിരിക്കും.

§ 2. നിയമപരമായി കൈകാര്യം ചെയ്യേണ്ട കാര്യങ്ങളെല്ലാം ഉചിതമായ അധികാരസീമയുള്ള ട്രിബ്യൂണലുകൾക്ക് അയച്ചുകൊടുക്കുന്നതാണ്.

## ആർട്ടിക്കിൾ 33

സിനഡിന്റെ ജനറൽ സെക്രട്ടറിയേറ്റിന്റെ പ്രവർത്തനത്തിൽ കൂരിയൽ സ്ഥാപനങ്ങൾ സഹകരിക്കുന്നത്, യഥാക്രമം ഓരോ സ്ഥാപനത്തിന്റെയും സവിശേഷമായ നൈപുണ്യം അനുസരിച്ചാണ്. അപ്രകാരം ചെയ്യുന്നത് സിനഡ്തന്നെ നിർമിച്ച നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചുകൊണ്ടാണ്. സിനഡ്തന്നെയും റോമാ പാപ്പായുമായി സഹകരിച്ചാണ് പ്രവർത്തിക്കുന്നത്. അതും പാപ്പാതന്നെ സ്ഥാപിച്ചിട്ടുള്ളതും അല്ലെങ്കിൽ സ്ഥാപിക്കുന്നതുമായ രീതികളുടെ അടിസ്ഥാനത്തിലാണ്. അതീവ പ്രാധാന്യമാർന്ന കാര്യ

ങ്ങളിൽ പാപ്പാ സഭയുടെ മുഴുവൻ നന്മയ്ക്കുവേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്.

## കൂരിയൽ സ്ഥാപനങ്ങളുടെ തലവന്മാരുടെ യോഗം

## ആർട്ടിക്കിൾ 34

§ 1. കൂരിയായുടെ പ്രവർത്തനത്തിന് കൂടുതൽ യോജിപ്പും സുതാര്യതയും പ്രദാനം ചെയ്യുന്നതിനുവേണ്ടി റോമാ പാപ്പായുടെ കല്പന പ്രകാരംതന്നെ, കൂരിയൽ സ്ഥാപനങ്ങളുടെ തലവന്മാരുടെ യോഗം പതിവായി ചേരുന്നു. ഓരോ സ്ഥാപനത്തിന്റേയും പ്രവർത്തന പദ്ധതികളും അവയുടെ നടത്തിപ്പും ചർച്ച ചെയ്യുന്നതിനാണത്. ഒരുമിച്ചുള്ള പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും, വളരെ പ്രധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനും അവയെ പരിശോധന വിഷയമാക്കാനും, സ്വീകരിക്കാനും അഭിപ്രായങ്ങളും നിർദേശങ്ങളും നല്കാനും റോമാ പാപ്പായ്ക്കു സമർപ്പിക്കാനുള്ള തീരുമാനങ്ങൾ എടുക്കാനും വേണ്ടിയാണ് ഈ യോഗങ്ങൾ.

§ 2. റോമാ പാപ്പായുടെ സമ്മതത്തോടെ സെക്രട്ടറി ഓഫ് സ്റ്റേറ്റാണ് യോഗങ്ങൾ വിളിച്ചുകൂട്ടുന്നതും അവയെ ഏകോപിപ്പിക്കുന്നതും.

## ആർട്ടിക്കിൾ 35

റോമാ പാപ്പായ്ക്ക്, ഉചിതമെന്നു തോന്നുന്നുവെങ്കിൽ, പൊതു സ്വഭാവമുള്ള, കൂടുതൽ പ്രാധാന്യമുള്ള വിഷയങ്ങൾ, അവ കൂരിയൽ സ്ഥാപനങ്ങളുടെ തലവന്മാരുടെ യോഗത്തിന്റെ പരിഗണനയിൽ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽപ്പോലും, തനതായ നിയമമനുസരിച്ച് പാപ്പാ വിളിച്ചുകൂട്ടുന്ന കർദ്ദിനാളന്മാരുടെ യോഗത്തിലും (Consistory of Cardinals) കൈകാര്യം ചെയ്യാവുന്നതാണ്.

## റോമൻ കൂരിയാ, പ്രാദേശിക സഭകളുടെ ശുശ്രൂഷയിൽ

## ആർട്ടിക്കിൾ 36

§ 1. കൂടുതൽ പ്രാധാന്യമാർന്ന വിഷയങ്ങളിൽ കൂരിയൽ സ്ഥാപനങ്ങൾ പ്രാദേശിക സഭകൾ, മെത്രാൻസമിതികൾ, അവയുടെ പ്രാദേശികവും അന്തർദേശീയവുമായ ഗണങ്ങൾ, പൗരസ്ത്യ സഭകളുടെ

ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായും സഹകരിക്കേണ്ടതാണ്.

§ 2. വിഷയം ആവശ്യപ്പെടുന്നെങ്കിൽ, അതീവ പ്രാധാന്യമാർന്നതും പൊതുസ്വഭാവമുള്ളതുമായ പ്രമാണരേഖകൾ, അല്ലെങ്കിൽ ചില പ്രാദേശിക സഭകളെ സവിശേഷമായ രീതിയിൽ ബാധിക്കുന്ന രേഖകൾ എന്നിവ തയാറാക്കേണ്ടത് മെത്രാൻസമിതിയുടെയും അവയുടെ പ്രാദേശികമോ അന്തർദേശീയമോ ആയ ഗണങ്ങളുടെയും പൗരസ്ത്യ സഭകളെ ബാധിക്കുന്നെങ്കിൽ അവയുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളുടെയും അഭിപ്രായം കണക്കിലെടുത്തു കൊണ്ടാവണം

§ 3. പ്രാദേശിക സഭകൾ സമർപ്പിച്ചിട്ടുള്ള അഭ്യർഥനകൾക്കെല്ലാം താമസംവിനാ കൂരിയൽ സ്ഥാപനങ്ങൾ രസീത് നല്കേണ്ടതാണ്; അപേക്ഷകളെല്ലാം ശ്രദ്ധയോടെ പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽ അവയെക്കുറിച്ച് ഉചിതമായ പ്രതികരണം നല്കേണ്ടതുമാണ്.

## ആർട്ടിക്കിൾ 37

പ്രാദേശികസഭകളെ സംബന്ധിക്കുന്ന കാര്യങ്ങൾ അതതു പ്രദേശങ്ങളിൽ ചുമതല വഹിക്കുന്ന പാപ്പായുടെ പ്രതിനിധികളുമായി കൂരിയൽ സ്ഥാപനങ്ങൾ കൂടിയാലോചിക്കേണ്ടതാണ്. കൈകൊണ്ട തീരുമാനങ്ങൾ പാപ്പായുടെ പ്രതിനിധികളെയും മെത്രാൻസമിതികളെയും പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളെയും അറിയിക്കുന്നതിൽ വീഴ്ച വരുത്താൻ പാടില്ല.

## *ആദ് ലിമിന അപ്പോസ്തൊലോരും* സന്ദർശനങ്ങൾ

## (*Ad limina Apostolorum* Visits)

## ആർട്ടിക്കിൾ 38

ഓരോ പ്രാദേശികസഭയുടെയും മെത്രാന്മാർ പാരമ്പര്യമനുസരിച്ചും കാനൻ നിയമത്തിന്റെ നിർദ്ദേശങ്ങൾ കണക്കിലെടുത്തും നിർദ്ദിഷ്ട സമയങ്ങളിൽ *ആദ് ലിമിന അപ്പോസ്തൊലോരും* സന്ദർശനം നടത്തേണ്ടതാണ്.

## ആർട്ടിക്കിൾ 39

ഈ സന്ദർശനത്തിന് സവിശേഷ പ്രാധാന്യം കൈവരുന്നത്, അത് സഭാ ജീവിതത്തിന് ഐക്യവും കൂട്ടായ്മയും പ്രദാനം ചെയ്യുന്നു എന്ന

തിനാലാണ്. ഓരോ പ്രാദേശിക സഭയുടെയും അജപാലകരും ഓരോ മെത്രാൻസമിതിയുടെയും ഓരോ പൗരസ്ത്യസഭയുടെയും ഹയരാർക്കിക്കൽ സംവിധാനങ്ങളുമായുള്ള റോമാ മെത്രാന്റെ ബന്ധത്തിന്റെ ഉച്ചകോടിയാണിത്. തീർച്ചയായും, മെത്രാൻശുശ്രൂഷയിലുള്ള തന്റെ സഹോദരന്മാരെ സ്വീകരിക്കുകവഴി പാപ്പാ അവരുമായി സഭകളുടെ നന്മയ്ക്കുവേണ്ടിയുള്ള കാര്യങ്ങളും മെത്രാന്മാരുടെ അജപാലന പ്രവൃത്തിയെക്കുറിച്ചുമാണ് ചർച്ചചെയ്യുന്നത്. അദ്ദേഹം അവരെ വിശ്വാസത്തിലും ഉപവിയിലും സ്ഥിരീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം ഹയരാർക്കിക്കൽ കൂട്ടായ്മയുടെ ബന്ധം ശക്തിപ്പെടുകയും സഭയുടെ സാർവത്രികതയും മെത്രാൻസംഘത്തിന്റെ ഐക്യവും പ്രകടമാക്കപ്പെടുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 40

§ 1. ഈ സന്ദർശനത്തിനു ക്ഷണിക്കപ്പെടുന്ന ഓരോ പ്രാദേശിക സഭയുടെയും അജപാലകർ കരുതലോടും ശ്രദ്ധയോടും അതിനുവേണ്ടി ഒരുങ്ങണം. തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന രൂപതയുടെ അഥവാ എപ്പാർക്കിയുടെ സ്ഥിതിയെക്കുറിച്ച് വിശദമായ ഒരു റിപ്പോർട്ട് നിർദിഷ്ട സമയത്തിനുള്ളിൽത്തന്നെ അപ്പസ്തോലിക സിംഹാസനത്തിനു സമർപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ, രൂപതയുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും പൈതൃക സമ്പത്തിനെക്കുറിച്ചും വിവരങ്ങൾ (report on its financial and patrimonial situation) ഉൾപ്പെടുത്തണം.

§ 2. പ്രാദേശിക സഭയുടെ യഥാർത്ഥസ്ഥിതി വിവരിക്കുന്ന ഈ റിപ്പോർട്ട് സംക്ഷിപ്തവും വ്യക്തവും കൃത്യതയുള്ളതും മൂർത്തവുമായിരിക്കണം. കൂരിയൽ സ്ഥാപനങ്ങളിൽനിന്നു ലഭിച്ച പിന്തുണയെക്കുറിച്ചുള്ള വിലയിരുത്തലിനു പുറമേ, കൂരിയായുമായി സഹകരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് കൂരിയായിൽനിന്നു പ്രതീക്ഷിക്കുന്ന കാര്യങ്ങളും അതു വ്യക്തമായി ആവിഷ്ക്കരിക്കണം.

§ 3. ചർച്ചകളെ സഹായിക്കുന്നതിനായി, പ്രാദേശിക സഭകളുടെ അജപാലകർ ഈ വിശദമായ റിപ്പോർട്ടിനോടൊപ്പം, റിപ്പോർട്ടിലുള്ള മുഖ്യവിഷയങ്ങളുടെ ഒരു രത്നച്ചുരുക്കംകൂടി ചേർത്തുവയ്ക്കേണ്ടതാണ്.

## ആർട്ടിക്കിൾ 41

ഈ സന്ദർശനത്തെ മൂന്നു മുഖ്യ ഘട്ടങ്ങളായി തിരിക്കാം: അപ്പോസ്തല പ്രമുഖരുടെ കബറിടങ്ങളിലേക്കുള്ള തീർഥയാത്ര; റോമാ പാപ്പായുമായുള്ള കൂടിക്കാഴ്ച; മന്ത്രാലയങ്ങളും റോമൻ കൂരിയായുടെ നീതി സ്ഥാപനങ്ങളുമായുള്ള ചർച്ച.

## ആർട്ടിക്കിൾ 42

§ 1. പ്രീഫെക്ട്സ് അല്ലെങ്കിൽ അവർക്കു തത്തുല്യരായ ഓഫീസർമാർ, ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെയും, നീതിക്കുവേണ്ടിയുള്ള സ്ഥാപനങ്ങളുടെയും സെക്രട്ടറിമാർ എന്നിവർ പ്രാദേശിക സഭകളിലെ അജപാലകരുമായും മെത്രാൻസമിതികളുമായും പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളുമായും നടത്തുന്ന യോഗത്തിനുവേണ്ടി ശുഷ്കാന്തിയോടെ ഒരുങ്ങേണ്ടതാണ്. അതിന്റെ ഭാഗമായി അവരിൽനിന്നു ലഭിച്ച റിപ്പോർട്ടുകൾ ശ്രദ്ധാപൂർവം പരിശോധിച്ചിരിക്കണം.

§ 2. §1-ൽ സൂചിപ്പിച്ച അജപാലകരുമായുള്ള ഈ യോഗത്തിൽ പ്രീഫെക്ടുമാർ അല്ലെങ്കിൽ തത്തുല്യരായ ഓഫീസർമാർ, ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെയും, നീതിക്കുവേണ്ടിയുള്ള സ്ഥാപനങ്ങളുടെയും സെക്രട്ടറിമാർ തുറവുള്ളതും ഹൃദ്യവുമായ സംഭാഷണത്തിലൂടെ അവർക്ക് ഉപദേശവും പ്രോത്സാഹനവും നിർദേശങ്ങളും ഉചിതമായ സൂചനകളും നല്കേണ്ടതാണ്. പൊതുവായ പെരുമാറ്റ ചട്ടം ആചരിക്കുന്നതിലൂടെ സഭയുടെ മൊത്തത്തിലുള്ള നന്മയും വളർച്ചയുമാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടി അജപാലകരിൽനിന്നു അവർതന്നെയും നിർദേശങ്ങളും സൂചനകളും സ്വീകരിക്കുകയും വേണം.

## നിയന്ത്രണങ്ങൾ

## ആർട്ടിക്കിൾ 43

§ 1. നടപടിക്രമങ്ങൾ സംബന്ധിച്ച്, നിലവിലിരിക്കുന്ന കാനൻ നിയമസംഹിതകളിലെ നിർദേശങ്ങൾക്കു കോട്ടം തട്ടാത്തവിധം, പാർട്ട് II-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രമാണങ്ങളും മാനദണ്ഡങ്ങളും ഈ അപ്പസ്തോലിക ഭരണക്രമരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള

ചട്ടങ്ങളും *General Regulations of the Roman Curia -യിൽ* പാലിക്കേണ്ടതാണ്. റോമാ പാപ്പാ ഔപചാരികമായി അംഗീകരിച്ച പൊതു ചട്ടങ്ങളാണവ. കൂരിയായുടെ പ്രവർത്തനശൈലിയുടെ നടപടി ക്രമങ്ങളും രീതിയും വ്യവസ്ഥ ചെയ്യുന്നതാണീ പൊതുചട്ടങ്ങൾ. വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ, പരിശുദ്ധ സിംഹാസന വുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളിലും അവ ബാധക മായിരിക്കും.

§ 2. ഓരോ കൂരിയൽ സ്ഥാപനത്തിനും ഓഫീസിനും റോമാ പാപ്പാ അംഗീകരിച്ച അതിന്റേതായ "പ്രവർത്തന നടപടിക്രമം" (*Ordo servandus*) ഉണ്ടായിരിക്കണം. ഓരോന്നിന്റേയും പ്രവർത്തനം പ്രസ്തുത പ്രത്യേക ചട്ടങ്ങൾ അനുസരിച്ചായിരിക്കും ക്രമപ്പെടു ത്തുന്നത്.

# IV
# സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റ്

## ആർട്ടിക്കിൾ 44

റോമാ പാപ്പായുടെ പരമോന്നത ദൗത്യനിർവഹണത്തിൽ ഏറ്റവും അടുത്ത സഹായം നല്കുന്നത് പേപ്പൽ സെക്രട്ടറിയേറ്റ് എന്ന നിലയ്ക്ക് സെക്രട്ടറിയേറ്റ് ഓഫ് സേറ്റ് ആണ്.

## ആർട്ടിക്കിൾ 45

§ 1. സെക്രട്ടറി ഓഫ് സ്റ്റേറ്റാണ് അതിനെ നിയന്ത്രിക്കുന്നത്.

§ 2. ഇതിന് മൂന്ന് വിഭാഗങ്ങളുണ്ട്: പൊതുകാര്യങ്ങൾക്കായുള്ള വിഭാഗം (Section for General Affairs) - സബ്സ്റ്റിറ്റ്യൂട്ടിന്റെ (Substitute) നിയന്ത്രണത്തിൽ അസ്സസറുടെ (Assessor) സഹായത്തോടെ ഇത് പ്രവർത്തിക്കുന്നു; രാഷ്ട്രങ്ങളും അന്തർദേശീയ സംഘടനകളുമായി ബന്ധം പുലർത്തുന്ന വിഭാഗം (Section for Relations with State and International Organisation) - ഇത് ഇതിന്റെതന്നെ സെക്രട്ടറിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു, സെക്രട്ടറിയെ സഹായിക്കാൻ ഒരു അണ്ടർസെക്രട്ടറിയും വിവിധ വശങ്ങളുമായി (Sector) ബന്ധപ്പെടുന്ന കാര്യങ്ങൾക്കായി മറ്റൊരു അണ്ടർ സെക്രട്ടറിയുമുണ്ട്; പരിശുദ്ധ സിംഹാസനത്തിന്റെ വിദേശകാര്യവുമായി ബന്ധപ്പെടുന്ന നയതന്ത്ര ഉദ്യോഗസ്ഥരുടെ വിഭാഗം (Section for Diplomatic Personnel of the Holy See) - ഇത് പൊന്തിഫിക്കൽ റെപ്രസന്റേഷനുവേണ്ടിയുള്ള സെക്രട്ടറിയുടെ (Section for Pontifical Representations) നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്; ഇതിന് ഒരു അണ്ടർ സെക്രട്ടറിയുമുണ്ട്.

## പൊതുകാര്യങ്ങൾക്കായുള്ള വിഭാഗം

## ആർട്ടിക്കിൾ 46

റോമാ പാപ്പായുടെ ദൈനംദിനകാര്യങ്ങളുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ സവിശേഷമായി ത്വരിതപ്പെടുത്തുക എന്ന ചുമതലയാണ്, പൊതുകാര്യങ്ങൾക്കായുള്ള വിഭാഗത്തിനുള്ളത്. കൂരിയാസ്ഥാപനങ്ങളുടെയും അപ്പസ്തോലിക സിംഹാസനത്തിന്റെ ഇതര ഏജൻസികളുടെയും സാധാരണ അധികാരസീമയ്ക്ക് അതീതമായി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ പരിശോധിക്കുക, വിവിധ മന്ത്രാലയങ്ങൾ, ഏജൻസികൾ, ഓഫീസുകൾ എന്നിവ തമ്മിൽ, അവയുടെ സ്വയം ഭരണത്തെ ബാധിക്കാത്ത രീതിയിൽ, സഹകരണം വളർത്തുക എന്നിയാണ് ഈ വിഭാഗത്തിന്റെ ദൗത്യം. പരിശുദ്ധ സിംഹാസനത്തിലേക്കുള്ള ഇതരരാഷ്ട്രങ്ങളുടെ പ്രതിനിധികളുമായുള്ള എല്ലാ ഇടപാടുകളും കൈകാര്യം ചെയ്യുന്നത് ഈ വകുപ്പാണ്.

## ആർട്ടിക്കിൾ 47

മറ്റ് ഉത്തരവാദിത്വങ്ങൾ:

1. റോമാ പാപ്പാ ഭരമേല്പിക്കുന്നതനുസരിച്ച്, അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷനുകൾ, ഡിക്രികളായുള്ള കത്തുകൾ, അപ്പസ്തോലിക കത്തുകൾ, ലേഖനങ്ങൾ മറ്റു പ്രമാണരേഖകൾ എന്നിവ തയാറാക്കുക, അവ അയ്ച്ചു കൊടുക്കുക;
2. പരിശുദ്ധ സിംഹാസനത്തിന്റെ നടപടികൾ, പൊതുവായ പ്രമാണരേഖകൾ എന്നിവ ഔദ്യോഗിക ഗസറ്റായ *ആക്താ അപ്പസ്തോലിക്കേ സേദിസിൽ* (*Acta Apostolicae Sedis*) പ്രസിദ്ധപ്പെടുത്താനായി തയ്യാറാക്കുക;
3. റോമാ പാപ്പായുടെയും, പരിശുദ്ധ സിംഹാസനത്തിന്റെയും നടപടികളെകുറിച്ച് ഔദ്യോഗിക പ്രഖ്യാപനം സംബന്ധിച്ച് ആശയവിനിമയ മന്ത്രാലയത്തിനു (Dicastery for Communication) നിർദേശങ്ങൾ നല്കുക;
4. മുഖ്യമുദ്രയും (the lead seal) മുക്കുവന്റെ മോതിരവും (the Fisherman's ring) കാത്തുസൂക്ഷിക്കുക.

## ആർട്ടിക്കിൾ 48

ഈ വിഭാഗത്തിന്റെ ഇതര ഉത്തരവാദിത്വങ്ങൾ:

1. കൂരിയൽ സ്ഥാപനങ്ങളുടെ തലവന്മാരുടെ പതിവായിട്ടുള്ള യോഗങ്ങൾക്കുവേണ്ടിയുള്ള ഒരുക്കങ്ങൾ കൈകാര്യം ചെയ്യുക; അവിടെ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുക;

2. റോമാ പാപ്പാ നടത്തുകയോ അംഗീകരിക്കുകയോ ചെയ്യുന്ന നിയമനങ്ങളുമായി ബന്ധപ്പെട്ട ഉചിതമായ രേഖകൾ തയാറാക്കുക. അതായത്, കൂരിയൽ സ്ഥാപനങ്ങളുടെ അല്ലെങ്കിൽ ഓഫീസുകളുടെ പ്രീഫെക്ട്മാർ അല്ലെങ്കിൽ അവർക്കു തത്തുല്യരായവർ, അംഗങ്ങൾ, സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ, ഉപദേഷ്ടാക്കൾ, അല്ലെങ്കിൽ പരിശുദ്ധ സിംഹാസനത്തെ ആശ്രയിച്ചിരിക്കുന്നതോ അതിനോട് ചേർന്നിരിക്കുന്നതോ ആയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, നയതന്ത്ര ഉദ്യോഗസ്ഥർ എന്നിവരുടെ നിയമനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ തയാറാക്കുക;

3. പേപ്പൽ ബഹുമതി സമ്മാനിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കുക;

4. സാർവത്രിക സഭയുടെ ലോകമാസകലമുള്ള ജീവിതത്തെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക, അവ ഏകോപിപ്പിക്കുക, പ്രസിദ്ധപ്പെടുത്തുക എന്നിവ.

## രാഷ്ട്രങ്ങളുമായും അന്തർദേശീയ സംഘടനകളുമായി ബന്ധം പുലർത്തുന്ന വിഭാഗം.

## ആർട്ടിക്കിൾ 49

രാഷ്ട്രങ്ങളുമായും അന്തർദേശീയ സംഘടനകളുമായും ബന്ധം പുലർത്തേണ്ട ഈ വിഭാഗത്തിന്റെ പ്രത്യേക ചുമതല സിവിൽ അധികാരികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുകയെന്നതാണ്.

ഉത്തരവാദിത്വങ്ങൾ:

1. രാഷ്ട്രങ്ങളും അന്താരാഷ്ട്ര നിയമങ്ങളുമായി ബന്ധപ്പെട്ടവരുമായി പരിശുദ്ധ സിംഹാസനത്തിന്റെ നയതന്ത്രപരവും രാഷ്ട്രീയപരവുമായ ബന്ധം വളർത്തുക; സഭയുടെയും സിവിൽ സമൂഹത്തിന്റെയും

നന്മയെ ലക്ഷ്യംവയ്ക്കുന്ന പൊതുതാൽപര്യ വിഷയങ്ങൾ കൈകാര്യം ചെയ്യുക; അന്തർദേശീയ ഉടമ്പടികൾ (Concordats), കരാറുകൾ എന്നിവ അവ നേരിട്ട് ബാധിക്കാവുന്ന മെത്രാൻസംഘങ്ങളുടെയും മറ്റും വിദഗ്ധ അഭിപ്രായം കണക്കിലെടുത്തുകൊണ്ട് കൈകാര്യം ചെയ്യുക;

2. വിവിധ രാഷ്ട്രങ്ങളിലെ ഗവൺമെന്റുകളുമായി ബന്ധപ്പെടുന്ന അന്തർദേശീയ സംഘടനകളിലും വേദികളിലും കോൺഫറൻസുകളിലും പരിശുദ്ധ സിംഹാസനത്തെ പ്രതിനിധീകരിക്കുന്നതിന്, ഉചിതമെന്നു കണ്ടാൽ, പ്രസക്ത മന്ത്രാലയങ്ങളുടെയും റോമൻ കൂരിയായുടെ സ്ഥാപനങ്ങളുടെയും സഹകരണം സംലഭ്യമാക്കുക;

3. അന്തർദേശീയ വിഷയങ്ങൾ, സിവിൽ അധികാരികളുമായുള്ള ബന്ധങ്ങൾ എന്നിവയെ സംബന്ധിച്ച് റോമൻ കൂരിയായിലെ ഏതെങ്കിലും ഒരു മന്ത്രാലയമോ ഒരു സ്ഥാപനമോ എന്തെങ്കിലും പ്രസ്താവനയോ പ്രമാണരേഖയോ പ്രസിദ്ധപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ അതിന് അംഗീകാരം നല്കുക.

## ആർട്ടിക്കിൾ 50

§ 1. പ്രത്യേക സഹാചര്യങ്ങളിൽ റോമാ പാപ്പായുടെ കല്പനപ്രകാരവും റോമൻ കൂരിയായിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങളുമായുള്ള കൂടിയാലോചനകൾക്കുശേഷവും, പ്രാദേശിക സഭകളെകുറിച്ചുള്ള എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നു - പ്രത്യേകിച്ച് അവയുടെ സ്ഥാപനം, അവയിൽ വരുത്തുന്ന മാറ്റങ്ങൾ, അവയുടെ ഗണം ചേർക്കൽ എന്നീ കാര്യങ്ങൾ.

§ 2. മറ്റു കാര്യങ്ങളിൽ, പ്രത്യേകിച്ച് ഒരു ഉടമ്പടി നിലനില്ക്കുന്നുണ്ടെങ്കിൽ, സിവിൽ ഗവൺമെന്റുകളുമായി ഇടപെട്ട് തീരുമാനിക്കേണ്ട വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്വം ഈ വിഭാഗത്തിനായിരിക്കും.

## ആർട്ടിക്കിൾ 51

§ 1. പ്രത്യേക ചോദ്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ ഈ ഭരണവകുപ്പിനെ സഹായിക്കുന്നത് അതിന്റേതന്നെ ഒരു കൗൺസിൽ ആയിരിക്കും.

§ 2. വിവിധ ഭൂഖണ്ഡങ്ങളിലെ അതുപോലെ പ്രത്യേക ഭൂവിഭാഗങ്ങളിലെ സവിശേഷ പ്രശ്നങ്ങൾ അല്ലെങ്കിൽ പൊതുവായ സമസ്യകൾ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ, ആവശ്യമാണെന്നു കണ്ടാൽ, ഈ വകുപ്പിൽ അതിനായി സ്ഥിരമായ കമ്മീഷനുകളെ നിയമിക്കാവുന്നതാണ്.

## പരിശുദ്ധ സിംഹാസനത്തിലെ നയതന്ത്ര ഉദ്യോഗസ്ഥർക്കു വേണ്ടിയുള്ള ഭരണവകുപ്പ്

### ആർട്ടിക്കിൾ 52

§ 1. നയതന്ത്ര ഉദ്യോഗസ്ഥർക്കുവേണ്ടിയുള്ള പരിശുദ്ധ സിംഹാസനത്തിന്റെ ഈ ഭരണവകുപ്പ് പരിശുദ്ധ സിംഹാസനത്തിന്റെ നയതന്ത്ര കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തികളെ സംബന്ധിച്ച പ്രശ്നങ്ങൾ പരിഗണിക്കുന്നു, പ്രത്യേകിച്ച് അവരുടെ ജീവിതവും സേവന വ്യവസ്ഥകളും തുടർരൂപവൽകരണവും. തന്റെ ദൗത്യ നിർവഹണത്തിന്റെ ഭാഗമായി സെക്രട്ടറി പാപ്പായുടെ പ്രതിനിധി സംഘങ്ങളെ സന്ദർശിക്കുകയും ഈ ലക്ഷ്യങ്ങളോടെ അവരുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും ആധ്യക്ഷത വഹിക്കുകയും ചെയ്യുന്നു.

§ 2. പൊന്തിഫിക്കൽ എക്ലേസിയാസ്റ്റിക്കൽ അക്കാദമിയുടെ പ്രസിഡന്റുമായി ഈ വിഭാഗം സഹകരിക്കുന്നു; അത് പരിശുദ്ധ സിംഹാസനത്തിന്റെ നയതന്ത്ര സർവീസിലേക്കുവേണ്ട ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതിനും അവരെ പരിശീലിപ്പിക്കുന്നതിനുംവേണ്ടിയാണ്. വിരമിച്ച നയതന്ത്ര ഉദ്യോഗസ്ഥരുമായി ബന്ധം നിലനിറുത്തുന്നതും ഈ വിഭാഗംതന്നെ.

§ 3. പൊതുകാര്യഭരണവിഭാഗവും രാഷ്ട്രങ്ങളുമായും അന്തർദേശീയ സംഘടനകളുമായുള്ള ബന്ധത്തിനായുള്ള വിഭാഗവുമായി ഉറ്റ സഹകരണത്തിലാണ് ഈ ഭരണവിഭാഗം ചുമതലകൾ നിർവഹിക്കുക. അവ ഓരോന്നും അവരവരുടെ അധികാരതലത്തിൽ നിന്നായിരിക്കും പ്രവർത്തിക്കുന്നത്; അവരും പാപ്പായുടെ പ്രതിനിധികളെ സംബന്ധിച്ച കാര്യങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുന്നു.

# V
# മന്ത്രാലയങ്ങൾ
# (Dicasteries)

## സുവിശേഷവൽകരണത്തിനുള്ള മന്ത്രാലയം

### ആർട്ടിക്കിൾ 53

§ 1. സുവിശേഷവൽകരണത്തിന്റെ ശുശ്രൂഷയാണ് ഈ മന്ത്രാലയം ചെയ്യുന്നത്. അങ്ങനെ ജനതകളുടെ പ്രകാശമായ ക്രിസ്തു അറിയിക്കപ്പെടുകയും വാക്കാലും പ്രവൃത്തിയാലും സാക്ഷ്യപ്പെടുത്തപ്പെടുകയും അവിടത്തെ മൗതിക ശരീരമായ സഭ പടുത്തുയർത്തപ്പെടുകയും ചെയ്യണം. ആഗോള സുവിശേഷവൽകരണത്തെ സംബന്ധിച്ച അടിസ്ഥാനപരമായ ചോദ്യങ്ങൾ കൈകാര്യം ചെയ്യാൻ അധികാരപ്പെടുത്തപ്പെട്ട ഈ മന്ത്രാലയം പുതിയ പ്രാദേശിക സഭകളുടെ സംസ്ഥാപനത്തിനും അവയ്ക്കുവേണ്ട സഹായവും പിന്തുണയുമായി നില്ക്കുന്നു. ഇക്കാര്യത്തിൽ പൗരസ്ത്യ സഭകൾക്കുള്ള മന്ത്രാലയത്തിന്റെ അധികാരസീമയെ ബാധിക്കാത്ത രീതിയിലാണ് ഈ മന്ത്രാലയം പ്രവർത്തിക്കുക.

§ 2. ഈ മന്ത്രാലയത്തിനു രണ്ടു വിഭാഗങ്ങളുണ്ട്: ലോകത്തിലെ സുവിശേഷവൽകരണത്തെ സംബന്ധിച്ച അടിസ്ഥാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന വിഭാഗം; പ്രഥമ സുവിശേഷവൽകരണത്തിനും അതിന്റെ അധികാരസീമയിൽപ്പെട്ട ഭൂപ്രദേശങ്ങളിലെ പുതിയ പ്രാദേശിക സഭകൾക്കും വേണ്ടിയുള്ള വിഭാഗം.

### ആർട്ടിക്കിൾ 54

സുവിശേഷവൽകരണത്തിനുള്ള ഈ മന്ത്രാലയം റോമാ പാപ്പായുടെ

നേരിട്ടുള്ള അധ്യക്ഷതയിലാണ് പ്രവർത്തിക്കുന്നത്. അതിന്റെ ഇരു വിഭാഗങ്ങളും, പാപ്പായുടെ പേരിലും അധികാരത്തിലുമാണ്, ഒരു പ്രോ-പ്രീഫെക്ടിനാൽ നിയന്ത്രിക്കപ്പെടുന്നത്. പ്രോ-പ്രീഫെക്ട് ആർട്ടിക്കിൾ 14 § 2 ലെ ചട്ടങ്ങൾ അനുസരിച്ച് സഹായിക്കപ്പെടും.

## ലോകത്തിലെ സുവിശേഷവൽകരണം സംബന്ധിച്ച അടിസ്ഥാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടിയുള്ള വിഭാഗം

### ആർട്ടിക്കിൾ 55

§ 1. പ്രാദേശിക സഭകൾ, മെത്രാൻസമിതികൾ, പൗരസ്ത്യ സഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ എന്നിവയുമായി സഹകരിച്ച് സുവിശേഷവൽകരണത്തെ സംബന്ധിച്ചു അടിസ്ഥാന പ്രശ്നങ്ങൾ പഠിക്കുക, കാര്യക്ഷമമായ സുവിശേഷ പ്രഘോഷണം വികസിപ്പിച്ചെടുക്കുന്നതിനായി ഉചിതമായ മാർഗങ്ങൾ വിവേചിച്ചറിയുക, അതു നിർവഹിക്കാനുള്ള മാധ്യമങ്ങളും ഭാഷയും കണ്ടെത്തുക എന്നത് ഈ വിഭാഗത്തിന്റെ ധർമമാണ്. സുവിശേഷവൽകരണ മേഖലയിലെ നിർണായക പ്രാധാന്യമുള്ള അനുഭവപാഠങ്ങൾ ഈ വിഭാഗം ശേഖരിച്ച് സഭ മുഴുവനുംവേണ്ടി അവ സംലഭ്യമാക്കുകയും ചെയ്യുന്നു.

§ 2. സുവിശേഷവൽകരണത്തിന്റെയും പ്രേഷിത പ്രവർത്തനത്തിന്റെയും ചരിത്രസംബന്ധമായ വിചിന്തനം ഈ വിഭാഗം പ്രോത്സാഹിപ്പിക്കുന്നു. പ്രത്യേകിച്ച്, സുവിശേഷ പ്രഘോഷണത്തെ അടയാളപ്പെടുത്തുകയും സ്വാധീനിക്കുകയും ചെയ്ത രാഷ്ട്രീയവും സാമൂഹികവും സാംസ്കാരിക പശ്ചാത്തലവും വിചിന്തനത്തിനു വിധേയമാക്കാൻ ഈ വിഭാഗം താത്പര്യപ്പെടുന്നു.

### ആർട്ടിക്കിൾ 56

§ 1. പഠനവും അനുഭവങ്ങളുടെ കൈമാറ്റവുംവഴി സാംസ്കാരിക അനുരൂപണ പ്രക്രിയയിലൂടെ പ്രാദേശിക സഭകളിലും വിവിധ ജന വിഭാഗങ്ങളിലും യേശുക്രിസ്തുവിന്റെ സദ്വാർത്ത പ്രഘോഷിക്കപ്പെടുന്നതിന് ഈ വിഭാഗം പിന്തുണ നല്കുന്നു. അവയുടെ സുവിശേഷവൽകരണത്തിൽ ജനകീയ ഭക്താഭ്യാസകൾക്ക് സവിശേഷ ശ്രദ്ധ നല്കുന്നതാണ്.

§ 3. ജനകീയ ഭക്ത്യാഭ്യാസങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും പിന്തുണയ്ക്കുന്നതിന്റെയും ഭാഗമായി അന്തർദേശീയ ദൈവാലയങ്ങളെക്കുറിച്ച് സവിശേഷശ്രദ്ധയാണ് ഈ വിഭാഗത്തിനുള്ളത്. കാനൻ നിയമാനുസൃതമായും രൂപതകളുടെ / എപ്പാർക്കികളുടെ മെത്രാന്മാർ, മെത്രാൻസമിതികൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുടെ സഹകരണത്തിലും അന്തർദേശീയ ദേവാലയങ്ങൾ സ്ഥാപിക്കുക, അവയുടെ ചട്ടങ്ങളും നിയമാവലിയും അംഗീകരിക്കുക എന്നിവ ഈ വിഭാഗത്തിന്റെ അധികാരസീമയിൽപെടുന്ന കാര്യങ്ങളാണ്. സുവിശേഷവൽകരണം നിരന്തരമായി നടത്താനുള്ള ചലനാത്മകമായ കേന്ദ്രങ്ങളെന്ന നിലയിൽ ഈ ദേവാലയങ്ങളിൽ അജപാലനപരമായ കരുതലിനെ പ്രോത്സാഹിപ്പിക്കുകയെന്നതാണതിന്റെ ലക്ഷ്യം.

## ആർട്ടിക്കിൾ 57

രാഷ്ട്രീയ സാമൂഹിക സാംസ്കാരിക വെല്ലുവിളികളുടെ വെളിച്ചത്തിൽ ഈ വിഭാഗം:

1. കാലത്തിന്റെ അടയാളങ്ങളെ വിവേചിച്ചറിയുകയും സുവിശേഷപ്രഘോഷണം സ്വീകരിക്കുന്നവരുടെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക സാഹചര്യങ്ങൾ പഠനവിധേയമാക്കുകയും ചെയ്തുകൊണ്ട് സുവിശേഷവൽകരണത്തെ പ്രോത്സാഹിപ്പിക്കുന്നു;

2. വിവിധ സംസ്കാരങ്ങൾ, അതുപോലെതന്നെ മനുഷ്യമഹത്വവും മതപരമായ സ്വാതന്ത്ര്യവും സംബന്ധിച്ച കാര്യങ്ങൾ എന്നിവയുമായി ഇടപഴകുമ്പോൾ സുവിശേഷം കൊണ്ടുവരുന്ന നവീകരണത്തെ പഠിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പ്രാദേശിക സഭകൾ, മെത്രാൻസമിതികൾ, പൗരസ്ത്യ സഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായി അടുത്ത സഹകരണം പുലർത്തിക്കൊണ്ട് സുവിശേഷവും വിവിധ സാംസ്കാരണങ്ങളും തമ്മിലുള്ള സമാഗമത്തെ സംബന്ധിച്ച സഭയുടെ പ്രബോധനവും പ്രചാരണവും അവയുടെ ഉപയോഗപ്പെടുത്തലും പ്രോത്സാഹിപ്പിക്കുകയും അതിനെ സഹായിക്കുകയും ചെയ്യുന്നു. സുവിശേഷവൽകരണം എന്നാൽ, അടിസ്ഥാനപരമായി പാവപ്പെട്ടവരോട് പക്ഷം ചേരുകയെന്നതായതിനാൽ ഈ വിഭാഗം "പാവപ്പെട്ടവരുടെ ലോകദിനം" (World Day of the Poor) സംഘടിപ്പിക്കുന്നു;

3. രൂപതാ / എപ്പാർക്കി മെത്രാന്മാർ, മെത്രാൻസമിതികൾ പൗരസ്ത്യ സഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുടെ സുവിശേഷപ്രഘോഷണത്തിലെ നവസംരംഭങ്ങളിൽ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 58

§ 1. ഈ വിഭാഗത്തിന്റെ അധികാരസീമയിൽ വരുന്ന കാര്യമാണ് മതബോധനം (Catechesis). ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരോടും യേശുക്രിസ്തുവിന്റെ സുവിശേഷം തങ്ങളുടെ ദൈനംദിന ക്രിസ്തീയ ജീവിതത്തിൽ പ്രഘോഷിക്കുകയെന്ന ദൗത്യം നിർവഹിക്കുന്ന ഓരോ പ്രാദേശിക സഭയുടെയും ശുശ്രൂഷയ്ക്കായി ഈ വിഭാഗം നിലകൊള്ളുന്നു. വിശ്വാസം സാമാന്യമായുണ്ടെങ്കിലും അതിന്റെ അടിസ്ഥാനത്തെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തവർക്കും, തങ്ങൾക്കു ലഭിച്ച പ്രബോധനങ്ങളെക്കുറിച്ച് കൂടുതൽ അറിയേണ്ടതുണ്ടെന്നു കരുതുന്നവർക്കും, വിശ്വാസം ഉപേക്ഷിച്ചവർക്കും അല്ലെങ്കിൽ വിശ്വാസജീവിതം തുടർന്നുകൊണ്ടുപോകാത്തവർക്കും ഈ വിഭാഗത്തിന്റെ ശുശ്രൂഷ ആവശ്യമാണ്.

§ 2. സഭയുടെ പ്രബോധന പ്രക്രിയയുടെ (Magisterium) മാനദണ്ഡങ്ങൾക്കനുസൃതമായി മതബോധനവും വിശ്വാസരൂപവൽകരണവും ഉചിതമായി നിർവഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ഈ വിഭാഗം അതീവ ജാഗ്രത പുലർത്തുന്നു. വിശ്വാസപ്രബോധനസബന്ധമായ മന്ത്രാലയത്തിന്റെ സമ്മതത്തോടെ മതബോധനത്തിനും മതബോധനത്തോടു ചേർന്നുവരുന്ന ഗ്രന്ഥങ്ങൾക്കുംവേണ്ട അപ്പസ്തോലിക സിംഹാസനത്തിന്റെ ഉറപ്പ് പ്രദാനം ചെയ്യാനുള്ള അധികാരവും ഈ വിഭാഗത്തിനുണ്ട്.

## ആർട്ടിക്കിൾ 59

§ 1. ദൈവജനത്തിലെ ഓരോ അംഗവും ജ്ഞാനസ്നാനംവഴി സുവിശേഷത്തിന്റെ പ്രേഷിത ശിഷ്യൻ/ശിഷ്യയായതിനാൽ, ഈ അവബോധവും ഉത്തരവാദിത്വബോധവും ഓരോ വ്യക്തിയിലും വളർത്താൻ ഈ വിഭാഗം പിന്തുണ നല്കുന്നു. അവർ പ്രാർഥനയും സാക്ഷ്യവും പ്രവർത്തനങ്ങളുംവഴി മിഷൻ പ്രവർത്തനങ്ങളിൽ നിത്യേന കാര്യക്ഷമമായി സഹകരിക്കാൻ വേണ്ടിയാണിത്.

§ 2. ദൈവകാരുണ്യത്തെക്കുറിച്ചുള്ള പ്രഘോഷണം വിവിധ രൂപത്തിലും പ്രകാശനരീതിയിലും, അവതരിക്കുമ്പോഴാണ് സുവിശേഷവൽകരണം നടക്കുന്നത്. കരുണയുടെ മിഷണറിമാരുടെ (Missionaries of Mercy) പ്രവർത്തനം പ്രത്യേകമായ രീതിയിൽ ഈ ലക്ഷ്യത്തിലേക്ക് സംഭാവന നല്കുന്നതാണ്. അവരുടെ പരിശീലനത്തെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും അവരുടെ അജപാലന പ്രവർത്തനങ്ങൾക്കുവേണ്ട മാനദണ്ഡം പ്രദാനം ചെയ്യുകയും ചെയ്യുന്നതും ഈ വിഭാഗമാണ്.

## ആർട്ടിക്കിൾ 60

§ 1. സുവിശേഷവൽകരണത്തിന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെ യഥാർഥ സാഹചര്യങ്ങളിൽ, എല്ലാ സാമൂഹികവും രാഷ്ട്രീയവുമായ സംവിധാനങ്ങളിലും മതസ്വാതന്ത്ര്യത്തെ ഈ വിഭാഗം പ്രോത്സാഹിപ്പിക്കുന്നു. ഇക്കാര്യത്തിൽ ഈ വിഭാഗം, സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിന്റെ സഹകരണം ഉപയുക്തമാക്കുന്നു.

§ 2. സുവിശേഷവൽകരണത്തിനുള്ള സമീപനമെന്നനിലയിൽ, ഈ വിഭാഗം മതാന്തര സംവാദത്തിനുള്ള മന്ത്രാലയവും സംസ്ക്കാരത്തിനും വിദ്യാഭ്യസത്തിനുമുള്ള മന്ത്രാലയവുമായി സഹകരിച്ചുകൊണ്ട്, അവരവരുടെ മേഖലകളിലെ നൈപുണ്യങ്ങളും അവസരങ്ങളും കണക്കിലെടുത്തുകൊണ്ടുതന്നെ, മറ്റു മതാനുയായികളും മതമില്ലാത്തവരുമായും അഭിമുഖങ്ങൾക്കും സംവാദത്തിനുമുള്ള അവസരങ്ങളെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

## പ്രഥമ സുവിശേഷവൽകരണത്തിനും പുതിയ പ്രാദേശിക സഭകൾക്കും വേണ്ടിയുള്ള വിഭാഗം

## ആർട്ടിക്കിൾ 61

ആദ്യമായി സുവിശേഷവൽകരണം നടക്കുന്ന ഇടങ്ങളിൽ സുവിശേഷ പ്രഘോഷണത്തെയും വിശ്വാസജീവിതത്തിലെ ആഴപ്പെടുത്തലിനെയും പിന്തുണയ്ക്കുന്നത് ഈ വിഭാഗമാണ്. സഭാപരിധികൾ (രൂപതകൾ) സ്ഥാപിക്കലും അല്ലെങ്കിൽ അവയുടെ പുനർനിർണയവും അവയുടെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവഹിക്കാനുള്ള ഉത്തരവാദിത്വവും ഈ വിഭാഗത്തിനാണ്. മെത്രാന്മാർക്കുള്ള മന്ത്രാ

ലയം അതിന്റെ അധികാരം അനുസരിച്ച് നിർവഹിക്കുന്നതുപോലെയുള്ള പ്രവൃത്തികൾക്ക് സദൃശമായ മറ്റു കാര്യങ്ങളും ചെയ്യാനുള്ള ഉത്തരവാദിത്വവും ഈ വിഭാഗത്തിനുണ്ട്.

## ആർട്ടിക്കിൾ 62

പ്രാദേശിക സഭകൾ, മെത്രാൻസമിതികൾ, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ, അസ്സോസിയേഷനുകൾ, സഭാപ്രസ്ഥാനങ്ങൾ, നവസമൂഹങ്ങൾ, സഭയുടെ ക്ഷേമപ്രവർത്തനത്തിനായുള്ള ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പുതിയ പ്രാദേശിക സഭകളുടെ പ്രഥമ സുവിശേഷവൽകരണ പ്രവർത്തനത്തെയും അവയുടെ വളർച്ചയെയും നീതിപൂർവകമായ സ്വയം ഭരണമെന്ന തത്വം അനുസരിച്ചുകൊണ്ടുതന്നെ ഈ വകുപ്പ് പിന്താങ്ങുന്നു.

## ആർട്ടിക്കിൾ 63

മെത്രാന്മാർ, മെത്രാൻസമിതികൾ, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ, എന്നിവയുമായി സഹകരിച്ചുകൊണ്ട് വൈദികർ, സമർപ്പിത ജിവിത ഇൻസ്റ്റിറ്റ്യൂട്ടുകൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ, അല്മായർ എന്നിവരുടെ ഇടയിൽനിന്ന് പ്രേഷിത പ്രവർത്തിനായുള്ള ദൈവവിളികൾ ഈ വിഭാഗം പ്രോത്സാഹിപ്പിക്കുന്നു. അതുപോലെതന്നെ, ഈ മന്ത്രാലയത്തിന്റെ കീഴിലുള്ള രൂപതാ വൈദികർ, മതബോധന അധ്യാപകർ എന്നിവർക്ക് പരിശീലനം നല്കുന്നതിലും ഇത് സഹകരിക്കുന്നു. അപ്രകാരം ചെയ്യുന്നത് വൈദികരുടെ അക്കാദമിക പരിശീലനം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിശ്വാസ പരിശീലനം, സംസ്കാരം എന്നീ നിർദിഷ്ട മേഖലകൾ നേരിട്ട് കൈകാര്യം ചെയ്യുന്ന മന്ത്രാലയങ്ങളുടെ അധികാരസീമകളെ ബാധിക്കാത്ത വിധത്തിലായിരിക്കും.

## ആർട്ടിക്കിൾ 64

§ 1. പുതിയ പ്രാദേശിക സഭകൾ തമ്മിലും പുതിയ പ്രാദേശിക സഭകളും പുരാതനമായുള്ള പ്രാദേശിക സഭകളും തമ്മിലും അനുഭവജ്ഞാനം കൈമാറുന്നതിനെ ഈ വിഭാഗം പ്രോത്സാഹിപ്പിക്കുന്നു.

§ 2. പുതിയ പ്രാദേശിക സഭകളെ ഉൾകൊള്ളുന്നതിൽ സഹായിക്കുകയും മറ്റ് സഭകൾ അവയ്ക്ക് സുദൃഢവും സഹോദര നിർവിശേഷവുമായ പിന്തുണ നല്കുന്നതിനെ ഈ വിഭാഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

§ 3. ഈ വിഭാഗത്തിന്റെ അധികാരസീമയിൽപ്പെടുന്ന പ്രദേശങ്ങളിലെ മെത്രാന്മാർക്കും, അവരോട് തുല്യതയുള്ളവർക്കുംവേണ്ടി പ്രാഥമികവും തുടർന്നുള്ളതുമായ പരിശീലന പരിപാടികൾ നടത്തുകയും അവ സംഘടിപ്പിക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 65

പ്രേഷിതസഹകരണം വർധിപ്പിക്കുന്നതിനായി ഈ വിഭാഗം:

1. പുതിയ പ്രാദേശികസഭകളെ സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ സഹായിക്കാനും അതിനുവേണ്ട സാഹചര്യം ഒരുക്കാനുംവേണ്ടി അവയുമായി സഹകരിച്ചു പ്രവർത്തിക്കുന്നു;
2. പുതിയ പ്രാദേശിക സഭകളെ പിന്തുണയ്ക്കുന്നതിനുവേണ്ടിയുള്ള ഫണ്ട് സ്ഥാപിക്കാൻ സഹായിക്കുകയും പ്രസ്തുത ധനശേഖരണത്തിനായി അനുയോജ്യരായ ഉദ്യോഗസ്ഥരെ തയ്യാറാക്കുകയും മറ്റു പ്രാദേശിക സഭകളുമായി സഹകരിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു;
3. പുതിയ പ്രാദേശിക സഭകളുടെ ഇടയിലും അവയുടെ സമൂഹങ്ങളിലും ഭരണനിർവഹണത്തിനും മേൽനോട്ടത്തിനുംവേണ്ട ഏജൻസികളെ സൃഷ്ടിക്കുന്നതിനും അങ്ങനെ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗവും സമ്പത്തിന്റെ ശരിയായ വിനിയോഗവും ഉറപ്പാക്കുന്നതിനും സഹായിക്കുന്നു;
4. പുതിയ പ്രാദേശിക സഭകളിലെ ഉദ്യോഗസ്ഥരുടെ മാനേജ്മെന്റിൽ അവയെ പിന്തുണയ്ക്കുന്നു.

## ആർട്ടിക്കിൾ 66

ഈ വിഭാഗത്തിന്റെ ശുശ്രൂഷയ്ക്കായി ഭരമേല്പിക്കപ്പെട്ട പ്രാദേശിക സഭകളുടെ മെത്രാന്മാരുടെ അഞ്ചുവർഷം കൂടുമ്പോഴുള്ള റിപ്പോർട്ടു

കൾ സംബന്ധിച്ചും *ആദ് ലിമിനാ അപ്പോസ്തൊലോരും* സന്ദർശനത്തെയും കുറിച്ചുമുള്ള എല്ലാ കാര്യങ്ങളെയും കൈകാര്യം ചെയ്യുന്നത് ഈ വിഭാഗമാണ്.

## ആർട്ടിക്കിൾ 67

§ 1. പ്രഥമമായ സുവിശേഷവൽകരണത്തിനും പുതിയ പ്രാദേശിക സഭകൾക്കും വേണ്ടിയുമുള്ള ഈ വിഭാഗം പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ ഭരണചുമതലയും നിർവഹിക്കുന്നു: വിശ്വാസ പ്രചാരണത്തിനായുള്ള സൊസൈറ്റി (Society for the Propagation of the Faith), അപ്പോസ്തലനായ വി. പത്രോസിന്റെ സൊസൈറ്റി, (Society of Saint Peter the Apostle), തിരുബാലസഖ്യം (Holy Childhood Association), വൈദികരുടെയും സന്ന്യസ്തരുടെയും പൊന്തിഫിക്കൽ മിഷൻ യൂണിയൻ (Pontifical Mission Union for Priests and Religious). ഇവയെല്ലാം ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുടെയും പ്രേഷിത പ്രവർത്തനങ്ങൾക്കുള്ള ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്ന ഉപകരണങ്ങൾ എന്ന നിലയിലും പുതിയ പ്രാദേശിക സഭകൾക്ക് പിന്തുണ നല്കുന്ന കേന്ദ്രങ്ങളെന്ന നിലയിലും പ്രവർത്തിക്കുന്നു.

§ 2. മിഷനറി പ്രവർത്തനങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്ന സാമ്പത്തിക സഹായങ്ങളുടെ കൈകാര്യം ചെയ്യലും അവയുടെ നീതിയുക്തമായ വിതരണവും ഭരമേല്പിച്ചിരിക്കുന്നത് ഈ വിഭാഗത്തിന്റെ അനുബന്ധ സെക്രട്ടറി (Adjunct Secretary) യെയാണ്. അദ്ദേഹം തന്നെയാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ പ്രസിഡന്റ് എന്ന പദവി കൂടി വഹിക്കുന്നത്.

## ആർട്ടിക്കിൾ 68

പ്രേഷിത പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള പൈതൃക സമ്പത്ത് (Patrimony) കൈകാര്യം ചെയ്യുന്നത് അതിന്റെതന്നെ പ്രത്യേക ഓഫീസാണ്. അതിന്റെ തലവൻ ഈ വിഭാഗത്തിന്റെ അനുബന്ധ സെക്രട്ടറിയാണ് (Adjunct Secretary). സാമ്പത്തിക കാര്യങ്ങൾക്കായുള്ള സെക്രട്ടറിയേറ്റിന് കണക്കു (Secretariat for the Economy) നല്കാനുള്ള ഉത്തരവാദിത്വത്തിന് ഭംഗംവരാത്ത രീതിയിലാണ് അദ്ദേഹം ഈ ചുമതല നിർവഹിക്കുന്നത്.

## വിശ്വാസപ്രബോധനസംബന്ധ മന്ത്രാലയം (Dicastery for the Doctrine of the Faith)

### ആർട്ടിക്കിൾ 69

വിശ്വാസം സംബന്ധിച്ച പ്രബോധനത്തിന്റെ കാര്യങ്ങൾക്കുള്ള മന്ത്രാലയത്തിന്റെ ധർമം റോമാ പാപ്പായെയും മെത്രാന്മാരെയും ലോകമാസകലം സുവിശേഷം പ്രഘോഷിക്കുന്നതിന് ഉതകുന്ന രീതിയിൽ കത്തോലിക്കാ വിശ്വാസത്തെയും ധാർമികതയെയും സംബന്ധിച്ച പ്രബോധനങ്ങളുടെ സമഗ്രത നിലനിർത്തി അതിനെ പ്രോത്സാഹിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നതിൽ സഹായിക്കുകയെന്നതാണ്. വിശ്വാസത്തിന്റെ നിക്ഷേപത്തിൽനിന്ന് ആർജ്ജിച്ചെടുത്തുകൊണ്ടും പുതിയ ചോദ്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ അതിനെ ഇതുവരെ സാധിച്ചിട്ടില്ലാത്തവിധത്തിൽ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ടുമാണ് ഈ മന്ത്രാലയം ഇതു നിർവഹിക്കുന്നത്.

### ആർട്ടിക്കിൾ 70

ഈ മന്ത്രാലയത്തിന് രണ്ടു വിഭാഗങ്ങളുണ്ട്: വിശ്വാസ പ്രബോധനത്തെ (Doctrinal) സംബന്ധിച്ചും ശിക്ഷണനടപടികളെ (Disciplinary) സംബന്ധിച്ചുമുള്ളതാണവ. ഓരോ വിഭാഗത്തെയും ഏകോപിപ്പിക്കുന്നത് അതതിന്റെ സെക്രട്ടറിയാണ്; സെക്രട്ടറിയാണ് പ്രീഫെക്ടിനെ സഹായിക്കുന്നത്. അതത് വിഭാഗത്തിന്റെ സവിശേഷമായ നൈപുണ്യതലത്തെ അനുസരിച്ചാണ് ഈ സഹായം പ്രദാനം ചെയ്യുക.

### ആർട്ടിക്കിൾ 71

വിശ്വാസ പ്രബോധനത്തെ സംബന്ധിച്ച വിഭാഗം വിശ്വാസത്തെയും ധാർമികതയെയും മനസ്സിലാക്കുന്നതിനായി അവയുടെ പഠനത്തെയും വിചിന്തനത്തെയും പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. മാത്രമല്ല, ശരിയായ സിദ്ധാന്തത്തിന്റെയും സമകാലിക വെല്ലുവിളികളുടെയും പശ്ചാത്തലത്തിൽ വിവിധ സംസ്ക്കാരങ്ങളിൽ ഉള്ള ദൈവശാസ്ത്രത്തിന്റെ പുരോഗതിയെ പഠിക്കുവാൻ അതു പ്രോത്സാഹിപ്പിക്കുന്നു. ശാസ്ത്രപുരോഗതിയിൽനിന്നും സാംസ്കാരിക വളർച്ചയിൽനിന്നും ഉരുത്തിരിഞ്ഞുവരുന്ന ചോദ്യങ്ങളോടും

വാദമുഖങ്ങളോടും വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രതികരിക്കാൻ വേണ്ടിയാണിത്.

## ആർട്ടിക്കിൾ 72

§ 1. വിശ്വാസവും ധാർമികതയും കാത്തുസൂക്ഷിക്കുന്നതിനും, ഒരു മാധ്യമവുംവഴി തെറ്റായവ പ്രചരിക്കപ്പെടാതെ, അവയുടെ സമഗ്രത പരിരക്ഷിക്കേണ്ട മാർഗങ്ങൾ സ്വീകരിക്കുന്നതിനും, വിശ്വാസ പ്രബോധനത്തിനായുള്ള ഈ വിഭാഗം രൂപതാ /എപ്പാർക്കി മെത്രാന്മാരുമായി അടുത്ത സഹകരണത്തിലാണ് പ്രവർത്തിക്കുക. അത് മെത്രാന്മാർ ഒറ്റയ്ക്കും മെത്രാൻസമിതികളിൽ സമൂഹമായും പ്രത്യേകമായ കൗൺസിലുകളിലും പൗരസ്ത്യസഭയുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളിലും എന്ന വിധത്തിലുമാണ്. വിശ്വാസത്തിന്റെ ആധികാരിക പ്രബോധകരും വേദപാരംഗതന്മാരും എന്ന നിലയിലാണ് അവർ അത് ചെയ്യുന്നത്. വിശ്വാസത്തിന്റെ സമഗ്രത പരിരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവർ ഉത്തരവാദപ്പെട്ടവരാണല്ലോ!

§ 2. ഈ സഹകരണം കൂടുതൽ പ്രായോഗികമാകുന്നത്, ദൈവശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പ്രബോധകർ എന്ന നിലയിൽ അവരെ അധികാരപ്പെടുത്തുമ്പോഴാണ്. ഇക്കാര്യത്തിൽ ഈ വിഭാഗം നല്കുന്നത് അവരുടെ വിദഗ്ധമായ അഭിപ്രായമാണ്. അതേസമയം, സംസ്കാരത്തിനും വിദ്യാഭ്യാസത്തിനുമായുള്ള മന്ത്രാലയത്തിന്റെ സവിശേഷ ആധികാരികതയെ കണക്കിലെടുത്താണ് അപ്രകാരം ചെയ്യുന്നത്.

## ആർട്ടിക്കിൾ 73

വിശ്വാസത്തിന്റെ സത്യവും ധാർമികതയുടെ അവികലാവസ്ഥയും കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി വിശ്വാസപ്രബോധനത്തിനുള്ള ഈ വിഭാഗം:

1. സത്യവിശ്വാസത്തിനും ധാർമികതയ്ക്കും വിരുദ്ധമായതും ദോഷകരമായതുമായ ലിഖിതങ്ങളും അഭിപ്രായങ്ങളും പരിശോധിക്കുന്നു. ഇത്തരം എഴുത്തു നടത്തുന്നവരുമായി സംഭാഷണം നടത്താൻ തയാറാവുകയും പ്രശ്നപരിഹാരത്തിനുവേണ്ട നിർദേശം അതിന്റെ ചട്ടങ്ങളനുസരിച്ച് അവതരിപ്പിക്കുകയും ചെയ്യുന്നു;

2. തെറ്റുകളും അപകടംപിടിച്ച ആശയങ്ങളും ക്രിസ്ത്യാനികളുടെയിയിൽ പ്രചരിക്കാനിടവന്നാൽ അവയ്ക്കു വേണ്ടവിധം പ്രത്യുത്തരം നല്കുന്നതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 74

വിശ്വാസസംബന്ധപ്രബോധനത്തിനുള്ള വിഭാഗം, അതിന്റെ വിവാഹ ഓഫീസ് (Marriage Office) വഴിയായി "വിശ്വാസത്തിന്റെ സവിശേഷാവകാശ"വുമായി (*Privilegium Fidei*) ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും, നിയമപരമായും വസ്തുതപരമായും, പരിശോധിക്കേണ്ടതാണ്.

## ആർട്ടിക്കിൾ 75

റോമൻ കൂരിയായിലെ മറ്റു മന്ത്രാലയങ്ങളോ, സ്ഥാപനങ്ങളോ ഓഫീസുകളോ, വിശ്വാസത്തെയോ ധാർമികതയോ സംബന്ധിച്ച എന്തെങ്കിലും പ്രമാണരേഖകൾ പ്രസിദ്ധപ്പെടുത്തുന്നുണ്ടെങ്കിൽ അവ വിശ്വാസപ്രബോധന സംബന്ധ വിഭാഗത്തിനു മുൻകൂട്ടിയുള്ള വിധിതീർപ്പിനായി സമർപ്പിക്കേണ്ടതാണ്. ചർച്ചകളിലൂടെയും പരസ്പരധാരണയിലൂടെയുമുള്ള ഒരു പ്രക്രിയയിലൂടെ ഉചിതമായ തീരുമാനങ്ങളെടുക്കാൻ അത് സഹായകമാകും.

## ആർട്ടിക്കിൾ 76

§ 1. ശിക്ഷണ നടപടികൾ സ്വീകരിക്കുന്ന വിഭാഗം അതിന്റെ ശിക്ഷണ നടപടി ഓഫീസ്‌വഴിയായി ഈ മന്ത്രാലയത്തിനും ഇതിന്റെ ഉള്ളതിൽ സ്ഥാപിതമായിരിക്കുന്ന പരമോന്നത അപ്പസ്തോലിക ട്രിബ്യൂണലിനു വിധിതീർക്കാനായി നിശ്ചയിച്ചിരിക്കുന്നതുമായ കുറ്റകൃത്യങ്ങളെ കൈകാര്യം ചെയ്യുന്നു. അങ്ങനെ അത് പൊതുവായിട്ടുള്ളതോ അല്ലെങ്കിൽ പ്രത്യേകമായിട്ടുള്ളതോ നിയമവശം അനുസരിച്ച് കാനോനികമായ ശിക്ഷാനടപടികൾ പ്രഖ്യാപിക്കുകയും ചുമത്തുകയും ചെയ്യുന്നു. എന്നാൽ, അപ്രകാരം ചെയ്യുന്നത് അപ്പസ്തോലിക പെനിറ്റൻഷ്യറിയുടെ അധികാരത്തിനു ഭംഗം വരാത്ത രീതിയിലായിരിക്കും.

§ 2. ഖണ്ഡിക 1-ൽ സൂചിപ്പിച്ചിട്ടുള്ള കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ റോമാ പാപ്പായുടെ കല്പനയനുസരിച്ച്, കർദീനാളന്മാർ, പാത്രിയർക്കീസുമാർ, അപ്പസ്തോലിക സിംഹാസനത്തിന്റെ പ്രതിനിധികൾ,

മെത്രാന്മാർ, മറ്റു വ്യക്തികൾ എന്നിവരെ കാനോനിക വ്യവസ്ഥകള നുസരിച്ച് ഈ വിഭാഗം വിധിക്കുന്നതാണ്.

§ 3. മെത്രാന്മാർക്കും നിയമജ്ഞരായി സേവനം ചെയ്യുന്നവർക്കുമായി ഈ മന്ത്രാലയം സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളെ ഈ വിഭാഗം പ്രോത്സാഹിപ്പിക്കുന്നു. കാനോനിക വശങ്ങളെക്കുറിച്ച് വേണ്ടത്ര ശരിയായ വിജ്ഞാനം പ്രദാനം ചെയ്യുന്നതിനും അവ പ്രയോഗത്തിൽ വരുത്തുന്നതിൽ അവയുടെ അധികാര പരിധി കളെ പരിചയപ്പെടുത്തുന്നതിനുമായിരിക്കും അത്.

## ആർട്ടിക്കിൾ 77

ഈ മന്ത്രാലയത്തിന്റെ കീഴിൽ സ്ഥാപിതമായിട്ടുള്ളതാണ്, പൊന്തി ഫിക്കൽ ബിബ്ലിക്കൽ കമ്മീഷനും അന്തർദേശീയ ദൈവശാസ്ത്ര കമ്മീ ഷനും. മന്ത്രാലയത്തിന്റെ പ്രീഫെക്ടാണ് ഇവ രണ്ടിന്റേയും തലവൻ. ഇവ ഓരോന്നും പ്രവർത്തിക്കുന്നത്, സ്വന്തമായ, അംഗീകരിക്കപ്പെട്ട ചട്ടങ്ങൾ അനുസരിച്ചാണ്.

## ആർട്ടിക്കിൾ 78

§ 1. കുട്ടികളുടെ സംരക്ഷണത്തിനായുള്ള പൊന്തിഫിക്കൽ കമ്മീഷൻ (Pontifical Commission for the Protection of Minors) ഈ മന്ത്രാ ലയത്തിന്റെ കീഴിൽ സ്ഥാപിതമായതാണ്. റോമാ പാപ്പായ്ക്കു വേണ്ട മാർഗദർശനവും നിർദേശങ്ങളും നല്കുക, കുട്ടികളെയും ദുർബലരെയും സംരക്ഷിക്കുന്നതിനുവേണ്ടി ഏറ്റവും ഉചിതമായ നടപടികൾ നിർദേശിക്കുക, എന്നിവയാണ് ഈ കമ്മീഷന്റെ ചുമതലകൾ.

§ 2. കുട്ടികളെയും ദുർബലരെയും ലൈംഗികമായ ചൂഷണത്തിൽ നിന്നു സംരക്ഷിക്കുന്നതിനുവേണ്ട തന്ത്രങ്ങളും നടപടിക്രമങ്ങളും നിർദേശിക്കുന്നതിനുവേണ്ട രൂപരേഖ വികസിപ്പിച്ചെടുക്കുന്ന തിനായി രൂപതാ/എപ്പാർക്കി മെത്രാന്മാരെയും പൗരസ്ത്യസഭക ളിലെ ഹയരാർക്കിക്കൽ സംവിധാനങ്ങളെയും സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അപ്പസ്തോലിക ജീവിത സമൂഹങ്ങ ളുടെയും സുപ്പീരിയർമാരെയും അവരുടെ കോൺഫറൻസുകളെയും പൊന്തിഫിക്കൽ കമ്മീഷൻ സഹായിക്കുന്നതാണ്. പുരോഹിതരു ടെയും സമർപ്പിതജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പസ്തോലിക

ജീവിത സമൂഹങ്ങളിലെയും അംഗങ്ങളുടെയും ഭാഗത്തുനിന്ന് ഇത്തരം തെറ്റായ പെരുമാറ്റം ഉണ്ടാകുമ്പോൾ അവയെക്കുറിച്ച് കാനൻ നിയമത്തിന്റെ വശങ്ങളും സിവിൽ നിയമത്തിന്റെ ആവശ്യങ്ങളുമനുസരിച്ച് ഉചിതമായ പ്രതികരണം, നല്കാൻ ഈ കമ്മീഷൻ സഹായിക്കുന്നു.

§ 3. പൊന്തിഫിക്കൽ കമ്മീഷനിലെ അംഗങ്ങളെ റോമാ പാപ്പായാണ് നിയമിക്കുന്നത്. അത് അഞ്ച് വർഷത്തേക്കായിരിക്കും. വൈദികർ, സമർപ്പിത ജിവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെയും അംഗങ്ങൾ, വിവിധ രാജ്യങ്ങളിൽ നിന്നുള്ള അല്മായരായ സ്ത്രീപുരുഷന്മാർ എന്നിവരിൽ നിന്നാണ് അവർ തെരഞ്ഞെടുക്കപ്പെടുന്നത്. തത്സംബന്ധ പരിജ്ഞാന മുള്ളവരും കഴിവു തെളിയിച്ചവരും അജപാലന രംഗത്ത് അനു ഭവജ്ഞാനമുള്ളവരും ആണ് തിരഞ്ഞെടുക്കപ്പെടുന്നത്.

§ 4. അഞ്ചു വർഷത്തേക്ക് റോമാ പാപ്പാ നിയമിക്കുന്ന പ്രസിഡന്റ് ഡെലിഗേറ്റും ഒരു സെക്രട്ടറിയുമാണ് പൊന്തിഫിക്കൽ കമ്മീഷന്റെ അധ്യക്ഷത വഹിക്കുന്നത്.

§ 5. പൊന്തിഫിക്കൽ കമ്മീഷന് സ്വന്തമായി ഉദ്യോഗസ്ഥരുണ്ട്. അതിന്റെ തന്നെ അംഗീകരിക്കപ്പെട്ട ചട്ടങ്ങളുമനുസരിച്ചാണ് അത് പ്രവർത്തി ക്കുന്നത്.

## ഉപവിയുടെ ശുശ്രൂഷയ്ക്കായുള്ള മന്ത്രാലയം

### ആർട്ടിക്കിൾ 79

ഉപവിയുടെ ശുശ്രൂഷയ്ക്കായുള്ള ഈ മന്ത്രാലയം പേപ്പൽ ആമെ നറുടെ (Almoner) ഓഫീസ് എന്നും അറിയപ്പെടുന്നു. കരുണയുടെ സവി ശേഷമായ ഒരു ഭാവമാണ് ഇതിനുള്ളത്. പാവപ്പെട്ടവരോടും ദുർബല രോടും തിരസ്കൃതരോടും പക്ഷം ചേരുകയെന്ന ദർശനത്തിന്റെ അടി സ്ഥാനത്തിലാണ് ലോകത്തെവിടെയും റോമാ പാപ്പായുടെ പേരിൽ ഇത് എല്ലാ ജീവകാരുണ്യ പ്രവൃത്തികളിലും ഏർപ്പെടുന്നത്; പ്രത്യേക ആവശ്യങ്ങളിലും അടിയന്തര ഘട്ടങ്ങളിൽ റോമാ പാപ്പാതന്നെ തീരു മാനിച്ചു നല്കുന്ന സഹായ പദ്ധതികൾ ഇത് നടപ്പാക്കുന്നു.

### ആർട്ടിക്കിൾ 80

പാപ്പായുടെ ആമെനർ ആയ പ്രീഫെക്ടിന്റെ നേതൃത്വത്തിലാണ് ഈ

മന്ത്രാലയം പ്രവർത്തിക്കുന്നത്. ഈ മന്ത്രാലയം മറ്റ് ആധികാരിക മന്ത്രാലയങ്ങളുമായി സഹകരിച്ചുകൊണ്ട് ചെയ്യുന്ന പ്രവർത്തനംവഴി, സാർവത്രിക സഭയുടെ അജപാലകനെന്നനിലയിൽ റോമാ പാപ്പായ്ക്ക് ഏറ്റവും കൂടുതൽ ദാരിദ്ര്യവും അവഗണനയും വലിയ കെടുതികളുടെ അനന്തരഫലവും അനുഭവിക്കുന്ന വിഭാഗങ്ങളോടുള്ള ഔത്സുക്യവും ഹൃദ്യമായ കരുതലും വ്യക്തമാക്കുന്നു.

## ആർട്ടിക്കിൾ 81

§ 1. ഏറെ ആവശ്യത്തിലിരിക്കുന്നവർക്കായി ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യാനായി റോമാ പാപ്പായ്ക്കുവേണ്ടി സന്മനസ്സുള്ളവരിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കാനും തേടാനും അതിനായി അഭ്യർഥിക്കാനുള്ള ഉത്തരവാദിത്വം ഈ മന്ത്രാലയത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

§ 2. പരിശുദ്ധ പിതാവിന്റെ ആമെനർക്ക് ശരിയായവിധം അധികാരപ്പെടുത്തിയ ചർമപത്രങ്ങൾ (Parchments) വഴി അപ്പസ്തോലിക ആശീർവാദം നല്കാനുമുള്ള അധികാരമുണ്ട്.

## പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള മന്ത്രാലയം

## ആർട്ടിക്കിൾ 82

§ 1. സ്വയംഭരണാവകാശമുള്ള *(Sui Juris)* പൗരസ്ത്യ സഭകളെ ബാധിക്കുന്ന വ്യക്തികളെയും കാര്യങ്ങളെയും സംബന്ധിക്കുന്ന വിഷയങ്ങളാണ് ഈ മന്ത്രാലയം കൈകാര്യം ചെയ്യുക.

§ 2. ഇവയിൽ ചില സഭകൾ, പ്രത്യേകിച്ച് പുരാതന പാത്രിയാർക്കൽ സഭകൾ, പുരാതന പാരമ്പര്യം ഉള്ളവയായതിനാൽ അവയുടെ കാര്യങ്ങൾ ഓരോന്ന് ഓരോന്നായി, വേണ്ടിവന്നാൽ ബന്ധപ്പെട്ട ഇതര മന്ത്രാലയങ്ങളുമായി ചർച്ചചെയ്തിട്ട്, ഈ മന്ത്രാലയം പരിശോധിക്കുന്നതാണ്. അതായത്, പൗരസ്ത്യസഭകളുടെ കാനൻ നിയമങ്ങളിൽനിന്നു വ്യതിചലിച്ചുകൊണ്ട്, അവയുടെ ആന്തരീക ഭരണവുമായി ബന്ധപ്പെട്ട ഏതൊക്കെ കാര്യങ്ങളാണ് ആ സഭകളുടെ മേലധികാരികൾക്ക് വിട്ടുകൊടുക്കാനാവുന്നത് എന്നതിനെക്കുറിച്ചുള്ള പരിശോധന.

## ആർട്ടിക്കിൾ 83

§ 1. സ്വയംഭരണാവകാശമുള്ള പൗരസ്ത്യസഭകളുടെ പാത്രിയർക്കീസുമാർ, മേജർ ആർച്ചുബിഷപ്പുമാർ ക്രിസ്തീയ ഐക്യം പ്രോത്സാഹിപ്പിക്കാനുള്ള മന്ത്രാലയത്തിന്റെ പ്രീഫെക്ട് എന്നിവർ നിയമപ്രകാരം ഈ മന്ത്രാലയത്തിലെ അംഗങ്ങളാണ്.

§ 2. സാധിക്കുന്നിടത്തോളം അതിന്റെ ഉപദേഷ്ടാക്കളും ഉദ്യോഗസ്ഥരും തിരഞ്ഞെടുക്കപ്പെടേണ്ടത് സ്വയം ഭരണവകാശമുള്ള വിവിധ പൗരസ്ത്യ സഭാ റീത്തുകളുടെ വിശ്വാസികളിൽനിന്നും ലത്തീൻ റീത്തിലുള്ള വിശ്വാസികളിൽനിന്നുമായിരിക്കണം.

## ആർട്ടിക്കിൾ 84

§ 1. അപ്പസ്തോലിക സിംഹാസനത്തിന്റെ പരിഗണനയ്ക്കുവിടേണ്ട പൗരസ്ത്യസഭകളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യാൻ ഈ മന്ത്രാലയത്തിന് അധികാരമുണ്ട്. ആ സഭകളുടെ ഘടനയും സംഘടനാകാര്യങ്ങളും; പ്രബോധിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരണം നടത്തുക, എന്നീ ദൗത്യങ്ങളുടെ നിർവഹണം; വ്യക്തികളുടെ സ്ഥാനം, അവകാശങ്ങൾ, ചുമതലകൾ എന്നിവ നിർണയിക്കുക എന്നീ കാര്യങ്ങൾ ഇതിൽപ്പെടും. അഞ്ചുവർഷം കൂടുമ്പോൾ മെത്രാന്മാർ നല്കേണ്ട റിപ്പോർട്ടിന്റെയും *ആദ് ലിമിനാ അപ്പോസ്തൊലോരും* സന്ദർശനത്തിന്റെയും നടപടിക്രമങ്ങളും അവയുടെ പ്രക്രിയകളും ഈ മന്ത്രാലയത്തിന്റെ അധികാരപരിധിയിൽ വരുന്നു.

§ 2. അതേസമയം ഖണ്ഡിക 1-ൽ പ്രസ്താവിക്കപ്പെട്ട കാര്യങ്ങളിൽ വിശ്വാസ പ്രബോധനസംബന്ധ മന്ത്രാലയം, വിശുദ്ധരുടെ നാമകരണത്തിനുള്ള മന്ത്രാലയം, കാനാൻ നിയമങ്ങൾക്കായുള്ള മന്ത്രാലയം, അപ്പസ്തോലിക പെനിറ്റെൻഷ്യറി, കത്തോലിക്കാ സഭയിലെ പരമോന്നത ട്രിബ്യൂണൽ ആയ അപ്പസ്തോലിക സിഞ്ഞാത്തൂറ (Apostolic Signatura); റോമൻ റോത്താ (Roman Rota) എന്ന ട്രിബ്യൂണൽ എന്നിവയുടെയെല്ലാം സവിശേഷമായതും അവയ്ക്കു മാത്രമായുള്ളതുമായ അധികാരസീമ ഭംഗംവരാതെ എപ്പോഴും നിലനില്ക്കുന്നു.

§ 3. ലത്തീൻ സഭയിലെ വിശ്വാസികളെയും ബാധിക്കുന്ന കാര്യങ്ങളിൽ,

മുന്നോട്ടു പോകുന്നതിനു മുമ്പുതന്നെ, കാര്യങ്ങൾ അത്രമാത്രം പ്രാധാന്യം അർഹിക്കുന്നതാണെങ്കിൽ, തൽസംബന്ധമായി ലത്തീൻ സഭയിലെ വിശ്വാസികളുടെ കാര്യം കൈകാര്യം ചെയ്യാൻ അധികാരമുള്ള മന്ത്രാലയവുമായി ഈ മന്ത്രാലയം കൂടിയാലോചന നടത്തേണ്ടതാണ്.

## ആർട്ടിക്കിൾ 85

ലത്തീൻസഭ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്ന പൗരസ്ത്യ സഭാവിശ്വാസികളുടെ സമൂഹങ്ങളുടെ കാര്യത്തിൽ ഈ മന്ത്രാലയം അതീവശ്രദ്ധ പുലർത്തുന്നു. അവരുടെ ആധ്യാത്മികാവശ്യങ്ങൾ നിറവേറ്റുകയെന്ന ലക്ഷ്യത്തോടെ "വിസിറ്റേറ്റേഴ്സിനെ" (Visitators) പ്രദാനം ചെയ്യുന്നു. സാധ്യമാണെങ്കിൽ, അംഗസംഖ്യയും സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട്, പ്രാദേശിക സഭകളുടെ സംസ്ഥാപനത്തിനു അധികാരസീമയുള്ള മന്ത്രാലയവുമായി കൂടിയാലോചിച്ച്, ഒരു ഹയരാർക്കിതന്നെ ഇതിനായി അവിടെ അനുവദിച്ചുകൊടുക്കാവുന്നതാണ്.

## ആർട്ടിക്കിൾ 86

പുരാതന കാലംമുതൽ പൗരസ്ത്യ സഭാംഗങ്ങളുടെ അംഗസംഖ്യ താരതമ്യേന കൂടുതലുള്ള പ്രദേശങ്ങളിൽ സുവിശേഷ പ്രവർത്തനവും മിഷനറി ദൗത്യവും ലത്തീൻസഭയിലെ മിഷനറിമാർതന്നെയാണ് നിർവഹിച്ചു വന്നിരുന്നതെങ്കിൽപോലും, ഈ മന്ത്രാലയത്തെമാത്രം ആശ്രയിച്ചാണ് പ്രസ്തുത ദൗത്യം നിലകൊള്ളുന്നത്.

## ആർട്ടിക്കിൾ 87

ക്രിസ്തീയ ഐക്യത്തിനായുള്ള മന്ത്രാലയ (Dicastery for Promoting Christian Unity) വുമായി സഹകരിച്ചുകൊണ്ടാണ് ഈ മന്ത്രാലയം അതിന്റെ ദൗത്യം നിർവഹിക്കുന്നത്, പ്രത്യേകിച്ച് അകത്തോലിക്കാ പൗരസ്ത്യ സഭകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ. അതുപോലെതന്നെ, മതാന്തരസംവാദത്തിനായുള്ള മന്ത്രാലയ (Dicastery for Interreligious Dialogue) വുമായും സംസ്കാരത്തിനും വിദ്യാഭ്യാസ (Dicastery for Culture and Education) ത്തിനുമായുള്ള മന്ത്രാലയവുമായി അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ഈ മന്ത്രാലയം സഹകരിച്ചു പ്രവർത്തിക്കുന്നു.

## ദൈവാരാധനയ്ക്കും കൂദാശകളുടെ ചിട്ടക്രമത്തിനുമായുള്ള മന്ത്രാലയം

### ആർട്ടിക്കിൾ 88

ദൈവാരാധനയ്ക്കും കൂദാശകളുടെ ചിട്ടക്രമത്തിനുമായുള്ള മന്ത്രാലയം വിശുദ്ധമായ ആരാധനക്രമത്തെ രണ്ടാം വത്തിക്കാൻ കൗൺസിൽ ഏറ്റെടുത്ത "നവീകരണ"മനുസരിച്ചാണ് പരിപോഷിപ്പിക്കുന്നത്. വിശുദ്ധമായ ആരാധനക്രമത്തെ സംബന്ധിച്ച് നിയമപരമായി അപ്പസ്തോലിക സിംഹാസനത്തിന്റെ പരിഗണനയ്ക്കുവരുന്ന എല്ലാ വിഷയങ്ങളുമാണ് അത്. ആരാധനക്രമത്തിന്റെ നിയന്ത്രണം, പ്രോത്സാഹനം, സഭാനിയമങ്ങളുടെയും ആരാധനക്രമ ചട്ടങ്ങളുടെയും വിശ്വസ്തതയോടെയുള്ള ആചരണം സഭയിൽ എല്ലായിടത്തും നടക്കുന്നുവെന്ന് ഉറപ്പാക്കൽ എന്നിവയാണ് ഈ മന്ത്രാലയത്തിന്റെ അധികാരസീമയുടെ മേഖലകൾ.

### ആർട്ടിക്കിൾ 89

§ 1. ആരാധനക്രമഗ്രന്ഥങ്ങളുടെ രചന, പരിഷ്ക്കരണം അവയുടെ മൂലപതിപ്പുകളുടെ (Typical Editions) കാലാനുസൃതമായ നവീകരിക്കൽ എന്നിവ മന്ത്രാലയത്തിന്റെ കടമയാണ്.

§ 2. ആരാധനക്രമഗ്രന്ഥങ്ങളുടെ നിലവിലുള്ള ഭാഷകളിലെ തർജമകൾക്ക് സ്ഥിരീകരണവും, പ്രാദേശിക സംസ്ക്കാരങ്ങളിൽ അവയുടെ അനുയോജ്യമായ അനുരൂപണം മെത്രാൻസമിതികൾ നിയമാനുസൃതം നല്കിയശേഷം, അവയ്ക്ക് ആധികാരികമായ അംഗീകാരവും ഈ മന്ത്രാലയം നല്കുന്നു. ഓരോ സഭയുടെയും പ്രത്യേക ആരാധനാ കലണ്ടർ, ദിവ്യപൂജയ്ക്കുള്ള അനുയുക്ത പ്രാർഥനകൾ, സഭകളുടെയും സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളുടെയും യാമപ്രാർത്ഥകൾ എന്നിവയ്ക്ക് അതതു സഭാധികാരികളുടെ അംഗീകാരത്തിനുശേഷം ഈ മന്ത്രാലയമാണ് അംഗീകാരം *(Recognitio)* നല്കുന്നത്.

§ 3. കാര്യക്ഷമവും ഉചിതവുമായ മാർഗങ്ങളിലൂടെ ആരാധനക്രമപരമായ ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ മന്ത്രാലയം മെത്രാന്മാരെയും മെത്രാൻസമിതികളെയും സഹായിക്കുന്നു. സവിശേഷമായി, ദിവ്യപുജയുടെ ആചരണത്തിലും കൂദാശകളുടെയും മറ്റു ആരാധനക്രമ പ്രവൃത്തികളുടെയും പരികർമ്മത്തിലും

വിശ്വാസികളുടെ വർധമാനവും സജീവവുമായ ഭാഗഭാഗിത്വം ഉറപ്പാക്കുകയെന്ന ഉദ്ദ്യേശത്തോടെയാണിത് ചെയ്യുന്നത്. മെത്രാൻ സമിതികളോടൊപ്പം, ആരാധനക്രമത്തിന്റെ സാംസ്കാരികാനുരൂപണത്തെക്കുറിച്ചുള്ള പരിചിന്തനങ്ങൾക്കും ഈ മന്ത്രാലയം പ്രോത്സാഹനം നല്കുകയും അതിന്റെ സാഹചര്യാനുസൃത നടപ്പാക്കലിനെ അനുധാവധം ചെയ്യുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 90

§ 1. കൂദാശകളുടെ ചട്ടക്രമത്തിനു മേൽനോട്ടം (oversee) വഹിക്കുന്നത് ഈ മന്ത്രാലയമാണ്. അതുമായി ബന്ധപ്പെട്ട നൈയമിക പ്രശ്നങ്ങൾ, അതായത്, അവയുടെ സാധുവും നിയമപരവുമായ ആചരണം, കൂദാശാനുകരണങ്ങളുടെ ചട്ടക്രമം എന്നിവ. ഇവയെല്ലാം ഈ മന്ത്രാലയം നിർവഹിക്കുന്നത് വിശ്വാസപ്രബോധന മന്ത്രാലയത്തിന്റെ അധികാരസീമയ്ക്ക് ഭംഗംവരാത്ത രീതിയിലാണ്.

§ 2. സവിശേഷമായ അനുവാദങ്ങൾക്കും വ്യതങ്ങളിൽ നിന്നുമുള്ള ഒഴിവാക്കലിനുമൊക്കെയായുള്ള അപേക്ഷകൾ രൂപതാ മെത്രാന്റെ അധികാരസീമയ്ക്കുപരിയുള്ളവയാണെങ്കിൽ അവ പരിഗണിക്കുന്നതിനും അനുവദിച്ചു കൊടുക്കുന്നതിനും ഈ മന്ത്രാലയത്തിന് അധികാരമുണ്ട്.

## ആർട്ടിക്കിൾ 91

യഥാകാലങ്ങളിൽ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് ആചരിക്കുന്നതിനെ ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്നു. ദേശീയ ദിവ്യകാരുണ്യ കോൺഗ്രസ്സുകൾ സംഘടിപ്പിക്കുന്നതിൽ ഇത് സഹകരിക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 92

ആരാധനക്രമ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഈ മന്ത്രാലയം താഴെപ്പറയുന്നവിധം ഉത്തരവാദിത്വം പേറുന്നു:

1. ആരാധനക്രമ രൂപവൽകരണത്തെ വിവിധ തലങ്ങളിൽ പ്രോത്സാഹിപ്പിക്കുക പ്രത്യേകിച്ച് വിവിധ പ്രദേശങ്ങളിൽ ഇതിനായി യോഗങ്ങൾ സംഘടിപ്പിക്കുന്നതുവഴി;

2. ആരാധനക്രമ സംബന്ധമായ സുവിശേഷവൽകരണം, ഗാനാലാ

പനം, ആരാധനാ സംഗീതം, വിശുദ്ധ കല എന്നിവ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ കമ്മീഷനുകളെയും സ്ഥാപനങ്ങളെയും പിന്തുണയ്ക്കുന്നതുവഴി;

3. ഈ ലക്ഷ്യങ്ങൾ സാക്ഷാൽകരിക്കുന്നതിനുവേണ്ടി അന്തർദേശീയ അസ്സോസിയേഷനുകൾ സ്ഥാപിക്കുകയോ, അല്ലെങ്കിൽ അത്തരം സംഘടനകളുടെ നിയമാവലികൾക്കു അംഗീകാരം നല്കുകയോ വഴി.

## ആർട്ടിക്കിൾ 93

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണത്തിനു മുൻപ് ഉപയോഗത്തിലിരുന്ന ആരാധനക്രമഗ്രന്ഥങ്ങളുടെ ഉപയോഗം-നിലവിലുള്ള ചട്ടങ്ങൾ അനുവദിച്ചിട്ടുള്ളവ - നിയന്ത്രിക്കുന്നതിനും ആരാധനയിൽ അത് ചിട്ടക്രമത്തിലാക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഈ മന്ത്രാലയത്തിനാണ്.

## ആർട്ടിക്കിൾ 94

വിശുദ്ധമായ തിരുശേഷിപ്പുകളുടെ വണക്കം നിലനിറുത്തുന്നതിനും രക്ഷാധികാരിയായ വിശുദ്ധനെ അല്ലെങ്കിൽ വിശുദ്ധയെ സ്ഥിരീകരിക്കുന്നതിനും "മൈനർ ബസിലിക്ക" എന്ന പദവി അനുവദിച്ചു നല്കുന്നതിനും ഉള്ള ഉത്തരവാദിത്വം ഈ മന്ത്രാലയത്തിന്റേതാണ്.

## ആർട്ടിക്കിൾ 95

ജനകീയ ഭക്തിപ്രകാശനങ്ങളുടെ രൂപഭാവങ്ങൾ ഉത്തരോത്തരം സഭയുടെ ചട്ടങ്ങൾക്കും വിശുദ്ധമായ ആരാധനക്രമത്തിനും ഇണങ്ങുന്ന രീതിയിലാണെന്നു ഉറപ്പാക്കുന്നതിൽ രൂപതാ മെത്രാന്മാരെ ഈ മന്ത്രാലയം സഹായിക്കുന്നു. ആരാധനക്രമത്തിന്റെ തത്ത്വങ്ങൾ സ്ഥിരീകരിച്ചുകൊണ്ടും പ്രാദേശിക സഭകളിൽ അവയുടെ ഫലപ്രദമായ നടപ്പിലാക്കൽ വഴിയുമാണ് ഇക്കാര്യം സഫലീകരിക്കപ്പെടുന്നത്.

## ആർട്ടിക്കിൾ 96

തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന പ്രാദേശികസഭയുടെ ആരാധനക്രമജീവിതത്തിന്റെ സമസ്ത മേഖലകളുടെയും അധ്യക്ഷന്മാരും പ്രോത്സാഹകരും രക്ഷാകർത്താക്കളുമെന്ന നിലയിൽ മെത്രാന്മാരെ അവരുടെ ചുമതലകൾ യഥോചിതം നിർവഹിക്കാൻ ഈ മന്ത്രാലയം സഹായി

ക്കുന്നു. ശരിയായ ആരാധനക്രമരൂപവൽകരണത്തെ പ്രോത്സാഹിപ്പി ക്കുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും ഇല്ലാതാക്കു ന്നതിനും നിർദേശകതത്ത്വങ്ങളും സൂചനകളും നല്കുക വഴിയാണ് മന്ത്രാലയം ഇത് നിർവഹിക്കുന്നത്.

## ആർട്ടിക്കിൾ 97

മന്ത്രാലയത്തിന് അതിന്റെ ഉത്തരവാദിത്വങ്ങൾ കൂടുതൽ കാര്യക്ഷമ മായി നിർവഹിക്കുന്നതിനുവേണ്ടി, അംഗങ്ങൾ, ഉപദേഷ്ടാക്കൾ എന്നി വർക്കു പുറമേ, വിവിധ മെത്രാൻസമിതികളുടെ ലിറ്റർജിക്കൽ കമ്മീഷ നുകളുമായും പ്രധാന ഭാഷകളിലേക്കെല്ലാം ആരാധനക്രമ ഗ്രന്ഥങ്ങൾ തർജമ ചെയ്യുന്ന അന്തർദേശീയ കമ്മിറ്റികളുമായും സഹകരണം തേടു കയും കൂടെകൂടെ അവയുമായി ആശയവിനിമയം നടത്തുകയും ചെയ്യാം. ആരാധന ക്രമത്തിന്റെ മേഖലയിൽ സഭയിലെ ഉന്നതവിദ്യാ ഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന സംഭാവനകളെ അതീവ താൽപര്യ ത്തോടെയാണ് ഈ മന്ത്രാലയം പിന്തുടരുന്നത്.

## വിശുദ്ധരുടെ നാമകരണപ്രക്രിയയ്ക്കായുള്ള മന്ത്രാലയം

## ആർട്ടിക്കിൾ 98

നിശ്ചയിക്കപ്പെട്ടിട്ടുള്ള നടപടിക്രമമനുസരിച്ച് വിശുദ്ധരുടെ നാമകരണ ത്തിനുള്ള മന്ത്രാലയം വാഴ്ത്തപ്പെട്ടവരെന്നും വിശുദ്ധരെന്നും പ്രഖ്യാ പിക്കുന്നതിനുവേണ്ടിയുള്ള എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നു.

## ആർട്ടിക്കിൾ 99

§ 1. ഒരു നാമകരണ നടപടി എങ്ങനെ ഉത്തരവാദിത്വപൂർവം മുന്നോട്ടു കൊണ്ടുപോകണമെന്ന് രൂപതാ/എപ്പാർക്കി മെത്രാന്മാർക്ക് പ്രത്യേ കമായ ചട്ടങ്ങൾ നല്കുകയും അവർക്ക് ഉപദേശവും നിർദേശവും ഈ മന്ത്രാലയം നല്കുകയും ചെയ്യുന്നു.

§ 2. നാമനിർദേശം ചെയ്യപ്പെട്ട പ്രക്രിയകളെല്ലാം വിശദമായി പരിശോ ധിക്കുകയും അവയുടെ നടപടിക്രമങ്ങൾ ഉചിതമായി നിർവഹി ച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്തശേഷം ആ കേസുകളുടെ യോഗ്യതയെക്കുറിച്ച് ഒരു വിധി ഈ മന്ത്രാലയം നല്കുന്നതാണ്. റോമാ പാപ്പായ്ക്ക് തത്സംബന്ധമായ കാര്യങ്ങൾ സമർപ്പിക്കുന്ന തിനു വേണ്ടിയാണിത്.

## ആർട്ടിക്കിൾ 100

നാമകരണവുമായി ബന്ധപ്പെട്ട ചെലവുകൾ നടത്തുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ഫണ്ടിന്റെ (Fund) നിയന്ത്രണസംബന്ധമായ കാര്യങ്ങൾ പ്രയോഗിക്കുന്നതിനെക്കുറിച്ച് ഈ മന്ത്രാലയത്തിന്റെ മേൽ-നോട്ടം ഉണ്ടാകും.

## ആർട്ടിക്കിൾ 101

വിശുദ്ധ തിരുശേഷിപ്പുകളുടെ ആധികാരികത പരിശോധിക്കുന്നതിനും അതു പ്രഖ്യാപിക്കുന്നതിനുമുള്ള കാനോനികമായ നടപടിക്രമം ഈ മന്ത്രാലയം തീരുമാനിക്കുകയും, തിരുശേഷിപ്പുകളുടെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 102

ഒരു വിശുദ്ധന് അല്ലെങ്കിൽ വിശുദ്ധയ്ക്ക് സഭയുടെ വേദപാരംഗതൻ അല്ലെങ്കിൽ വേദപാരംഗത (Doctor of the Church) എന്ന സ്ഥാനം നല്കുന്നതിനെക്കുറിച്ച് തീരുമാനിക്കാനുള്ള അധികാരം ഈ മന്ത്രാലയത്തിനാണ്. പ്രസ്തുത വിശുദ്ധന്റെ അല്ലെങ്കിൽ വിശുദ്ധയുടെ മൂല്യവത്തായ പ്രബോധനത്തെക്കുറിച്ചുള്ള വിശ്വാസപ്രബോധന മന്ത്രാലയത്തിന്റെ വിലയിരുത്തലും അംഗീകാരവും *(Votum)* സ്വീകരിച്ചതിനുശേഷമായിരിക്കും അപ്രകാരം ചെയ്യുന്നത്.

## മെത്രാന്മാർക്കായുള്ള മന്ത്രാലയം

## ആർട്ടിക്കിൾ 103

പ്രാദേശിക സഭകളുടെ സംസ്ഥാപനത്തിനും അവ ഉപയോഗിക്കുന്നതിനുംവേണ്ടി ചേയ്യേണ്ട എല്ലാ കാര്യങ്ങളും ക്രമപ്പെടുത്താനും അതുപോലെതന്നെ ലത്തീൻ സഭയിലെ മെത്രാൻപദവിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ഈ മന്ത്രാലയം ഉത്തരവാദിത്വപ്പെട്ടതായിരിക്കുന്നു. ഇക്കാര്യത്തിൽ സുവിശേഷവൽകരണത്തിനായുള്ള മന്ത്രാലയത്തിന്റെ അധികാരസീമയ്ക്ക് ഭംഗംവരാത്ത രീതിയിലായിരിക്കും ഈ മന്ത്രാലയം പ്രവർത്തിക്കുക.

## ആർട്ടിക്കിൾ 104

വേണ്ടത്ര വിവരശേഖരണം നടത്തിയശേഷം ഈ മന്ത്രാലയം മെത്രാന്മാരുമായും മെത്രാൻസമിതികളുമായും സഹകരിച്ചുകൊണ്ട് പ്രാദേശിക

സഭകളുടെ സംസ്ഥാപനം, വിഭജനം, കൂട്ടിച്ചേർക്കൽ, നിരോധനം (Suppression) പ്രാദേശിക സഭകളിലെ, ഏതെങ്കിലും തരത്തിലുള്ള മാറ്റം, അവയുടെ ഗണങ്ങളായ് തിരിക്കൽ എന്നിവയെക്കുറിച്ചുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. മിലിറ്ററി ഓർഡിനേറിയേറ്റുകളും (Military Ordinariates) ആംഗ്ലിക്കൻ സഭയിൽ നിന്നു വന്ന് കത്തോലിക്കാസഭയുമായി പൂർണമായ ഐക്യത്തിലേക്കു വന്നിട്ടുള്ളവരുമായവർക്കുവേണ്ടി ഏതെങ്കിലുമൊരു മെത്രാൻസമിതിയുടെ അതിർത്തിക്കുള്ളിൽ വ്യക്ത്യാധിഷ്ഠിത ഓർഡിനേറിയേറ്റുകളും (Personal Ordinariates) സ്ഥാപിക്കുകയെന്നതും ഈ മന്ത്രാലയത്തിന്റെ ചുമതലയാണ്. ഇവയുടെ സംസ്ഥാപനത്തിന് ഈ മന്ത്രാലയം വിശ്വാസപ്രബോധനസംബന്ധമായ മന്ത്രാലയവുമായും ബന്ധപ്പെട്ട മെത്രാൻസമിതിയുമായും കൂടിയാലോചന നടത്തേണ്ടതാണ്.

## ആർട്ടിക്കിൾ 105

§ 1. രൂപതാ മെത്രാൻമാർ, സ്ഥാനിക മെത്രാന്മാർ, അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർമാർ, എന്നിവരുടെ നിയമനം സംബന്ധിച്ച കാര്യങ്ങളും പൊതുവായി പ്രാദേശിക സഭകൾ നിലനിർത്തുന്നതിനു വേണ്ടിയുള്ള എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത് ഈ മന്ത്രാലയമാണ്. ഇവയെല്ലാം നിർവഹിക്കുന്നത് പ്രദേശിക സഭകൾ, മെത്രാൻസമിതികൾ, മാർപാപ്പായുടെ പ്രതിനിധികൾ എന്നിവർ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടാണ്. അത് ബന്ധപ്പെട്ട മെത്രാൻസമിതിയുടെ എക്സിക്യൂട്ടീവ് ഓഫീസർമാർ, മെത്രാപ്പോലീത്ത എന്നിവരുമായി കൂടിയാലോചിട്ടുമാണ്. ബന്ധപ്പെട്ട രൂപതയിലെ ദൈവജനത്തിന്റെ പ്രതിനിധികളെയും ഉചിതമായ രീതിയിൽ ഈ പ്രക്രിയയിൽ ഈ മന്ത്രാലയം പങ്കെടുപ്പിക്കുന്നു.

§ 2. മെത്രാൻസമിതി അതിന്റെ പ്രാദേശികവും അന്തർദേശീയവുമായ ഘടകങ്ങൾ എന്നിവയുമായി കൂടിയാലോചിച്ചാണ് ഈ മന്ത്രാലയം സ്ഥാനാർഥികളെ തിരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത്. ഈ മാനദണ്ഡങ്ങൾ തീരുമാനിക്കുമ്പോൾ വ്യത്യസ്തമായ സാംസ്കാരിക ആവശ്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. ഈ മാനദണ്ഡങ്ങൾ യഥാകാലം വിലയിരുത്തപ്പെടേണ്ടവയുമാണ്.

§ 3. കാനൻ നിയമപ്രകാരം മെത്രാന്മാർ തങ്ങളുടെ ശുശ്രൂഷയിൽ

നിന്നു രാജിവയ്ക്കുന്നത് സംബന്ധിച്ച കാര്യം തീരുമാനിക്കുന്നതും ഈ മന്ത്രാലയംതന്നെയാണ്.

## ആർട്ടിക്കിൾ 106

പ്രാദേശിക സഭകളുടെ സംസ്ഥാപനം അല്ലെങ്കിൽ പരിഷ്കരണം, പ്രസ്തുത സഭകളുടെ ഗണംതിരിക്കൽ അല്ലെങ്കിൽ അപ്രകാരമുള്ള ഗണങ്ങൾ സൃഷ്ടിക്കുന്നത് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് സിവിൽ സർക്കാരുകളുമായി ചർച്ച ചെയ്യേണ്ടിവന്നാൽ അതിനു മുമ്പായി രാഷ്ട്രങ്ങളുമായും അന്തർദേശീയ സംഘടനകളുമായുമുള്ള ബന്ധങ്ങൾക്കുള്ള സെക്രട്ടറി ഓഫ് സ്റ്റേറ്റിന്റെ ബന്ധപ്പെട്ട വിഭാഗവുമായും മെത്രാൻസമിതിയുമായും ഈ മന്ത്രാലയം കൂടിയാലോചിക്കേണ്ടതാണ്.

## ആർട്ടിക്കിൾ 107

§ 1. തങ്ങളെ ഭരമേല്പിച്ചിട്ടുള്ള അജപാലനദൗത്യം ശരിയായതും ഫലപ്രദവുമായവിധം നിർവഹിക്കുന്നതിൽ എല്ലാ കാര്യങ്ങളിലും മെത്രാന്മാരുമായി ഈ മന്ത്രാലയം സഹകരിക്കാൻ തയ്യാറാണ്.

§ 2. മെത്രാന്റേതായ രൂപതാഭരണം ശരിയായവിധം നടത്തികൊണ്ടുപോകുന്നതിനു പുറത്തു നിന്നുള്ള ഇടപെടൽ ആവശ്യമായി വരുന്ന ഘട്ടങ്ങളിലെ പ്രശ്നം മെത്രാപ്പോലിത്തായ്ക്കോ മെത്രാൻസമിതികൾക്കോ പരിഹരിക്കാനായില്ലെങ്കിൽ, അത് ഈ മന്ത്രാലയത്തിന്റെ ചുമതലയായിത്തീരും. വേണ്ടിവന്നാൽ, ആധികാരികമായ മറ്റു മന്ത്രാലയങ്ങളുടെ സമ്മതപ്രകാരം, സഹോദര നിർവിശേഷമായ അല്ലെങ്കിൽ, അപ്പസ്തോലികമായ സന്ദർശനങ്ങളെക്കുറിച്ച് തീരുമാനിക്കാനും അത്തരത്തിൽ മുമ്പോട്ടുപോയി അവരുടെ ഫലപ്രാപ്തി വിലയിരുത്താനും അവയുടെ വെളിച്ചത്തിൽ, റോമാ പാപ്പായ്ക്ക് ഉചിതമായ പരിഹാരമാർഗങ്ങൾ നിർദേശിക്കുവാനും ഈ മന്ത്രാലയം ചുമതലപ്പെട്ടിരിക്കുന്നു.

## ആർട്ടിക്കിൾ 108

ഈ മന്ത്രാലയത്തിന്റെ ശുശ്രൂഷയ്ക്കായി ഭരമേല്പിക്കപ്പെട്ടിരിക്കുന്ന പ്രാദേശിക സഭകളുടെ മെത്രാന്മാരുടെ *ആദ് ലിമിനാ അപ്പോസ്തൊലോരും* സന്ദർശനങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നത് ഈ മന്ത്രാലയംതന്നെയാണ്. അതിനുവേണ്ടി, ആർട്ടിക്കിൾ 40 പ്രകാരം മെത്രാന്മാർ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ

ഈ മന്ത്രാലയം പഠിക്കുന്നു; അവർ റോമിൽ താമസിക്കുമ്പോൾ എല്ലാ സഹായവും നല്കുന്നു; പാപ്പായുമായുള്ള കൂടിക്കാഴ്ച, പേപ്പൽ ബസിലിക്കകളിലേക്കുള്ള തീർത്ഥാടനം, മറ്റു യോഗങ്ങൾ എന്നിവ ക്രമപ്പെടുത്തുന്നു. സന്ദർശനം പൂർത്തിയായികഴിയുമ്പോൾ, പ്രാദേശിക സഭകളെക്കുറിച്ചും മെത്രാൻസമിതികളെക്കുറിച്ചുമുള്ള ഈ മന്ത്രാലയത്തിന്റെ അനുമാനങ്ങളും സൂചനകളും നിർദേശങ്ങളും ലിഖിതരൂപത്തിൽ അവരെ അറിയിക്കുന്നു.

## ആർട്ടിക്കിൾ 109

§ 1. സുവിശേഷവൽകരണത്തിനായുള്ള മന്ത്രാലയത്തിന്റെ അധികാരസീമയ്ക്കു ഭംഗംവരാത്ത രീതിയിൽ, പുതിയ മെത്രാന്മാരുടെ രൂപവൽകരണത്തിൽ ഈ മന്ത്രാലയത്തിന് ഉത്തരവാദിത്വമുണ്ട്. പരിണതപ്രജ്ഞരും വിവേകമതികളും അനുഭവജ്ഞാനവുമുള്ള മെത്രാന്മാരുടെയും സാർവത്രിക സഭയിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള പ്രഗത്ഭരുടെയും സഹായത്തോടെ ഇത് സാധ്യമാക്കുന്നു.

§ 2. സ്ഥിരമായ രൂപവൽകരണത്തിനുള്ള അവസരങ്ങളും തുടർവിദ്യാഭ്യാസത്തിനുള്ള കോഴ്സുകളും പതിവായി ഈ മന്ത്രാലയം മെത്രാന്മാർക്ക് പ്രദാനം ചെയ്യുന്നു.

## ആർട്ടിക്കിൾ 110

ഈ മന്ത്രാലയം അതിന്റെ ദൗത്യം നിർവഹിക്കുന്നത് സേവനചൈതന്യത്തോടും മെത്രാൻസമിതികളുടെ പ്രാദേശികവും അന്തർദേശീയവുമായ ഘടകങ്ങളുമായുള്ള അടുത്ത സഹകരണത്തോടെയുമാണ്. പ്രാദേശിക കൗൺസിലുകൾ സംഘടിപ്പിക്കുന്നതിനുള്ള താത്പര്യത്തിലും മെത്രാൻസമിതികൾ സ്ഥാപിക്കുന്നതിന് അവയുടെ നിയമാവലിയുടെ അംഗീകാരത്തിന്റെ (*Recognitio*) കാര്യത്തിലും ഇതേ രീതി തന്നെയായിരിക്കും മന്ത്രാലയം സ്വീകരിക്കുക. മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെയെല്ലാം നിയമങ്ങളും ഡിക്രികളും ഈ മന്ത്രാലയം സ്വീകരിക്കുന്നു. ബന്ധപ്പെട്ട മറ്റു മന്ത്രാലയങ്ങളുമായി കൂടിയാലോചിച്ചുകൊണ്ട് അവ പരിശോധിക്കുകയും വേണ്ട അംഗീകാരം (*Recognitio*) ഈ മന്ത്രാലയം നല്കുന്നതുമാണ്. കാനോനിക ചട്ടങ്ങളനുസരിച്ച് സഭാപരമായ പ്രൊവിൻസുകളെയും മേഖലകളെയും സംബന്ധിച്ച എല്ലാ കാര്യങ്ങളും ഈ മന്ത്രാലയം നിർവഹിക്കുന്നു.

## ആർട്ടിക്കിൾ 111

§ 1. ലാറ്റിൻ അമേരിക്കയ്ക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷൻ (Pontifical Commission for Latin America) ഈ മന്ത്രാലയത്തിന്റെ കീഴിൽ സ്ഥാപിതമായിട്ടുള്ളതാണ്. പ്രാദേശിക സഭകളുടെ ജീവിതത്തെയും വളർച്ചയെയും സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുകയെന്നതാണ് ഈ കമ്മീഷന്റെ ഉത്തരവാദിത്വം. തങ്ങളുടെ അധികാരപരിധികളിൽ നിന്നുകൊണ്ട് ഈ സഭകളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രാലയങ്ങളെ സഹായിക്കുന്നതോടൊപ്പം ഈ സഭകൾക്ക് ഉപദേശവും ധനപരമായ സഹായവും ഈ കമ്മീഷൻ പ്രദാനം ചെയ്യുന്നു.

§ 2. ലാറ്റിൻ അമേരിക്കയിൽ പ്രവർത്തിക്കുന്ന ദേശീയവും അന്തർദേശീയവുമായ സഭാസ്ഥാപനങ്ങൾ തമ്മിലും കൂരിയാസ്ഥാപനങ്ങളുമായും ബന്ധം വളർത്തുകയെന്നതും ഈ കമ്മീഷന്റെ ഉത്തരവാദിത്വമാണ്.

## ആർട്ടിക്കിൾ 112

§ 1. ഈ കമ്മീഷന്റെ പ്രസിഡന്റ് മെത്രാന്മാർക്കുവേണ്ടിയുള്ള മന്ത്രാലയത്തിന്റെ പ്രീഫെക്ടാണ്. പ്രസിഡന്റിനെ സഹായിക്കാൻ ഒന്നോ അതിലധികമോ സെക്രട്ടറിമാരുണ്ടാകാം. റോമൻ കൂരിയായിലെ തെരഞ്ഞെടുത്ത അംഗങ്ങളും ലാറ്റിൻ അമേരിക്കൻ സഭയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട മെത്രാന്മാരും ഉപദേഷ്ടാക്കളായി (Counsellors) അവരെ സഹായിക്കാനുണ്ടാവും. സെക്രട്ടറിയെയും ഉപദേഷ്ടാക്കളെയും റോമാ പാപ്പാ നിയമിക്കുന്നത് അഞ്ച് വർഷത്തേക്കാണ്.

§ 2. കൂരിയാസ്ഥാപനങ്ങളിൽനിന്നുള്ളവർ, ലാറ്റിൻ അമേരിക്കൻ മെത്രാൻസമിതിയിൽ നിന്നുള്ളവർ (CELAM), ലാറ്റിൻ അമേരിക്കൻ റീജനിൽനിന്നുള്ള മെത്രാന്മാർ, 111-ാം ആർട്ടിക്കളിൽ സൂചിപ്പിക്കപ്പെട്ട സ്ഥാപനങ്ങളിൽനിന്നുള്ളവർ എന്നിവരിൽ നിന്നുമാണ് കമ്മീഷനിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. റോമാ പാപ്പയാണ് അവരെ അഞ്ച് വർഷത്തേക്ക് നിയമിക്കുന്നത്.

§ 3. കമ്മീഷന് സ്വന്തമായി ഉദ്യോഗസ്ഥരുണ്ട്.

## വൈദികർക്കുവേണ്ടിയുള്ള മന്ത്രാലയം

### ആർട്ടിക്കിൾ 113

§ 1. രൂപതാ വൈദികരെയും ഡീക്കന്മാരെയുംകുറിച്ചുള്ള എല്ലാ കാര്യങ്ങളും വൈദികർക്കുവേണ്ടിയുള്ള മന്ത്രാലയം നിർവഹിക്കുന്നു. അതായത്, അവരുടെ വ്യക്തിപരവും അജപാലനപരശുശ്രൂഷയും സംബന്ധിച്ച കാര്യങ്ങളുടെ ഫലപ്രദമായ നിർവഹണത്തിനുവേണ്ട എല്ലാ ഒത്താശങ്ങളും ഈ മന്ത്രാലയം ചെയ്യുന്നു. ഈ കാര്യങ്ങളിൽ ഉചിതമായ സഹായം മെത്രാന്മാർക്ക് ഈ മന്ത്രാലയം നല്കുന്നു.

§ 2. തിരുപ്പട്ടം സ്വീകരിക്കാനുള്ള അർഥികളെ പരിശീലിപ്പിക്കുന്നതിന് അപ്പസ്തോലിക സിംഹാസനത്തിനുള്ള ഔത്സുക്യം ഈ മന്ത്രാലയം പ്രകടമാക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുന്നു.

### ആർട്ടിക്കിൾ 114

§ 1. തങ്ങളുടെ സഭകളിൽ പൗരോഹിത്യ ശുശ്രഷയിലേക്കുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ ഈ മന്ത്രാലയം രൂപതാമെത്രാന്മാരെ സഹായിക്കുന്നു. നിയമാനുസൃതം സ്ഥാപിക്കുകയും നടത്തുകയും ചെയ്യുന്ന സെമിനാരികളിൽ വിദ്യാർഥികൾ മാനുഷികവും ആധ്യാത്മികവും ബൗദ്ധികവും അജപാലനപരവുമായ പരിശീലനവും രൂപവൽകരണവും വേണ്ട അളവിൽ നേടുന്നു എന്ന് ഇത് ഉറപ്പുവരുത്തുന്നു.

§ 2. നിയമപരമായി പരിശുദ്ധ സിംഹാസനത്തിന്റെ അധികാരസീമയിൽ വരുന്ന കാര്യങ്ങളെ സംബന്ധിച്ച് ഈ മന്ത്രാലയം ഉറപ്പുവരുത്താൻ ശ്രമിക്കുന്നു. അതായത്, സെമിനാരിയിലെ സമൂഹജീവിതവും സെമിനാരി ഭരണവും എല്ലാം സെമിനാരി രൂപവൽകരണവുമായി പൊരുത്തപ്പെട്ടുപോകുന്നു എന്ന് ഉറപ്പുവരുത്തുന്നു. സുപ്പീരിയർമാരും അധ്യാപകരും തങ്ങളുടെ മഹിതമായ മാതൃകയും ശരിയായ പ്രബോധനവും വഴി ഭാവിയിലെ അഭിഷിക്തരായ ശുശ്രൂഷകരുടെ രൂപവൽകരണത്തിനും സഹായിക്കുന്നു എന്ന കാര്യത്തിൽ ഈ മന്ത്രാലയം ശ്രദ്ധിക്കുന്നു.

§ 3. ഉചിതമായ ചട്ടങ്ങൾ പുറപ്പെടുവിച്ചുകൊണ്ട്, ഭാവിയിൽ വൈദികശുശ്രൂഷയിൽ ഏർപ്പെടാൻ പോകുന്നവരെ പരിശീലനവുമായി

ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും പ്രോത്സാഹിപ്പിക്കുക എന്നത് ഈ മന്ത്രാലയത്തിന്റെ ചുമതലയാണ്. *Ratio Fundamentalis Institutionis Sacerdotalis* ("പുരോഹിതരുടെ രൂപവൽകരണത്തിനു വേണ്ട അടിസ്ഥാന മാനദണ്ഡങ്ങൾ"), *Ratio Fundamentalis Institutionis Diaconorum Permanentium* ("സ്ഥിരമായ ഡീക്കൻമാരുടെ രൂപവൽകരണത്തിനുവേണ്ട അടിസ്ഥാന മാനദണ്ഡങ്ങൾ") എന്നീ പ്രമാണരേഖകൾക്കു പുറമേ തുടർ രൂപവൽകരണവുമായി ബന്ധപ്പെട്ട മറ്റു പ്രമാണരേഖകളും ഇവിടെ പ്രസക്തമാണ്.

§ 4. വിവിധ മെത്രാൻസമിതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള തങ്ങളുടെ രാഷ്ട്രത്തിലെ "പുരോഹിതരുടെ രൂപവത്കരണത്തിനുവേണ്ട ദേശീയ മാനദണ്ഡങ്ങൾ" (*Ratio Institutionis Sacerdotalis Nationalis*) സ്ഥിരീകരിക്കുന്നതിനുള്ള അധികാരം ഈ മന്ത്രാലയത്തിനുണ്ട്. അതുപോലെതന്നെ, വിവിധരൂപതകൾ സഹകരിച്ചു സ്ഥാപിക്കുന്ന സെമിനാരികൾക്കും അവയുടെ നിയമാവലി (Statutes) ക്കും അംഗീകാരം നല്കുന്നതിനുമുള്ള അധികാരവും ഈ മന്ത്രാലയത്തിനാണ്.

§ 5. വൈദിക പരിശീലനത്തിന്റെ നിലവാരം വർധിപ്പിക്കുന്നത് ഉറപ്പാക്കാൻവേണ്ടി വിവിധ രൂപതകൾ സഹകരിച്ചു നടത്തുന്ന സെമിനാരികളുടെ സംസ്ഥാപനത്തെ ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുന്നു. വേണ്ടത്ര വിദ്യാർഥികളുമായി, യോഗ്യതയുള്ള പരിശീലകരും അധ്യാപകരും ആധ്യാത്മിക നിയന്താക്കളും മറ്റെല്ലാ അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളുമായി രൂപതാ സെമിനാരികൾക്ക് തനിയെ പ്രവർത്തിക്കാൻ സാധ്യമല്ലാത്ത ഇടങ്ങളിൽ പ്രത്യേകിച്ചും ഇത്തരം സെമിനാരികളെ രൂപതകൾ സഹകരിച്ചുകൊണ്ട് നടത്താൻ ഈ മന്ത്രാലയം പ്രോത്സാഹനം നല്കുന്നതാണ്.

## ആർട്ടിക്കിൾ 115

§ 1. രൂപതാ മെത്രാന്മാർക്കും മെത്രാൻസമിതികൾക്കും ഈ മന്ത്രാലയം വിവിധ തരത്തിൽ സഹായം നല്കുന്നു. വൈദികരുടെ ജീവിതം, ശിക്ഷണം, അവകാശങ്ങളും ചുമതലകളും എന്നിവയുമായി ബന്ധപ്പെട്ട ഭരണകാര്യങ്ങൾ ഈ സഹായത്തിന്റെ പരിധിയിൽ പെടും. വൈദികരുടെ സ്ഥിരമായ പരിശീലനത്തിനും ഈ മന്ത്രാലയം സഹകരണം നല്കുന്നതാണ്. രൂപതാ മെത്രാന്മാരും മെത്രാൻസമിതി

കളും വൈദികരുടെ ഉപജീവനത്തിനും സാമൂഹിക ക്ഷേമത്തിനും നിയമാനുസൃതം വേണ്ടതെല്ലാം പ്രദാനം ചെയ്യുന്നുണ്ടെന്നും ഈ മന്ത്രാലയം ഉറപ്പുവരുത്തുന്നു.

§ 2. പുരോഹിതവൃത്തിയിലുള്ളവർ സമർപ്പിക്കുന്ന ഹയരാർക്കിക്കെതിരായ പ്രശ്നങ്ങളും തർക്കങ്ങളും, ഭരണപരമായ പ്രക്രിയയിലൂടെ പരിശോധിക്കുന്നതിന് ഈ മന്ത്രാലയത്തിനു അധികാരമുണ്ടായിരിക്കും. സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലും ഉള്ള പുരോഹിതർക്കും, അവർ ശുശ്രൂഷാ നിർവഹണവുമായി ബന്ധപ്പെടുന്നുണ്ടെങ്കിൽ, ഈ മന്ത്രാലയത്തെ സമീപിക്കാവുന്നതാണ്; അത്, ആർട്ടിക്കിൾ 28 § 1ന്റെ നിർദേശങ്ങൾക്കു ഭംഗംവരാത്ത രീതിയിലായിരിക്കണം.

§ 3. ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ വൈദികരുടെ ക്ഷാമം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, ഈ മന്ത്രാലയം, തൽസംബന്ധമായി അധികാരമുള്ള മറ്റ് മന്ത്രാലയങ്ങളുടെ സഹായത്തോടെ പഠിക്കുന്നതാണ്. കാരണം, ഈ സാഹചര്യം ദൈവജനത്തിന് ദിവ്യപൂജയിൽ ഭാഗഭാക്കുകളാകാനുള്ള അവസരം ഇല്ലാതാക്കുകയും സഭയുടെ കൗദാശിക ഘടനയെത്തന്നെ ദുർബലപ്പെടുത്തുകയും ചെയ്യുന്ന ഒന്നാണ്. അതിനാൽ, ഈ മന്ത്രാലയം വൈദികരുടെ കൂടുതൽ അനുയുക്തമായ വിതരണം ഉറപ്പാക്കുന്നതിന് മെത്രാന്മാരെയും മെത്രാൻസമിതികളെയും പ്രോത്സാഹിപ്പിക്കുന്നു.

## ആർട്ടിക്കിൾ 116

§ 1. കാനൻ നിയമചട്ടങ്ങളനുസരിച്ച് വൈദികശുശ്രൂഷാ സ്ഥിതിയിൽ ആയിരിക്കുന്ന എല്ലാവരുടെയും എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യാനുള്ള ഉത്തരവാദിത്വം ഈ മന്ത്രാലയത്തിനുണ്ട്. എല്ലാ വൈദികരുടെയും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെയും വൈദികർ ഉൾപ്പെടെ എന്നാണ്. സ്ഥിരമായുള്ള ഡീക്കന്മാരും ഇവരിൽപെടും. സാഹചര്യം ആവശ്യപ്പെടുമ്പോഴെല്ലാം അധികാരപ്പെട്ട മറ്റു മന്ത്രാലയങ്ങളുടെ സഹകരണത്തോടെ ഈ ഉത്തരവാദിത്വം ഈ മന്ത്രാലയത്തിനു നിർവഹിക്കാവുന്നതാണ്.

§ 2. വൈദികപട്ടവും ഡീക്കൻപട്ടവും സ്വീകരിക്കുന്നതിലൂടെ ഒരാളിൽ വന്നുഭവിക്കുന്ന ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിവാക്കണമെന്നുള്ള അപേക്ഷ പരിഗണിക്കുന്നതിനും ഈ മന്ത്രാലയത്തിന് അധികാരമുണ്ട്. രൂപതാ വൈദികർ എന്നതുപോലെ, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളിലെയും അംഗങ്ങൾക്കും ഇത് ബാധകമാണ്. ലത്തീൻ സഭകളിലെയും പൗരസ്ത്യസഭകളിലെയും വൈദികരും ഡീക്കന്മാരും ഇതിൽപ്പെടും.

## ആർട്ടിക്കിൾ 117

പേഴ്സണൽ പ്രിലേച്ചറുകളുമായി ബന്ധപ്പെട്ട പരിശുദ്ധ സിംഹാസനത്തിന്റെ പരിധിയിൽ വരുന്ന എല്ലാ കാര്യങ്ങളും ഈ മന്ത്രാലയത്തിന്റെ അധികാരസീമയിൽ പെടുന്നതാണ്.

## ആർട്ടിക്കിൾ 118

ഇതിൽ പരിശുദ്ധ സിംഹാസനത്തിന്റെ അധികാരത്തിൽപെടുന്ന താഴെപ്പറയുന്ന കാര്യങ്ങൾ ഈ മന്ത്രാലയം കൈകാര്യം ചെയ്യുന്നതാണ്:

1. രൂപതയിലെ ഫൈനാൻസ് കൗൺസിലുകൾ, പ്രെസ്ബിറ്ററീറൽ കൗൺസിലുകൾ, ആലോചനാസംഘങ്ങൾ (Colleges of Consultors) കാനൻ ചാപ്റ്ററുകൾ, രൂപതയിലെ പാസ്റ്ററൽ കൗൺസിലുകൾ, ഇടവകകൾ, പള്ളികൾ എന്നിവയെ നിയന്ത്രിക്കുന്ന പൊതു ചട്ടക്രമങ്ങൾ;
2. വൈദികവൃത്തിയിലുള്ളവരുടെ അസ്സോസിയേഷനുകൾ, പൊതു വൈദിക അസ്സോസിയേഷനുകൾ (Public Clerical Associations). ഇതിൽ രണ്ടാമത് പറഞ്ഞ അസ്സോസിയേഷനുകൾക്ക് അധികാരപ്പെട്ട മന്ത്രാലയങ്ങളുമായി ആലോചിച്ചശേഷം, റോമാ പാപ്പായുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ, തങ്ങളുടെ കൂട്ടത്തിലേക്ക് ഔദ്യോഗികമായി അംഗങ്ങളായി വൈദികരെ സ്വീകരിക്കാനുള്ള അധികാരം (the faculty to incardinate) ഈ മന്ത്രാലയത്തിനു നല്കാവുന്നതാണ്;
3. സഭാപരമായ പുരാവസ്തുക്കൾ; ചരിത്രരേഖകൾ എന്നിവ സൂക്ഷിക്കുക;
4. പൊതുവായുള്ള ഭക്ത ഒസ്യത്തുകളുടെ അല്ലെങ്കിൽ ഫൗണ്ടേഷനുകളുടെ വിൽപത്രം ഇല്ലായ്മ ചെയ്യൽ (extinction of wills).

## ആർട്ടിക്കിൾ 119

പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ടുള്ള സഭയുടെ വസ്തുവക

കളുടെ നിയന്ത്രണം സംബന്ധിച്ച് എല്ലാ കാര്യങ്ങളും നിർവഹിക്കുന്നത് ഈ മന്ത്രാലയമാണ്, പ്രത്യേകിച്ച് അവയുടെ ശരിയായ മാനേജ്മെന്റ്. അവയ്ക്കു വേണ്ടതായ അനുവാദവും അംഗീകാരവും നല്കുന്നതും ഈ മന്ത്രാലയംതന്നെ. എന്നാൽ സുവിശേഷവൽകരണത്തിനുള്ള മന്ത്രാലയത്തിന്റെയും പൗരസ്ത്യസഭകളെയും സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളെ സംബന്ധിച്ച മന്ത്രാലയങ്ങളുടെയും അധികാരപരിധികളെ കണക്കിലെടുത്തുവേണം ഇവയെല്ലാം നിർവഹിക്കാൻ.

## ആർട്ടിക്കിൾ 120

ഈ മന്ത്രാലയത്തിന്റെ ഉള്ളിൽത്തന്നെ സ്ഥാപിതമായിട്ടുള്ളതാണ് പൊന്തിഫിക്കൽ വർക്ക് ഫോർ പ്രീസ്റ്റിലി വൊക്കേഷനും (Pontifical Work for Priestly Vocation), പെർമനന്റ് ഇന്റർ ഡിക്കാസ്റ്ററൽ കമ്മീഷൻ ഫോർ ദ ഫോർമേഷൻ ഫോർ ഹോളി ഓർഡേഴ്സും (Permanent Interdicasteral Commission for the Formation for Holy Orders). തന്റെ ഔദ്യോഗിക പദവിയിൽത്തന്നെ ഈ മന്ത്രാലയത്തിന്റെ പ്രീഫെക്ട് ആയിരിക്കും ഇവയുടെ അധ്യക്ഷൻ.

# സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും അപ്പസ്തോലിക ജീവിത സമൂഹങ്ങൾക്കും വേണ്ടിയുള്ള മന്ത്രാലയം

## ആർട്ടിക്കിൾ 121

ഈ മന്ത്രാലയത്തിന്റെ അധികാരസീമയിൽ വരുന്ന കാര്യങ്ങൾ ഇവയാണ്: സുവിശേഷോപദേശാനുഷ്ഠാന ജീവിതത്തെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക; സമർപ്പിതജീവിതത്തിന്റെ അംഗീകരിക്കപ്പെട്ട രൂപഭാവങ്ങളിൽ അവ ജീവിതത്തിൽ പകർത്തുന്നതിൽ അവരെ നയിക്കുക; അപ്പസ്തോലിക ജീവിത സംഘങ്ങളുടെ ജീവിതവും പ്രവർത്തനവും സംബന്ധിച്ച് എല്ലാ കാര്യങ്ങളിലും അവയെ നയിക്കുക. ലത്തീൻ സഭയിലെ ഇതുപോലെയുള്ള സ്ഥാപനങ്ങൾക്കാണ് ഇക്കാര്യങ്ങളെല്ലാം ഉദ്ദേശിച്ചിരിക്കുന്നത്.

## ആർട്ടിക്കിൾ 122

§ 1. സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾക്കും അപ്പസ്തോലിക ജീവിത സമൂഹങ്ങൾക്കും അംഗീകാരം നല്കുക, അവ സ്ഥാപിക്കുക, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുവും അപ്പസ്തോലിക ജീവിത

സമൂഹവും രൂപതാ മെത്രാന്റെ അധികാര പരിധിയിൽ സ്ഥാപിത മായാൽ അതിനു സാധുതയും അനുവാദവും നല്കുക എന്നീ ഈ കാര്യങ്ങൾ മന്ത്രാലയത്തിന്റെ അധികാരസീമയിൽ പെടുന്നവയാണ്.

§ 2. സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അപ്പസ്തോലിക ജീവിതസമൂഹങ്ങളുടെയും ലയനം, ഐക്യപ്പെടൽ, നിരോധനം എന്നിവ ഈ മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി മാറ്റിവയ്ക്ക പ്പെട്ട (reserved) വിഷയങ്ങളാണ്.

§ 3. നിലവിൽ നിയമപരമായ അംഗീകാരം നേടിയിട്ടുള്ള സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നു വ്യത്യസ്തമായ പുതിയ സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം നല്കുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക എന്നതും ഈ മന്ത്രാലയത്തിന്റെ അധികാരസീമയിൽ വരുന്ന കാര്യങ്ങളാണ്.

§ 4. സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളുടെയും യൂണിയനുകൾ, കോൺഫെഡറേഷ നുകൾ, ഫെഡറേഷനുകൾ എന്നിവ സ്ഥാപിക്കുക, അല്ലെങ്കിൽ അവയ്ക്കു നിരോധനം ഏർപ്പെടുത്തുക എന്നിവയും ഈ മന്ത്രാലയത്തിന്റെ ചുമതലയിൽ പെടുന്നു.

## ആർട്ടിക്കിൾ 123

സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളും അപ്പസ്തോലിക ജീവിത സമൂഹ ങ്ങളും സുവിശേഷത്തിനനുസൃതമായി ക്രിസ്തുവിനെ പിൻതുടരുന്നത് ശരിയായ വിധത്തിലാണെന്നുള്ളത് ഈ മന്ത്രാലയം വിലയിരുത്തുന്നു. അത് സഭാസ്ഥാപകരുടെ സിദ്ധികളുടെ ചൈതന്യത്തിലും മഹിതമായ പാരമ്പര്യങ്ങളിലും ഉറച്ചുനിന്നുമായിരിക്കണം. അവർ വിശ്വസ്തത യോടെ തങ്ങളുടെ ലക്ഷ്യം പിന്തുടരുന്നുണ്ടെന്നും സഭ കെട്ടിപ്പടുക്കുന്ന തിൽ ഫലപ്രദമായ സംഭാവനകൾ നല്കി ലോകത്തിൽ സഭയുടെ ദൗത്യം നിറവേറ്റുന്നുവെന്നും ഉറപ്പാക്കുകയെന്നത് ഈ മന്ത്രാലയ ത്തിന്റെ ഉത്തരവാദിത്വമാണ്.

## ആർട്ടിക്കിൾ 124

§ 1. സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളുടെയും ജീവിതത്തെയും പ്രവർത്തനങ്ങളെയും

സംബന്ധിച്ച് അപ്പസ്തോലിക സിംഹാസനത്തിന്റെ അധികാരസീമയിൽ വരുന്ന കാര്യങ്ങൾ, കാനൻ നിയമപ്രകാരം ഈ മന്ത്രാലയം കൈകാര്യം ചെയ്യുന്നു. ഈ മന്ത്രാലയത്തിന്റെ മുഖ്യപരിഗണനാവിഷയങ്ങൾ:

1. ഭരണഘടനയുടെ അംഗീകാരവും അവയുടെ ഭേദഗതിവരുത്തലും;
2. സാധാരണ ഭരണവും, അംഗങ്ങളുടെ ശിക്ഷണവും;
3. അംഗങ്ങളുടെ ഉൾച്ചേർക്കലും അവരുടെ രൂപവൽകരണവും-അതും നിർദിഷ്ട ചട്ടങ്ങളും നിർദേശങ്ങളും വഴിയായി;
4. ഭൗതിക വസ്തുക്കളും അവയുടെ കൈകാര്യം ചെയ്യലും;
5. പ്രേഷിതദൗത്യം (the apostolate);
6. അസാധാരണമായ ഭരണ നടപടിക്രമങ്ങൾ.

§ 2. നിയമാനുസൃത ചട്ടപ്രകാരം ഈ മന്ത്രാലയത്തിന്റെ അധികാരസീമയിൽ താഴെപ്പറയുന്ന കാര്യങ്ങളും ഉണ്ട്:

1. മറ്റൊരു അംഗീകൃത സമർപ്പിതജീവിത ഇൻസ്റ്റിറ്റ്യൂട്ടിലേക്കു ഒരംഗത്തിന്റെ മാറ്റം (transfer);
2. നിത്യവ്രതവാഗ്ദാനം ചെയ്ത ഒരംഗത്തിന് സഭയിൽ നിന്നും സുപ്രീം മോഡറേറ്റേഴ്സ് അനുവദിക്കുന്നതിലും കൂടുതൽ കാലം വിട്ടുനില്ക്കാനും ആവൃതയ്ക്കു പുറത്തു നില്ക്കാനും അനുവാദം നല്കൽ;
3. നിത്യവ്രതവാഗ്ദാനം ചെയ്ത ഒരംഗത്തിനു പൊന്തിഫിക്കൽ അവകാശമുള്ള സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നോ അപ്പസ്തോലിക ജീവിത സമൂഹത്തിൽനിന്നോ സമ്പൂർണമായി പിരിഞ്ഞുപോകാനുള്ള അനുവാദം നല്കൽ;
4. നിർബന്ധമായ ആവൃതയ്ക്കു പുറത്താക്കൽ;
5. അംഗങ്ങളെ പുറത്താക്കിക്കൊണ്ടു ഡിക്രിക്കെതിരെയുള്ള അപ്പീലുകളുടെ പരിശോധന.

## ആർട്ടിക്കിൾ 125

മേജർ സുപ്പീരിയർമാരുടെ അന്തർദേശീയ കോൺഫ്രൻസുകൾ സ്ഥാപിക്കുകയും അവയുടെ നിയമാവലികൾ അംഗീകരിക്കുകയും പ്രവർത്ത

നങ്ങൾ ഉദ്ദിഷ്ഠ ലക്ഷ്യങ്ങൾക്കായി ക്രമപ്പെടുത്തിയിരിക്കുന്നു എന്നു ഉറപ്പുവരുത്തുകയും ചെയ്യുക എന്നത് ഈ മന്ത്രാലയത്തിന്റെ അധികാരപരിധിയിൽ വരുന്നവയാണ്.

## ആർട്ടിക്കിൾ 126

§ 1. സന്ന്യാസീസന്യാസിനികളുടെ ഏകാന്തവാസം (eremetical life), ബ്രഹ്മചര്യം പാലിക്കാൻ വ്രതമെടുത്തവരുടെ സമൂഹം (*Ordo Virginum*) എന്നതും സമർപ്പിതജീവിതത്തിന്റെതന്നെ ഒരു രൂപഭാവമെന്ന നിലയിൽ, ഈ മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന കാര്യങ്ങളാണ്.

§ 2. അന്തർദേശീയതലത്തിൽ ബ്രഹ്മചര്യം പാലിക്കാൻ വ്രതമെടുത്തവരുടെ (*Ordo Virginum*) അസോസിയേഷൻ സ്ഥാപിക്കുകയെന്നതും ഈ മന്ത്രാലയത്തിന്റെ ചുമതലതന്നെ.

## ആർട്ടിക്കിൾ 127

സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുമായോ അപ്പസ്തോലിക ജീവിത സമൂഹമായോ പരിണമിക്കാൻ ഉദ്ദേശിച്ചുകൊണ്ട് സ്ഥാപിക്കപ്പെടുന്ന മൂന്നാംസഭകളും വിശ്വാസികളുടെ അസ്സോസിയേഷനുകളും ഈ മന്ത്രാലയത്തിന്റെ അധികാരസീമയിൽ ഉൾപ്പെടുന്നു.

# അല്മായർക്കും കുടുംബത്തിനും ജീവനും വേണ്ടിയുള്ള മന്ത്രാലയം

## ആർട്ടിക്കിൾ 128

§ 1. അല്മായ വിശ്വാസികളുടെ പ്രേഷിതദൗത്യം, യുവജനങ്ങളുടെ അജപാലന ശുശ്രൂഷ, കുടുംബവും ദൈവികപദ്ധതിയനുസരിച്ചുള്ള അതിന്റെ ദൗത്യവും, മുതിർന്നവർ, ജീവന്റെ പ്രോത്സാഹനവും പരിരക്ഷണവും എന്നിവ അല്മായർക്കും കുടുംബത്തിനും ജീവനും വേണ്ടിയുള്ള മന്ത്രാലയത്തിന്റെ അധികാരപരിധിയിൽപെടുന്ന വിഷയങ്ങളാണ്.

§ 2. ഈ മന്ത്രാലയത്തിന്റെ ചുമതലകൾ നിർവഹിക്കുന്നതിൽ, പ്രാദേശിക സഭകൾ, മെത്രാൻസമിതികൾ, അവയുടെ പ്രാദേശികവും അന്തർദേശീയവുമായ ഘടകങ്ങൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ, ഇതര സഭാസ്ഥാപനങ്ങൾ

എന്നിവയുമായി ബന്ധപ്പെട്ടു ഈ മന്ത്രാലയം പ്രവർത്തിക്കുന്നു. അങ്ങനെ അവ തമ്മിലുള്ള ബന്ധം പ്രോത്സാഹിപ്പിക്കുകയും മന്ത്രാലയംതന്നെ ഇക്കാര്യത്തിൽ സഹകരണം വാഗ്ദാനം ചെയ്തുകൊണ്ട്, ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട മൂല്യങ്ങളും സംരംഭങ്ങളും വികസിതമാക്കാൻ അവസരമൊരുക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 129

സഭയിലും ലോകത്തിലും അല്മായ വിശ്വാസികളുടെ ദൈവവിളിയും പ്രേഷിതദൗത്യവും കൂടുതൽ ജീവസുറ്റതാക്കി, അവരെ പ്രോത്സാഹിപ്പിക്കുന്നതിൽ വിവിധ അല്മായ-സഭാസംഘടനകളുമായി സഹകരിച്ചാണ് ഈ മന്ത്രാലയം പ്രവർത്തിക്കുന്നത്. അതുവഴി, അല്മായ വിശ്വാസികൾക്ക് വിവിധ സാമൂഹിക പശ്ചാത്തലങ്ങളിലുള്ള വിശ്വാസ ജീവിതാനുഭവങ്ങളും തങ്ങളുടെ ഭൗതികജീവിതത്തിലെ കഴിവുകളും സഭയുടെ അജപാലനശുശ്രൂഷയിലും ഭരണത്തിലും ഉപകരിക്കത്തക്കവിധം പങ്കുവയ്ക്കാൻ സാധിക്കും.

## ആർട്ടിക്കിൾ 130

ലോകം വിവിധതരത്തിലുള്ള വെല്ലുവിളികൾ നേരിടുമ്പോൾ യുവജനങ്ങൾ വഹിക്കേണ്ട നേതൃപരമായ മുഖ്യ പങ്കിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഈ മന്ത്രാലയം യുവജനങ്ങളോടുള്ള സഭയുടെ സവിശേഷമായ കരുതൽ പ്രകടമാക്കുന്നു. യുവജനശുശ്രൂഷയിൽ റോമാ പാപ്പാ ഏറ്റെടുക്കുന്ന സംരംഭങ്ങളെ മന്ത്രാലയം പിന്തുണയ്ക്കുന്നു; മെത്രാൻ സമിതികൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ അന്തർദേശീയ യുവജനപ്രസ്ഥാനങ്ങൾ, സംഘടനകൾ എന്നിവയുടെ ശുശ്രൂഷയ്ക്കായി മന്ത്രാലയം ശ്രദ്ധവയ്ക്കുന്നു. ഈ മന്ത്രാലയം ഇവ തമ്മിലുള്ള സഹകരണം വളർത്തുകയും അന്തർദേശീയ തലത്തിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 131

സ്ത്രീകളുടെയും പുരുഷന്മാരുടെയും ബന്ധത്തെക്കുറിച്ച് ഈ മന്ത്രാലയം ആഴത്തിൽ വിചിന്തനം നടത്താൻ ശ്രമിക്കുന്നത് അവരുടെ തനതായ സ്വത്വം കണക്കിലെടുത്തുകൊണ്ടും അന്യോന്യഭാവം, പരസ്പരപൂരകത്വം, തുല്യമായ അന്തസ്സ് എന്നിവ പരിഗണിച്ചുമാണ്. സ്ത്രീകളുടെയും പുരുഷന്മാരുടെയും സ്വത്വത്തെയും സഭയിലുള്ള അവരുടെ

ദൗത്യത്തെയും, സമൂഹത്തിലുള്ള അവരുടെ പങ്കിനെയും സഭയിൽ വിചിന്തനം നടത്തുന്നതിൽ ഈ മന്ത്രാലയം അതിന്റേതായ സംഭാവനകൾ നല്കുന്നു. അത് സ്ത്രീപുരുഷന്മാരുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം അവരുടെ തനതായ സ്വഭാവസവിശേഷതകളെ മാനിക്കുകയും ചെയ്യുന്നു. സഭയിൽ സ്ത്രീകൾക്കായി മാതൃകാഭാവങ്ങളെ വളർത്തിയെടുക്കാനും ഈ മന്ത്രാലയം ശ്രദ്ധ പതിപ്പിക്കുന്നു.

## ആർട്ടിക്കിൾ 132

ജ്ഞാനസ്നാനം അവർക്കു നല്കുന്ന യോഗ്യതകൾ, അവരുടെ വ്യത്യസ്തങ്ങളായ സിദ്ധികൾ, ശുശ്രൂഷകൾ എന്നിവ പരിഗണിച്ചുകൊണ്ടാണ് അല്മായരും അഭിഷിക്തരായ ശുശ്രൂഷകരും തമ്മിലുള്ള സഹകരണത്തിന്റെ വിവിധ പ്രശ്നങ്ങൾ ഈ മന്ത്രാലയം പഠനവിധേയമാക്കുന്നത്. അപ്രകാരം ഇരുകൂട്ടരിലും സഭയുടെ ജീവിതത്തിലും ദൗത്യത്തിലുമുള്ള തങ്ങളുടെ കൂട്ടുത്തരവാദിത്വത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുംവേണ്ടിയാണിത്.

## ആർട്ടിക്കൽ 133

പ്രാദേശിക സഭകളുടെ ആവശ്യങ്ങൾ പരിഗണിച്ച് പുതിയ ശുശ്രൂഷകൾ സഭയിൽ സ്ഥാപിക്കുന്നതും സഭാചുമതലകൾ അല്മായരെ ഭരമേല്പിക്കുന്നതും സംബന്ധിച്ച മെത്രാൻസമിതികളുടെ നിർദേശങ്ങൾ, ബന്ധപ്പെട്ട ഇതര മന്ത്രാലയങ്ങളുടെ സമ്മതത്തോടെ, വിലയിരുത്താനും അവയ്ക്ക് അംഗീകാരം നല്കാനും ഈ മന്ത്രാലയത്തിനു അധികാരമുണ്ട്.

## ആർട്ടിക്കിൾ 134

ഈ മന്ത്രാലയം അതിന്റെ അധികാരസീമയിൽ നിന്നുകൊണ്ട് വിശ്വാസികളുടെ ചില ഗണങ്ങളുടെയും സഭാപ്രസ്ഥാനങ്ങളുടെയും ജീവിതത്തെയും വികസനത്തെയും അനുഗമിക്കുന്നു. അതിൽ അന്തർദേശീയ സ്വഭാവമുള്ളവയെ കാനൻ നിയമങ്ങളുടെ വ്യവസ്ഥകളനുസരിച്ച് അംഗീകരിക്കുകയും സ്ഥാപിക്കുകയും അവയുടെ നിയമാവലി അംഗീകരിക്കുകയും ചെയ്യുന്നു. സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിന്റെ അധികാരസീമയ്ക്ക് കോട്ടം തട്ടാതെയാണ് ഇക്കാര്യങ്ങൾ ഈ മന്ത്രാലയം നിർവഹിക്കുന്നത്. അല്മായരുടെ സാധാരണ ജീവിതവും പ്രേഷിത

ദൗത്യവും സംബന്ധിച്ച ഹയരാർക്കിക്കലായി സമർപ്പിക്കാനിടയുള്ള അപ്പീലുകളും ഈ മന്ത്രാലയം പരിഗണിക്കുന്നു.

## ആർട്ടിക്കിൾ 135

സഭയുടെ പ്രബോധനങ്ങളനുസരിച്ച് വിവാഹത്തിനും കുടുംബത്തിനും നൽകേണ്ട അജപാലന ശുശ്രൂഷയെ ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുന്നു. സഭയിലും സമൂഹത്തിലും സാമ്പത്തിക-രാഷ്ട്രീയ ജീവിതത്തിൽ ദമ്പതികൾക്കും കുടുംബങ്ങൾക്കുമുള്ള അവകാശങ്ങളും കടമകളും അംഗീകരിച്ച് ഉറപ്പാക്കുന്നതിനായി ഈ മന്ത്രാലയം പ്രവർത്തിക്കുന്നു; അന്തർദേശീയ യോഗങ്ങളും മറ്റു പരിപാടികളും പ്രോത്സാഹിപ്പിക്കുന്നു.

## ആർട്ടിക്കിൾ 136

സുവിശേഷവൽകരണത്തിനുള്ള മന്ത്രാലയം, സംസ്കാരത്തിനും വിദ്യാഭ്യാസത്തിനുമായുള്ള മന്ത്രാലയം എന്നിവയുമായി സഹകരിച്ചുകൊണ്ട് കുടുംബങ്ങളിൽ വിശ്വാസം പകർന്നുകൊടുക്കാനായി നല്ല മാതൃകകളെ വികസിപ്പിച്ചെടുക്കാനും പങ്കുവയ്ക്കാനും മാതാപിതാക്കളെ തങ്ങളുടെ വിശ്വാസം അനുദിന ജീവിതത്തിൽ ജീവിച്ചു കാണിക്കുന്നതിൽ പ്രോത്സാഹിപ്പിക്കാനും ഈ മന്ത്രാലയം ശ്രമിക്കുന്നു. അജപാലന ശുശ്രൂഷയിലും വിദ്യാഭ്യാസത്തിലും എല്ലാവരെയും ഉൾക്കൊള്ളുന്ന മാതൃകകളെയാണ് (inclusive models) ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുന്നത്.

## ആർട്ടിക്കിൾ 137

§ 1. മെത്രാൻസമിതികൾ പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവ നല്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ദമ്പതികളുടെയും കുടുംബങ്ങളുടെയും ജീവിതത്തിലെ നരവംശശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവും സാമ്പത്തികപരവുമായ അവസ്ഥകളുടെ വിവിധമാനങ്ങൾ ഈ മന്ത്രാലയം പരിശോധനാ വിഷയമാക്കുന്നു.

§ 2. വിവാഹജീവിതത്തിലെയും കുടുംബത്തിലെയും പ്രതിസന്ധികളുടെ മുഖ്യകാരണങ്ങൾ വിദഗ്ധരുടെ സഹായത്തോടെ ഈ മന്ത്രാലയം പഠനവിധേയമാക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. തകരുന്ന കുടുംബങ്ങളിലെ വ്യക്തികളുടെ, പ്രത്യേ

കിച്ച് കുട്ടികളുടെ, അനുഭവങ്ങൾക്ക് ഇവിടെ സവിശേഷ പ്രാധാന്യം നല്കുന്നു. കുടുംബത്തിന്റെ മൂല്യത്തെക്കുറിച്ചും സമൂഹത്തിലും സഭയിലും മാതാപിതാക്കന്മാർ വഹിക്കുന്ന പങ്കിനെക്കുറിച്ചും കൂടുതൽ അവബോധം വളർത്തുകയാണിതിന്റെ ലക്ഷ്യം.

§ 3. മെത്രാൻസമിതികൾ പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് വിശ്വാസികളെ അജപാലനപരമായി അനുഗമനം ചെയ്യാനുതകുന്ന മാതൃകകൾ ശേഖരിക്കാനും നിർദേശിക്കാനും എങ്ങനെ മനഃസാക്ഷി രൂപവൽക്കരണം നടത്താം എന്നതും ഈ മന്ത്ര്യാലയം ആലോചിക്കുന്നു. മാത്രമല്ല, വിവാഹമോചനം നടത്തി സിവിൽ ആയി പുനർവിവാഹം നടത്തിയവർ, ചില സംസ്ക്കാരങ്ങളിൽ ബഹുഭാര്യാത്വത്തിന്റെ സാഹചര്യത്തിൽ ജീവിക്കുന്നവർ എന്നിവരുടെ കാര്യങ്ങളിൽ അജപാലനപരമായി സ്വീകരിക്കേണ്ട സമീപനങ്ങളെക്കുറിച്ചും ഈ മന്ത്രാലയം പര്യാലോചിക്കുന്നു.

## ആർട്ടിക്കിൾ 138

§ 1. ഉത്തരവാദിത്വപൂർണമായ സന്താനോത്പാദനം (responsible procreation) എന്നതിന്റെ സംരംഭങ്ങളെ ഈ മന്ത്രാലയം പിന്തുണയ്ക്കുകയും മനുഷ്യജീവൻ ഗർഭധാരണം മുതൽ നൈസർഗികമായ അതിന്റെ അവസാനംവരെയും പരിരക്ഷിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്യുന്നു. വളർച്ചയുടെ വിവിധഘട്ടങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തിയുടെ ആവശ്യങ്ങൾ കണക്കിലെടുത്താണ് ഇപ്രകാരമൊരു നിലപാട് കൈക്കൊള്ളുന്നത്.

§ 2. ജീവിതമെന്ന ദാനത്തെ സ്വാഗതം ചെയ്യാനും ഉത്തരവാദിത്വബോധത്തോടെ കാത്തുസംരക്ഷിക്കാനും കുടുംബങ്ങളെയും വ്യക്തികളെയും സഹായിക്കുന്ന സംഘടനകളെയും അസ്സോസിയേഷനുകളെയും ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുകയും അവർക്ക് ഉത്തേജനം നല്കുകയും ചെയ്യുന്നു. സങ്കീർണപ്രശ്നങ്ങളുള്ള ഗർഭധാരണമാണെങ്കിൽപോലും ഗർഭച്ഛിദ്രം തടയുന്നതിനാണ് ഇവിടെ ഊന്നൽ. ഗർഭച്ഛിദ്രത്തിൽ ഉൾപ്പെട്ടവരെ സഹായിക്കുന്നതിനുവേണ്ടി പ്രാദേശിക സഭകൾ, മെത്രാൻസമിതികൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവ നടത്തുന്ന പദ്ധതികളിലും സംരംഭങ്ങളിലും ഈ മന്ത്രാലയം സഹകരിക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 139

§ 1. ബയോമെഡ്സിൻ, മനുഷ്യജീവനുമായി ബന്ധപ്പെട്ട നിയമം എന്നീ മേഖലകളിലെ മുഖ്യപ്രശ്നങ്ങൾ ഈ മന്ത്രാലയം പഠിക്കുന്നു. ദൈവശാസ്ത്രം, ബന്ധപ്പെട്ട മറ്റ് ശാസ്ത്രവിഷയങ്ങൾ എന്നിവയുമായി ആശയവിനിമയം നടത്തിക്കൊണ്ട് സഭയുടെ പ്രബോധനങ്ങളുടെ (Magisterium of the Church) അടിസ്ഥാനത്തിലാണ് ഈ മന്ത്രാലയം പഠനം നടത്തുന്നത്. മനുഷ്യജീവനെക്കുറിച്ച് ഉയർന്നുവരുന്ന സിദ്ധാന്തങ്ങളും (theories) മനുഷ്യവംശത്തിന്റെ യാഥാർഥ്യവും ഇവിടെ പരിശോധിക്കപ്പെടുന്നു. മേല്പറഞ്ഞ സമസ്യകൾ പഠനവിധേയമാക്കുമ്പോൾ വിശ്വാസപ്രബോധന മന്ത്രാലയവുമായി ആലോചന നടത്തിയാണ് ഈ മന്ത്രാലയം മുമ്പോട്ടു പോകുന്നത്.

§ 2. അതുപോലെതന്നെ, സാമൂഹികജീവിതത്തിലെ വ്യതിയാനങ്ങളും ഈ മന്ത്രാലയം വിചിന്തന വിഷയമാക്കുന്നു. വ്യക്തിയുടെ പൂർണവും സമഗ്രവുമായ വികാസം ലക്ഷ്യംവച്ചുകൊണ്ടും വളർച്ചയ്ക്ക് മൂല്യംകല്പിച്ചുകൊണ്ടുമാണിതു ചെയ്യുന്നത്; സാംസ്കാരികവും സാമൂഹികവുമായ തലങ്ങളിൽ ഈ വികാസത്തെ തടസ്സപ്പെടുത്തുന്ന പ്രവണതകളെ ഇത് കണക്കിലെടുക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 140

കുടുംബത്തിന്റെ നന്മയെ ലക്ഷ്യംവച്ചുകൊണ്ട് ഓരോ ദേശത്തും അന്തർദേശീയതലത്തിലും പ്രവർത്തിക്കുന്ന കത്തോലിക്കാ സ്ഥാപനങ്ങൾ, അസോസിയേഷനുകൾ, പ്രസ്ഥാനങ്ങൾ, സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങളെ ഈ മന്ത്രാലയം ശ്രദ്ധിക്കുന്നു.

## ആർട്ടിക്കിൾ 141

§ 1. ജീവനുവേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമി (Pontifical Academy for Life) യുമായി സഹകരിച്ചുകൊണ്ട് മനുഷ്യ ജീവന്റെ സംരക്ഷണം, അതിന്റെ പ്രോത്സാഹനം എന്നീ വിഷയങ്ങളിൽ ഈ മന്ത്രാലയം അതിന്റെ അധികാരം ഉപയോഗപ്പെടുത്തുന്നു.

§ 2. പൊന്തിഫിക്കൽ, ജോൺ പോൾ രണ്ടാമൻ തിയളോജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാട്രിമോണിയൽ ആന്റ് ഫാമിലി സയൻസുമായി (Pontifical John Paul II Theological Institute for Matrimonial and Family

Science) സഹകരിച്ചുകൊണ്ട് വിവാഹം, കുടുംബം, ജീവൻ എന്നീ വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു പൊതു മാർഗരേഖ പ്രോത്സാഹിപ്പിക്കുവാൻ മന്ത്രാലയം പ്രവർത്തിക്കുന്നു. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെൻട്രൽ സെഷനും മറ്റു സെഷനുകളും അസോഷ്യേറ്റഡ് അഥവാ ബന്ധപ്പെട്ട കേന്ദ്രങ്ങളുമായി മന്ത്രാലയം ചേർന്നു പ്രവർത്തിക്കുന്നു.

## ക്രിസ്തീയ ഐക്യം പ്രോത്സാഹിപ്പിക്കാനുള്ള മന്ത്രാലയം

### ആർട്ടിക്കിൾ 142

ക്രിസ്തീയ ഐക്യം പ്രോത്സാഹിപ്പിക്കുകയെന്ന ഈ മന്ത്രാലയത്തിന്റെ ചുമതലപ്രകാരം ഇത് ഈ കാലഘട്ടത്തിലെ സഭൈക്യ സംരംഭങ്ങളിലും പ്രവർത്തനങ്ങളിലും ഏർപ്പെടുന്നു. ഈ പ്രവർത്തനങ്ങൾ കത്തോലിക്കാസഭയ്ക്കുള്ളിലും മറ്റു സഭകളിലും സഭാത്മകസമൂഹങ്ങളിലും നടത്തുന്നത് ക്രിസ്ത്യാനികളുടെ ഇടയിൽ ഐക്യം പുനഃസ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെയത്രേ.

### ആർട്ടിക്കിൾ 143

§ 1. സഭൈക്യത്തെകുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും കൗൺസിലിനു ശേഷവുമുള്ള പ്രബോധനങ്ങളും നടപ്പാക്കുകയെന്നതാണ് ഈ ഈ മന്ത്രാലയത്തിന്റെ ചുമതല.

§ 2. സഭൈക്യപ്രവർത്തനത്തെ നയിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി എക്യുമെനിക്കൽ തത്ത്വങ്ങളുടെയും വ്യവസ്ഥാപിതമായ നിർദേശങ്ങളുടെയും ശരിയായ വ്യാഖ്യാനവും വിശ്വസ്തമായ പ്രയോഗവുമാണ് ഈ മന്ത്രാലയം നടത്തുന്നത്.

§ 3. ക്രിസ്തീയ ഐക്യം വളർത്തുന്നതിനു ഉപയുക്തമായ കത്തോലിക്കാ യോഗങ്ങളും പരിപാടികളും ദേശീയതലത്തിലും അന്തർദേശീയതലത്തിലും ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുന്നു.

§ 4. മറ്റു കൂരിയൽ സ്ഥാപനങ്ങൾ, ഓഫീസുകൾ, പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ എന്നിവ ഇതര സഭകളോടും സഭാത്മകസമൂഹങ്ങളോടും ചേർന്ന് നടത്തുന്ന സഭൈക്യ സംരംഭങ്ങളുടെ ഏകോപനം ഈ മന്ത്രാലയം നടത്തുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 144

§ 1. റോമാ പാപ്പായുടെ മുൻപിൽ മുൻകൂട്ടി കാര്യങ്ങൾ അവതരിപ്പിച്ചശേഷം, ഇതരസഭകളും സഭാത്മകസമൂഹങ്ങളുമായും ഉള്ള ബന്ധത്തിന്റെ വിഷയം ഈ മന്ത്രാലയം കൈകാര്യം ചെയ്യുന്നു. വിദഗ്ധരുടെ സഹകരണത്തോടെ, അവരുമായുള്ള ഐക്യം വളർത്തുന്നതിനുവേണ്ടി ദൈവശാസ്ത്രപരമായ സംവാദവും യോഗങ്ങളും ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുന്നു.

§ 2. സഭൈക്യപരമായ വ്യത്യസ്ത യോഗങ്ങൾക്കുവേണ്ടി ഈ മന്ത്രാലയം ദൈവശാസ്ത്രപരമായ സംവാദങ്ങളിൽ കത്തോലിക്കാ അംഗങ്ങളെയും കത്തോലിക്കാ നിരീക്ഷകരെയും പ്രതിനിധികളെയും നിയമിക്കുന്നു. ഉചിതമെന്നു തോന്നുന്ന അവസരങ്ങളിലെല്ലാം നിർണായകമായ കത്തോലിക്കാ യോഗങ്ങളിലേക്കും പരിപാടികളിലേക്കും ഇതര സഭകളിൽനിന്നും സഭാത്മക സമൂഹങ്ങളിൽനിന്നുമുള്ള നിരീക്ഷകരെയും സഹോദര പ്രതിനിധികളെയും ക്ഷണിക്കുന്നു.

§ 3. ആധ്യാത്മികവും അജപാലനപരവും സാംസ്കാരികവുമായ തലങ്ങളിലും സഭൈക്യപരമായ സംരംഭങ്ങൾ വളർത്തിയെടുക്കാൻ ഈ മന്ത്രാലയം ശ്രമിക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 145

§ 1. ഈ മന്ത്രാലയത്തിന് ഇതിന്റെ സ്വഭാവം കൊണ്ടുതന്നെ പലപ്പോഴും വിശ്വാസത്തെ സംബന്ധിക്കുന്ന ചോദ്യങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുമെന്നതിനാൽ, ഇത് വിശ്വാസപ്രബോധന കാര്യങ്ങൾക്കുള്ള മന്ത്രാലയവുമായി കൂടിയാലോചിച്ചശേഷം തന്നെയായിരിക്കണം മുമ്പോട്ടുപോകേണ്ടത്. പ്രത്യേകിച്ച്, പൊതുവായ പ്രമാണരേഖകൾ പ്രസിദ്ധപ്പെടുത്തുന്നതിനും പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതിനുംമുമ്പ് ഇതാവശ്യമത്രേ.

§ 2. പൗരസ്ത്യ കത്തോലിക്കാസഭകളും ഓർത്തഡോക്സോ പൗരസ്ത്യ ഓർത്തഡോക്സോ സഭകളുമായുള്ള ബന്ധങ്ങളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഈ മന്ത്രാലയം പൗരസ്ത്യ സഭകളുടെ മന്ത്രാലയവുമായും സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റുമായും സഹകരിച്ചു പ്രവർത്തിക്കുന്നതാണ്.

## ആർട്ടിക്കിൾ 146

കത്തോലിക്കരും യഹൂദരും തമ്മിലുള്ള ബന്ധം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി യഹൂദരുമായുള്ള മതപരമായ ബന്ധത്തിനുവേണ്ടിയുള്ള കമ്മീഷൻ (Commission for Religious Relations with the Jews) ഈ മന്ത്രാലയത്തിന്റെ കീഴിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. കമ്മീഷനെ നയിക്കുന്നത് മന്ത്രാലയത്തിന്റെ പ്രീഫെക്ടാണ്.

## മാതാന്തര സംവാദത്തിനുവേണ്ടിയുള്ള മന്ത്രാലയം

## ആർട്ടിക്കിൾ 147

അക്രൈസ്തവ മതങ്ങളിലെ അംഗങ്ങളും സമൂഹങ്ങളുമായുള്ള ബന്ധത്തെ പ്രോത്സാഹിപ്പിക്കുകയും അതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുകയാണ് മതാന്തര സംവാദത്തിനുള്ള മന്ത്രാലയം ചെയ്യുന്നത്. യഹൂദമതവുമായുള്ള ബന്ധം കൈകാര്യം ചെയ്യുന്നത് ക്രിസ്തീയ ഐക്യം വളർത്താനുള്ള മന്ത്രാലയമാണ്.

## ആർട്ടിക്കിൾ 148

ഇതര മതാനുയായികളുമായുള്ള സംവാദം ഉചിതമായ രീതിയിൽ, അതായത്, ശ്രവണം, ആദരം, ബഹുമാനം എന്നീ മനോഭാവത്തോടെ നടക്കുന്നുവെന്ന് ഉറപ്പാക്കാൻ ഈ മന്ത്രാലയം പ്രവർത്തിക്കുന്നു. അവരോട് പലതരത്തിലുമുള്ള ബന്ധം പുലർത്തിക്കൊണ്ട്, എല്ലാവരുടെയും സംഭാവനകളിലൂടെ സമാധാനം, സ്വാതന്ത്ര്യം, സാമൂഹികനീതി, സൃഷ്ടിയുടെ സംരക്ഷണവും പരിപാലനവും, ആധ്യാത്മികവും ധാർമികവുമായ മൂല്യങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കാമെന്ന് ഈ മന്ത്രാലയം കരുതുന്നു.

## ആർട്ടിക്കിൾ 149

§ 1. മതാന്തരസംവാദം നടക്കുന്നത് കർമപരിപാടികൾ, ദൈവശാസ്ത്രപരമായ ആശയങ്ങളുടെ കൈമാറ്റം, ആധ്യാത്മികമായ അനുഭൂതി എന്നിവയിലൂടെയാണെന്ന അവബോധത്തോടെ, എല്ലാ ജനതകൾക്കിടയിലും ദൈവത്തെ യഥാർഥമായി അന്വേഷിക്കുന്നതിനെ ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുന്നു. യഥാകാലത്തുള്ള പഠനങ്ങളെയും കോൺഫ്രൻസുകളെയും പ്രോത്സാഹിപ്പിക്കുകവഴി പരസ്പരം കൂടുതൽ അറിയാനും അങ്ങനെ ആദരം വളർത്താനും

ഈ മന്ത്രാലയം അവസരമൊരുക്കുന്നു. അങ്ങനെ മനുഷ്യന്റെ വ്യക്തി മാഹാത്മ്യവും ജനങ്ങളുടെ ആധ്യാത്മികവും ധാർമികവുമായ സമ്പത്തും വർധമാനമാക്കാൻ കഴിയുമെന്നു പ്രതീഷിക്കുന്നു.

§ 2. മതാന്തര സംവാദങ്ങളിൽ ഏർപ്പെടുന്നവർക്ക് വേണ്ട രൂപവൽകരണം നല്കുന്നതിൽ രൂപതാ/എപ്പാർക്കി മെത്രാന്മാർക്ക് വേണ്ട സഹായം നല്കുകയെന്നത് ഈ മന്ത്രാലയത്തിന്റെ ചുമതലയത്രേ.

## ആർട്ടിക്കിൾ 150

§ 1. ദൈവാന്വേഷണം നടത്തുന്ന വിവിധ മതപാരമ്പര്യങ്ങളെ അംഗീകരിച്ചുകൊണ്ട്, ഈ മേഖലയിലേക്ക് വേണ്ട വിദഗ്ധരായ, സവിശേഷ വ്യക്തികളെ പ്രദാനം ചെയ്യാൻ ഈ മന്ത്രാലയം തയ്യാറാണ്.

§ 2. വിവിധ മതവിശ്വാസികളുമായുള്ള ബന്ധം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ മന്ത്രാലയത്തിന്റെ കീഴിൽ കമ്മീഷനുകൾ സ്ഥാപിച്ചിരിക്കുന്നു. ഇക്കാര്യങ്ങൾ ബന്ധപ്പെട്ട മെത്രാൻസമിതികൾ പൗരസ്ത്യ സഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ, മുസ്ലീങ്ങളുമായുള്ള മതപരമായ ബന്ധത്തിനുവേണ്ടിയുള്ള കമ്മീഷൻ എന്നിവയുമായി സഹകരിച്ചാണ് ഈ കമ്മീഷനുകൾ ഈ മന്ത്രാലയത്തിന്റെ പ്രീഫെക്ടിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത്.

## ആർട്ടിക്കിൾ 151

ഈ മന്ത്രാലയം, അതിന്റെ ദൗത്യനിർവഹണത്തിൽ, ആവശ്യമുണ്ടെന്നു കണ്ടാൽ, വിശ്വാസപ്രബോധനമന്ത്രാലയവുമായി കൂടിയാലോചിച്ചും, വേണ്ടിവന്നാൽ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള മന്ത്രാലയവും സുവിശേഷവൽകരണത്തിനുള്ള മന്ത്രാലയവുമായി കൂടിയാലോചിച്ചും ആയിരിക്കും മുമ്പോട്ടുപോവുക.

## ആർട്ടിക്കിൾ 152

§ 1. ഈ മന്ത്രാലയം അതിന്റെ ദൗത്യനിർവഹണത്തിൽ ഓരോ സംരംഭവുമായി മുന്നോട്ടു പോകുകയും പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്നത് പ്രാദേശിക സഭകൾ, മെത്രാൻസമിതികൾ അവയുടെ പ്രാദേശികവും അന്തർദേശീയവുമായ ഘടകങ്ങൾ, പൗരസ്ത്യ സഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായി കൂടിയാലോചിച്ചു കൊണ്ടായിരിക്കും.

§ 2. മതാന്തര സംവാദമേഖലയിൽ പല പ്രസ്ഥാനങ്ങൾക്കും പ്രാരംഭം കുറിക്കുന്നതിന് ഈ മന്ത്രാലയം പ്രാദേശിക സഭകൾക്ക് പ്രോത്സാഹനം നല്കുന്നു.

## സംസ്കാരത്തിനും വിദ്യാഭ്യാസത്തിനും വേണ്ടിയുള്ള മന്ത്രാലയം

### ആർട്ടിക്കിൾ 153

§ 1. ക്രിസ്തീയ നരവംശശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങളുടെ മാനുഷികമൂല്യങ്ങൾ വളർത്തിയെടുക്കാനാണ് സംസ്ക്കാരത്തിനും വിദ്യാഭ്യാസത്തിനുമായുള്ള ഈ മന്ത്രാലയം പ്രവർത്തിക്കുന്നത്. ക്രിസ്തുശിഷ്യത്വത്തിന്റെ (Christian discipleship) പൂർണമായ സാക്ഷാൽകാരമാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്.

§ 2. ഈ മന്ത്രാലയത്തിലെ സംസ്കാരത്തിനുവേണ്ടിയുള്ള വിഭാഗം സംസ്കാരത്തെ പോഷിപ്പിക്കുകയും അജപാലന പ്രവർത്തനവും സാംസ്കാരിക പൈതൃകവും വളർത്തിയെടുക്കുയും ചെയ്യുന്നു. ഈ മന്ത്രാലയത്തിനു കീഴിലുള്ള മറ്റൊരു വിഭാഗം വിദ്യാഭ്യാസത്തിനുവേണ്ടിയുള്ളതാണ്. അത് സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസമേഖലയിലെ കത്തോലിക്കാ സഭാസ്ഥാപനങ്ങൾ, ഗവേഷണസ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ വികസിപ്പിച്ചെടുക്കുന്നു. ഈ കാര്യങ്ങളിലെല്ലാം ഹയരാർക്കി പരമായ അപ്പീലുകൾ സ്വീകരിക്കുന്നതും ഈ വിഭാഗത്തിന്റെ അധികാരസീമയിൽപ്പെട്ടതാണ്.

### ആർട്ടിക്കിൾ 154

പരിശുദ്ധ സിംഹാസനവും സാംസ്കാരിക ലോകവുമായുള്ള ബന്ധം പ്രോത്സാഹിപ്പിക്കുന്നതും പിന്താങ്ങുന്നതും സംസ്ക്കാരത്തിനുവേണ്ടിയുള്ള വിഭാഗമാണ്. പരസ്പരം കണ്ടുമുട്ടുന്നതിനും ഇടപഴകുന്നതിനും അങ്ങനെ സമ്പന്നരാക്കപ്പെടുന്നതിനും ഉള്ള അനുപേക്ഷണീയമായ ഒരുപാധിയെന്ന നിലയിൽ, സംവാദത്തിന് മുൻഗണന നല്കിക്കൊണ്ടാണ് ഇത് പല പ്രശ്നങ്ങളോടും പ്രതികരിക്കുന്നത്. എന്നത്തേക്കാളും അധികമായി സുവിശേഷത്തോട് വിവിധ സംസ്കാരങ്ങൾ കൂടുതൽ തുറന്ന ഒരു സമീപനം വച്ചുപുലർത്താൻ ഇടയാകണമെന്നതുപോലെ ഇതര സംസ്കാരങ്ങളോടുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ സമീപനവും കൂടുതൽ ഉദാരമാവണം എന്നതാണ് സംവാ

ദത്തിന്റെ ലക്ഷ്യം. മാത്രമല്ല, കല, സാഹിത്യം, ശാസ്ത്രം, സാങ്കേതികവിദ്യ, സ്പോർട്സ് എന്നീ മേഖലകളെ സ്നേഹിക്കുന്നവർക്ക്, തങ്ങൾ സത്യവും നന്മയും സൗന്ദര്യവും ആത്മാർഥമായി അന്വേഷിക്കുന്ന ജനമെന്ന നിലയിൽ, സഭയിൽ അംഗീകരിക്കപ്പെട്ടവരാണെന്നു തോന്നുകയും അത് അവർക്ക് അനുഭവവേദ്യമാകുകയും ചെയ്യണം.

## ആർട്ടിക്കിൾ 155

രൂപതാ/എപ്പാർക്കി മെത്രാന്മാരും മെത്രാൻസമിതികളും പൗരസ്ത്യ സഭകളുടെ ഹയരാർക്കിൽ സംവിധാനങ്ങളും തങ്ങളുടെ ചരിത്രപരമായ പൈതൃകത്തെ കാത്തുസൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിന് സാംസ്കാരികവിഭാഗം എല്ലാവിധ സഹായവും സഹകരണവും നല്കുന്നതാണ്. പ്രത്യേകിച്ചും സഭാപരമായ സ്ഥാപനങ്ങളുടെ ജീവിതവും അജപാലനപരമായ കരുതലും കലാസാംസ്കാരിക മൂല്യവും സാക്ഷ്യപ്പെടുത്തുന്ന പ്രമാണപത്രങ്ങളും നൈയമികരേഖകളുമെല്ലാം സൂക്ഷിക്കുന്നതിൽ അത് സഹകരിക്കുന്നു. അവയെല്ലാം അതീവ ശ്രദ്ധയോടെ ആർക്കൈവുകളിലും ലൈബ്രറികളിലും മ്യൂസിയങ്ങളിലും ദേവാലയങ്ങളിലും മറ്റിടങ്ങളിലും സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. അവയിൽ താൽപര്യമുള്ളവർക്ക് അവയെല്ലാം അങ്ങനെ സംലഭ്യമാവുകയും ചെയ്യും.

## ആർട്ടിക്കിൾ 156

§ 1. സഭയ്ക്കുള്ളിൽത്തന്നെയുള്ള വിവിധ സാംസ്കാരിക സമൂഹങ്ങൾക്കിടയിൽ സംവാദവും ആശയവിനിമയവും പ്രോത്സാഹിപ്പിക്കുന്നതുവഴി എല്ലാവരും പരസ്പരം സമ്പന്നരാക്കപ്പെടുന്നു.

§ 2. രൂപതാ/എപ്പാർക്കി മെത്രാന്മാർ, മെത്രാൻ സമിതികൾ, പൗരസ്ത്യ സഭയുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവ മനുഷ്യരാശിയ്ക്കു മുഴുവനായി ലഭിച്ച വിഭവസമ്പത്ത് എന്ന നിലയിൽ പ്രാദേശിക സംസ്കാരത്തെയും പൈതൃകമായി ലഭിച്ച വിജ്ഞാനത്തെയും ആധ്യാത്മികതയെയും പരിരക്ഷിക്കുമെന്ന് സാംസ്കാരിക വിഭാഗം ഉറപ്പാക്കാൻ ഉദ്യമിക്കുന്നു.

## ആർട്ടിക്കിൾ 157

§ 1. സംസ്കാരത്തിനായുള്ള വിഭാഗം സംസ്ക്കാരത്തെ സംബന്ധിച്ച ഉചിതമായ സംരംഭങ്ങൾക്ക് വേദിയൊരുക്കുന്നു. സഭയിലെ

പ്രത്യേക സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന സംസ്ക്കാരത്തെ സംബന്ധിച്ച പദ്ധതികൾ വിലയിരുത്തുകയും, വേണ്ട അവസരങ്ങളിൽ സഹകരണം നല്കുകയും ചെയ്യുന്നു. അവരുടെ ഗവേഷണ പരിപാടികളുടെ സ്വയം ഭരണാധികാരത്തെ ബാധിക്കാത്ത രീതിയിലായിരിക്കും ഇതെന്നു മാത്രം.

§ 2. സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റുമായി കൂടിയാലോചിച്ച്, വിവിധ രാജ്യങ്ങളും അന്തർദേശീയ സ്ഥാപനങ്ങളും സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുക, സാംസ്ക്കാരിക പൈതൃകം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ ഏറ്റെടുക്കുന്ന കർമപദ്ധതികളിൽ സാംസ്കാരിക വിഭാഗം താൽപര്യം കാണിക്കുകയും അവയെ പിന്തുടരുകയും ചെയ്യുന്നു. ഈ മേഖലകളിൽ പങ്കെടുക്കുകയും, സാഹചര്യം അനുവദിക്കുന്നെങ്കിൽ, അന്തർദേശീയ ഫോറങ്ങളിലും പ്രത്യേക കോൺഫറൻസുകളിലും സംബന്ധിച്ചുകൊണ്ട് അത്തരം സമ്മേളനങ്ങളെയും കോൺഫറൻസുകളെയും പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 158

ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുന്നില്ലെങ്കിലും ദൈവത്തിന്റെ സത്യത്തെ ആത്മാർഥമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരമുള്ളവരുമായും സംവാദത്തിന് വേദിയൊരുക്കാൻ സാംസ്കാരിക വിഭാഗം എല്ലാ ഒരുക്കങ്ങളും ഉത്സാഹപൂർവം നടത്തുന്നതാണ്. അതുപോലെതന്നെ, സാംസ്കാരിക വിഭാഗം ഒരു മതവിശ്വാസവും പിൻചൊല്ലാത്തവരോടുള്ള സഭയുടെ അജപാലനപരമായ കരുതലും പങ്കുവയ്ക്കുന്നു

## ആർട്ടിക്കിൾ 159

§ 1. രൂപതാ/എപ്പാർക്കി മെത്രാന്മാർ, മെത്രാൻസമിതികൾ, പൗരസ്ത്യ സഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായി വിദ്യാഭ്യാസവിഭാഗം സഹകരിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ, പ്രത്യേകിച്ചും കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ തത്ത്വങ്ങൾ, സ്വാഗതം ചെയ്യപ്പെടുകയും കൂടുതൽ നന്നായി മനസ്സിലാക്കപ്പെടുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുകയും വിവിധ സാംസ്കാരിക പശ്ചാത്തലങ്ങളിൽ അവ നടപ്പാക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.

§ 2. സ്കുളുകളുടെയും ഉന്നത വിഭ്യാഭ്യാസ സ്ഥാപനങ്ങളുടെയും കത്തോലിക്കാ സ്വത്വം ചില പ്രത്യേക സംസ്ക്കാരിക സാഹചര്യങ്ങളിൽ രൂപതാ/എപ്പാർക്കി മെത്രാന്മാരും, മെത്രാൻസമിതികളും പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങളും പുറപ്പെടുവിക്കുന്ന മാനദണ്ഡചട്ടങ്ങളെ വിദ്യാഭ്യാസ വിഭാഗം പിന്തുണയ്ക്കുന്നതാണ്. പ്രബോധന പ്രക്രിയയിൽ കത്തോലിക്കാ വിശ്വാസത്തിന്റെ സമഗ്രത കാത്തുസൂക്ഷിക്കപ്പെടുന്നുണ്ടെന്ന് അവരോടൊപ്പംചേർന്ന് ഈ വിഭാഗം ഉറപ്പാക്കുന്നു.

## ആർട്ടിക്കിൾ 160

§ 1. എല്ലാ തരത്തിലും നിലയിലുമുള്ള കത്തോലിക്കാ സ്കൂളുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുവേണ്ട പിന്തുണ ഈ വിദ്യാഭ്യാസ വിഭാഗം, രൂപതാ /എപ്പാർക്കി മെത്രാന്മാർക്കും മെത്രാൻസമിതികൾക്കും പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾക്കും നല്കുന്നതാണ്. അവിടെ സുവിശേഷവൽകരണത്തിന്റെ ഭാഗമായി, വിദ്യാഭ്യാസപരമായ അജപാലന കരുതലിന് വ്യവസ്ഥ ചെയ്തിരിക്കണം.

§ 2. സ്കൂളുകളിൽ കത്തോലിക്കാ വിശ്വാസം പഠിപ്പിക്കുന്നതിനെ വിദ്യാഭ്യാസ വിഭാഗം പ്രോത്സാഹിപ്പിക്കുന്നു.

## ആർട്ടിക്കിൾ 161

§ 1. ഉന്നത നിലവാരം പുലർത്തുന്ന വേണ്ടത്ര സഭാസ്ഥാപനങ്ങളും ഉയർന്ന കത്തോലിക്കാ ഇൻസ്റ്റിറ്റ്യൂട്ടുകളും, മറ്റ് പഠന ഇൻസ്റ്റിറ്റ്യൂട്ടുകളും സഭയിലാകമാനം സ്ഥാപിക്കുന്നതിലും വളർത്തിയെടുക്കുന്നതിലും രൂപതാ/എപ്പാർക്കി മെത്രാന്മാർ, മെത്രാൻസമിതികൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായി വിദ്യാഭ്യാസ വിഭാഗം, സഹകരിക്കുന്നു. ക്രിസ്തീയ സത്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ വിശുദ്ധ വിഷയങ്ങൾ, മാനവികവിഷയങ്ങൾ, ശാസ്ത്രവിഷയങ്ങൾ എന്നിവയുടെ ആഴത്തിലുള്ള പഠനം വളർത്തിയെടുക്കാനും ശ്രദ്ധിക്കുന്നു. ഇപ്രകാരം സഭയിലും സമൂഹത്തിലും തങ്ങളുടെ ധർമം നിർവഹിക്കുന്നതിന് വിദ്യാർഥികളെ ഉചിതമായ രീതിയിൽ രൂപവൽകരിക്കാനാവും.

§ 2. പരിശുദ്ധ സിംഹാസനം നല്കുന്ന അക്കാദമിക ബിരുദങ്ങൾ വിവിധ രാജ്യങ്ങൾ അംഗീകരിക്കുന്നുതിനുവേണ്ട കാര്യങ്ങൾ പൂർത്തീകരിക്കുന്നതിന് വിദ്യാഭ്യാസ വിഭാഗത്തിന് അധികാരമുണ്ടായിരിക്കും.

§ 3. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അംഗീകാരവും അവയുടെ സംസ്ഥാപനവും അതുപോലെതന്നെ സഭയുടെ ഇതര അക്കാദമികസ്ഥാപനങ്ങളുടെ സ്ഥാപനവും ഈ വിഭാഗത്തിന്റെ അധികാരത്തിൽപ്പെട്ടതാണ്. മാത്രമല്ല, അവയുടെ നിയമാവലിയുടെ അംഗീകാരവും അവ നടപ്പിലാക്കുന്നുവെന്നുള്ള അവലോകനവും, രാഷ്ട്രീയാധികാരികളോടു ബന്ധപ്പെട്ടുകൊണ്ടുതന്നെ വിദ്യാഭ്യാസ വിഭാഗം ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസം നല്കുന്ന കത്തോലിക്കാ ഇൻസ്റ്റിറ്റ്യൂട്ടുകളെ സംബന്ധിച്ചിടത്തോളം, നിയമപരമായി പരിശുദ്ധ സിംഹാസനത്തിന്റെ അധികാരപരിധിയിൽ വരുന്ന എല്ലാ കാര്യങ്ങളും വിദ്യാഭ്യാസ വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്.

§ 4. സഭാപരമായ കത്തോലിക്കാ ഉന്നത വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടുകളും അവയുടെ അസ്സോസിയേഷനുകളും തമ്മിലുള്ള സഹകരണത്തെ ഈ വിദ്യാഭ്യാസ വിഭാഗം പ്രോത്സാഹിപ്പിക്കുന്നു.

§ 5. ആർട്ടിക്കിൾ 72 § 2-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, ദൈവശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കുന്നതിന് അധ്യാപകർക്ക് യോഗ്യത കല്പിക്കുന്ന അനുമതി *(nihil obstat)* നല്കുന്നത് ഈ വിഭാഗത്തിന്റെ ഉത്തരവാദിത്വമാണ്.

§ 6. വൈദികരുടെയും സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും അപ്പോസ്തോലിക ജീവിത സമൂഹങ്ങളിലെയും അംഗങ്ങളുടെയും സഭാസേവനത്തിനു ഒരുങ്ങുന്ന അല്മായരുടെയും അക്കാദമിക രൂപവൽകരണപ്രക്രിയയിൽ വിദ്യാഭ്യാസത്തിനായുള്ള വിഭാഗം, മറ്റു ബന്ധപ്പെട്ട മന്ത്രാലയങ്ങളോടു സഹകരിച്ചുകൊണ്ട്, രൂപതാ/എപ്പാർക്കി മെത്രാന്മാരെയും സഭയിലെ മറ്റ് മേലധികാരികളെയും (other Ordinaries and Hierarchs) മെത്രാൻസമിതികൾ, പൗരസ്ത്യ സഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവരെയും പിന്തുണയ്ക്കുന്നു.

## ആർട്ടിക്കിൾ 162

സംസ്കാരത്തിനും വിദ്യാഭ്യാസത്തിനുമായുള്ള മന്ത്രാലയം ഒട്ടനേകം

പൊന്തിഫിക്കൽ അക്കാദമികളുടെ (Pontifical Academies) പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. ചില അക്കാദമികൾക്ക് ഏറെ പഴമയും പാരമ്പര്യവും ഉണ്ട്. ദൈവശാസ്ത്രത്തിലും മാനവിക വിഷയങ്ങളിലും പ്രഗത്ഭരും അന്തർദേശീയ പ്രശസ്തി നേടിയവരുമായ വ്യക്തികളുടെ പങ്കാളിത്തവും അവയ്ക്ക് ലഭ്യമാക്കണം. അവരിൽ വിശ്വാസികളും അവിശ്വാസികളും ഉൾപ്പെടാവുന്നതാണ്. ഇപ്പോൾ ഉള്ള സ്ഥാപനങ്ങൾ ഇവയാണ്: പാന്തെയോണിലുള്ള (at Pantheon) പൊന്തിഫിക്കൽ അക്കാദമി ഓഫ് ഫൈൻ ആർട്സ് ആന്റ് ലെറ്റേഴ്സ് ഓഫ് ദ വിർത്തുവോസി; ദ പൊന്തിഫിക്കൽ അക്കാദമി ഓഫ് തിയോളജി; ദ പൊന്തിഫിക്കൽ അക്കാദമി ഓഫ് സെന്റ് തോമസ് അക്വിനാസ്; ദ പൊന്തിഫിക്കൽ ഇന്റർനാഷണൽ മരിയൻ അക്കാദമി; ദ പൊന്തിഫിക്കൽ അക്കാദമി കുൾത്തോരും മാർത്തീരും (*Cultorum Martyrum*); ദ പൊന്തിഫിക്കൽ അക്കാദമി ഫോർ ലാറ്റിൻ.

## സമഗ്ര മാനുഷിക വികാസം പ്രോത്സാഹിപ്പിക്കാനുള്ള മന്ത്രാലയം

### ആർട്ടിക്കിൾ 163

§ 1. എല്ലാ വ്യക്തികളെയും, ദൈവം അവർക്കു നല്കിയ മാഹാത്മ്യത്തെയും വളർത്തുക, ഒപ്പം, മനുഷ്യാവകാശങ്ങൾ, ആരോഗ്യം, നീതി, സമാധാനം എന്നിവ സംരക്ഷിക്കുകയും ചെയ്യുകയാണ് സമഗ്ര മാനുഷിക വികാസനത്തിനുള്ള മന്ത്രാലയത്തിന്റെ ധർമം. സമ്പദ്വ്യവസ്ഥ, തൊഴിൽ എന്നിവയുമായി അതിന് സവിശേഷമായ കരുതലാണുള്ളത്. അതിന്റെ ഭാഗമായി സൃഷ്ടിയുടെയും നമ്മുടെ പൊതുഭവനം ആയ ഭൂമിയുടെയും പരിപാലനം, കുടിയേറ്റം, അടിയന്തരഘട്ടങ്ങളിലെ മാനുഷിക ആവശ്യങ്ങൾ എന്നിവയെല്ലാം ഈ മന്ത്രാലയത്തിന്റെ പരിഗണനാവിഷയങ്ങളാണ്.

§ 2. സമഗ്രമായ മാനവവികാസത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ പരിശോധിച്ചുകൊണ്ട് അതിനെ ഈ മന്ത്രാലയം പ്രചരിപ്പിക്കുന്നു. മാത്രമല്ല, സുവിശേഷത്തിന്റെ വെളിച്ചത്തിൽ മനുഷ്യരാശിയുടെ വർത്തമാനകാലത്തിലെയും ഭാവിയിലെയും ആവശ്യങ്ങളെയും ആശങ്കളെയും തിരിച്ചറിയുകയും അപഗ്രഥിക്കുകയും ചെയ്യുന്നു.

§ 3. പ്രാദേശിക സഭകൾ, മെത്രാൻസമിതികൾ, അവയുടെ പ്രാദേശികവും അന്തർദേശീയവുമായ ഘടകങ്ങൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുടെ സമഗ്രമായ മാനുഷിക പുരോഗതിയുടെ മേഖലയിലുള്ള പ്രവർത്തനങ്ങളെ ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും അവയുടെ സംഭാവനകളെ അംഗീകരിക്കുകയും ചെയ്യുന്നു.

§ 4. സമർപ്പിതജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ, വികസനത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായുള്ള സംഘടനകൾ എന്നിവയിൽനിന്നുള്ള വൈദഗ്ദ്ധ്യമുള്ള വ്യക്തികളുടെ സേവനം ഈ മന്ത്രാലയം ഉപയോഗപ്പെടുത്തുന്നു. സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിന്റെ അധികാരസീമയെ സമാദരിച്ചുകൊണ്ടുതന്നെ ഈ മന്ത്രാലയം സിവിൽ സമൂഹത്തിന്റെ പ്രതിനിധികളുമായും അന്തർദേശീയ സംഘടനകളുമായും സഹകരിച്ചു പ്രവർത്തിക്കുന്നു.

## ആർട്ടിക്കിൾ 164

മെത്രാൻസമിതികൾ, അവയുടെ പ്രാദേശികവും അന്തർദേശീയവുമായ ഘടകങ്ങൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ഈ മന്ത്രാലയം പരിസ്ഥിതി സംരക്ഷണത്തെയും സമഗ്രമായ വികസനത്തെയുംകുറിച്ചു സഭയുടെ പ്രബോധനം നടപ്പാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. ഇതര ക്രിസ്ത്യൻ വിഭാഗങ്ങളുമായും ഇതര മതങ്ങളുമായും രാഷ്ട്രീയാധികാരികളുമായും അന്തർദേശീയ സംഘടനകളുമായും ഇക്കാര്യത്തിൽ ഈ മന്ത്രാലയം സഹകരിച്ച് പ്രവർത്തിക്കുന്നു.

## ആർട്ടിക്കിൾ 165

നീതിയും സമാധാനവും വളർത്തിയെടുക്കുന്നതു സംബന്ധിച്ച് ഈ മന്ത്രാലയം ചെയ്യുന്ന കാര്യങ്ങൾ:

1. തർക്കങ്ങൾ ഉണ്ടാകാതെ നോക്കുകയും തർക്കങ്ങൾ പരിഹരിക്കാൻ കാര്യക്ഷമമായി ഇടപെടുകയും ചെയ്യുന്നു. സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റുമായി കൂടിയാലോചിച്ച് മെത്രാൻസമിതികൾ, പൗരസ്ത്യ സഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുടെ ഇടപെടലിലൂടെ തർക്കങ്ങളുടെ കാരണങ്ങൾ എന്തായിരിക്കാമെന്നു കണ്ടെത്തുകയും അവ അപഗ്രഥിക്കുകയും ചെയ്യുന്നു.

2. വ്യക്തികളുടെ മഹാത്മ്യവും മൗലികാവകാശങ്ങളും, അവരുടെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ അവകാശങ്ങളും സംരക്ഷിക്കുന്നത് ഫലപ്രദമാകുന്നതിനുവേണ്ട കാര്യങ്ങൾ ഏറ്റെടുക്കുന്നു;

3. മനുഷ്യക്കടത്ത്, നിർബന്ധിത വ്യഭിചാരം, കുട്ടികളെയും ദുർബല വിഭാഗങ്ങളെയും ചൂഷണം ചെയ്യൽ, പലതരത്തിലുള്ള അടിമത്തം, പീഡനം എന്നിവയ്ക്കെതിരെ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളെ പിന്തുണയ്ക്കുന്നു. അന്തർദേശീയ സമൂഹം തടവുകാരോടുള്ള പെരുമാറ്റം നിരീക്ഷിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുന്നു; തടവുകാരുടെ ജീവിത നിലവാരത്തിൽ താൽപര്യമെടുക്കുന്നു. വധശിക്ഷ ഒഴിവാക്കണമെന്നുള്ള താൽപര്യത്തിൽ ഈ മന്ത്രാലയം പ്രതിജ്ഞാബദ്ധമായ നിലപാടാണ് സ്വീകരിക്കുന്നത്.

4. പ്രാദേശിക സഭകൾവഴി ഉചിതവും കാര്യക്ഷവുമായ രീതിയിൽ ഭൗതികവും ആത്മീയവുമായ സഹായം പ്രത്യേക ഗണങ്ങൾക്ക്, ആവശ്യമെങ്കിൽ സഭയുടെ അജപാലന സംവിധാനങ്ങൾവഴിതന്നെ, ലഭ്യമാക്കുന്നു. അതായത്, കുടിയേറ്റക്കാർ, അഭയാർഥികൾ സ്വന്തം ആവാസഭൂമിയിൽ നിന്നു പിഴുതെറിയപ്പെട്ടവർ, നാടുവിടേണ്ടിവന്ന മറ്റുള്ളവർ എന്നിവർക്ക് അജപാലനപരമായ കരുതൽ ലഭ്യമാക്കുന്നുവെന്ന് മന്ത്രാലയം ഉറപ്പു വരുത്തുന്നു.

## ആർട്ടിക്കിൾ 166

§ 1. പ്രാദേശിക സഭകൾക്കുള്ളിൽ, കടലിൽ യാത്ര ചെയ്യുന്നവരുടെ കടലിലും തുറമുഖങ്ങളിലും പ്രവർത്തിക്കുന്നവരുടെ, അജപാലന ശുശ്രൂഷയെ ഈ മന്ത്രാലയം പ്രോത്സാഹിപ്പിക്കുന്നു. “സമുദ്രത്തിലെ ശുശ്രൂഷ” (Apostolate of the Sea) എന്ന സംഘടന വഴിയാണ് ഇക്കാര്യം ഇത് നിർവഹിക്കുന്നത്; പ്രസ്തുത സംഘടനയെ നിയന്ത്രിക്കുന്നത് ഈ മന്ത്രാലയമാണ്.

§ 2. ഇതേ ശുശ്രൂഷ തന്നെയാണ്, വിമാനത്തിലും വിമാനത്താവളങ്ങളിലും ജോലി ചെയ്യുന്നവരുടെ കാര്യത്തിലും ഈ മന്ത്രാലയം നിർവഹിക്കുന്നത്.

## ആർട്ടിക്കിൾ 167

മെത്രാൻസമിതികൾ, അവയുടെ പ്രാദേശികവും അന്തർദേശീയവുമായ

ഘടകങ്ങൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ഈ മന്ത്രാലയം ദാരിദ്യത്തിനെതിരെയുള്ള പോരാട്ടത്തെ പ്രോത്സാഹിപ്പിക്കുകയും മനുഷ്യരുടെ സമഗ്രപുരോഗതിക്കുവേണ്ടി ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളോടു സഹകരിച്ചുകൊണ്ട് പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ മന്ത്രാലയം അഴിമതിക്കെതിരെയുള്ള യത്നങ്ങളെ പ്രോത്സാഹിപ്പിക്കുകയും സദ്ഭരണത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. അതുവഴി ലക്ഷ്യം വയ്ക്കുന്നത്, പൊതുജന താൽപര്യം സംരക്ഷിക്കുകയും അന്തർദേശീയ സമൂഹത്തിലുള്ള വിശ്വാസം വർധിപ്പിക്കുകയുമാണ്.

## ആർട്ടിക്കിൾ 168

ഈ മന്ത്രാലയം നീതിപൂർവകമായ സാമ്പത്തിക മാതൃകകളെയും ശാന്തമായ ജീവിതമാതൃകകളെയും പ്രോത്സാഹിപ്പിക്കുകയും സാധൂകരിക്കുകയും ചെയ്തുകൊണ്ട്, ദരിദ്രരാജ്യങ്ങളെ സാമ്പത്തികമായും സാമൂഹികമായും ചൂഷണം ചെയ്യുന്നതിനെതിരെയുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. അതുപോലെതന്നെ, അസമത്വം വളർത്തുന്ന വ്യാപാരബന്ധങ്ങളെയും ഊഹക്കച്ചവടങ്ങളെയും (financial speculation) സമൂഹത്തിൽ നിന്ന് പാവപ്പെട്ടവരെ പുറത്താക്കുന്ന വികസനമാതൃകകളെയും (development models) ഈ മന്ത്രാലയം എതിർക്കുന്നു.

## ആർട്ടിക്കിൾ 169

രൂപതാ/എപ്പാർക്കി മെത്രാൻമാർ, മെത്രാൻസമിതികൾ പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ഈ മന്ത്രാലയം സമാധാനത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം വർധിപ്പിക്കാൻ ശ്രമിക്കുന്നു. മാത്രമല്ല, സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരോടും ദുർബലരോടും ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് നീതിക്കായി പ്രതിജ്ഞാബന്ധമാകുന്നു; ഈ വിഷയങ്ങൾക്കുവേണ്ടി ലോകദിനങ്ങൾ (World Days) ആചരിക്കുന്ന വേളകളിലാണ് അത് സവിശേഷമാംവിധം പ്രകടമാക്കുന്നത്.

## ആർട്ടിക്കിൾ 170

മെത്രാൻസമിതികൾ, അവയുടെ പ്രാദേശികവും അന്തർദേശീയവുമായ ഘടകങ്ങൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് കുടിയേറ്റത്തിന്റെയും നാടുവിട്ടു

പോകേണ്ടതിന്റെയും മുഖ്യകാരണങ്ങൾ ഈ മന്ത്രാലയം വിശകലനം ചെയ്യുകയും അത് ഒഴിവാക്കുന്നതിന് പ്രതിജ്ഞാബന്ധമാകുകയും ചെയ്യുന്നു. കുടിയേറ്റക്കാരോട് ഐക്യദാർഢ്യം പുലർത്തുന്നതരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവരെ സ്വാഗതം ചെയ്യുന്ന രാഷ്ട്രങ്ങളിൽ അവർ ഇഴുകിച്ചേരാൻ ഈ മന്ത്രാലയം സഹായിക്കുകയും ചെയ്യുന്നു. സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റുമായി കൂടിയാലോചിച്ചുകൊണ്ട്, ഈ മന്ത്രാലയം വികസനപ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുംവേണ്ടി പ്രവർത്തിക്കുന്ന സംഘങ്ങളുമായി സഹകരിക്കുന്നു. മാത്രമല്ല, കുടിയേറ്റക്കാർക്കും അഭയാർഥികൾക്കും അനുകൂലമായ ചട്ടങ്ങൾ രൂപവൽകരിക്കാനും അവ സ്വീകരിക്കാനും തയ്യാറാകുന്ന അന്തർദേശീയ സംഘടനകളുമായും സഹകരിക്കുന്നു.

## ആർട്ടിക്കിൾ 171

ഈ മന്ത്രാലയം നീതിപൂർവകവും, സമഗ്രവുമായ ആരോഗ്യപരിരക്ഷയെ പ്രോത്സാഹിപ്പിക്കുകയും അതിനായി പ്രചോദിപ്പിക്കുകയും ചെയ്യുന്നു. രൂപതകൾ, എപ്പാർക്കികൾ, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ, കാരിത്താസ്, അല്മായ സംഘടനകൾ എന്നിവ രോഗികൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്ന ആളുകൾ എന്നിവരുടെ പാർശ്വവത്കരണത്തിനെതിരായി നടത്തുന്ന സംരംഭങ്ങളെ ഈ മന്ത്രാലയം പിന്താങ്ങുന്നു. ആരോഗ്യപ്രവർത്തകരുടെയും ആശുപത്രി ഉപകരണങ്ങളുടെയും കുറവ്, ദരിദ്ര രാഷ്ട്രങ്ങളിൽ ഔഷധങ്ങൾ ഇല്ലാത്തതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാൻ ഈ മന്ത്രാലയം സഹായിക്കുന്നു. രോഗത്തിനെതിരേയുള്ള പോരാട്ടത്തിൽ ഗവേഷണത്തിലുള്ള കുറവിനെക്കുറിച്ചും ഈ മന്ത്രാലയം ശ്രദ്ധിക്കുന്നു.

## ആർട്ടിക്കിൾ 172

§ 1. സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റുമായി സഹകരിച്ചുകൊണ്ട് ഈ മന്ത്രാലയം പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധികളായി ഇതിന്റെ അധികാര സീമയിൽ നിന്നുകൊണ്ട് വിവിധ ഗവൺമെന്റുകൾ തമ്മിലുള്ള യോഗങ്ങളിൽ പങ്കെടുക്കുന്നു.

§ 2. വിവിധ രാജ്യങ്ങളിലെ ഗവൺമെന്റുകളുമായും അതുപോലെ അന്തർദേശീയ നിയമങ്ങളുമായും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ ഈ മന്ത്രാലയം സെക്രട്ടറിയേറ്റ്

ഓഫ് സ്റ്റേറ്റുമായി അടുത്തബന്ധം പുലർത്തുന്നു. ഒരു പൊതു പ്രസ്താവന നടത്തുകയോ അല്ലെങ്കിൽ ഒരു പ്രമാണരേഖ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യേണ്ടിവരുകയോ ചെയ്യുന്ന അവസരങ്ങളിൽ പ്രത്യേകമാംവിധം സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റുമായി ബന്ധപ്പെട്ടേ അത് ചെയ്യുകയുള്ളൂ.

## ആർട്ടിക്കിൾ 173

മനുഷ്യർ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പ്രദേശങ്ങളിൽ പരിശുദ്ധ സിംഹാസനത്തിന്റെ വിവിധ ഏജൻസികളുമായി ഈ മന്ത്രാലയം സഹകരിച്ചുകൊണ്ട് പ്രവർത്തിക്കുന്നു. ഇക്കാര്യത്തിൽ സഭയുടെ ജീവകാരുണ്യ പ്രവർത്തനസ്ഥാപനങ്ങളോടും വികസനസംഘടനകളോടും ചേർന്നാണ് ഈ മന്ത്രാലയം പ്രവർത്തിക്കുക.

## ആർട്ടിക്കിൾ 174

§ 1. സാമൂഹികശാസ്ത്രങ്ങൾക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമിയുമായും ജീവനുവേണ്ടിയുള്ള പൊന്തിഫിക്കൽ അക്കാദമിയുമായും (Pontifical Academy for Social Science and Pontifical Academy for Life) ഈ മന്ത്രാലയം വളരെ അടുത്തബന്ധം പുലർത്തുന്നു; അവയുടെ നിയമാവലികളെ (Statutes) ആദരിക്കുന്നു.

§ 2. കാരിത്താസ് ഇന്റർനാഷണൽ, ഇന്റർനാഷണൽ കാത്തലിക് മൈഗ്രേഷൻ കമ്മീഷൻ (*Caritas Internationalis*; International Catholic Migration Commission) എന്നിവയുമായി, അവയുടെ നിയമാവലി അനുസരിച്ചുകൊണ്ട്, സഹകരിച്ചു പ്രവർത്തിക്കാനും ഈ മന്ത്രാലയത്തിനു അധികാരമുണ്ട്.

§ 3. നിയമപ്രകാരം പരിശുദ്ധ സിംഹാസനത്തിനു മാത്രമായി മാറ്റിവച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഈ മന്ത്രാലയം നിറവേറ്റുന്നതാണ്. അന്തർദേശീയതലത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സംഘടനകൾ സ്ഥാപിക്കുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുക, അതേ ലക്ഷ്യത്തിനായി ഫണ്ടുകൾ സ്ഥാപിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുക എന്നിവ ഇതിൽപെടും. നിലവിലിരിക്കുന്ന ചട്ടങ്ങളും നിയമങ്ങളും അനുസരിച്ചായിരിക്കും ഈ മന്ത്രാലയം അതു നിർവഹിക്കുക.

## നിയമഗ്രന്ഥങ്ങൾക്കുവേണ്ടിയുള്ള മന്ത്രാലയം

### ആർട്ടിക്കിൾ 175

§ 1. സഭയിൽ ലത്തീൻസഭയുടെയും പൗരസ്ത്യസഭകളുടെയും കാനൻ നിയമങ്ങളെക്കുറിച്ചുള്ള അറിവ് വളർത്തുന്നതിനും അവയെ സ്വീകരിക്കുന്നതിനുള്ള പ്രോത്സാഹനവും കാനോൻ നിയമങ്ങളെ ശരിയായി വ്യാഖ്യാനിക്കുന്നതിനുള്ള സഹായവും നിയമഗ്രന്ഥങ്ങൾക്കു വേണ്ടിയുള്ള ഈ മന്ത്രാലയം നല്കുന്നു.

§ 2. റോമാ പാപ്പാ, കൂരിയൽ സ്ഥാപനങ്ങൾ, ഓഫീസുകൾ, രൂപതാ/എപ്പാർക്കി മെത്രാന്മാർ, മെത്രാൻസമിതികൾ, പൗരസ്ത്യസഭയുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ, പൊന്തിഫിക്കൽ അവകാശങ്ങളുള്ള (Pontifical right) സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അപ്പസ്തോലിക ജീവിത സമൂഹങ്ങളുടെയും ഉന്നത മോഡറേറ്റർമാർ എന്നിവർക്കെല്ലാം സേവനം ചെയ്തുകൊണ്ട് ഈ മന്ത്രാലയം അതിന്റെ ചുമതല നിർവഹിക്കുന്നു.

§ 3. വിവിധ ഭൂഖണ്ഡങ്ങളിൽ, വിവിധ സംസ്ക്കാരങ്ങളിൽ സേവനം ചെയ്യുന്ന കാനൻ നിയമ വിദഗ്ധരുമായി സഹകരിച്ചുകൊണ്ടാണ് ഈ മന്ത്രാലയം അതിന്റെ ചുമതലകൾ നിർവഹിക്കുന്നത്.

### ആർട്ടിക്കിൾ 176

സഭയുടെ പരമോന്നത നിയമദാതാവും വ്യാഖ്യാതാവും എന്ന നിലയിൽ, പാപ്പായുടെ നിശ്ചിതരൂപത്തിലുള്ള അംഗീകാരത്തോടെ, സഭാനിയമങ്ങളുടെ ആധികാരികമായ വ്യാഖ്യാനം രൂപവൽകരിക്കാനുള്ള ചുമതല ഈ മന്ത്രാലയത്തിന്റേതാണ്. അതീവ പ്രാധാന്യമുള്ള വിഷയങ്ങളിൽ റോമൻ കൂരിയായിലെ അധികാരപ്പെട്ട സ്ഥാപനങ്ങളും ഓഫീസുകളുമായി കൂടിയാലോചിച്ചശേഷമായിരിക്കും ഓരോ പ്രത്യേക വിഷയത്തിലും ഈ മന്ത്രാലയം തീരുമാനമെടുക്കുന്നത്.

### ആർട്ടിക്കിൾ 177

ആധികാരികമായ വ്യാഖ്യാനം ആവശ്യമല്ലെന്നു കരുതുന്ന ഏതെങ്കിലും ഒരു നിയമത്തെപ്പറ്റി ഒരു സംശയം ഉണ്ടാവുകയാണെങ്കിൽ, ഈ മന്ത്രാലയത്തിന് അതേപ്പറ്റി ഉചിതമായ ഒരു വിശദീകരണം നല്കാനാകും. അത് കാനൻ നിയമത്തിൽതന്നെ പ്രതിപാദിച്ചിട്ടുള്ള മാന

ദണ്ഡപ്രകാരമുള്ള അർഥം വ്യക്തമാക്കലായിരിക്കും. ഈ വിശദീകരണങ്ങൾ പ്രസ്താവനകളുടെ രൂപത്തിലോ, വിശദീകരണകുറിപ്പുകളുടെ രൂപത്തിലോ ആകാം.

## ആർട്ടിക്കിൾ 178

ലത്തീൻ സഭയിലെയും പൗരസ്ത്യസഭയിലെയും നിയമങ്ങളും അവ സഭയിൽ നടപ്പിലാക്കുന്നതിലുണ്ടാവുന്ന പ്രശ്നങ്ങളും പഠിക്കുമ്പോൾ, നിയമത്തിന്റെ പരിമിതികൾ (*lacunae legis*) എന്തെങ്കിലും പരിശോധിച്ചറിഞ്ഞാൽ, അവയെ പരിഹരിക്കാനുള്ള നിർദേശം റോമാ പാപ്പായ്ക്ക് ഈ മന്ത്രാലയം സമർപ്പിക്കുന്നു. നിലവിലെ നിയമം കാലാനുസൃതം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യവും ഈ മന്ത്രാലയം പരിശോധിക്കുന്നു. നിയമത്തിന്റെ കാര്യക്ഷമതയും സുസ്വരതയും നിലനിറുത്തിക്കൊണ്ട്തന്നെ വേണ്ട ഭേദഗതികൾ നിർദേശിക്കാനും ഈ മന്ത്രാലയത്തിനു സാധിക്കും.

## ആർട്ടിക്കിൾ 179

പൊതുവായ എക്സിക്യൂട്ടീവ് ഡിക്രികൾ, നിർദേശങ്ങൾ, ചട്ടങ്ങളുടെ സ്വഭാവമുള്ള മറ്റു ലിഖിതങ്ങൾ എന്നിവ തയ്യാറാക്കുന്നതിൽ കൂരിയൽ സ്ഥാപനങ്ങളെ ഈ മന്ത്രാലയം സഹായിക്കുന്നു. അവ നിലവിലെ പൊതു നിയമങ്ങൾക്കനുസൃതമാണെന്നും നൈയമിക ഭാഷയിലാണെന്നും ഈ മന്ത്രാലയം ഉറപ്പാക്കുന്നു.

## ആർട്ടിക്കിൾ 180

പ്ലീനറി കൗൺസിലുകൾ, മെത്രാൻസമിതികൾ, പൗരസ്ത്യസഭകളുടെ ഹയരാർക്കിക്കൽ സംവിധാനങ്ങൾ എന്നിവ പുറപ്പെടുവിക്കുന്ന പൊതുവായ ഡിക്രികൾക്ക് അംഗീകാരം (*Recognitio*) നല്കാൻ അധികാരപ്പെട്ട മന്ത്രാലയം, നിയമഗ്രന്ഥങ്ങൾക്കായുള്ള ഈ മന്ത്രാലയത്തിനു സമർപ്പിക്കുന്നു. അപ്രകാരം അവയെ നിയമത്തിന്റെ ദൃഷ്ടിയിലൂടെ നോക്കിക്കണ്ട് വിലയിരുത്താനുള്ള ഒരു അവസരവും ലഭ്യമാക്കുന്നു.

## ആർട്ടിക്കിൾ 181

താൽപര്യമുള്ള കക്ഷികളുടെ അഭ്യർഥന പരിഗണിച്ച്, റോമാ പാപ്പായുടെ താഴെത്തലത്തിലുള്ളവർ പുറപ്പെടുവിക്കുന്ന നിയമങ്ങൾ, പൊതു ഡിക്രികൾ എന്നിവ സഭയുടെ സാർവത്രിക നിയമങ്ങൾക്കനുസൃതമാണോയെന്നു തീരുമാനിക്കുന്നത് ഈ മന്ത്രാലയം തന്നെയാണ്.

### ആർട്ടിക്കൾ 182

§ 1. ലത്തീൻ സഭയുടെയും പൗരസ്ത്യ സഭകളുടെയും കാനൻ നിയമങ്ങളുടെയും ഇതര നിയമഗ്രന്ഥങ്ങളുടെയും പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി മന്ത്രാലയങ്ങൾ തമ്മിലുള്ള യോഗങ്ങൾ, കോൺഫ്രൻസുകൾ എന്നിവ സംഘടിപ്പിക്കുകയും കാനൻ നിയമവിദഗ്ധരുടെ ദേശീയവും അന്തർദേശീയവുമായ അസ്സോസിയേഷനുകളെ പ്രാത്സാഹിപ്പിക്കുകയും ചെയ്യുന്നു.

§ 2. സഭയിൽ ഉചിതമാംവിധം നിയമം മനസ്സിലാക്കപ്പെടുകയും അതു ശരിയായി നടപ്പിലാക്കപ്പെടുകയും ചെയ്യുന്നതിനു കാനോനിക നിയമ നടപടികൾ ശരിയായി നടക്കുന്നുവെന്ന് ഈ മന്ത്രാലയം ഉറപ്പാക്കുന്നു. അതുപോലെതന്നെ, നിയമാനുസൃതമല്ലാത്ത നടപടികൾ ഉണ്ടാകുമ്പോൾ അക്കാര്യങ്ങളെക്കുറിച്ച് ആവശ്യമുള്ളപ്പോൾ അധികാരപ്പെട്ട കേന്ദ്രങ്ങൾക്ക് മുന്നറിയിപ്പ് നല്കാനും ഉപദേശം നല്കാനും ഈ മന്ത്രാലയം ശ്രദ്ധിക്കുന്നു, സഹായിക്കുന്നു.

## ആശയവിനിമയത്തിനായുള്ള മന്ത്രാലയം

### ആർട്ടിക്കിൾ 183

അപ്പസ്തോലിക സിംഹാസനത്തിന്റെ എല്ലാ ആശയവിനിമയ ശ്രംഖലകൾക്കും മേൽനോട്ടം വഹിക്കുന്നതാണ് ആശയ വിനിമയത്തിനായുള്ള മന്ത്രാലയം. ഘടനാപരമായ ഐക്യം ഉള്ളപ്പോൾത്തന്നെ ഓരോ ഘടകത്തിന്റെയും വ്യത്യസ്തമായ പ്രവർത്തനശൈലി സാദരം തിരിച്ചറിഞ്ഞുകൊണ്ട് പരിശുദ്ധ സിംഹാസനത്തിന്റെ ആശയവിനിമയ രംഗത്തുള്ള എല്ലാ നടപടികളെയും ഇത് ഏകോപിപ്പിക്കുന്നു. സഭയുടെ സുവിശേഷവൽക്കരണം എന്ന ദൗത്യത്തോട് സമഗ്രമായ രീതിയിൽ മുഴുവൻ സംവിധാനവും പ്രതികരിക്കത്തക്കവിധത്തിലാണ് ഇത് അപ്രകാരം ചെയ്യുന്നത്. ഡിജിറ്റൽ മാധ്യമത്തിന്റെ സാന്നിധ്യവും വികാസവും മുഖമുദ്രയായും ഒത്തുചേരലിന്റെയും പരസ്പരബന്ധങ്ങളുടെയും ഘടകങ്ങൾ ഉള്ളതുമായ ആധുനിക പശ്ചാത്തലത്തിലാണ് ഇത് ചെയ്യുന്നത്.

### ആർട്ടിക്കിൾ 184

സഭയുടെ സുവിശേഷവൽകരണ ദൗത്യത്തിന്റെ ആവശ്യങ്ങളെ നിറവേറ്റുന്നതിന് വർത്തമാന കാലത്ത് ലഭ്യമാകുന്ന ഉൽപാദന മാതൃക

കളും, സാങ്കേതികമായ നവ ആവിഷ്ക്കാരങ്ങളും ആശയവിനിമയോപാധികളും ഈ മന്ത്രാലയം ഉപയോഗപ്പെടുത്തുന്നു. ഭാവിയിൽ ഈ മേഖലയിൽ വരാനിരിക്കുന്ന സങ്കേതങ്ങളുടെ സാധ്യതയും ഇത് കണക്കിലെടുക്കുന്നു.

## ആർട്ടിക്കിൾ 185

നിറവേറ്റാനായി ഭരമേല്പിക്കപ്പെട്ട സാധാരണ ചുമതലകൾക്കു പുറമേ, ഈ മന്ത്രാലയം ആശയവിനിമയമേഖലയിലെ ശുദ്ധമായ ദൈവശാസ്ത്രപരവും അജപാലനപരവുമായ ഘടകങ്ങളെ ആഴപ്പെടുത്തുകയും വികസ്വരമാക്കുകയും ചെയ്യുന്നു. ഇയൊരർഥത്തിന്റെ പരിശീലനത്തിന്റെ മേഖലയിലും മന്ത്രാലയം പ്രവർത്തിക്കുന്നു. ആശയവിനിമയത്തെ വെറുമൊരു സാങ്കേതിക ഉപാധി എന്ന തലത്തിൽ കണക്കാക്കി ലഘൂകരിക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്.

## ആർട്ടിക്കിൾ 186

നാഗകരീകതയുടെയും ധാർമികതയുടെയും വളർച്ചയ്ക്ക് ഉപകരിക്കത്തക്കവിധം സഭയുടെ അജപാലന ദൗത്യത്തെ സഹായിക്കുന്ന വിവിധങ്ങളായ ആശയവിനിമയ മാധ്യമങ്ങളെ സംലഭ്യമാക്കുന്നതിൽ വിശ്വാസികൾ പ്രതിജ്ഞാബന്ധരാകേണ്ട ഉത്തരവാദിത്വം അവർക്കുണ്ടെന്ന് അവരെ ഉത്തരോത്തരം ബോധ്യപ്പെടുത്താനുള്ള കടമ ഈ മന്ത്രാലയത്തിനുണ്ട്. സവിശേഷമായി ഈ അവബോധം സൃഷ്ടിക്കുന്നതിന് ലോക ആശയവിനിമയദിനം (World Communication Day) ആചരിക്കപ്പെടുന്നു.

## ആർട്ടിക്കിൾ 187

വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ കണക്റ്റിവിറ്റിയും അടിസ്ഥാന ശൃംഖലാസൗകര്യങ്ങളുമെല്ലാം ഈ മന്ത്രാലയം അതിന്റെ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നു. ഇക്കാര്യം, അതുമായി ബന്ധപ്പെട്ട്, പരിശുദ്ധ സിംഹാസനം ഏറ്റെടുത്തിട്ടുള്ള നിയമനിർമ്മാണത്തിന്റെയും അന്തർദേശീയ പ്രതിബദ്ധതയുടെയും അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. അതിന്റെ ദൗത്യനിർവഹണത്തിൽ, ഈ മന്ത്രാലയം അതതു അധികാര സീമകളുള്ള കൂരിയൽ സ്ഥാപനങ്ങളുമായി പ്രത്യേകിച്ച്, സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.

## ആർട്ടിക്കിൾ 188

ഇതര കൂരിയൽ സ്ഥാപനങ്ങൾ, ഓഫീസുകൾ, പരിശുദ്ധ സിംഹാസന വുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ, വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ ഗവർണർറേറ്റ്, വത്തിക്കാൻ കേന്ദ്രമാക്കിയ മറ്റ് ഓഫീസുകൾ അല്ലെ ങ്കിൽ വത്തിക്കാൻ സിറ്റി സ്റ്റേറ്റിനെ ആശ്രയിച്ചു പ്രവർത്തിക്കുന്ന മറ്റ് ഓഫീസുകൾ അഥവാ അപ്പസ്തോലിക സിംഹാസനവുമായി ബന്ധപ്പെട്ടവ എന്നിവയുടെ ആശയവിനിമയപ്രവർത്തനങ്ങളെയും ഈ മന്ത്രാലയം പിന്തുണയ്ക്കുന്നു.

# VI
# നീതിയുടെ സ്ഥാപനങ്ങൾ

## ആർട്ടിക്കിൾ 189

§ 1. സഭയുടെ ഭരണത്തിൽ നീതിയുടെ സ്ഥാപനങ്ങൾ അനുഷ്ഠിക്കുന്ന സേവനം സാരമുള്ളതാണ്. ഓരോ സ്ഥാപനവും അതിന് അധികാരപ്പെട്ട മേഖലകളിൽ അനുഷ്ഠിക്കുന്ന, പിന്തുടരുന്ന സേവനങ്ങളുടെ ലക്ഷ്യം, സഭയുടെതന്നെ ലക്ഷ്യമത്രേ! അതായത്, ദൈവരാജ്യം പ്രഘോഷിക്കുകയും, ഉദ്ഘാടനം ചെയ്യുകയും ചെയ്യുക. അതോടൊപ്പം, കാനോനിക നീതിബോധത്തോടെ നടപ്പാക്കുന്ന നീതിയുടെ ക്രമംവഴി സഭയിലെ പരമോന്നത നിയമമായ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുക എന്നതും.

§ 2. അപ്പസ്തോലിക പെനിറ്റെൻഷ്യറി, സുപ്രീം ട്രിബ്യൂണൽ ഓഫ് ദ അപ്പസ്തോലിക് സിഞ്ഞാത്തൂറ, ദ ട്രിബ്യൂണൽ ഓഫ് ദ റോമൻ റോത്താ (Apostolic Penitentiary, The Supreme Tribunal of the Apostolic Signatura, and the Tribunal of the Roman Rota) എന്നീ മൂന്നു സ്ഥാപനങ്ങളാണ് സാധാരണയുള്ള നീതിയുടെ സ്ഥാപനങ്ങൾ. ഇവ മൂന്നും വ്യത്യസ്തങ്ങളായ സ്വതന്ത്രസ്ഥാപനങ്ങളുമാണ്.

## അപ്പസ്തോലിക പെനിറ്റെൻഷ്യറി (Apostolic Penitentiary)

## ആർട്ടിക്കിൾ 190

§ 1. ദൈവിക കരുണയുടെ പ്രകാശനങ്ങളെന്ന നിലയ്ക്ക് ആന്തരിക തലത്തെയും (Internal Forum) പാപ-ദണ്ഡവിമോചന പ്രക്രിയകളെയും (indulgences) കുറിച്ചുള്ള എല്ലാ കാര്യങ്ങളുമാണ് അപ്പസ്തോലിക പെൻറ്റെൻഷ്യറിയുടെ അധികാര സീമയിൽ വരുന്നത്.

§ 2. മേജർ പെനിറ്റെൻഷ്യറിയാണ് (Major Penitentiary) ഈ വിഭാഗത്തിന്റെ തലവൻ. അദ്ദേഹത്തെ സഹായിക്കാൻ ഒരു റീജന്റും (Regent) ഏതാനും ഉദ്യോഗസ്ഥരുമുണ്ടാകും.

## ആർട്ടിക്കിൾ 191

ആന്തരികതലത്തിനായി (for the internal forum) – അത് കൗദാശികമോ അല്ലാത്തതോ ആവാം – ശാസനകളിൽ നിന്നു മോചനവും (absolution from censures), ഇളവുകളും (dispensations), ശിക്ഷാലഘൂകരണങ്ങളും (commutations), സാധൂകരണങ്ങളും (validations), ഋണോദ്ധാരണങ്ങളും (remissions) മറ്റ് ആനുകൂല്യങ്ങളും (favours) നല്കുന്നു.

## ആർട്ടിക്കിൾ 192

§ 1. റോമിലെ പേപ്പൽ ബസിലിക്കകളിലെല്ലാം വേണ്ടത്ര പെനിറ്റെൻഷ്യറികളുണ്ടെന്നും അവർക്കെല്ലാം ആവശ്യംവേണ്ട അനുവാദങ്ങൾ (faculties) ഉണ്ടെന്നും അപ്പസ്തോലിക പെനിറ്റെൻഷ്യറി ഉറപ്പുവരുത്തുന്നു.

§ 2. പേപ്പൽ ബസിലിക്കകളിലും മറ്റിടങ്ങളിലും നിയമിക്കപ്പെട്ടിട്ടുള്ള പെനിറ്റെൻഷ്യറിമാരുടെ ഉചിതമായ പരിശീലനത്തിന്റെ മേൽനോട്ടം അപ്പസ്തോലിക പെനിറ്റെൻഷ്യറി വഹിക്കുന്നു.

## ആർട്ടിക്കിൾ 193

പാപ-ദണ്ഡവിമോചനപ്രക്രിയ അനുവദിക്കാനും ഉപയോഗിക്കാനുമുള്ള അധികാരം അപ്പസ്തോലിക പെനിറ്റെൻഷ്യറിക്ക് ഉണ്ടായിരിക്കും. വിശ്വാസസംബന്ധമായ കാര്യങ്ങളിൽ വിശ്വാസ പ്രബോധനസംബന്ധകാര്യങ്ങൾക്കായുള്ള മന്ത്രാലയത്തിനുള്ള അധികാരത്തിന് ഭംഗംവരാത്ത രീതിയിലായിരിക്കും അത് നിർവഹിക്കുക; അതുപോലെതന്നെ, ദൈവാരാധന കാര്യങ്ങൾക്കും കൂദാശകളുടെ ചിട്ടക്രമത്തിനായുള്ള മന്ത്രാലയത്തിന്റെ അനുഷ്ഠാന കാര്യങ്ങളെകുറിച്ചുള്ള അധികാരത്തിനും ഭംഗംവരാത്ത രീതിയിലായിരിക്കും അത്.

# അപ്പസ്തോലിക സിഞ്ഞാത്തൂറയെന്ന പരമോന്നത ട്രിബ്യൂണൽ

## (Supreme Tribunal of the Apostolic Signatura)

## ആർട്ടിക്കിൾ 194

സഭയുടെ പരമോന്നത ട്രിബ്യൂണലായി പ്രവർത്തിക്കുന്ന അപ്പസ്തോ

ലിക സിഞ്ഞാത്തൂറ സഭയിൽ ശരിയായ രീതിയിൽ നീതി നിർവഹിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നു.

## ആർട്ടിക്കിൾ 195

§ 1. റോമാ പാപ്പാ നിയമിക്കുന്ന കർദിനാളന്മാർ, മെത്രാന്മാർ, വൈദികർ എന്നിവരടങ്ങുന്ന ഈ പരമോന്നത ട്രിബ്യൂണലിന്റെ കാലാവധി അഞ്ച് വർഷത്തേക്കായിരിക്കും. അതിന്റെ തലവൻ കർദിനാൾ പ്രീഫെക്ട് ആയിരിക്കും.

§ 2. ട്രിബ്യൂണലിന്റെ ദൗത്യനിർവഹണത്തിൽ പ്രീഫെക്ടിനെ സഹായിക്കാൻ ഒരു സെക്രട്ടറിയുണ്ടായിരിക്കും.

## ആർട്ടിക്കിൾ 196

അപ്പസ്തോലിക സിഞ്ഞാത്തൂറ, അതിന്റെ സാധാരണയുള്ള അധികാരസീമയുടെ അടിസ്ഥാനത്തിൽ (as atribunal of oridnary jurisdiction) വിധി പറയുന്ന കാര്യങ്ങൾ:

1. അസാധുവാക്കപ്പെട്ടു എന്നുള്ള പരാതികൾ (complaints of nullity), പൂർണമായും പൂർവസ്ഥിതിയിലേക്കുതന്നെ പുനഃസ്ഥാപിക്കണം എന്ന അപേക്ഷകൾ (petitions for *restitutio in integrum*) എന്നിവ റോമൻ റോത്തായുടെ വിധികൾക്കു എതിരേ വരുന്നത്;
2. റോമൻ റോത്താ കേസ് പുനഃപരിശോധിക്കാൻ വിസമ്മതിക്കുന്ന സാഹചര്യത്തിൽ വ്യക്തികളുടെ അന്തസ്സുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിയമപരമായ ആശ്വാസ നടപടികൾക്കുവേണ്ടി ആശ്രയിക്കുന്ന കേസുകൾ;
3. റോമൻ റോത്തായിലെ ജഡ്ജിമാർ അവരുടെ ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി സംശയങ്ങൾക്കും മറ്റു നടപടികൾക്കും ഇടയാവുകയും ചെയ്യുമ്പോൾ അവയിൽ നിന്നും അവർക്ക് ഒഴിവു നല്കേണ്ട കേസുകൾ;
4. ഒരേ അപ്പല്ലേറ്റ് ട്രിബ്യൂണലിനു കീഴിലല്ലാത്ത ട്രീബ്യൂണലുകളുടെ അധികാരസീമയെക്കുറിച്ച് തർക്കം ഉണ്ടാവുന്ന കേസുകൾ.

## ആർട്ടിക്കിൾ 197

§ 1. റോമൻ കൂരിയായുടെ അഡ്മിനിസ്ട്രേറ്റിവ് ട്രീബ്യൂണൽ എന്ന

നിലയിൽ ഓരോരോ അഡ്മിനിസ്ട്രേറ്റീവ് നടപടികൾക്കെതിരെയുള്ള അപ്പീലുകളിൽ അപ്പസ്തോലിക സിഞ്ഞാത്തൂറ വിധി പറയുന്നതാണ്. ഈ നടപടികളുടെ ഉത്തരവ്, പുറപ്പെടുവിച്ചത് ഏതെങ്കിലും മന്ത്രാലയമോ, സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റ് തന്നെയോ അല്ലെങ്കിൽ അവ അംഗീകരിച്ച ഓഫീസോ ആകാം. ചോദ്യം ചെയ്യപ്പെട്ട നടപടി, തത്സംബന്ധമായ തീരുമാനം എടുത്ത പ്രക്രിയയിലോ, അല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടി ക്രമങ്ങളിലോ ഏതെങ്കിലും നിയമം ലംഘിച്ചിട്ടുണ്ടോ എന്നു നോക്കിയോ ആയിരിക്കും വിധി പറയുക.

2. ഇത്തരം കേസുകളിൽ, നിയമവിരുദ്ധമായ നടപടിക്കെതിരെ അപ്പസ്തോലിക സിഞ്ഞാത്തൂറ വിധി പുറപ്പെടുവിക്കുന്നതിനു പുറമേ, വാദിയുടെ അപേക്ഷ പരിഗണിച്ചുകൊണ്ട് ചോദ്യം ചെയ്യപ്പെട്ട ആ നടപടിമൂലം അയാൾക്കുണ്ടായ നഷ്ടങ്ങൾക്ക് വേണ്ട നഷ്ടപരിഹാരവും വിധിക്കാവുന്നതാണ്.

3. റോമാ പാപ്പായും കൂരിയാ സ്ഥാപനങ്ങളും പരിഗണനയ്ക്കായി ഏല്പിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് വിവാദങ്ങളും അപ്പസ്തോലിക സിഞ്ഞാത്തൂറ പരിഗണിക്കുന്നതും അവയിൽ വിധി പറയുന്നതുമായിരിക്കും. അവസാനമായി വിവിധ മന്ത്രാലയങ്ങൾ തമ്മിലുള്ള അധികാര സീമയെ സംബന്ധിച്ച തർക്കങ്ങളിലും മന്ത്രാലയങ്ങളും സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റും തമ്മിലുള്ള തർക്കങ്ങളിലും അപ്പസ്തോലിക സിഞ്ഞാത്തൂറ വിധി പ്രസ്താവിക്കുന്നതാണ്.

## ആർട്ടിക്കിൾ 198

അച്ചടക്ക നടപടികളുടെ കാര്യത്തിൽ, നീതിയുടെ ഒരു ഭരണപരമായ സ്ഥാപനമെന്ന നിലയിൽ (as adminstrative institution of justice), അപ്പസ്തോലിക സിഞ്ഞാത്തൂറയ്ക്ക് താഴെപ്പറയുന്നവിധമുള്ള അധികാരങ്ങളുണ്ട്:

1. സഭയുടെ വിവിധ ട്രിബ്യൂണലുകളിൽ, നീതിയുടെ ശരിയായ നിർവഹണം നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിൽ ജാഗ്രത പുലർത്തുകയും, വേണ്ടിവന്നാൽ, ഉദ്യോഗസ്ഥരെയും അഭിഭാഷകരെയും പ്രൊക്യുറേറ്റർമാരെയും ശകാരിക്കുകയും ചെയ്യുന്നതിന് അധികാരമുണ്ട്;

2. റോമൻ റോത്തായുടെ അഭിപ്രായം ലഭിക്കണമെന്ന് ആവശ്യപ്പെട്ടു

കൊണ്ട് അപ്പസ്തോലിക സിംഹാസനത്തിനു സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ പുറത്ത് വിധി പറയുന്നതിന് അധികാരമുണ്ട്;

3. നീതിനിർവഹണവുമായി ബന്ധപ്പെട്ടുള്ള മറ്റേതു അപേക്ഷയിലും തീരുമാനമെടുക്കാൻ അധികാരമുണ്ട്;

4. താഴ്ന്ന ട്രിബ്യൂണലുകളുടെ അധികാരസീമ വിപുലീകരിക്കുന്നതിനുള്ള അധികാരമുണ്ട്.

5. ഒരു ട്രിബ്യൂണൽ ഓഫ് അപ്പീലിന് (tribunal of appeal) അംഗീകാരവും പരിശുദ്ധ സിംഹാസനത്തിനു മാത്രമായി മാറ്റിവച്ചിട്ടുള്ള കാര്യങ്ങൾക്ക് അംഗീകാരം നല്കാനുമുള്ള അധികാരവും അപ്പസ്തോലിക സിഞ്ഞാത്തൂറയ്ക്ക് ഉണ്ട്. അതായത്, വിവിധ രൂപതകൾക്കിടയിലും എപ്പാർക്കികൾക്കിടയിലും, റീത്തുകൾക്കിടയിലും മേഖലകൾക്കിടയിലും ദേശീയതലത്തിലും അന്തർദേശീയതലത്തിലും ട്രിബ്യൂണലുകൾ സ്ഥാപിക്കാനുള്ള അധികാരം ഇതിനുണ്ട്.

## ആർട്ടിക്കിൾ 199

അപ്പസ്തോലിക സിഞ്ഞാത്തൂറ ഭരിക്കപ്പെടുന്നത് അതിന്റെതന്നെ പ്രത്യേക നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്.

## റോമൻ റോത്തായെന്ന ട്രിബ്യൂണൽ

## ആർട്ടിക്കിൾ 200

§ 1. റോമൻ റോത്താ എന്ന ട്രിബ്യൂണൽ സാധാരണയായി പ്രവർത്തിക്കുന്നത്, അപ്പസ്തോലിക സിംഹാസനത്തിന്റെ ഒരുയർന്ന അപ്പല്ലേറ്റ് കോടതി എന്ന നിലയ്ക്കാണ്. സഭയ്ക്കുള്ളിലെ അവകാശങ്ങൾ സംരക്ഷിക്കുകയെന്ന ലക്ഷ്യമാണ് ഇതിനുള്ളത്. നീതിനിർവഹണത്തിലെ നിയമശാസ്ത്രത്തിൽ ഒരു ഐക്യം വളർത്തുകയാണ് അതുവഴി ചെയ്യുന്നത്. അതിന്റെ തീരുമാനങ്ങളുടെ ബലത്തിൽ കീഴ്കോടതികൾക്ക് (lower tribunals) അത് സഹായം നല്കുന്നു.

§ 2. പൂർത്തികരിക്കപ്പെടാത്ത (non-consummation of marriage) വിവാഹബന്ധത്തെ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കാൻ അധികാരപ്പെട്ട ഓഫീസും റോമൻ റോത്താ ട്രിബ്യൂണലിന്റെ ഭാഗമായിട്ടുള്ളതാണ്. നീതിയുക്തമായ കാരണമുള്ളതുകൊണ്ട് ഇളവുകൾ

അനുവദിക്കാനുള്ള (for granting dispensations) അധികാരവും ഈ ഓഫീസിനുണ്ട്.

§ 3. തിരുപ്പട്ടത്തിന്റെ നിയമസാധുതയില്ലായ്മയുമായി (nullity) ബന്ധപ്പെട്ട കാര്യങ്ങളും പരിഗണിക്കാൻ ഈ ഓഫീസിന് അധികാരമുണ്ട്. ഓരോരോ കേസുകളുടെയും സ്വഭാവമനുസരിച്ച് സാർവത്രിക നിയമത്തിന്റെയും (universal law) പ്രത്യേക നിയമത്തിന്റെയും (proper law) അടിസ്ഥാനത്തിലായിരിക്കും ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

## ആർട്ടിക്കിൾ 201

§ 1. ഈ ട്രിബ്യൂണലിന് ഒരു കോളജിയറ്റ് ഘടനയാണുള്ളത്. പ്രബോധനങ്ങളിൽ നല്ല പരിജ്ഞാനവും ആധികാരികമായ നൈപുണ്യവും അനുഭവജ്ഞാനവും ഉള്ള ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള വ്യക്തികളെയാണ് റോമാ പാപ്പാ അവിടെ ജഡ്ജിമാരായി നിയമിക്കുന്നത്.

§ 2. ട്രിബ്യൂണൽ സംഘത്തിന്റെ (College of the Tribunal) തലവൻ ഡീനാണ് (Dean). സമന്മാരിൽ ഒന്നാമൻ (*primus inter pares*) ആയി അദ്ദേഹത്തെ അഞ്ച് വർഷത്തേക്കാണ് റോമാ പാപ്പാ നിയമിക്കുന്നത്. ജഡ്ജിമാരിൽ നിന്നാണ് അദ്ദേഹത്തെ തിരഞ്ഞെടുക്കുന്നത്.

§ 3. സാധുവായതും എന്നാൽ പൂർത്തീകരിക്കപ്പെടാത്തതുമായ വിവാഹത്തിൽ നിന്നു മോചനം നല്കുന്ന നടപടികൾക്കായുള്ളതും തിരുപ്പട്ടത്തിന്റെ നിയമസാധുതയില്ലായ്മയെ തീരുമാനിക്കുന്നതുമായ ഓഫീസിന്റെയും തലവൻ ഡീനാണ്. അദ്ദേഹത്തെ സഹായിക്കാൻ വേണ്ട ഉദ്യോഗസ്ഥരും നിർദിഷ്ട കമ്മീഷണർമാരും ഉപദേശകരും (commissioners and consultors) ഉണ്ടായിരിക്കുന്നതാണ്.

## ആർട്ടിക്കിൾ 202

§ 1. സാധാരണ ട്രിബ്യൂണൽ ആദ്യം കേട്ട കേസുകൾ നിയമാനുസൃതമായി പരിശുദ്ധ സിംഹാസനത്തിന് അപ്പീലായി വീണ്ടും സമർപ്പിക്കുമ്പോൾ റോമൻ റോത്താ ട്രിബ്യൂണലാണ് രണ്ടാമതായി ആ കേസിൽ വിധി പറയുക.

§ 2. മൂന്നാമതും പിന്നെ മുമ്പോട്ടുള്ളതുമായ കേസുകളും, ഒരേ അപ്പസ്തോലിക ട്രിബ്യൂണലും മറ്റേതെങ്കിലും തീരുമാനമെടുത്ത കേസു

കളും - അവ തീർപ്പു കല്പിച്ചു കഴിഞ്ഞ കേസുകളല്ലെങ്കിൽ *(res iudicata)* - റോമൻ റോത്താ ട്രിബ്യൂണൽ കേൾക്കുന്നതാണ്.

## ആർട്ടിക്കിൾ 203

റോമൻ റോത്താ, ഇതിനുപുറമേ, ആദ്യമായി കേൾക്കുന്ന കേസുകൾ:

1. വിവാദവിഷയങ്ങളിൽപെട്ട മെത്രാന്മാരെ സംബന്ധിച്ചുള്ളത്-അവ മെത്രാൻ പ്രതിനിധീകരിക്കുന്ന ഒരു നൈയമിക വ്യക്തി (juridical person) യുടെ അവകാശങ്ങളെയും സഭയുടെ ആസ്തികളെയും ബാധിക്കുന്നതല്ലെങ്കിൽ;
2. മൊണാസ്റ്റിക് സഭകളുടെ (monsastic congregtions) ആബട്ട് പ്രൈമേറ്റ്, അല്ലെങ്കിൽ ആബട്ട് സുപ്പീരിയർ, സമർപ്പിത ജീവിത ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സുപ്രീം മോഡറേറ്റേഴ്സ്, പൊന്തിഫിക്കൽ അവകാശമുള്ള അപ്പസ്തോലിക ജീവിത സമൂഹങ്ങളുടെ സുപ്രീം മോഡറേറ്റേഴ്സ് എന്നിവരെ സംബന്ധിച്ചത്;
3. രൂപതകൾ/ എപ്പാർക്കികൾ, സഭാപരമായ (ecclesiastical persons) വ്യക്തികൾ/സാധാരണ വ്യക്തികൾ - നൈയമിക വ്യക്തികൾ എന്നിവരെ സംബന്ധിച്ച് - റോമാ പാപ്പായ്ക്കു കീഴിൽ ഇക്കൂട്ടർക്ക് മറ്റൊരു മേലാധികാരി ഇല്ലാതിരിക്കുമ്പോൾ;
4. റോമാ പാപ്പാ ട്രിബ്യൂണലിനെ ഏല്പിക്കുന്ന മറ്റു കേസുകൾ.

## ആർട്ടിക്കിൾ 204

റോമൻ റോത്താ ട്രിബ്യൂണൽ ഭരിക്കപ്പെടുന്നത് അതിന്റെതന്നെ പ്രത്യേക നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്.

# VII
# സാമ്പത്തിക സ്ഥാപനങ്ങൾ

## ധനകാര്യ കൗൺസിൽ (Council for the Economy)

### ആർട്ടിക്കിൾ 205

§ 1. കൂരിയൽ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും ഭരണപരവും സാമ്പത്തികപരവുമായ ഘടനകളുടെയും പ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കുന്നതിനുള്ള അധികാരം ധനകാര്യ കൗൺസിലിന് (Council for the Economy) ആയിരിക്കും. പരിശുദ്ധ സിംഹാസനവുമായി ചേർന്നിരിക്കുന്നതോ അല്ലെങ്കിൽ ബന്ധപ്പെട്ടതോ ആയ ഇതര സ്ഥാപനങ്ങളും – ഈ കൗൺസിലിന്റെ നിയമാവലിയുടെ പട്ടികയോടു ചേർത്തിട്ടുള്ളവ – കൗൺസിലിന്റെ അധികാര പരിധിയിൽ പെടുന്നതാണ്.

§ 2. സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ വെളിച്ചത്തിലായിരിക്കും, ധനകാര്യ കൗൺസിൽ (Council for the Economy) അതിന്റെ ചുമതലകൾ നിർവഹിക്കുക. അന്തർദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട പൊതുഭരണ രീതിയിലെ ഏറ്റവും നല്ല കീഴ്വഴക്കങ്ങളായിരിക്കും കൗൺസിൽ പിന്തുടരുക. ധാർമികവും കാര്യക്ഷമവും ആയ ഭരണ-സാമ്പത്തിക സംവിധാനമാണ് കൗൺസിൽ ലക്ഷ്യം വയ്ക്കുന്നത്.

### ആർട്ടിക്കിൾ 206

§ 1. സഭയുടെ സാർവത്രിക സ്വഭാവത്തെ പ്രതിനിധീകരിക്കുന്ന തരത്തിൽ, എട്ട് കർദിനാളന്മാർ അല്ലെങ്കിൽ, മെത്രാന്മാർ, വിവിധ

രാജ്യങ്ങളിലെ പ്രാവീണ്യമുള്ള വ്യക്തികളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട ഏഴ് അല്മായർ എന്നിവരായിരിക്കും ഈ കൗൺസിൽ അംഗങ്ങൾ. അങ്ങനെമൊത്തം 15 പേരെയാണ് റോമാ പാപ്പാ ഈ കൗൺസിലേക്കു അഞ്ചു വർഷത്തേക്കു നിയമിക്കുന്നത്.

§ 2. കൗൺസിൽ യോഗം വിളിച്ചു ചേർക്കുന്നതും യോഗത്തിൽ അധ്യക്ഷത വഹിക്കുന്നതും കർദിനാൾ കോഓർഡിനേറ്ററായിരിക്കും. അദ്ദേഹത്തെ സഹായിക്കാൻ ഒരു സെക്രട്ടറിയുണ്ടായിരിക്കും.

§ 3. ധനകാര്യത്തിനുവേണ്ടിയുള്ള സെക്രട്ടറിയേറ്റിന്റെ പ്രീഫെക്ട് (Prefect of the Secretariat for the Economy) ഈ കൗൺസിലിന്റെ യോഗങ്ങളിൽ പങ്കെടുക്കുമെങ്കിലും അദ്ദേഹത്തിനു വോട്ടവകാശമുണ്ടായിരിക്കുകയില്ല.

## ആർട്ടിക്കിൾ 207

താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങളും ചട്ടങ്ങളും അംഗീകരിച്ചു കിട്ടാൻവേണ്ടി റോമാ പാപ്പായുടെ മുമ്പാകെ കൗൺസിൽ അവ സമർപ്പിക്കുന്നതാണ്:

1. കൗൺസിലിന്റെ മേല്നോട്ടത്തിലിരിക്കുന്ന സ്ഥാപനങ്ങളുടെയും ഭരണയൂണിറ്റുകളുടെയും ആസ്തികൾ സംരക്ഷിക്കപ്പെടുന്നതിന്;
2. പൈതൃകസ്വത്തുസംബന്ധവും സാമ്പത്തികവുമായ നഷ്ട സാധ്യത കുറയ്ക്കുന്നതിന്;
3. മാനുഷികവും ഭൗതികവും സാമ്പത്തികവും ആയ വിഭവങ്ങൾ യുക്തിപൂർവവും വിവേകപൂർണവും സുതാര്യവും ആയ രീതിയിൽ വിഭജിക്കപ്പെടുന്നതിനും ഉപയോഗിക്കപ്പെടുന്നതിന്;
4. ഏജൻസികളും ഭരണകൂടങ്ങളും അവരുടെ ചുമതലകൾ കാര്യക്ഷമമായും അംഗീകരിക്കപ്പെട്ട പ്രവർത്തനപദ്ധതികളും ബജറ്റും അനുസരിച്ച് പ്രവർത്തിക്കുന്നതിന്.

## ആർട്ടിക്കിൾ 208

ധനകാര്യ സെക്രട്ടറിയേറ്റിന്റെ പ്രീഫക്ട് സാധൂകരണം നല്കുന്നതിന് *(ad validitatem)*, അതായത്, അദ്ദേഹം അത് അംഗീകരിക്കുന്നതിനായി സമർപ്പിക്കുന്നതിനു കൗൺസിൽ മേൽനോട്ടം വഹിക്കുന്ന സ്ഥാപ

നങ്ങൾ കൈകാര്യം ചെയ്യുന്ന വസ്തുവകകളുടെ അന്യാധീനപ്പെടുത്തൽ, ആർജ്ജിക്കൽ അല്ലെങ്കിൽ അസാധാരണമായ ഭരണ ഇടപെടൽ എന്നിവ നിർണയിക്കുന്നതിൽ, അവയുടെ വിലസംബന്ധമായ കാര്യങ്ങൾ ഉൾപ്പടെ, എന്തെല്ലാം കാര്യങ്ങൾ വേണമെന്നുള്ളത് സംബന്ധിച്ച മാനദണ്ഡങ്ങൾ ഈ കൗൺസിൽ നിർണയിക്കുന്നു.

## ആർട്ടിക്കിൾ 209

§ 1. പരിശുദ്ധ സിംഹാസനത്തിന്റെ വാർഷിക ബജറ്റ്, സമഗ്രമായ വാർഷിക കണക്കുകൾ (Annual Budget and the Consolidated Financial Statements) എന്നിവ ഈ കൗൺസിൽ അംഗീകരിക്കുകയും അവ റോമാ പാപ്പായുടെ മുമ്പിൽ സമർപ്പിക്കുകയും ചെയ്യുന്നു.

§ 2. അപ്പസ്തോലിക സിംഹാസനത്തിൽ ഒഴിവുവരുമ്പോൾ ധനകാര്യ കൗൺസിൽ പരിശുദ്ധ റോമാ സഭയുടെ കർദിനാൾ കമർലെങ്കോയ്ക്ക് പരിശുദ്ധ സിംഹാസനത്തിന്റെ ഏറ്റവും അടുത്ത കാലത്തെ ഒരു സമഗ്ര സാമ്പത്തിക റിപ്പോർട്ട് (most recent consoli dated financial statements) നല്കുന്നതാണ്; ഇതോടൊപ്പം നടപ്പു വർഷത്തെ ബജറ്റും ഉണ്ടായിരിക്കും.

## ആർട്ടിക്കിൾ 210

സൂപർവൈസറി ആന്റ് ഫൈനാൻഷ്യൽ ഇൻഫർമേഷൻ അതോറിറ്റി (Supervisory and Financial Information Authority) യുടെ പക്കൽനിന്ന് (ധനകാര്യ) കൗൺസിൽ, ആവശ്യമുള്ളപ്പോൾ, അതിന്റെ പ്രവർത്തന സ്വയം ഭരണാധികാരം പരിഗണിച്ചുകൊണ്ട്, അതിന്റെ പ്രവർത്തന മേഖലയിൽ വരുന്ന പ്രസക്തമായ കാര്യങ്ങളെക്കുറിച്ച് വിവരത്തിനായി അപേക്ഷിക്കുന്നു. മാത്രമല്ല, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ വർക്സ് ഓഫ് റിലിയിജന്റെ (Institute for the Works of Religion) [വത്തിക്കാൻ ബാങ്ക്] പ്രവർത്തനത്തെകുറിച്ച് വർഷാവർഷം കൗൺസിൽ ധരിക്കപ്പെടുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 211

ധനകാര്യ സെക്രട്ടറിയേറ്റ് സമർപ്പിക്കുന്ന നിർദേശങ്ങളും, പരിശുദ്ധ സിംഹാസനത്തിന്റെ വിവിധ ഭരണവിഭാഗങ്ങൾ, സൂപ്പർവൈസറി ആന്റ് ഫൈനാൻഷ്യൽ ഇൻഫർമേഷൻ അതോറിറ്റി, അതുപോലെ തന്നെ കൗൺസിലിന്റെ നിയമാവലിയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് സ്ഥാപ

നങ്ങൾ എന്നിവ സമർപ്പിക്കുന്ന നിർദേശങ്ങളും കൗൺസിൽ പരിശോധനാവിധേയമാക്കുന്നതാണ്.

## ധനകാര്യ സെക്രട്ടറിയേറ്റ് (Secretariat for the Economy)

### ആർട്ടിക്കിൾ 212

§ 1. സാമ്പത്തികവും ധനപരവുമായ കാര്യങ്ങളിൽ പാപ്പായുടെ സെക്രട്ടറിയേറ്റ് ആയിട്ടാണ് ധനകാര്യ സെക്രട്ടറിയേറ്റ് പ്രവർത്തിക്കുന്നത്.

§ 2. കൂരിയൽ സ്ഥാപനങ്ങൾ പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ടതോ ചേർന്നുവരുന്നതോ ആയ ഓഫീസുകൾ ഇതര സ്ഥാപനങ്ങൾ, അതായത്, ധനകാര്യ സെക്രട്ടറിയേറ്റിന്റെ നിയമാലിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടികപ്രകാരമുള്ളവയുടെ, ഭരണപരവും സാമ്പത്തികവും ധനപരവുമായ കാര്യങ്ങൾ സാമ്പത്തിക സെക്രട്ടറിയേറ്റ് നിരീക്ഷിക്കുകയും അവയുടെ കാര്യത്തിൽ ജാഗ്രത പുലർത്തുകയും ചെയ്യുന്നു.

§ 3. ഇത് പത്രോസിന്റെ കാശ് (Peter's Pence), ഇതര പേപ്പൽ ഫണ്ടുകൾ എന്നിവയുടെമേൽ ഉചിതമായ മേല്നോട്ടം വഹിക്കുകയും ചെയ്യുന്നു.

### ആർട്ടിക്കിൾ 213

§ 1. ധനകാര്യ സെക്രട്ടറിയേറ്റിന്റെ തലവൻ ഒരു പ്രീഫെക്ട് ആണ്. അദ്ദേഹത്തെ സഹായിക്കാൻ ഒരു സെക്രട്ടറിയുമുണ്ട്.

§ 2. സെക്രട്ടറിയേറ്റിന് രണ്ടു പ്രവർത്തനമേഖലകളാണുള്ളത്. സാമ്പത്തിക ധനകാര്യ മേഖലയെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും അവയ്ക്ക് മേല്നോട്ടം വഹിക്കാനും ഉള്ളതാണ് ഒന്നാമത്തേത്. രണ്ടാമത്തേത്, ഭരണകാര്യങ്ങളെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും അവയ്ക്ക് മേല്നോട്ടം വഹിക്കാനുമുള്ളത്.

### ആർട്ടിക്കിൾ 214

§ 1. ധനകാര്യ സെക്രട്ടറിയേറ്റ് ധനകാര്യ കൗൺസിലുമായി കൂടിയാലോചിക്കുകയും കൗൺസിലിന്റെ പരിശോധനയ്ക്കായി കൂടുതൽ പ്രാധാന്യമുള്ള വിഷയങ്ങളെയും പൊതുവായ തത്ത്വങ്ങളെയും സംബന്ധിച്ച നിർദേശങ്ങളും മാർഗരേഖകളെ സംബന്ധിച്ച ചട്ടങ്ങളും സമർപ്പിക്കേണ്ടതുമാണ്.

§ 2. നിർദേശങ്ങളും മാർഗരേഖകളും തയാറാക്കുമ്പോൾ ധനകാര്യ സെക്രട്ടറിയേറ്റ് ഉചിതമായ കൂടിയാലോചനകൾ നടത്തുന്നത് ബന്ധപ്പെട്ട ഏജൻസികളുടെയും ഭരണവകുപ്പുകളുടെയും സ്വയം ഭരണാവകാശത്തെയും അധികാരസീമയെയും അർഹമായവിധം ആദരിച്ചു കൊണ്ടുതന്നെയാണ്.

§ 3. രാജ്യങ്ങളുമായുള്ള ബന്ധങ്ങൾ, അന്തർദേശീയ നിയമങ്ങൾ സംബന്ധിച്ച കാര്യങ്ങൾ എന്നിവയിൽ ധനകാര്യ സെക്രട്ടറിയേറ്റ് (Secretariat for the Economy) സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റ്സുമായി സഹകരിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഇക്കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാൻ സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിന് പൂർണമായ അധികാരമുണ്ട് (exclusive competence).

## ആർട്ടിക്കിൾ 215

ധനകാര്യ സെക്രട്ടറിയേറ്റ് ചെയ്യുന്നവ:

1. സാമ്പത്തികവും ധനപരവുമായ കാര്യങ്ങളിൽ പരിശുദ്ധ സിംഹാസനത്തിനുവേണ്ടി മാർഗരേഖകൾ പുറപ്പെടുവിക്കുകയും അതിന്റെ പ്രവൃത്തികൾ അംഗീകരിക്കപ്പെട്ട പ്രവർത്തന പദ്ധതികൾക്കും പരിപാടികൾക്കും യോജിച്ചവിധമാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നു;
2. സെക്രട്ടറിയേറ്റിന്റെ മേലന്വേഷണത്തിനും മേല്നോട്ടത്തിനുമായി ഭരമേല്പിക്കപ്പെട്ട സ്ഥാപനങ്ങളുടെ ഭരണപരവും സാമ്പത്തികവും ധനപരവുമായ പ്രവർത്തനങ്ങളെല്ലാം നിരീക്ഷിക്കുകയും തിരുത്തൽ നടപടികൾ നിർദേശിക്കുകയും അവ നടത്തുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു;
3. വാർഷിക ബജറ്റ് തയാറാക്കുകയും, അത് മാനിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും പരിശുദ്ധ സിംഹാസനത്തിന്റെ സമഗ്രമായ ബാലൻസ് ഷീറ്റ് (consolidated balance sheet) തയാറാക്കുകയും അവ ധനകാര്യ കൗൺസിലിന് സമർപ്പിക്കുകയും ചെയ്യുന്നു;
4. പരിശുദ്ധ സിംഹാസനത്തിന്റെ സമ്പത്തിന്റെയും ധനകാര്യ സ്ഥിതിയുടെയും കണക്കെടുക്കുകയും നഷ്ടസാധ്യത (risk) വിലയിരുത്തുകയും അക്കാര്യം ധനകാര്യ കൗൺസിലിന്റെ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നു.

## ആർട്ടിക്കിൾ 216

ധനകാര്യ സെക്രട്ടേറിയറ്റ് ചെയ്യുന്നവ:

1. കൂരിയിൽ സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ടതോ അതിനോട് ചേർന്നിരിക്കുന്നതോ ആയ സ്ഥാപനങ്ങൾക്കും ആവശ്യമായ വസ്തുക്കളും സേവനങ്ങളും സമ്പാദിക്കുന്നതിനെ സംബന്ധിച്ച് മാർഗരേഖകളും നയങ്ങളും രീതികളും നടപടികളും അത് രൂപപ്പെടുത്തുന്നു; ഇക്കാര്യങ്ങൾ സ്വായത്തമാക്കുന്നത് ഏറെ വിവേകപൂർവവും കാര്യക്ഷമവും സാമ്പത്തികമായി ലാഭകരമായ രീതിയിലും ഉചിതമായ അകമേയുള്ള കണക്കുകൂട്ടലുകളുടെയും നടപടികളുടെയും അടിസ്ഥാനത്തിലുമാണ് എന്നതും അത് ഉറപ്പുവരുത്തുന്നു.
2. അതിനു അനുയുക്തമായ വിവരസാങ്കേതിക വിദ്യ ക്രമപ്പെടുത്തുന്നു; അങ്ങനെ ഭരണപരവും, സാമ്പത്തികവും ധനപരവുമായ ഭരണനടത്തിപ്പ് കാര്യക്ഷമവും സുതാര്യവും ആയിരിക്കാൻ അത് സഹായിക്കുന്നു; മാത്രമല്ല, അംഗീകൃത ചട്ടങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് അർകൈവുകളും (archives) കണക്കുകൾ സംബന്ധമായ രേഖകളും (accounting records) വിശ്വസ്തമാംവിധം സൂക്ഷിച്ചിരിക്കുന്നു എന്നും ഉറപ്പുവരുത്തുന്നു.

## ആർട്ടിക്കിൾ 217

§ 1. പരിശുദ്ധ സിംഹാസനത്തിന്റെ മനുഷ്യവിഭവശേഷി വിഭാഗം (Human Resources Department of the Holy See) ധനകാര്യ സെക്രട്ടറിയേറ്റിൽ ഉൾപ്പെടുന്നു. പരിശുദ്ധ സിംഹാസനത്തിന്റെ പ്രത്യേകമായ നിയമത്തിനു കീഴിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ സംബന്ധിച്ച്, അവരുടെ സ്ഥാനം, തൊഴിൽ മാനേജ്മെന്റ് എന്നിവയെക്കുറിച്ചുള്ള ഉത്തരവാദിത്വം ധനകാര്യ സെക്രട്ടറിയേറ്റിനുണ്ട്; അത് നിർവഹിക്കപ്പെടുന്നത് അതിനോട് ബന്ധപ്പെട്ടിരിക്കുന്ന ഇതര സ്ഥാപനങ്ങളുമായി സംഭാഷണത്തിലും സഹകരണത്തിലുമായിരിക്കും; എന്നാൽ അത് ആർട്ടിക്കിൾ 48 § 2 നു ഭംഗംവരാത്ത രീതിയിൽ ആയിരിക്കണം.

§ 2. ധനകാര്യ സെക്രട്ടറിയേറ്റ്, ഈ ഡിപ്പാർട്ട്മെന്റ് വഴി, അതിന്റെ അധികാരത്തിൽ വരുന്ന ഇതര കാര്യങ്ങൾ ചെയ്യുന്നു. അതായത്,

ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കാൻ അധികാരം നല്കുന്നു; തത്സംബന്ധമായ എല്ലാ നിബന്ധനകളും പാലിച്ചു എന്ന് അതു പരിശോധിക്കുന്നു; മാത്രമല്ല, സ്ഥാപനങ്ങളുടെ ഘടനാപരമായ ചാർട്ടുകളും (organizational charts) അംഗീകരിക്കുന്നതും ഇതുതന്നെ.

## ആർട്ടിക്കിൾ 218

§ 1. കൂരിയൽ സ്ഥാപനങ്ങളും ഓഫീസുകളും പരിശുദ്ധ സിംഹാസനത്തോട് ബന്ധപ്പെട്ടതോ അതിനോട് ചേർന്നിരിക്കുന്നതോ ആയ സ്ഥാപനങ്ങളും നടത്തുന്ന വസ്തുവകകളുടെ അന്യാധീനപ്പെടുത്തൽ (alienation) ആസ്തികളുടെ കൈവശപ്പെടുത്തൽ (acquisition) അസാധാരണമായ ഭരണനടപടി എന്നിവയ്ക്ക് ധനകാര്യ കൗൺസിൽ (Council for the Economy) വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച്, ധനകാര്യ സെക്രട്ടേറിയറ്റ് അംഗീകാരം നല്കുന്നു. പ്രസ്തുത ഇടപാടുകൾ സാധൂകരിക്കപ്പെടുന്നതിനു *(ad validitatem)* സെക്രട്ടറിയേറ്റിന്റെ അംഗീകാരം ആവശ്യമാണ്.

§ 2. അപ്പസ്തോലിക സിംഹാസനത്തിൽ ഒഴിവ് വരുമ്പോൾ, ധനകാര്യ സെക്രട്ടറിയേറ്റ് പരിശുദ്ധ റോമാ സഭയുടെ കർദിനാൾ കമർലെങ്കോയ്ക്ക് (Camerlengo) പരിശുദ്ധ സിംഹാസനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഏതൊക്കെ വിവരങ്ങൾ ആവശ്യപ്പെടുന്നുവോ അവയൊക്കെ നല്കുന്നതാണ്.

## അപ്പസ്തോലിക സിംഹാസനത്തിന്റെ പൈതൃക ആസ്തിയുടെ ഭരണം

## (Administration of the Patrimony of the Apostolic See)

## ആർട്ടിക്കിൾ 219

§ 1. പരിശുദ്ധ സിംഹാസനത്തിന്റെ സ്ഥാവരജംഗമ വസ്തുക്കളുടെ നടത്തിപ്പും ഭരണവും കൈകാര്യം ചെയ്യുകയെന്നത് 'ദി അഡ്മിനിസ്ട്രേഷൻ ഓഫ് പാട്രിമണി ഓഫ് ദി അപ്പസ്തോലിക് സീ'യുടെ ഉത്തരവാദിത്വമാണ്. പ്രാദേശിക സഭകളുടെ നന്മയെ ലക്ഷ്യം വച്ചും ശുശ്രൂഷയ്ക്കുമായി റോമൻ കൂരിയാ അതിന്റെ പ്രവർത്തനം ശരിയായി നടത്തുന്നതിനു ആവശ്യമുള്ള വിഭവങ്ങൾ

ലഭ്യമാക്കുകയെന്നതാണ് പ്രസ്തുത സ്ഥാവരജംഗമ വസ്തുക്കളുടെ ലക്ഷ്യം.

§ 2. വിവിധ സ്ഥാപനങ്ങൾ പരിശുദ്ധ സിംഹാസനത്തെ ഭരമേല്പിച്ചിട്ടുള്ള തങ്ങളുടെ സ്ഥാവരജംഗമ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള ഭരണപരമായ ഉത്തരവാദിത്വവും ഇതിനുണ്ട്. അപ്രകാരം ചെയ്യുന്നത് പ്രസ്തുത വസ്തുവകകൾ സ്ഥാപിച്ചപ്പോൾ അവയ്ക്കുണ്ടായിരുന്ന ലക്ഷ്യത്തെയും തൽസംബന്ധമായി അധികാരപ്പെട്ട സ്ഥാപനങ്ങൾ ഉണ്ടാക്കിയിട്ടുള്ള മാർഗരേഖകളെയും പൊതു തത്ത്വങ്ങളെയും മാനിച്ചുകൊണ്ടാണ്.

§ 3. ഖണ്ഡിക ഒന്നിലും രണ്ടിലും പരാമർശിക്കപ്പെട്ടിട്ടുള്ള എല്ലാ ധനകാര്യ ഇടപാടുകളും നിർവഹിക്കപ്പെടുന്നത് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ വർക്സ് ഓഫ് റിലിജൻ [വത്തിക്കാൻ ബാങ്ക്] വഴിയാണ്.

## ആർട്ടിക്കിൾ 220

§ 1. റോമൻ കൂരിയായുടെ സാധാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായവ നല്കുന്നത് അപ്പസ്തോലിക സിംഹാസനത്തിന്റെ അഡ്മിനിസ്ട്രേഷൻ ഓഫ് ദി പാട്രിമണി ആണ് (The Administration of the Patrimony of the Apostolic See). പണലഭ്യത (liqudity), കണക്കുവയ്ക്കൽ (accounting), സാധനങ്ങൾ വാങ്ങുന്നത് (purchase), മറ്റു സേവനങ്ങൾ എന്നിവയുമായിട്ടു ബന്ധപ്പെട്ട എല്ലാ ചുമതലകളും നിർവഹിക്കുന്നത് ഈ സ്ഥാപനമാണ്.

§ 2. പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ടതോ അതിനോട് ചേർന്നിരിക്കുന്നതോ ആയ സ്ഥാപനങ്ങൾക്ക് ഖണ്ഡിക 1-ൽ പറഞ്ഞിരിക്കുന്ന അതേ സേവനങ്ങൾ, അവർ ആവശ്യപ്പെടുകയോ അല്ലെങ്കിൽ അങ്ങനെ വ്യവസ്ഥ ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ, "ദി അഡ്മിനിസ്ട്രേഷൻ ഓഫ് ദി പാട്രിമണി ഓഫ് ദി അപ്പസ്തോലിക് സി"യ്ക്ക് ചെയ്യാവുന്നതാണ്.

## ആർട്ടിക്കിൾ 221

§ 1. അപ്പസ്തോലിക സിംഹാസനത്തിന്റെ അഡ്മിനിസ്ട്രേഷൻ ഓഫ് ദി പാട്രിമണിയുടെ തലവൻ പ്രസിഡന്റ് ആണ്. അദ്ദേഹത്തെ സഹായിക്കാൻ സെക്രട്ടറി, കർദിനാളന്മാർ, മെത്രാന്മാർ, വൈദികർ, അല്മായർ എന്നിവരടങ്ങിയ ഒരു കൗൺസിലുമുണ്ട്. അവർ

നല്കുന്ന സഹായംവഴി അഡ്മിനിസ്ട്രേഷന്റെ തന്ത്രപരമായ മാർഗ രേഖകൾ വികസിപ്പിച്ചെടുക്കാനും അതിന്റെ ഫലങ്ങൾ വിലയിരുത്താനും പ്രസിഡണ്ടിന് സാധിക്കും.

§ 2. അഡ്മിനിസ്ട്രേഷന്റെ ആന്തരിക സംഘടനയ്ക്ക് മൂന്ന് പ്രവർത്തന മേഖലകളാണുള്ളത്: ആസ്തികളുടെ മാനേജ്മെന്റിന്റെ ഉത്തരവാദിത്വം, സാമ്പത്തിക കാര്യങ്ങൾ, സേവനങ്ങൾ.

§ 3. ആർട്ടിക്കിൾ 16 ഉം, 17 §1 ഉം അനുസരിച്ച്, നിയമിക്കപ്പെട്ടിട്ടുള്ള പ്രാഗ്ത്ഭ്യം തെളിയിച്ചവരുടെ ഉപദേശം അഡ്മിനിസ്ട്രേഷൻ അതിന്റെ അധികാരസീമയിൽ വരുന്ന മേഖലകളിൽ ഉപയോഗപ്പെടുത്തുന്നു.

## ഓഡിറ്റർ ജനറലിന്റെ ഓഫീസ്

## ആർട്ടിക്കിൾ 222

പരിശുദ്ധ സിംഹാസനത്തിന്റെ സമഗ്രമായ സാമ്പത്തിക കണക്കുകൾ (consolidated financial statements), ഓഡിറ്റ് ചെയ്യുക എന്ന ഉത്തരവാദിത്വമാണ് ഓഡിറ്റർ ജനറലിന്റെ ഓഫീസിനുള്ളത്.

## ആർട്ടിക്കിൾ 223

§ 1. ധനകാര്യ കൗൺസിൽ അംഗീകരിച്ച വാർഷിക ഓഡിറ്റ് പ്ലാൻ അനുസരിച്ച്, ഓഡിറ്റർ ജനറലിന്റെ ഓഫിസിന്റെ ഉത്തരവാദിത്വമാണ് ഓരോരോ കൂരിയൽ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ടതോ അതിനോട് ചേർന്നിരിക്കുന്നതോ ആയ സ്ഥാപനങ്ങളുടെയും വാർഷിക സാമ്പത്തിക കണക്കുകളുടെ ഓഡിറ്റ് നടത്തുകയെന്നത്. മേൽപ്പറഞ്ഞ സമഗ്രമായ സാമ്പത്തിക കണക്കുകളിൽ (consolidated financial statements) അവ ഉൾപ്പെടുന്നതാണ്.

§ 2. ഓഡിറ്റർ ജനറൽ, ധനകാര്യ കൗൺസിലിന്റെ മുമ്പാകെ വാർഷിക ഓഡിറ്റ് പ്ലാൻ, അംഗികാരത്തിനായി സമർപ്പിക്കുന്നതാണ്.

## ആർട്ടിക്കിൾ 224

§ 1. ധനകാര്യ കൗൺസിൽ അല്ലെങ്കിൽ ധനകാര്യ സെക്രട്ടേറിയറ്റ് അല്ലെങ്കിൽ ആർട്ടിക്കിൾ 205 §-1 ൽ പരാമർശിക്കപ്പെട്ട ഓഫീസുകളുടെയും ഭരണവകുപ്പുകളുടെയും തലവന്മാർ എന്നിവരുടെ

അപേക്ഷപ്രകാരം താഴെ കൊടുത്തിരിക്കുന്ന പ്രത്യേക സാഹചര്യങ്ങളിൽ ഓഡിറ്റർ ജനറലിന്റെ ഓഫീസ് പ്രത്യേക ഓഡിറ്റ് നടത്തുന്നതാണ്: സാമ്പത്തികവും ഭൗതികവുമായ വിഭവങ്ങളുടെ വിഹിതം ഉപയോഗിക്കുന്നതിലോ അനുവദിക്കുന്നതിലോ അപാകതകൾ ഉണ്ടാകുമ്പോൾ; കോൺട്രാക്റ്റുകൾ അനുവദിക്കുന്നതിൽ ക്രമക്കേടുകൾ ഉണ്ടാവുകയോ, ക്രയവിക്രയങ്ങളിലെ ക്രമക്കേടുകൾ ഉണ്ടാവുകയോ ചെയ്യുമ്പോൾ; നടത്തിപ്പിലോ അന്യാധീനപ്പെടുത്തലിലോ അഴിമതി, വഞ്ചന എന്നിവ ഉണ്ടാകുമ്പോൾ. ഈ സന്ദർഭങ്ങളിൽ ഓഡിറ്റർ ജനറലിന് സ്വതന്ത്രമായ് ഒരു ഓഡിറ്റിന് ആരംഭം കുറിക്കാവുന്നതാണ്. എന്നാൽ അദ്ദേഹം ധനകാര്യ കൗൺസിലിന്റെ കർദിനാൾ കോ-ഓഡിനേറ്ററെ അതിനുള്ള കാരണം കാണിച്ചു മുൻകൂട്ടി വിവരം നല്കിയിരിക്കണം.

§ 2. ഇത്തരം പ്രത്യേക സാഹചര്യങ്ങളെക്കുറിച്ച തങ്ങളുടെ പ്രവർത്തനങ്ങൾക്കിടയിൽ അറിവു കിട്ടുന്ന വ്യക്തികൾ അക്കാര്യം ഓഡിറ്റർ ജനറലിനെ ധരിപ്പിക്കുന്നു. അവരിൽനിന്നു ലഭിച്ച നോട്ടിഫിക്കേഷനുകൾ പഠിച്ചശേഷം ധനകാര്യ സെക്രട്ടറിയേറ്റിന്റെ പ്രീഫെക്ടിന് ഒരു റിപ്പോർട്ടോടുകൂടി അദ്ദേഹം അവ സമർപ്പിക്കുന്നു; ആവശ്യമെന്നുകണ്ടാൽ, ധനകാര്യ കൗൺസിലിന്റെ കർദിനാൾ കോ-ഓഡിനേറ്റർക്കും അവ സമർപ്പിക്കുന്നതാണ്.

## രഹസ്യ സ്വഭാവമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന കമ്മീഷൻ

## (Commission for Confidential Matters)

### ആർട്ടിക്കിൾ 225

രഹസ്യ സ്വഭാവമുള്ള കാര്യങ്ങൾക്കായുള്ള ഈ കമ്മീഷനു താഴെപ്പറയുന്ന കാര്യങ്ങളിൽ അധികാരമുണ്ട്:

1. സഭയുടെയോ വ്യക്തികളുടെയോ ഉപരി നന്മയെ ലക്ഷ്യം വച്ചുകൊണ്ട് ഏതെങ്കിലും നിയമപരമോ, സാമ്പത്തികപരമോ, ധനപരമോ ആയ കാര്യങ്ങൾ രഹസ്യമാക്കി വയ്ക്കാൻ അനുവാദം നല്കാനുള്ള അധികാരം; അധികാരപ്പെട്ട സ്ഥാപനങ്ങൾക്ക് അവ പരിശോധിക്കുന്നതിനോ അവയുടെ മേൽനോട്ടം വഹിക്കുന്നതിനോ ഉള്ള അധികാരം നീക്കികളയാനുമുള്ള അധികാരം;

2. നിയമം രഹസ്യസ്വഭാവം ആവശ്യപ്പെടുന്ന പരിശുദ്ധ സിംഹാസന ത്തിന്റെ കരാറുകൾ നിരീക്ഷിക്കാനും (to monitor contracts) അവയുടെമേൽ ജാഗ്രത പുലർത്താനുമുള്ള അധികാരം.

## ആർട്ടിക്കിൾ 226

അതിന്റെ സ്വന്തമായ നിയമാവലിപ്രകാരം റോമാ പാപ്പാ നിയമിക്കുന്ന അംഗങ്ങളാണ് ഈ കമ്മീഷനിലെ അംഗങ്ങൾ. അഞ്ച് വർഷം ആണ് അംഗങ്ങളുടെ സേവനകാലാവധി. പ്രസിഡണ്ടാണ് ഇതിന്റെ തലവൻ; അദ്ദേഹത്തെ സഹായിക്കാൻ ഒരു സെക്രട്ടറിയും ഉണ്ടാകും.

## നിക്ഷേപങ്ങൾക്കായുള്ള കമ്മിറ്റി

## (Committee for Investments)

## ആർട്ടിക്കിൾ 227

§ 1. സാധാരണ ഓഹരികളിൽ (equity investments) പരിശുദ്ധ സിംഹാസനം നിക്ഷേപം നടത്തുമ്പോൾ അവയുടെ ധാർമിക സ്വഭാവം (ethical nature) ഉറപ്പാക്കാനുള്ള ചുമതല നിക്ഷേപങ്ങ ൾക്കു വേണ്ടിയുള്ള കമ്മിറ്റിക്കായിരിക്കും. സഭയുടെ സാമൂഹിക പ്രബോധനങ്ങളും, അതേസമയം, ആ നിക്ഷേപങ്ങളുടെ ലാഭ സാധ്യതയും ഔചിത്യവും നഷ്ടസാധ്യതയും (degree of risk) ഇവിടെ പരിഗണനാ വിഷയങ്ങളായിരിക്കും.

§ 2. അതിന്റെ നിയമാവലിപ്രകാരം റോമാ പാപ്പാ നിയമിക്കുന്ന അംഗ ങ്ങൾ പ്രഫഷണൽ ആയി പ്രശസ്തരും പ്രഗ്ത്ഭരുമായവർ ആയി രിക്കും. അഞ്ചുവർഷത്തേക്കാണ് ഈ നിയമനം. പ്രസിഡണ്ടാണ് കമ്മിറ്റിയുടെ തലവൻ. അദ്ദേഹത്തെ സഹായിക്കാൻ ഒരു സെക്രട്ട റിയും ഉണ്ടാവും.

# VIII
# ഓഫീസുകൾ

## പാപ്പാമന്ദിരത്തിന്റെ പ്രീഫെക്ചർ
## (Prefecture of the Papal Household)

### ആർട്ടിക്കിൾ 228

§ 1. പാപ്പാഭവനത്തിന്റെ ഉള്ളിലെ കാര്യങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം പ്രീഫെക്ചറിനാണ്. പേപ്പൽ ചാപ്പലിന്റെയും പേപ്പൽ കുടുംബത്തിന്റെയും നടത്തിപ്പിന്റെയും അതുമായി ബന്ധപ്പെട്ട എല്ലാവരുടെയും ശുശ്രൂഷയുടെയും മേൽനോട്ടം വഹിക്കലും പ്രീഫെക്ചറിന്റെ ചുമതലയാണ്.

§ 2. ഇതിന്റെ തലവനായി ഒരു പ്രീഫെക്ട് ഉണ്ട്. അദ്ദേഹത്തെ സഹായിക്കാൻ ഒരു റീജന്റുമുണ്ട്. ഇരുവരെയും നിയമിക്കുന്നത് റോമാ പാപ്പായാണ്. അഞ്ച് വർഷമാണ് അവരുടെ കാലാവധി. ഇവരെ സഹായിക്കാൻ നിരവധി ഉദ്യോഗസ്ഥരുമുണ്ട്.

### ആർട്ടിക്കിൾ 229

§ 1. വ്യക്തമായും ആരാധനക്രമം സംബന്ധിച്ച കാര്യങ്ങൾ ആണെന്നു തോന്നുന്നവ ഒഴികെ പാപ്പായുടെ ചടങ്ങളുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും ആസൂത്രണം ചെയ്യുകയും അവ നിർവഹിക്കുകയും ചെയ്യുകയെന്നത് പ്രീഫെക്ചറിന്റെ ചുമതലയാണ്. പ്രസ്തുത ചടങ്ങുകളുടെ മുൻഗണനാക്രമം തീരുമാനിക്കുന്നതും ഈ പ്രീഫെക്ചറാണ്.

§ 2. പാപ്പായുടെ സ്വീകരണ മുറിയുടെ മുമ്പിലുള്ള മുറിയുടെ (antechamber) സേവനങ്ങളെ ഏകോപിപ്പിക്കുകയെന്നത് പ്രീഫെക്ചറിന്റെ ഉത്തരവാദിത്വമാണ്. അതായത്, റോമാ പാപ്പായുടെ പൊതുവായതും പ്രത്യേകമായതും സ്വകാര്യമായതുമായ കൂടിക്കാഴ്ചകൾ സംഘടിപ്പിക്കുക, ആവശ്യം വരുമ്പോൾ, സ്റ്റേറ്റ് സെക്രട്ടറിയേറ്റുമായി കൂടയാലോചിച്ച് വ്യക്തികളുടെ സന്ദർശനവുമായുള്ള ബന്ധപ്പെട്ട ക്രമപ്പെടുത്തലുകൾ നടത്തുക എന്നിവ. രാഷ്ട്രത്തലവന്മാർ, ഗവൺമെന്റുകളുടെ തലവന്മാർ ഗവൺമെന്റുകളിലെ മന്ത്രിമാർ, പൊതു അധികാരികൾ, മറ്റു പ്രഗത്ഭവ്യക്തികൾ, അംബാസിഡർമാർ, എന്നിവരെ പാപ്പാ ഔപചാരികമായി സ്വീകരിക്കുമ്പോൾ അതിനുള്ള ക്രമപ്പെടുത്തലുകൾ നടത്തുക എന്നത് പ്രീഫെക്ചറിന്റെ കടമയാണ്.

§ 3. റോമാ പാപ്പായുടെയും കർദിനാൾ സംഘത്തിന്റെയും റോമൻ കൂരിയായുടെയും വാർഷിക ധ്യാനത്തിനുവേണ്ട (Spiritual Exercises) ഏർപ്പാടുകൾ ചെയ്യുക എന്നതും പ്രീഫെക്ചറിന്റെ കടമയാണ്.

## ആർട്ടിക്കിൾ 230

§ 1. വത്തിക്കാന്റെയോ റോമിന്റെയോ അതിർത്തികൾക്കുള്ളിൽ പാപ്പാ സന്ദർശനം നടത്തുമ്പോഴും ഇറ്റലിക്കുള്ളിൽ യാത്ര ചെയ്യുമ്പോഴും അതിനുള്ള ഒരുക്കങ്ങൾ ചെയ്യേണ്ടതും പ്രീഫെക്ചറാണ്.

§ 2. വത്തിക്കാൻ പ്രദേശത്തിനുള്ളിൽ നടക്കുന്ന യോഗങ്ങളിലും സന്ദർശനവേളകളിലും മാത്രമേ പ്രീഫെക്ട് പാപ്പായെ സഹായിക്കുന്നുള്ളു.

## റോമാ പാപ്പായുടെ ആരാധനക്രമാഘോഷങ്ങൾക്കു വേണ്ടിയുള്ള ഓഫീസ്

## (Office for the Liturgical Celebrations of the Supreme Pontiff)

## ആർട്ടിക്കിൾ 231

§ 1. വത്തിക്കാനിൽ പാപ്പായോ അല്ലെങ്കിൽ പാപ്പായുടെ പേരിലോ, പാപ്പായുടെ കല്പനയാലോ നടത്തപ്പെടുന്ന ആരാധനക്രമാഘോഷങ്ങളിലും മറ്റു വിശുദ്ധമായ ആചരണങ്ങളിലും ഒരു കർദിനാളോ, ഒരു മെത്രാനോ, അദ്ധ്യക്ഷ്യം വഹിക്കുകയോ പങ്കെടുക്കുകയോ,

സഹായിക്കുകയോ ചെയ്യുന്നെങ്കിൽ അതിനു വേണ്ടതായ ഒരുക്കങ്ങൾ ചെയ്യുകയെന്നത് പാപ്പായുടെ ആരാധനക്രമാഘോഷങ്ങൾക്കുവേണ്ടിയുള്ള ഓഫീസിന്റെ ചുമതലയാണ്. ആരാധനക്രമനിയമത്തിലെ നിലവിലുള്ള നിർദേശങ്ങൾ അനുസരിച്ച് അവയുടെ മേൽനോട്ടം വഹിക്കുന്നതും ഈ ഓഫീസായിരിക്കും. മഹിതമായ രീതിയിൽ അവ ആഘോഷിക്കുന്നതിനും വിശ്വാസികളുടെ സജീവമായ ഭാഗഭാഗിത്വം ഉറപ്പാക്കുന്നതിനുംവേണ്ടി ചെയ്യേണ്ട കാര്യങ്ങളെല്ലാം ക്രമപ്പെടുത്തുന്നതും ഈ ഓഫീസ് തന്നെ.

§ 2. റോമാ പാപ്പായുടെ അജപാലന സന്ദർശന വേളകളിലും അപ്പസ്തോലിക യാത്രകളിലും നടത്തപ്പെടുന്ന എല്ലാ ആരാധനക്രമാഘോഷങ്ങളിലും വേണ്ട കാര്യങ്ങളെല്ലാം ആസൂത്രണം ചെയ്യുന്നതും നടപ്പാക്കുന്നതും ഈ ഓഫീസ് തന്നെയാണ്. പാപ്പായുടെ ആരാധനക്രമങ്ങളുടെ സവിശേഷമായ പ്രത്യേകതകൾ മനസ്സിൽ വച്ചുകൊണ്ടായിരിക്കും ഇവയെല്ലാം ക്രമപ്പെടുത്തുക.

## ആർട്ടിക്കിൾ 232

§ 1. പാപ്പായുടെ ആരാധനക്രമാഘോഷങ്ങളുടെ തലവനായി ഒരു മാസ്റ്ററെ (Master of Papal Liturgical Celebrations) റോമാ പാപ്പാ നിയമിക്കുന്നതാണ്. അഞ്ചു വർഷത്തേക്കാണ് ഈ നിയമനം. വിശുദ്ധ കർമങ്ങളിൽ മാസ്റ്ററെ സഹായിക്കാൻ അഞ്ചു വർഷത്തേക്ക് പേപ്പൽ മാസ്റ്റേഴ്സ് ഓഫ് സെറിമണി (Papal Masters of Ceremony) യെയും പാപ്പാ നിയമിക്കുന്നതാണ്.

§ 2. ഈ ഓഫീസിൽ, മാസ്റ്ററെ സഹായിക്കുന്നതിനുവേണ്ടി പല ഉദ്യോഗസ്ഥരും ഉപദേഷ്ടാക്കളും ഉണ്ടായിരിക്കും.

## ആർട്ടിക്കിൾ 233

§ 1. പേപ്പൽ സങ്കീർത്തിയുടെയും അപ്പസ്തോലിക മന്ദിരത്തിലെ (Apostolic Palace) ചാപ്പലുകളുടെയും കാര്യങ്ങൾ കൈകാര്യം ചെയ്യുകയെന്നതും പാപ്പായുടെ ആരാധനക്രമാഘോഷങ്ങളുടെ മാസ്റ്ററുടെതന്നെ ചുമതലയാണ്.

§ 2. സിസ്റ്റയിൻ ചാപ്പലിലെ ഗായകസംഘ (choir) ത്തിന്റെ ചുമതലയും പാപ്പായുടെ ആരാധനക്രമാഘോഷങ്ങളുടെ മാസ്റ്റർക്കുതന്നെ

യാണ്. ഗായകസംഘത്തിന്റെ ആരാധനക്രമസംബന്ധവും അജപാലനപരവും ആധ്യാത്മികവും കലാപരവും വിദ്യാഭ്യാസപരവുമായ മേഖലകളുടെയും പ്രവർത്തനങ്ങളുടെ മേൽനോട്ടവും അദ്ദേഹത്തിന്റെ ചുമതലയാണ്. സിസ്റ്റയിൻ ചാപ്പലിന്റെ ഗായക സംഘത്തെ ഈ ഓഫീസുമായി ബന്ധിപ്പിച്ചിരിക്കുന്നത്. പാപ്പായുടെ ആരാധനക്രമാഘോഷങ്ങൾക്ക് അത് നല്കുന്ന സവിശേഷമായ സേവനം കണക്കിലെടുത്തുകൊണ്ടും പാപ്പായുടെ ആഘോഷപൂർവകമായ ആരാധനക്രമാചരണങ്ങൾക്ക് ഈ ഗായകസംഘം നല്കികൊണ്ടിരിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള അഭിമാനാർഹമായ കലാപരവും സംഗീതാത്മകമായ പൈതൃകം പരിരക്ഷിക്കുക എന്ന ഉദ്ദേശ്യം പരിഗണിച്ചുകൊണ്ടുമാണിത്.

## ആർട്ടിക്കിൾ 234

കർദിനാളുമാരുടെ ഒത്തുചേരൽ (Consistory) നടത്തുന്നതിന്റെയും അപ്പസ്തോലിക സിംഹാസനത്തിൽ ഒഴിവ് വരുമ്പോൾ കർദിനാൾ സംഘത്തിന്റെ ആരാധനക്രമാഘോഷങ്ങളുടെ നേതൃത്വം നല്കുന്നതിന്റെയും ഉത്തരവാദിത്വം ഈ ഓഫീസിന്റെ അധികാരസീമയിൽ വരുന്ന കാര്യമാണ്.

## പരിശുദ്ധ റോമാസഭയുടെ കമർലെങ്കോ (Camerlengo)

## ആർട്ടിക്കിൾ 235

§ 1. അപ്പസ്തോലിക സിംഹാസനം ഒഴിഞ്ഞുകിടക്കുമ്പോഴും പുതിയ പാപ്പായെ തിരഞ്ഞെടുക്കുമ്പോഴും പരിശുദ്ധ റോമാ സഭയിലെ കർദിനാൾ കമർലെങ്കോ പ്രത്യേക നിയമമനുസരിച്ച് തന്നിൽ ഭരമേല്പിക്കപ്പെട്ടതായ ചുമതലകൾ നിർവഹിക്കുന്നു.

§ 2. പരിശുദ്ധ റോമാ സഭയിലെ കമർലെങ്കോയെയും, വൈസ് - കമർലെങ്കോയെയും നിയമിക്കുന്നത് റോമാ പാപ്പായാണ്.

§ 3. തന്നെ ഭരമേല്പിച്ചിട്ടുള്ള ചുമതലകളുടെ നിർവഹണത്തിൽ പരിശുദ്ധ റോമാ സഭയുടെ കർദിനാൾ കമർലെങ്കോയെ സഹായിക്കാൻ മൂന്നു കർദിനാൾ അസിസ്റ്റന്റുമാർ (Cardinal Assistants) അദ്ദേഹത്തിന്റെ അധികാരത്തിനും ഉത്തരവാദിത്വത്തിനും കീഴിലുണ്ടായിരിക്കും. അവരിൽ ഒരാൾ ധനകാര്യ കൗൺസിലിന്റെ (Cardinal Co-oridinator of the Council for the Economy) കോ-ഓർഡിനേറ്റർ ആയി

രിക്കും. മറ്റു രണ്ടുപേരെയും തിരഞ്ഞെടുക്കുക, അപ്പസ്തോലിക സിംഹാസനത്തിൽ ഒഴിവു വരുമ്പോഴും റോമാ പാപ്പായെ തിരഞ്ഞെടുക്കുമ്പോഴും പാലിക്കേണ്ട ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതികളുടെ അടിസ്ഥാനത്തിലായിരിക്കും.

## ആർട്ടിക്കിൾ 236

അപ്പസ്തോലിക സിംഹാസനം ഒഴിഞ്ഞുകിടക്കുന്ന കാലയളവിൽ അതിന്റെ ഭൗതിക വസ്തുക്കളുടെയും (temporal goods) അവകാശങ്ങളുടെയും മേൽനോട്ടവും ഭരണവും പരിശുദ്ധ റോമാ സഭയുടെ കർദിനാൾ കമർലെങ്കൊയെ ഭരമേല്പിച്ചിരിക്കുന്നു.

അദ്ദേഹത്തിനു അതിനു തടസ്സമുണ്ടെങ്കിൽ വൈസ്-കമർലെങ്കൊ ആയിരിക്കും ആ ചുമതല നിർവഹിക്കുന്നത്.

## ആർട്ടിക്കിൾ 237

അപ്പസ്തോലിക സിംഹാസനത്തിൽ ഒഴിവു വരുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുക എന്നത് പരിശുദ്ധ റോമാ സഭയുടെ കർദിനാൾ കമർലെങ്കോയുടെ അവകാശവും ചുമതലയുമാണ്:

1. പരിശുദ്ധ സിംഹാസനത്തെ ആശ്രയിച്ചു നില്ക്കുന്ന എല്ലാ ഭരണ വിഭാഗങ്ങളിൽനിന്ന് അവയുടെ പൈതൃക സ്വത്തിനെക്കുറിച്ചും സാമ്പത്തിക സ്ഥിതിയെക്കുറിച്ചും നിലവിൽ എന്തെങ്കിലും അസാധാരണമായ (extraordinary) ഇടപാടുകൾ ഉണ്ടെങ്കിൽ അവയെക്കുറിച്ചുമുള്ള വിവരങ്ങളടങ്ങിയ റിപ്പോർട്ട് തേടുക എന്നത്;
2. ധനകാര്യ കൗൺസിലിൽനിന്ന് പരിശുദ്ധ സിംഹാസനത്തിന്റെ കഴിഞ്ഞ വർഷത്തെ ബജറ്റും സമഗ്രമായ സാമ്പത്തിക കണക്കും (consolidated financial statement) തേടുക എന്നത്; അതുപോലെ തന്നെ തുടർന്നു വരുന്ന വർഷത്തെക്കുറിച്ചും;
3. ആവശ്യമുള്ള അളവിൽ, ധനകാര്യ സെക്രട്ടറിയേറ്റിൽനിന്ന് പരിശുദ്ധ സിംഹാസനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള ഏത് വിവരവും തേടുക എന്നത്.

# IX
# അഭിഭാഷകർ (ADVOCATES)

## റോമൻ കൂരിയായിലെ അഭിഭാഷകരുടെ റജിസ്റ്റർ

### ആർട്ടിക്കിൾ 238

റോമൻ റോത്താ (Roman Rota) യിലെ അഭിഭാഷകരുടെ റജിസ്റ്ററിനു പുറമേ, താൽപര്യമുള്ള കക്ഷികളുടെ അഭ്യർഥനപ്രകാരം, അവരുടെ കേസുകളിൽ അവരെ പ്രതിനിധീകരിക്കാൻ അപ്പസ്തോലിക സിഞ്ഞാത്തൂറയെന്ന പരമോന്നത ട്രിബൂണൽ മുമ്പാകെ ഹാജാരാകാൻ അധികാരപ്പെടുത്തിയ അഭിഭാഷകരുടെ ഒരു രജിസ്റ്ററും സൂക്ഷിക്കപ്പെടുന്നു. ഇത്തരം കൂരിയൽ സ്ഥാപനങ്ങളിൽ സമർപ്പിച്ചിട്ടുള്ള ഹയരാർക്കിൽ പരാതികൾക്ക് നിവൃത്തി വരുന്നതിൽ അവർ സഹായിക്കുന്നതായിരിക്കും.

### ആർട്ടിക്കിൾ 239

§ 1. തങ്ങളുടെ അക്കാദമിക ബിരുദങ്ങളാൽ പ്രസ്തുത കാര്യങ്ങൾക്കുവേണ്ടി നന്നായി ഒരുങ്ങിയിട്ടുണ്ടെന്നു തെളിയിച്ചവരും മാതൃകാപരമായ ക്രിസ്തീയ ജീവിതം നയിക്കുന്നവരും അഭിമാനപൂർവമായ പെരുമാറ്റവും തങ്ങളുടെ ജോലിയിൽ കഴിവുള്ളവരുമായ പ്രഫഷണലുകൾക്ക് ഈ റജിസ്റ്ററിൽ പേര് രേഖപ്പെടുത്താവുന്നതാണ്.

§ 2. സെക്രട്ടറി ഓഫ് സ്റ്റേറ്റ്, ഇതിനുവേണ്ടി സ്ഥിരമായി ഏർപ്പെടുത്തിയിട്ടുള്ള കമ്മീഷനെ ശ്രവിച്ചതിനുശേഷമായിരിക്കും, §1-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഗുണവിശേഷങ്ങളുള്ള പ്രഗ്ത്ഭരായവരുടെ

പേരുകൾ, അവർ അഭ്യർത്ഥിക്കുന്നതനുസരിച്ച്, റജിസ്റ്ററിൽ എഴുതി ച്ചേർക്കാൻ സൗകര്യം ഒരുക്കുന്നത്. അവരുടെ ഭാഗത്ത്നിന്ന് മേൽ പറഞ്ഞ ഗുണവിശേഷങ്ങൾ ഇല്ലാതായിത്തീർന്നാൽ, ഈ രജിസ്റ്ററിൽനിന്ന് ഈ അഭിഭാഷകരെ നീക്കം ചെയ്യുന്നതാണ്.

## പരിശുദ്ധ സിംഹാസനത്തിന്റെ അഭിഭാഷക സംഘം

## ആർട്ടിക്കിൾ 240

§ 1. റോമൻ കൂരിയായിലെ അഭിഭാഷക രജിസ്റ്ററിൽ പേരു രേഖപ്പെടു ത്തപ്പെട്ടവരെയാണ് പരിശുദ്ധ സിംഹാസനത്തിന്റെ അഭിഭാഷക സംഘത്തിൽ (The Corps of Advocates of the Holy See) ഉൾപ്പെടുത്തുക യെന്നതാണ് അഭികാമ്യമായിട്ടുള്ളത്. പരിശുദ്ധ സിംഹാസനത്തി ന്റെയോ കൂരിയൽ സ്ഥാപനങ്ങളുടെയോ പേരിൽ, സഭാ ട്രിബ്യൂണ ലിന്റെയോ സിവിൽ ട്രിബ്യൂണലിന്റെയോ മുമ്പാകെ, അവർക്ക് കേസുകൾ ഏറ്റെടുത്തു നടത്താവുന്നതാണ്.

§ 2. സെക്രട്ടറി ഓഫ് സ്റ്റേറ്റാണ് പരിശുദ്ധ സിംഹാസനത്തിന്റെ അഭിഭാഷകരെ നിയമിക്കുന്നത്; നിയമനം അഞ്ച് വർഷത്തേ ക്കാണ്. എന്നാൽ, ആർട്ടിക്കിൾ §2-ൽ പരാമർശിച്ചിട്ടുള്ള കമ്മീ ഷനെ ശ്രവിച്ചശേഷം കാലാവധി പുതുക്കാവുന്നതാണ്; 75 വയസ്സ് പ്രായമാകുമ്പോൾ ആ പദവിയിൽനിന്ന് അവർ വിരമിക്കുന്നതാണ്; ഗുരുതരമായ കാരണങ്ങൾ ഉണ്ടെങ്കിൽ, അവരെ പിരിച്ചുവിടാവു ന്നതുമാണ്.

§ 3. സത്യനിഷ്ഠവും മാതൃകാപരവും ആയ ക്രിസ്തീയ ജീവിതം നയിക്കാനും തങ്ങളെ ഭരമേല്പിച്ചിട്ടുള്ള കാര്യങ്ങൾ ഉത്തമ മനഃ സാക്ഷിയോടെയും സഭയുടെ നന്മയ്ക്കുവേണ്ടിയും നിർവഹി ക്കാനും പരിശുദ്ധ സിംഹാസനത്തിന്റെ അഭിഭാഷകർ കടപ്പെട്ടിരി ക്കുന്നു.

# X
# പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ

## ആർട്ടിക്കിൾ 241

നിഷ്കൃഷ്ടമായ അർഥത്തിൽ റോമൻ കൂരിയായുടെ ഭാഗമല്ലെങ്കിലും, സ്വന്തമായ, നൈയമികമായ വ്യക്തിത്വമുള്ള (juridical personality) ചില സ്ഥാപനങ്ങളുണ്ട്. അവ പുരാതനകാലത്ത് ഉദ്ഭവിച്ചവയോ അടുത്ത കാലത്ത് സ്ഥാപിതമായവയോ ആകാം. എന്നിരുന്നാലും അവ റോമാ പാപ്പായ്ക്കും റോമൻ കൂരിയായ്ക്കും സാർവത്രിക സഭയ്ക്കും മൂല്യവത്തും ആവശ്യംവേണ്ടതുമായ വിവിധ സേവനങ്ങൾ നല്കുന്നു. അത്തരത്തിൽ ഈ സ്ഥാപനങ്ങൾ കൂരിയായുമായിത്തന്നെ ബന്ധപ്പെട്ടവയുമാണ്.

## ആർട്ടിക്കിൾ 242

സാർവത്രികസഭയുടെ ഭരണസംബന്ധമായ നടപടികളും (acts) പ്രമാണരേകളും (documents) പരിരക്ഷിക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുകയെന്ന പ്രത്യേക ദൗത്യമാണ് വത്തിക്കാൻ അപ്പസ്തോലിക ആർക്കൈവ് (Vatican Apostolic Archive) ഏറ്റെടുത്തു നടത്തുന്നത്. പരിശുദ്ധ സിംഹാസനത്തിന്റെയും റോമൻ കൂരിയായുടെയും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അവ സംലഭ്യമാക്കുകയാണ് അതിന്റെ പ്രാഥമികമായ ലക്ഷ്യം. രണ്ടാമതായി, പാപ്പായുടെ അനുവാദ പ്രകാരം, വിജ്ഞാനം തേടുന്നവർക്കെല്ലാം - രാജ്യമോ മതമോ എന്ന ഭേദമില്ലാതെ - ഒരു വിജ്ഞാനസ്രോതസ്സായിത്തീരണമെന്ന ഉദ്ദേശ്യം. സാധാരണ ചരിത്രത്തെക്കുറിച്ചും ചരിത്രവീഥികളിൽ ഉണ്ടായ സംഭ

വങ്ങൾ എപ്രകാരം സഭയുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു വെന്നതിനെക്കുറിച്ചും ഉള്ള അറിവു നല്കുന്ന ഉറവിടങ്ങളാണവ.

## ആർട്ടിക്കിൾ 243

പുരാതനകാലത്ത് ഉദ്ഭവിച്ച വത്തിക്കാൻ അപ്പസ്തോലിക ലൈബ്രറി, സാംസ്കാരിക വികാസത്തിനും പ്രചാരണത്തിനും, അപ്പസ്തോലിക സിംഹാസനത്തോട് ചേർന്നുനിന്നുകൊണ്ട്, നല്കുന്ന സംഭാവന സഭയെ സംബന്ധിച്ചിടത്തോളം ഏറെ വലുതാണ്. ലൈബ്രറിയുടെ വിവിധ വിഭാഗങ്ങൾവഴി അറിവിന്റെയും കലകളുടെയും വിശാലമായ പൈതൃകത്തെ ശേഖരിക്കുകയും സംരക്ഷിക്കുകയും സത്യാന്വേഷി കളായ ഗവേഷകർക്ക് അവ ലഭ്യമാക്കുകയും ചെയ്യുക എന്ന ഉത്തര വാദിത്വം ഈ ലൈബ്രറിക്കുണ്ട്.

## ആർട്ടിക്കിൾ 244

വി. പത്രോസിന്റെ പേപ്പൽ ബസിലിക്കയുടെ എല്ലാ കാര്യങ്ങളും കൈ കാര്യം ചെയ്യുന്നത് "ദ ഫാബ്രിക്ക് ഓഫ് സെയ്ന്റ് പീറ്റേഴ്സ്" (The Fabric of St. Peter's) എന്ന സ്ഥാപനമാണ്. അപ്പോസ്തലന്റെ രക്തസാ ക്ഷിത്വത്തിന്റെ സ്മരണയും, കബറിടവും (tomb) ഈ ദേവാലയം നില നിറുത്തുന്നു. ഈ കെട്ടിടത്തിന്റെ പരിപാലനവും അന്തസ്സും നിലനിറു ത്തുക, അതിന്റേതായ ചട്ടങ്ങൾപ്രകാരം, ഉദ്യോഗസ്ഥരുടെയും തീർഥാ ടകരുടെയും സന്ദർശകരുടെയും ആന്തരിക അച്ചടക്കം പാലിക്കുന്നതി നുള്ള കാര്യങ്ങൾ നിർവഹിക്കുക എന്നിവയാണ് ഈ സ്ഥാപനത്തിന്റെ ചുമതലകൾ. ആവശ്യമുള്ളപ്പോൾ, ഈ ഫാബ്രിക്കിന്റെ പ്രസിഡന്റും സെക്രട്ടറിയും ബസിലിക്കയുടെ ചാപ്റ്ററുമായി (Chapter of the Basilica) ചേർന്ന് പ്രവർത്തിക്കുന്നു.

## ആർട്ടിക്കിൾ 245

ഇറ്റലിയിലെ ക്രിസ്തീയ ഭൂഗർഭക്കല്ലറകളെ (Catacombs) ക്കുറിച്ചു പഠി ക്കാനും അവ പരിരക്ഷിക്കാനും കാത്തുപരിപാലിക്കാനും മോടിപിടിപ്പി ക്കാനുമുള്ള ഉത്തരവാദിത്വം പൊന്തിഫിക്കൽ കമ്മീഷൻ ഫോർ സേക്രഡ് ആർക്കിയോളജി (Pontifical Commission for Sacred Archaeology) യുടെതാണ്. അവയിലൂടെ ആദിമക്രിസ്തീയ സമൂഹത്തിന്റെ വിശ്വാ സസാക്ഷ്യവും കലയും അവയുടെ ആഴമായ സന്ദേശം തീർത്ഥാടക രിലേക്കും സന്ദർശകരിലേക്കും വിനിമയം ചെയ്യപ്പെടുന്നതു തുടരുന്നു.

## ആർട്ടിക്കിൾ 246

സത്യം അന്വേഷിക്കുന്നതിനും ആ സത്യത്തിന്റെ പ്രചാരണം ദൈവീകവും മാനുഷികവുമായ ശാസ്ത്രങ്ങളുടെ വിവിധ മേഖലകളിൽ സാധ്യമാക്കുന്നതിനും കത്തോലിക്കാസഭയിൽ വിവിധ അക്കാദമികൾ ഉയർന്നുവന്നിട്ടുണ്ട്. "പൊന്തിഫിക്കൽ അക്കാദമി ഓഫ് സയൻസസ്", "പൊന്തിഫിക്കൽ അക്കാദമി ഓഫ് സോഷ്യൽ സയൻസസ്", "പൊന്തിഫിക്കൽ അക്കാദമി ഫോർ ലൈഫ്" എന്നിവ ഇവയിൽ മുഖ്യമാണ്.

## ആർട്ടിക്കിൾ 247

പരിശുദ്ധ സിംഹാസനത്തെ നേരിട്ട് ആശ്രയിച്ച് നില്ക്കുന്ന അക്കാദമിക സ്ഥാപനങ്ങളിൽ ഗുണനിലവാരത്തിന്റെ ഒരു സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനുമായി, അവയുടെ ഗുണനിലവാരം രാജ്യാന്തരതലത്തിൽ സാധൂകരിക്കപ്പെടുന്നു എന്നു ഉറപ്പാക്കുന്നതിനുമായി, പരിശുദ്ധ സിംഹാസനം സ്ഥാപിച്ച ഏജൻസിയാണ്, "ഏജൻസി ഫോർ ദ ഇവാലുവേഷൻ ആന്റ് പ്രൊമോഷൻ ഓഫ് ക്വാളിറ്റി ഇൻ എക്ക്ളേസിയാസ്റ്റിക്കൽ യൂണിവേഴ്സിറ്റീസ് ആന്റ് ഫാക്കൽറ്റീസ്" (Agency for the Evaluation and Promotion of Quality in Ecclesiastical Universities and Faculties).

## ആർട്ടിക്കിൾ 248

നിയമത്തിലും അതിന്റെ സ്വന്തമായ നിയമാവലിയിലും ചട്ടങ്ങളിലും വ്യവസ്ഥചെയ്തിട്ടുള്ളതു പോലെ, "ദ സൂപ്പർവൈസറി ആന്റ് ഫൈനാൻഷ്യൽ ഇൻഫർമേഷൻ അതോറിറ്റി" പ്രവർത്തിക്കുന്നത് താഴെ കൊടുത്തിരിക്കുന്ന ചുമതലകൾ നിർവഹിക്കാനാണ്: അതിന്റെ മേൽനോട്ടത്തിലുള്ള സ്ഥാപനങ്ങളും വ്യക്തികളും കള്ളപ്പണം വെളുപ്പിക്കുന്നതും സാമ്പത്തിക ഭീകരപ്രവർത്തനം നടത്തുന്നതും തടയുന്നവിധം മേൽനോട്ടം നടത്തുക; സാമ്പത്തിക - ധനകാര്യ ഇടപാടുകൾ പ്രൊഫഷനലായി കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളുടെ വിവേകപൂർവകമായ മേൽനോട്ടം വഹിക്കുക; വിവേകത്തോടെ മേൽനോട്ടം വഹിക്കുന്നതിന്റെ ഭാഗമായി പ്രൊഫഷനലായി സാമ്പത്തിക - ധനകാര്യ ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങലുടെമേൽ വേണ്ട നിയന്ത്രണങ്ങൾ ചെലുത്തുക; മാത്രമല്ല, നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിഷയങ്ങളിൽ, കള്ളപ്പണം വെളുപ്പിക്കുന്നതിനെ തടയുകയും ഭീകരപ്രവർത്തന

ങ്ങൾക്കു സാമ്പത്തിക സഹായം നല്കുന്നതിനെ പ്രതിരോധിക്കുകയും ചെയ്യുക. ഈയൊരു അധികാരത്തിന്റെ ബലത്തിലാണ് "ഫൈനാൻഷ്യൽ ഇന്റലിജൻസ്" എന്ന ചുമതല ഈ അതോറിറ്റി നിർവഹിക്കുന്നത്.

## ആർട്ടിക്കിൾ 249

പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ട മേൽപ്രസ്താവിച്ച സ്ഥാപനങ്ങളുടെയെല്ലാം ഘടനയും ഭരണസംവിധാനവും അവയുടെ തന്നെ പ്രത്യേകമായ നിയമങ്ങൾ വഴിയാണ് നിർണയിക്കപ്പെടുന്നത്.

# XI
# പരിവർത്തനകാലത്തെ ചട്ടം
# (TRANSITIONAL NORM)

## ആർട്ടിക്കിൾ 250

§ 1. ഈ അപ്പസ്തോലിക ഭരണക്രമരേഖയുടെ പൊതുവായ വ്യവസ്ഥകൾ സെക്രട്ടറിയേറ്റ് ഓഫ് സ്റ്റേറ്റിനും മന്ത്രാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും റോമൻ കൂരിയായുടെ സ്ഥാപനങ്ങൾക്കും പരിശുദ്ധ സിംഹാസനവുമായി ബന്ധപ്പെട്ട (associated) സ്ഥാപനങ്ങൾക്കും ബാധകമാണ്. ഇപ്പോൾ സ്വന്തമായ നിയമാവലിയും നിയമങ്ങളും (statutes and laws) ഉള്ള സ്ഥാപനങ്ങൾ ഇപ്പോഴത്തെ അപ്പസ്തോലിക ഭരണക്രമരേഖകളുമായി (Apostolic Constitution) വിഘടിക്കാത്ത വിധമേ അവ പാലിക്കാവൂ; അവ എങ്ങനെ ഇതിനോട് അനുരൂപപ്പെടുത്തുമെന്നതിനെക്കുറിച്ചുള്ള പ്ലാൻ കഴിയുന്നത്ര വേഗത്തിൽ റോമാ പാപ്പായുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

§ 2. ഖണ്ഡിക 1-ൽ പരാമർശിച്ച സ്ഥാപനങ്ങൾ തങ്ങളെ നിലവിൽ നയിച്ചു കൊണ്ടിരിക്കുന്ന ചട്ടങ്ങൾപ്രകാരം പ്രവർത്തിക്കാവുന്നതാണ്, അതായത്, "റോമൻ കൂരിയായുടെ പൊതുവായ നിയന്ത്രണ ചട്ടങ്ങൾ" (General Regulations of the Roman Curia), "കൂരിയൽ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും പ്രവർത്തന മാർഗരേഖ" *(Ordo Servandus)*, അവയുടെ ആന്തരിക "നടപടി രീതികൾ" *(modus procedendi)* എന്നിവ; എന്നാൽ ഈ അപ്പസ്തോലിക ഭരണക്രമരേഖയ്ക്കു വിരുദ്ധമല്ലാത്ത രീതിയിലേ അവയ്ക്കു പ്രവർത്തി

ക്കാൻ അനുവാദമുള്ളൂ; പ്രസ്തുത സ്ഥാപനങ്ങളുടെ പുതിയ പ്രവർത്തന മാർഗരേഖ *(*new *ordo servandus)* യും നിയമാവലിയും അംഗീകരിക്കപ്പെടുന്നതുവരെയാണ് ഈ നടപടിക്രമം.

§ 3. ഈ പുതിയ അപ്പസ്തോലിക ഭരണക്രമരേഖ (Apostolic Constitution) നിലവിൽ വരുന്നതോടെ, “നല്ല ഇടയൻ” *(Pastor Bonus)* എന്ന ഭരണക്രമരേഖ (Constitution) പൂർണമായും റദ്ദാക്കപ്പെടുന്നതും പകരം പുതിയ രേഖ വയ്ക്കപ്പെടുന്നതുമാണ്. അതോടുകൂടി, “നല്ല ഇടയൻ” എന്ന രേഖയിൽ സൂചിപ്പിച്ചിട്ടുള്ള റോമൻ കൂരിയായുടെ സ്ഥാപനങ്ങൾ, പുതിയ ഭരണക്രമരേഖയിൽ ഉൾപ്പെടാതെ പോവുകയോ, പുനഃസംഘടിപ്പിക്കപ്പെടാതെ പോവുകയോ ചെയ്തെങ്കിൽ അവയും ഇല്ലാതാകുന്നതാണ്.

ഈ പുതിയഭരണക്രമരേഖ ഉറച്ചതും സാധുവും പര്യാപ്തവുമാണെന്ന് ഞാൻ ഇപ്പോൾ കല്പിക്കുന്നു: 2022 ജൂൺ 5-ാം തീയതി, പെന്തക്കുസ്താദിനം മുതൽ പൂർണമായതോതിൽ ഇതു പ്രാബല്യത്തിൽ വരുകയാണ്. ഇപ്പോഴും ഭാവിയിലും ഇത് ബാധകമായിട്ടുള്ളവരെല്ലാം ഇതിന്റെ എല്ലാ വിശദാംശങ്ങളിലും പൂർണമായും പാലിക്കേണ്ടതാണ്. ഈ നിയമത്തിന് വിഘാതമായി സവിശേഷ പ്രാധാന്യമർഹിക്കുന്നതായി സൂചിപ്പിക്കാവുന്ന എന്തെങ്കിലും കാര്യങ്ങൾ ഉണ്ടെങ്കിൽപ്പോലും അവയൊന്നും നിലനില്ക്കുന്നതല്ല.

എന്റെ അപ്പസ്തോലികശുശ്രൂഷയുടെ പത്താം വർഷം, പരിശുദ്ധ കന്യകമറിയത്തിന്റെ ഭർത്താവായ വിശുദ്ധ യൗസേപ്പിന്റെ മഹോത്സവ ദിനം, 2022, മാർച്ച് 19-ാം തീയതി റോമിലെ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.



ഫ്രാൻസിസ് പാപ്പാ

**Notes**

[1] JOHN PAUL II, Encyclical Letter *Redemptoris Missio*, 2.

[2] FRANCIS, Apostolic Exhortation *Evangelii Gaudium*, 24.

[3] Cf. ibid., 30.

[4] FRANCIS, Encyclical Letter *Lumen Fidei*, 4.

[5] Cf. SECOND VATICAN ECUMENICAL COUNCIL, Decree *Christus Dominus*, 9ff.

[6] JOHN PAUL II, Apostolic Exhortation *Christifideles Laici*, 32.

[7] FRANCIS, *Address for the Commemoration of the Fiftieth Anniversary of the Establishment of the Synod of Bishops* (17 October 2015).

[8] Ibid.

[9] Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution *Lumen Gentium*, 19.

[10] Cf. ibid., 20.

[11] Cf. ibid., 8.

[12] Cf. ibid., 22; cf. JOHN PAUL II, Apostolic Exhortation *Pastores Gregis*, 8, 55, 56.

[13] *Ibidem*, 23.

[14] Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution *Lumen Gentium,* 18; FIRST VATICAN ECUMENICAL COUNCIL, Dogmatic Constitution *Pastor Aeternus*, Preamble.

[15] Cf. ibid., 23.

[16] Cf. JOHN PAUL II, Apostolic Exhortation *Pastores Gregis*, 63.

[17] Cf. ibid.

[18] Cf. JOHN PAUL II, Apostolic Letter Motu Proprio *Apostolos Suos*, 12.

[19] SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution *Lumen Gentium*, 30.

[20] FRANCIS, Apostolic Exhortation *Evangelii Gaudium*, 120.

[21] Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution *Lumen Gentium*, 30.

[22] PAUL VI, *Address at the Final Public Session of the Second Vatican Ecumenical Council* (7 December 1965).

[23] FRANCIS, *Greeting to the Cardinals Gathered for the Consistory* (12 February 2015).

[24] SECOND VATICAN ECUMENICAL COUNCIL, Decree *Christus Dominus*, 9.

[25] SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution *Lumen Gentium*, 18.

[26] Ibid., 23.

[27] Cf. FRANCIS, Apostolic Exhortation *Evangelii Gaudium*, 16.

[28] Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution *Dei Verbum*, 7.

[29] Cf. FRANCIS, Apostolic Exhortation *Evangelii Gaudium*, 31-32.

[30] Cf. SECOND VATICAN ECUMENICAL COUNCIL, Dogmatic Constitution *Lumen Gentium*, 8.

[31] PAUL VI, *Homily for the Solemnity of the Immaculate Conception of the Blessed Virgin Mary* at the conclusion of the Second Vatican Ecumenical Council (8 December 1965)



# സുവിശേഷം പ്രസംഗിക്കുവിൻ

## (PRAEDICATE EVANGELIUM)
## (PREACH THE GOSPEL)

ദൈവാത്മാവാൽ പ്രചോദിതനായി ഫ്രാൻസിസ് പാപ്പാ സഭയിൽ നടത്തിവരുന്ന നവീകരണ പ്രക്രിയയുടെ ഭാഗമാണ് 2022 മാർച്ച് 19 - ാം തീയതി അദ്ദേഹം പുറപ്പെടുവിച്ച "സുവിശേഷം പ്രസംഗിക്കുവിൻ," (Praedicate Evangelium) എന്ന "അപ്പസ്തോലിക ഭരണക്രമരേഖ." റോമൻ കൂരിയായുടെ പരിഷ്കരണത്തിനുള്ള നിർദേശക തത്ത്വങ്ങളും തൽസംബന്ധമായ നിയമങ്ങളും ചട്ടങ്ങളുമാണ് ഈ രേഖയുടെ പ്രതിപാദ്യവിഷയം. റോമൻ കൂരിയായുടെ ഈ പരിഷ്കരണത്തെ കാണേണ്ടത് സഭയുടെ പ്രേഷിത സ്വഭാവത്തിന്റെ പശ്ചാത്തലത്തിലാണ് എന്ന് പാപ്പാ പഠിപ്പിക്കുന്നു. മാത്രമല്ല, സഭയുടെ സിനഡാത്മക സ്വഭാവത്തിന്റെ അടിസ്ഥാനത്തിലുമാണ് ഈ പരിഷ്കരണം വീക്ഷിക്കേണ്ടത്. പരസ്പരം ശ്രവിക്കുകയെന്നതാണ് സിനഡാത്മകതയുടെ ലക്ഷണം. സഭയിൽ വിശ്വാസീസമൂഹവും മെത്രാൻസംഘവും റോമാ മെത്രാനുമെല്ലാം പരസ്പരം ശ്രവിക്കുന്നു; ഒപ്പം, സത്യാത്മാവായ പരിശുദ്ധാത്മാവിനെയും ശ്രവിക്കുന്നു (cf. യോഹ 14:17). സഭകളോട് എന്താണ് പരിശുദ്ധാത്മാവിനു പറയാനുള്ളതെന്ന് അങ്ങനെ അറിയാൻ സാധിക്കും (cf. വെളി 2:7). റോമൻ കൂരിയാ ഈ ശ്രവണപ്രക്രിയയിലെ അനിവാര്യ ഘടകമാണ്.

Director, Pastoral Orientation Centre,
Secretariat Kerala Catholic Bhishops' Council,
Palarivattom, Kochi 682 02525, Kerala, India
Ph: +91484 2805722, 2805815
E-mail: pocpublications@gmail.com

9 789383 423651

₹ 150/-